# കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം

# തിങ്കളാഴ്ച സന്ധ്യ

**പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ/ ആദിമുതൽ എന്നേക്കുമുള്ള സത്യേകദൈവത്തിന്റെ തിരുനാമത്തിൽ ആമ്മീൻ.**

തന്റെ മഹത്ത്വംകൊണ്ട് സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്ന/ ബലവാനായ ദൈവം തമ്പുരാൻ/ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ/ ഉയരങ്ങളിൽ ഊശാന.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ/ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു./ ഉയരങ്ങളിൽ സ്തുതി.

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

**ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ**
**കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.**

*(ഇത് മൂന്നുപ്രാവശ്യം ചൊല്ലി കുമ്പിടണം)*

*(അല്ലെങ്കിൽ)*

*ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ കഷ്ടാനുഭവത്താൽ വഴിതെറ്റിൽനിന്ന് ഞങ്ങളെ രക്ഷിച്ചവനായ മിശിഹാ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.*

**നാഥാ! തേ സ്തുതിയും മാനം, താതന്നും**
**മഹിമാവന്ദനകൾ പരിശു-ദ്ധാത്മന്നും**
**ഉണ്ടാ-കുൾകൃപ പാപികളാം ഞങ്ങളിലും,**
**മേലുള്ളൂ-റിശിലേം വാതിൽ-ക്കുള്ളിൽ നിൻ**
**സിംഹാ-സനമണയണമീ പ്രാർത്ഥന മിശിഹാ**
**സ്തോത്രം, കർത്താവേ! സ്തോത്രം, കർത്താവേ!**
**നിത്യം ശരണവുമേ! സ്തോത്രം - ബാറെക്മോർ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**
**(കൃപനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന കഷ്ടാനുഭവ ആഴ്ചയിൽ ചൊല്ലുകയില്ല)**



@FIOK*.MOC.KTYM

## പ്രാരംഭ പ്രാർത്ഥന

### 51-ാം സങ്കീർത്തനം

ദൈവമേ! നിന്റെ കൃപ പോലെ എന്നോടു കരുണ ചെയ്യണമേ;/ നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം/ എന്റെ പാപങ്ങൾ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ./ എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു;/ എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെയുമിരിക്കുന്നു.

നിന്നോടു തന്നെ ഞാൻ പാപം ചെയ്തു./ നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു./ എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും,/ നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും./ എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു;/ പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു./ നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു./ നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമേ./ ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമേ./ ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ./ ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും./ എന്റെ പാപങ്ങളിൽ നിന്ന് നിന്റെ തിരുമുഖം തിരിച്ച്/ എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ./ സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ./ നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ./ നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ./ മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ./ അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും./ പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

**എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിച്ചുകൊള്ളണമേ./ എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും./ കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ./ എന്റെ വായ് നിന്റെ സ്തുതികൾ പാടും.**

**എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല:/ ഹോമ ബലികളിൽ നീ നിരപ്പായതുമില്ല./ ദൈവത്തിന്റെ ബലി താഴ്മയുള്ള ആത്മാവാകുന്നു./ ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.**

**നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ./ ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ./ അപ്പോൾ നീതിബലികളും ഹോമ ബലികളും നീ ഇഷ്ടപ്പെടും./ അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാള കൾ (ബലിയായി) കരേറും.**

**ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.ബാറെക്മോർ.**
**ശുബഹോ ... മെനഓലം ... കുറിയേലായിസോൻ.**

## എനിയോനോ

*(പാതകിപോൽ ...)*

**1. മനസ്സോടെ-മൃതിയേൽപ്പാൻ വന്ന്**
**സ്ലീബാ-യാലുലകം വീണ്ടൊരു-**
**ദേവാ! ദയചെയ്തീടണമേ**

**2. സ്വർഗ്ഗത്തീ-ന്നാഗതനായ് തന്നിൽ**
**ദൃഷ്ടാ-ന്തങ്ങളെ നിറവേറ്റിയ ദേവാ!......**

**3. തൻഹാശാ-യേരൂശലേം പുരിയിൽ**
**കാ-ണും പ്രേഷിതരെന്നരുളിയ ദേവാ!.....**

**4. സകലത്തി-ന്നുടയോനായ് വാഴ്കെ**
**സ്വയമേ-മാനവനായ്തീർന്നൊരു ദേവാ!.....**

**ബാറെക്മോർ - ശുബഹോ - മെനഓലം....**

**5. താൻ ബലിയായ്-ത്തീർന്നിഹ താതനെയീ**
**ലോക-ത്തൊടു രഞ്ജിപ്പിച്ചൊരു ദേവാ!......**

## 140-ാം മസുമൂർ

കുറിയേലായിസോൻ. കർത്താവേ! ഞാൻ നിന്നെ വിളിച്ചു;/ എന്നോട് നീ ഉത്തരമരുളിച്ചെയ്ത്/ എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമേ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും/എന്റെ കൈകളിലെ കാഴ്ച വൈകുന്നേരത്തെ കാഴ്ച പോലെയും കൈക്കൊള്ളണമേ./ എന്റെ ഹൃദയം ദുഷ്കാര്യത്തിനു ചായുകയും,/ ഞാൻ അന്യായക്രിയകൾ പ്രവർത്തിക്കുകയും ചെയ്യാതിരിപ്പാൻ,/ എന്റെ വായ്ക്ക് കാവൽക്കാരനെയും/ എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമേ.

ദുഷ്ടമനുഷ്യരോടുകൂടി ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതേ./ നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ./ ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതേ./ എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു./ അവരുടെ ന്യായാധിപതിമാർ പാറയാൽ തടയപ്പെട്ടു./ ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴു പിളർന്ന് ചിതറിക്കുന്നതുപോലെ/ പാതാളവാതിൽക്കൽ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു./ കർത്താവേ! എന്റെ കണ്ണുകൾ നിങ്കലേക്ക് ഞാൻ ഉയർത്തി;/ നിന്നിൽ ശരണപ്പെട്ടു,/ എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ./ ഞാൻ കടന്നു പോകുമ്പോൾ/ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലയിൽ വീഴുമാറാകണമേ.

## 141-ാം മസുമൂർ

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻ വിളിച്ചു,/ എന്റെ ശബ്ദത്തിൽ കർത്താവിനോട് ഞാൻ അപേക്ഷിച്ചു;/ തിരുസന്നിധിയിൽ എന്റെ സങ്കടം ഞാൻ ഉയർത്തുകയും,/ തിരുമുമ്പിൽ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു./ എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടിരിക്കുമ്പോൾ എന്റെ ഊടുവഴികൾ നീ അറിയുന്നു.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചു വച്ചു./ ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് കണ്ടു./ സങ്കേതസ്ഥലം എനിക്കില്ലാതെയായി./എനിക്കുവേണ്ടി അപേക്ഷി

**ക്കുന്നവനുമില്ല./ കർത്താവേ! ഞാൻ നിന്നോടു നിലവിളിച്ചു./ നീ എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയുമാകുന്നു എന്ന് ഞാൻ പറഞ്ഞു.**

**എന്റെ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമേ./ എന്തെന്നാൽ ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കുന്നു./ എന്നെ പീഡിപ്പിക്കുന്നവരിൽ നിന്ന് എന്നെ വിടുവിക്കണമേ./ എന്തെന്നാൽ അവർ എന്നെക്കാൾ ബലമുള്ളവരായി ത്തീർന്നു./ ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന്/ എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് വിടുവിക്കണമേ./ നീ എനിക്കുവേണ്ടി പകരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.**

## 118-ാം മസുമൂർ

**നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും/ എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു./ നിന്റെ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായി ഞാൻ ആണയിട്ട് നിശ്ചയിച്ചു./ ഞാൻ ഏറ്റം ക്ഷീണിച്ചിരിക്കുന്നു./ കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ./ കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമേ.**

**എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു./ നിന്റെ ന്യായപ്രമാണം ഞാൻ മറന്നില്ല./ ദുഷ്ടന്മാർ എനിക്കായി കെണികൾ വച്ചു./ എന്നാലും ഞാൻ നിന്റെ കല്പനകളിൽ നിന്നും തെറ്റിപ്പോയില്ല./ ഞാൻ നിന്റെ സാക്ഷി എന്നേക്കുമായി അവകാശപ്പെടുത്തി./ എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു./ നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ ചെയ്‌വാനായിട്ട്/ ഞാൻ എന്റെ ഹൃദയം തിരിച്ചു.**

## 116-ാം മസുമൂർ

**സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ./ സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ./ എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു./ അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

## എനിയോനോ

*(ഈത്തോ-ദബ് ഹാശോക്)*

1. നിൻ ഹാശാ-യിൽ ഖേദം പൂ-ണ്ടോർ മോദി-ക്കുമുത്ഥാനേ
സഭതൻമ-ക്കൾ രക്ഷകനേ വാ-ഴ്‌വാ-ർജ്ജിച്ചീടണമേ.

2. നരരക്ഷ-യ്ക്കായ്താഴ്മയൊടെ-ത്തി ഗിരിഗോഗുൽത്തായിൽ
ക്രൂശിതനാ-യൊരുമിശിഹായെ-ത്തിരു-സഭയെ!കീർത്തിക്ക.

3. രക്ഷകനേ!-നിൻ പാടോർത്തേ-വം; സഭകീർത്തിക്കുന്നു
പീഡയവൾ-ക്കായേറ്റോരി-ടയാ!പ്രാ-ർത്ഥ-ന കൈക്കൊൾക

4. കൊലയാളി-കളാം-യൂദന്മാരെ നീ വിധിചെയ്തീടും
ഏറ്റുപറ-ഞ്ഞ പുറജാതി-കളോ രാജ്യേ മോദിക്കും.

5. സ്വർഗ്ഗമണാ-ളൻ തൻ മണവ-റയിൽ ക്ഷണമർഹിപ്പോരേ!
അങ്ങാന-ന്ദിപ്പാനാത്മാ-വിൻ ദീപം തെളിയിപ്പിൻ.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. വിനയസമേ-തം ഗോഗുൽത്താ-യിൽ നിന്നെ-രക്ഷിപ്പാൻ
ക്രൂശിതനാ-മുന്നതനായ് സ്തോ-ത്രം പാടീടുക സഭയേ!

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോകൾ

(സഭ പറയുന്നു:) എന്റെ പ്രിയന്/ സുഭിക്ഷതയുള്ള ദേശത്തിന്റെ ഒരറ്റത്ത്/ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതിൽ അദ്ധ്വാനിക്കുകയും/ അതിനുചുറ്റും വേലികെട്ടുകയും/ മുന്തിരിപ്പഴങ്ങൾ കായ്പ്പാൻ നോക്കിപ്പാർക്കുകയും ചെയ്തു. എന്നാൽ അതിനു പകരം കാട്ടുമുന്തിരിങ്ങാകൾ കായ്ച്ചതിനാൽ/ അവൻ അതിനെ ഉന്മൂലനാശം ചെയ്യുകയും/ ജാതികളുടെയിടയിൽ അതിനെ ചിതറിക്കുകയും ചെയ്തു. കൂടാതെ പരിശുദ്ധസഭയെ തനിക്കു വിവാഹനിശ്ചയം ചെയ്തു. അവളുടെ മക്കൾ തനിക്ക് സ്തുതി പാടുന്നു.

ബാറെക്മോർ - ശുബഹോ - മെനഓലം

ശാപത്തിൽനിന്ന് നമ്മെ രക്ഷിച്ച/ ഏകജാതന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ച്/ സ്കറിയാ പ്രവാചകൻ ദീർഘദർശനം പറഞ്ഞിരിക്കുന്നു. നിന്റെ സ്നേഹിതന്മാരുടെ ഭവനത്തിൽവച്ച് നീ ഏറ്റതായി/ നിന്റെ കൈകളിൽ ഞാൻ കാണുന്ന ഈ മുറിവുകൾ എന്താകുന്നു? നശിച്ചുപോയ ലോകത്തെ/ തന്റെ താഴ്മയാൽ ജീവിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

**മൊറിയോ റാഹേമ്മേലൈൻ ...**

## എത്രോ

## വീണ്ടും കോലോകൾ

യഹൂദന്മാർ അസൂയ പൂണ്ടു/ ആദിമുതലുള്ള മനുഷ്യഘാതകൻ/ കുറ്റം ചെയ്യാത്ത നീതിമാനായ ഹാബേലിനെ കൊന്നു. അവന്റെ ദോഷകരമായ മരണക്കെണിയിൽ/ സപ്രേന്മാരും പ്രീശേന്മാരും അകപ്പെട്ടു. യേശുതമ്പുരാന്റെ കുറ്റമില്ലാത്ത രക്തം ചിന്തുവാൻ/ തനിക്കെതിരായി അവർ ദുരാലോചന ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

ഞാൻ വിവാഹനിശ്ചയം ചെയ്ത മണവാട്ടി എന്നെ ദ്വേഷിച്ചു. അവൾക്കു പകരം മറ്റൊരുവളെ ഞാൻ വിവാഹനിശ്ചയം ചെയ്യുകയും/ അവൾക്കായി ഞാൻ വലിയൊരു വിരുന്നുകഴിക്കുകയും ചെയ്തു. കുഞ്ഞാടിനെയോ പള്ളാടിനെയോ അല്ല,/ തടിച്ച കാളയെത്തന്നെ അതിനായി ഞാൻ അറുത്തു. എന്റെ ഏകജാതനായ പുത്രനെ ഞാൻ ബലികഴിച്ച്/ കല്യാണവിരുന്നിൽ അവളുടെ മുമ്പാകെ വച്ചു./ കണ്ടാലും അവൾ അവനെ കൈക്കൊള്ളുകയും/ അവളുടെ സർവ്വ മക്കൾക്കും പാപപരിഹാരത്തിനായി വിഭജിച്ചു നൽകുകയും ചെയ്യുന്നു.

## ബോത്തേദ്ഹാശോ

*(ബ്രീക്മോർ ഹാശോക് ... എന്ന പോലെ)*

**ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ**
**താഴ്ച-കളേറ്റം ധന്യം നാ-ഥാ!**

1. **നിൻഹാ-ശായെ-വർണ്ണിച്ചീ-ടാൻ**
**എൻവീ-ണയ്ക്കേ-കേണം രാഗം**
**നിൻ കൃപയീന്നും-ഞാൻ പ്രാപിച്ച**
**പീഡാ-വയലിൽ-ഞാൻ കൊയ്യു-ന്നോ-**
**രനുഭ-വമെന്നിൽ-മാഞ്ഞീടല്ലേ.**



@FIOK*.MOC.KTYM

2. ഉന്ന-തനാകും-ദൈവസുതന്റെ
വധവൃ-ത്താന്തം-പീഡാപൂ-ർണ്ണം
സ്നേഹിപ്പോർ തൻ-രക്ഷാലക്ഷ്യം
ദുഷ്ടാ-ത്മാവാൽ-ബദ്ധൻ ദാ-സൻ
നൃപയാ-തനയാൽ-രക്ഷിതനാ-യി.

3. ദൈവ-ത്വത്തോ-ടുടയോൻ വ-ന്നാൽ
നേരേ-നിൽപ്പാ-നാരാലാ-വും?
നമ്മൾക്കായി-കഷ്ടപ്പെടുവാൻ
ഹിതമാ-ർന്നപ്പോളെല്ലാരേ-യും
രക്ഷി-ച്ചീടാൻ-മൃത്യു വരി-ച്ചു.

നിൻവി-ധി ചെയ്തോർ-വിധിയേൽക്കു-മ്പോൾ
വിധി ചെ-യ്യരുതേ-ഞങ്ങളെയീ-ശാ. മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

1. മ്ശീഹാ! സ്ക്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം
ദേവാ! ദയയുണ്ടാകേണം, നാഥാ!കൃപ തോന്നേണമൻപാൽ.

2. പൂ-ജിതബലിയും തൻപൂജകനും മിശിഹാ-തന്നെ
അമലാ-ചാര്യനുമാദ്യൻ ജാതനുമാകു-ന്നതുതാൻ
അർപ്പി-തനതുപോൽ ബലികൾക്കുടയോൻ സ്വീകാ-രകനും
പൂ-ജിതമജവും ബലികൾ വാങ്ങും പരനും-താനാം. ദേവാ! ...

3. രക്ഷ-യ്ക്കിഹ തൻ സുതനെ വിട്ടൊരു താതൻ-സ്തുത്യൻ
എബ്രാ-യർ തൻ ചതി വെളിവാക്കിയ പുത്രൻ-വന്ദ്യൻ
അവരെ-പരജന നിന്ദിതരാക്കി പകരം-സഭയെ
തൻ-സ്തുതി സതതം പാടാൻ ചേർത്തൊരു റൂഹാ പൂജ്യൻ.
ദേവാ! ...

4. നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതിവിസ്മയമാർന്നു.ദേവാ! ...

അല്ലെങ്കിൽ

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ നിങ്ങടെ നിലയം സർവ്വം ശൂന്യം. ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-പീഡനമേൽപ്പാൻ ഞാൻ വന്നു
വേദന എന്നെയനിശം നേരിട്ടു. ഹാ-

വി. യോഹന്നാൻ 3:13-21, വി. ലൂക്കോസ് 19:41-20:8

ഞങ്ങളുടെ കർത്താവേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ/ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നുവെന്ന് ഞങ്ങൾ ഏറ്റുപറയുന്നു,/ ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ/ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട്/ നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന്/ ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു/ ഞങ്ങളോടു കരുണയുണ്ടാകണമേ.

## കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...



@FIOK*.MOC.KTYM

# തിങ്കളാഴ്ച സൂത്താറാ

## കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ**

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ

കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

*(മൂന്നു പ്രാവശ്യം)*

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

*സ്തൗമെൻകാലോസ് കുറിയേലായിസോൻ.*

## പ്രുമിയോൻ

## കോലോകൾ

**(കൂക്കോയോ)**

**1.** **ഉത്തമഭൂമിയിലബ്രാഹാം-നട്ടൊരു മുന്തിരി തൻ**
**തോട്ടത്തെ സുതനിസഹാക്കും-യാക്കോബും കാത്തു**
**മോദപ്രദമാം-ഫലമവർ കാംക്ഷിച്ചു**
**അതിലുളവായി-കഷ്ടം! വന്യഫലം**
**നിർമ്മൂലം ക്ഷിതിയിൽ ചിതറി-പ്പോയോരീ വല്ലി**
**തലമുറകൾക്കെല്ലാം പാർത്താൽ-നിന്ദാപാത്രം താൻ**
**ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ. ബാറെക്മോർ.**
**ശുബഹോ ... ഹാലേ ... മെനഓലം ... ഹാലേ ...**

**2.** **ലോകത്തിൻ രക്ഷകനുടയോൻ രോഗ-ങ്ങളെ നീക്കി**
**പാഴ്മരുഭൂമിയിലപ്പത്താൽ-നൽകി സംതൃപ്തി**
**പകരം നേരി-ല്ലാത്തൊരു യൂദന്മാർ**
**പകലായവനെ-കൊല ചെയ്‌വാൻ കൂടി**
**അവനവരെ അന്യന്മാർതൻ-മദ്ധ്യേ ചിതറിച്ചു**
**സുതനെ പ്രേഷിപ്പിച്ചവനാം-താതൻ ധന്യൻതാൻ**
**ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.**



@FIOK*.MOC.KTYM

## ബോത്തേദ് ഹാശോ

(ബ്രീക്മോർ ഹാശോക് ... എന്ന പോലെ)

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. എല്ലാ ലോക-ങ്ങൾക്കും നാഥൻ
സകലത്തെയും-വിധി ചെയ്യുന്നോൻ
മണ്ണാലാക്ഷേ-പം പൂണ്ടപ്പോൾ
സ്വർഗ്ഗം തന്നിൽ-വാഴും സൈന്യം
ക്ഷോഭം മൂലം-കിടിലം കൊണ്ടു.

2. മൃതിയില്ലാത്തോൻ-തൻ മൃതിയിങ്കൽ
ലോകം സർവ്വം-കമ്പം പൂണ്ടു
കഷ്ടതയേൽപ്പാൻ-താനേ വന്നാൻ
തോട്ടത്തിൽവ-ച്ചാദാം ചെയ്ത
പാപത്തെ തൻ-മുറിവാൽ പോക്കി.

3. സത്യത്തിന്റെ-താതൻ വന്ദ്യൻ
പ്രിയനാം പുത്രൻ-ശ്രേഷ്ഠൻ ധന്യൻ;
മകുടം പൂണ്ടോൻ-പരിശുദ്ധാത്മൻ
നമ്മൾക്കായി കഷ്ടതയേറ്റോൻ
ദിവ്യം ശക്ത്യാ-നമ്മെ കാക്കും.
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

1. ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക,
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...



@FIOK*.MOC.KTYM

2. ദൈവത്തിന്നാദ്യതനൂജൻ
ശിഷ്യസമേതം വർത്തിച്ചു
പാതകികൾക്കായർപ്പിതനായ്
തൻപരിപാവന രക്തത്താൽ
നിജ താതൻ തൻ പ്രീതിക്കായ്
തന്നത്താൻ ബലിയായ്ത്തീർന്നാൻ ദേവാ! ...

3. പീഡകളാൽ പാപം പോക്കും
ബലിയായ്ത്തീർന്നതനൂജന്നും
അവനെ മാനവരക്ഷയ്ക്കായ്
വിട്ടോരദൃശ്യപിതാവിന്നും
പാവനറൂഹായ്ക്കും സ്തോത്രം
തത്കൃപ ഞങ്ങൾക്കാലംബം. ദേവാ! ...

4. ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണം അവകാശം രാജ്യേ. ദേവാ! ...

കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ.

## 91-ാം മസുമൂർ

ഉയരപ്പെട്ടവന്റെ മറവിൽ ഇരിക്കുന്നവനും, ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമേ!

"ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും എന്റെ സങ്കേത സ്ഥലവും" എന്ന് കർത്താവിനെക്കുറിച്ച് നീ പറയുക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ വീണ്ടുകൊള്ളും.

അവൻ അവന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും; അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് ആയിരങ്ങളും, നിന്റെ വലതുഭാഗത്ത് പതിനാ യിരങ്ങളും വീഴും.

അവ നിങ്കലേക്ക് അടുക്കയില്ല; എന്നാലോ നിന്റെ കണ്ണുകൾകൊണ്ട് നീ കാണുകമാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ സ്വന്തവാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എന്റെ ശരണമായ കർത്താവു നീ ആകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല; ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് അവന്റെ മാലാഖമാരോട് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

സർപ്പത്തെയും അണലിയെയും നീ ചവിട്ടും; സിംഹത്തെയും, പെരു മ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും; എന്റെ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വി ളിക്കും.

ഞാൻ അവനോട് ഉത്തരം പറയും; ഞെരുക്കത്തിൽ ഞാൻ അവനോടു കൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും; എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

### 121-ാം മസുമൂർ

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും എന്റെ സഹായ ക്കാരൻ എവിടെ നിന്ന് വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്ന് ആകുന്നു.



@FIOK*.MOC.KTYM

**അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.**

**എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല; ഉറങ്ങുന്നുമില്ല.**

**നിന്റെ കാവൽക്കാരൻ കർത്താവാകുന്നു; കർത്താവ് തന്റെ വലതു കൈ കൊണ്ട് നിനക്കു നിഴലിടും.**

**പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.**

**കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും; കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും.**

**അവൻ നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ ...**

**ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ. മെനഓലം ...**

## അപേക്ഷ

**ഉയരപ്പെട്ടവന്റെ മറവിലിരിക്കുന്നവനായ കർത്താവേ! നിന്റെ അനുഗ്രഹത്തിന്റെ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.**

**സകലവും കേൾക്കുന്നവനേ! നിന്റെ അനുഗ്രഹത്താൽ നിന്റെ അടിയാരുടെ അപേക്ഷ കേൾക്കണമേ.**

**മഹത്വമുള്ള രാജാവും ഞങ്ങളുടെ രക്ഷകനുമായ മശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു തരണമേ.**

**ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിച്ച് ഇഹപരമായ രണ്ടു ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമേ.**

**കർത്താവേ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.**

**ഞങ്ങൾ ജീവനേടിരിക്കുന്ന നാളുകൾ ഒക്കെയും നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ. നിന്റെ നിരപ്പ് ഞങ്ങളുടെ ഇടയിൽ**



@FIOK*.MOC.KTYM

**വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും ഉണ്ടാകണമേ.**

**നിന്നെ പ്രസവിച്ച മറിയാമിന്റെയും, നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കു പരിഹാരമുണ്ടാക്കി, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.**

**കൗമാ**

**ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ**

**കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

**വിശ്വാസപ്രമാണം**

**പട്ട:-സർവ്വശക്തിയുള്ള പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും**

**(എല്ലാവരും ചേർന്ന്)**

**കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവുമായ സത്യ ഏകദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു.)**

**ദൈവത്തിന്റെ ഏകപുത്രനും, സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും, സകലവും താൻ മുഖാന്തരമായി നിർമ്മിച്ചവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുമനസ്സായപ്രകാരം + സ്വർഗ്ഗത്തിൽ നിന്നിറങ്ങി, വി: റൂഹാ മൂലം ദൈവമാതാവായ വി: കന്യകമറിയാമിൽനിന്ന് ശരീരിയായിത്തീർന്ന് മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി + കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടത അനുഭവിച്ച് മരിച്ച് അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് + സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാൻ ഇരിക്കുന്നവനും, തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമശിഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)**

**സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽനിന്നു പുറപ്പെട്ട്, പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും, കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു)**

**പാപമോചനത്തിന് മാമോദീസാ ഒരിക്കൽ മാത്രമാകുന്നുവെന്ന് ഞങ്ങൾ ഏറ്റു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നേക്കിപ്പാർക്കുന്നു.**

**ബാറെക്മോർ. സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

*(പട്ടക്കാരനുണ്ടെങ്കിൽ ഇവിടെ ഹൂത്തോമ്മാ ചൊല്ലി*

*അവസാനിപ്പിക്കുന്നു. കൈമുത്തില്ല.)*

**കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ.**

**ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ./ ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിച്ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമേ./ ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി./ ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി./ ഞങ്ങളുടെ ശരണമേ! എന്നേക്കും നിനക്കു സ്തുതി ബാറെക്മോർ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**



@FIOK*.MOC.KTYM

# തിങ്കളാഴ്ച രാത്രി

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ

കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

*(മൂന്നു പ്രാവശ്യം)*

**നാഥാ! തേ സ്തുതിയും ...**

**സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

**പ്രാർത്ഥന**

**ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ! നിന്റെ ഉണർവ്വിനെ സ്തോത്രം ചെയ്യുവാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്, മരണത്തിന്റെയും, നാശത്തിന്റെയും ഉറക്കത്തിൽ നിന്ന് ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ ആകയാൽ നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച്, വിശുദ്ധിയോടുകൂടി ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.**

**134, 119, 117-ാം സങ്കീർത്തനങ്ങൾ**

**ബാറെക്മോർ. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.**

**ശുദ്ധസ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ.**

**ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും.**

**കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കുകയും/ നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കുകയും ചെയ്യണമേ. എന്റെ അപേക്ഷ**



@FIOK*.MOC.KTYM

നിന്റെ മുമ്പാകെ പ്രവേശിക്കുകയും/ നിന്റെ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമേ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും/ എന്തെന്നാൽ നിന്റെ കൽപ്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നിന്റെ കൽപ്പനകൾ എന്നെ നീ പഠിപ്പിക്കുമ്പോൾ/ എന്റെ അധരങ്ങൾ നിന്റെ സ്തുതികൾ ഉച്ചരിക്കും./ നിന്റെ കൽപ്പനകളിൽ ഞാൻ ഇഷ്ടപ്പെടുന്നതിനാൽ/ നിന്റെ കൈ എന്നെ സഹായിക്കണമേ.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു./ നിന്റെ വേദപ്രമാണം ഞാൻ ധ്യാനിച്ചു./ എന്റെ ആത്മാവു ജീവിച്ചു നിന്നെ സ്തുതിക്കുകയും/ നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യണമേ.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി./ നിന്റെ ഭൃത്യനെ അന്വേഷിക്കണമേ. എന്തെന്നാൽ നിന്റെ കൽപ്പനകളൊന്നും ഞാൻ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ, സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ,/ എന്തെന്നാൽ അവന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു./ അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനോ

(എത്തയിർഹാത്തോയോ ... എന്നപോലെ)

1. ആദാമിനെ വീണ്ടും-പറുദീസയിലേറ്റാൻ
   രാജതനൂജൻ-പരിചൊടൊരുങ്ങി പാടേൽപ്പാൻ
   സർവ്വാധിപതേ സ്തോത്രം തേ!
2. സൗഖ്യം രോഗാർത്തർ-ക്കേകിയ മിശിഹായെ
   ക്രൂശിൽ തൂക്കാൻ-സപ്രേന്മാർ തീർപ്പുണ്ടാക്കി
   സർവ്വാധിപതേ സ്തോത്രം തേ!
3. വരുവിൻ യാതനയേ-റ്റേവം ഘോഷിക്കാം
   ഞങ്ങൾക്കായി-യാതനയേറ്റൊരു സൽസൂനോ
   സർവ്വാധിപതേ സ്തോത്രം തേ!

ബാറെക്മോർ - ശുബഹോ - മെനഓലം

4. ജഡമാർന്നൊരു ദേവാ-വചനാധീശ്വരനേ!
നിൻ രക്തത്താൽ-ഞങ്ങളെ നാഥാ നീ വാങ്ങി
സർവ്വാധിപതേ സ്തോത്രം തേ!
കുറിയേലായിസോൻ. കുറിയേ ... കുറിയേ ...

## ഒന്നാം കൗമാ

## എക്ബൊ

(ഹോനാവുയറഹോ........ എന്ന പോലെ)

ജീവപ്രദമാം-നിൻ ഹാശായെ
ഓർക്കും രാത്രൗ- സ്തോത്രം നാഥാ!
കുറിയേലായിസോൻ. കുറിയേ ...കുറിയേ ...
ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ ...
സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

## കോലോകൾ

1. ഫലപുഷ്ടിയുള്ള സ്ഥലത്ത് നട്ടതായ/ പ്രിയന്റെ മുന്തിരിത്തോട്ടത്തിൽ അവൻ വേല ചെയ്യുകയും/ അതിനു ചുറ്റും വേലികെട്ടുകയും എല്ലാവിധ ഭംഗിയുമുള്ള ഫലങ്ങളാൽ അതിനെ അലങ്കരിക്കുകയും ചെയ്തു. മധുരമുള്ള മുന്തിരിങ്ങാകൾക്കു പകരം/ കയ്പ്പും പുളിയുമുള്ളവ അതു തനിക്കായി പുറപ്പെടുവിച്ചു. തൻനിമിത്തം അതിനെ അവൻ ഉന്മൂലനം ചെയ്യുകയും/ അത് നിന്ദക്കും പരിഹാസത്തിനും ആയിത്തീരുകയും ചെയ്തു. അതിനു പകരം/ മഹത്വത്തിന്റെ ഫലങ്ങൾ നൽകുന്ന മുന്തിരിത്തോട്ടം അവൻ നട്ടുണ്ടാക്കി. ബാറെക്മോർ. ശുബഹോ- ... മെനഓലം ...

2. പുരോഹിതന്മാരും സപ്രേന്മാരും പ്രീശേന്മാരും/ യേശുതമ്പുരാനിൽ ശ്രേഷ്ഠതയേറിയ നന്മ ദർശിച്ചതിൽ പക നിറഞ്ഞു. അസൂയയാൽ ഭ്രാന്തു പിടിച്ചു. ഹൃദയങ്ങളെ പരിശോധിക്കുന്നവനായ തന്നെ/ ഭൂമിയിൽനിന്നു നശിപ്പിക്കുവാൻ മാർഗം അന്വേഷിച്ച്/ അതിനെക്കുറിച്ച് അവർ ആലോചിച്ചു. അതിനുവേണ്ടി അക്രമികൾ തുനിഞ്ഞു. അപ്പോൾ മുതൽ തന്നെ കൊല്ലേണ്ടതിനായി/ ആ വഞ്ചകന്മാർ തക്കം നോക്കിയിരുന്നു. മൊറിയോ റാഹേമ്മേലൈൻ ...

## എത്രൊ

## വീണ്ടും കോലോ

1. വഞ്ചകന്മാരായ പുരോഹിതന്മാർ ഒരുമിച്ചുകൂടി/ കുറ്റമില്ലാത്ത തന്നെ സ്കീപ്പായിൽ കയറ്റുവാൻ തക്കവണ്ണം/ കുറ്റം കണ്ടെത്തുന്നതിന് അന്യായം ആലോചിച്ചു. തന്റെ കരുണമൂലം ഞങ്ങൾക്കുവേണ്ടി താഴ്മപ്പെടുകയും/ സ്കീപ്പായുടെ കഷ്ടതകൾ സഹിക്കുകയും/ വഴിതെറ്റിൽനിന്ന് ഞങ്ങളെ വീണ്ടെടുക്കുകയും ചെയ്ത തനിക്കു സ്തുതി.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. അത്ഭുതപ്രവർത്തനങ്ങളാൽ ജനത്തെ വഞ്ചിക്കാതിരിപ്പാൻ തക്കവണ്ണം/ യേശു മരിക്കേണ്ടത് എത്രയും നല്ലതാകുന്നു എന്ന്/ ജനത്തിന്റെ പുരോഹിതന്മാർ പറഞ്ഞു. കൈക്കൂലിയാൽ തന്റെ രക്തം അവർ വാങ്ങി. മരണവിധിയാൽ തന്നെ ശിക്ഷിച്ചു./ താനോ അവരെ നാനാഭാഗങ്ങളിലേക്കും ചിതറിച്ചു./ തനിക്കു സ്തുതി.

## ബോത്തേദ്ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. മുന്തി-രി വിള തൻ-വേലക്കാരോ-
ടുടയോൻ സൗമ്യം-കനി ചോദിച്ചാൻ
കാട്ടിൽ കായ്ക്കും-കായ്കൾ നൽകി
ശാന്ത്യാ-സ്നേഹം-കാണിച്ചോനെ
അവർ കൈ-യേറി-കൊല ചെയ്തല്ലോ.

2. കാനാ-വിലെ വെ-ള്ളം വീഞ്ഞാക്കി
പകരം-കയ്പിൻ-നീരങ്ങേകി
കാട്ടിൽ കായ്ക്കും-കായ്കൾ നൽകി
മഴയാൽ-പരിചോ-ടത്തോട്ടത്തെ
പരിപാ-ലിച്ചോ-നാ ദുഷ്ടന്മാർ.

3. ഇന്നീ-നിശയിൽ-സ്തുതി പാടട്ടെ
ഭാഗ്യം-നിറയും-നിൻ മണവാട്ടി



@FIOK*.MOC.KTYM

**നിൻ ഹാശായാൽ-ക്ലേശം നീങ്ങി**
**നിൻ പേ-ർക്കും നിൻ-താതൻ പേർക്കും**
**റൂഹാ-യ്ക്കുമവൾ-പാട്ടുകൾ പാടും.**
**നിൻവി-ധി ചെയ്തോർ വിധിയേൽക്കുമ്പോൾ**
**വിധിചെ-യ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...**

**മാർ യാക്കോബിന്റെ ബോവൂസാ**

**മ്ശീഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ**
**പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം ദേവാ! ...**

1. **സർവ്വാ-ധീശൻ ദൈവം താനീ തോപ്പിൻ നാഥൻ**
**ആപ-ത്തീന്നും മാനവരെ പരിപാലിക്കുന്നു.**
**ആമോസ്-തനയാ കൊലനിലമായോരീ തോട്ടത്തെ**
**നാഥൻ-ദൈവം മായിച്ചതിനാൽ വിലപിച്ചാലും. ദേവാ!...**

2. **രക്ഷി-ച്ചീടാൻ സുതനെ അയച്ചോൻ താതൻ സ്തുത്യൻ**
**ഞങ്ങൾ-ക്കായ് പാടേൽപ്പാൻ വന്നൊരു പുത്രൻ വന്ദ്യൻ**
**ആരം-ഭിച്ചെല്ലാം നിറവേറ്റും റൂഹാ സ്തുത്യൻ**
**ഏകം-ഭാവം സന്തതമിയലും ത്രിത്വം വന്ദ്യം. ദേവാ! ...**
**നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു**
**മാനോർ വാനോർ നിൻ താഴ്മയിലതിവിസ്മയമാർന്നു.**
**ദേവാ! ...**

**(അല്ലെങ്കിൽ)**

**പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ**
**യൂദന്മാരെ നിങ്ങടെ നിലയം സർവ്വം ശൂന്യം.**

**ഏവൻഗേലിയോൻ**

**(പെസ്ഗോമോ)**

**ഹാ-ഹാ-കയ്പേറിയതാണവരുടെ മുന്തിരിയിൻകായ്**
**ആ മുന്തിരിയിൻ കുലകൾക്കും കയ്പേറും ഹാ -**

**വി. മത്തായി 21: 33-46**



@FIOK*.MOC.KTYM

**രണ്ടാം കൗമാ**

പീഡാ-താഴ്ചകളാൽ നമ്മെ - വീണ്ടോനാം

മിശിഹാ-യെ വാഴ്ത്തി നമിക്കാ-മീരാവിൽ. *(മൂന്നു പ്രാവശ്യം)*

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

**എക്ബോ**

*(കുംപൗലോസ് ...എന്ന പോലെ)*

**സ്തുതി സർവ്വേശാ നീ-ഞങ്ങൾക്കായേറ്റ**

**കഷ്ടപ്പാടേറ്റം-ധന്യം തന്നെ.**

*കുറിയേലായിസോൻ. കുറിയേ ... കുറിയേ ...*

*ഞങ്ങളുടെ കർത്താവേ ...*

*സ്തൗമെൻകാലോസ് കുറിയേലായിസോൻ.*

**പ്രുമിയോൻ**

**കോലോ**

**1. സ്വർഗ്ഗസ്ഥപിതാവിന്റെ അവകാശിയായ ഏകജാതനായ പുത്രൻ/ വിശ്വാസം, നീതി, സത്യം എന്നീ ഫലങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടതിനായി/ യിസ്രായേലാകുന്ന മുന്തിരിത്തോട്ടത്തിന്റെ കാവൽക്കാരായ/ വേലക്കാരുടെ അടുക്കലേക്ക് ഇറങ്ങിവന്നു. ആ മത്സരികൾ തനിക്കെതിരായി കൂട്ടുകെട്ടുണ്ടാക്കി. തന്നെ കൊല്ലുവാനായി ആലോചിച്ചു. തന്റെ നീതിക്കു സ്തുതി. താൻ അവരെ തന്റെ മുന്തിരിത്തോട്ടത്തിൽനിന്ന് തള്ളിക്കളയുകയും/ അതിൽ ജീവന്റെ വചനം വിതയ്ക്കുകയും ചെയ്തു. കണ്ടാലും സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന ജാതികൾ തന്നെ വന്ദിക്കുന്നു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. താണിറങ്ങിവന്ന് മനുഷ്യനായിത്തീർന്ന ദൈവപുത്രനു സ്തുതി. നീതിപ്രവർത്തനം നിരസിച്ച യിസ്രായേലാകുന്ന മുന്തിരിത്തോട്ടത്തിനു പകരം/ തന്റെ ഉപദേശം സ്വീകരിച്ച/ സത്യമുന്തിരിത്തോട്ടമാകുന്ന/ വിശ്വാസിനിയായ സഭയെ താൻ തെരഞ്ഞെടുത്തു. അതിൽ വൃക്ഷങ്ങൾക്കു പകരം/ സ്വജാതിയിൽനിന്നും പുറജാതിയിൽനിന്നും ഉള്ളവരെ നടുകയും/ വേലക്കാർക്കു പകരം/ ദൈവത്തിന്റെ സത്യഉപദേശമാകുന്ന ജീവന്റെ മഴയാൽ അതിനെ നനയ്ക്കുവാൻ/ ശ്ലീഹന്മാരെ കാവൽക്കാരായി നിയമിക്കുകയും/ സ്കീപ്പായിൽ മരിക്കുകയും ചെയ്തു.മൊറിയോ റാഹേം**

## എത്രൊ

## വീണ്ടും കോലോ

1. വിജയത്തിന്റെ ഈ മാസത്തിൽ/ വഞ്ചകനായ ഫറവോൻ/ അവന്റെ രക്ഷയ്ക്കുവേണ്ടി കർത്താവിനോടു പോരാടി. രഹസ്യത്തിലും പരസ്യ ത്തിലും ഫറവോൻ തോറ്റുപോയി. രഹസ്യവാനായ കർത്താവ്/ തന്റെ മദ്ധ്യസ്ഥനായ മോശ മൂലം/ പരസ്യമായി വിജയവും ശ്രേഷ്ഠതയും പ്രാപിച്ചു. ബാറെക്മോർ. ശുബഹോ .... മെനഓലം ...

2. ജാതികളുടെയിടയിൽ പ്രകീർത്തിക്കപ്പെട്ട/ പ്രിയന്റെ സുഭിക്ഷത യേറിയ മുന്തിരിത്തോട്ടം/ വിശ്വാസത്തിന്റെ ഫലങ്ങൾക്കുപകരം/ മുന്തിരി ത്തണ്ടുകളിൽ കാട്ടുമുന്തിരിങ്ങാകൾ വഹിച്ചു. ക്രൂശകരായ ജനത്തിന്റെ പ്രശംസ മുഴുവനും നശിക്കുകയും ചെയ്തു.

## ബോത്തേദ് ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ച-കളേറ്റം-ധന്യം നാഥാ!

1. ദൈവ-ത്തിന്റെ -കുഞ്ഞാടായോൻ
ആട്ടിൻ-കൂട്ട-ത്തിനു ബലിയാവാൻ
മേലീന്നെത്തി-മാനവനായി
അവനാ-ണുടയോൻ-തൻ കുഞ്ഞാടെ-
ന്നാ മൂ-ഢന്മാർ-ബോധിച്ചില്ല.

2. കർത്താ-വേ! നിൻ-സാദൃശ്യത്തിൽ
മണ്ണാ-ലാദാ-മിനെ സൃഷ്ടിച്ചു
ദുഷ്ക്കർമ്മത്തീ-ന്നവനെ നീക്കി
സ്വർഗ്ഗാ-നന്ദം-നൽകാനായി
പീഡി-തനായതു-യുക്തം തന്നെ.

3. ദുഷ്ടാ-ത്മാവിൻ ദാസ്യം മൂലം
ചതിയും-പരിഹാ-സവുമേറ്റോളെ
ബിംബാർച്ചനയാം-മരുവിൽ കണ്ടാൻ
മദ്ധ്യേ-ചെന്നാൻ-വഴി നേരാക്കി
കാവൽ-ക്കാരീ-ന്നവളെ വീണ്ടു.

നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധിചെ-യ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. നല്ല ഫലം നല്ലവകാശി-
ക്കേകിടുവാൻ നൽ കൃഷിഭൂവിൽ
നല്ലൊരു സുന്ദരമാം തോട്ടം
ജ്ഞാനധനൻ നട്ടുണ്ടാക്കി
അതിനുള്ളിൽ ദേവാലയമാം
ഉന്നതഗോപുരമുളവാക്കി. ദേവാ! ...

2. തോട്ടത്തിന്നധിനാഥൻ തൻ
ബഹുമാനാർത്ഥം ബലി നൽകാൻ
പാപവിമോചന ബലിവേദി-
ച്ചക്കുമതിന്നകമേ നാട്ടി. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

## മദറോശോ

(കുംപൗലോസ് ...എന്ന രീതി)

സ്തുതി സർവ്വേശാ നീ-ഞങ്ങൾക്കായേറ്റ
കഷ്ടപ്പാടേറ്റം-ധന്യം തന്നെ.

1. ലോകമഴിഞ്ഞെന്നും-സ്രഷ്ടാവായോനെ
സൃഷ്ടി മറന്നെന്നും-താതൻ കണ്ടു.



@FIOK*.MOC.KTYM

സുന്ദരമാം സൃഷ്ടി-നാശം പൂകായ്‌വാൻ
ഉത്തമനൻപോട-പ്പുത്രനൊടോതി.
അവതരണം ചെയ്തെൻ-തനയാ നീ വേഗം
വഴിതെറ്റിപ്പോയ-ലോകത്തെ ര-ക്ഷി-ക്കേണം
ലോകം വീണ്ടീടാൻ-താതനികേതത്തിൽ
ശോഭനമാം തോപ്പിൽ-വന്നവകാശി.

2. ഇരുളെഴുമിപ്പാരിൽ-കതിർ കതിരോൻ വീശി
സൃഷ്ടികളെ പാരം-ശോഭിപ്പിച്ചു.
ധരണിയിലെമ്പാടും-കിരണങ്ങൾ നീട്ടി
കൂരിരുളിൻകൂട്ടം-പാടേ നീക്കി
സൃഷ്ടികൾ തൻ നാഥൻ-ധരയിൽ നടന്നാശു
കാലടിവീര്യത്താൽ-മുള്ളുകൾ നിശ്ശേ-ഷം-നീക്കി
മാർഗ്ഗഭ്രംശത്തിൻ-കാർമേഘം നീങ്ങി
ജ്ഞാനത്തിൻ ദീപ്ത്യാ-ക്ഷിതി മോദിച്ചു.

3. അബറാഹാമിന്റെ-ഏകസുതൻ പക്കൽ
പ്രേഷിതരായോരാം-ദൂതന്മാരെ
ഹോറേബിൽ കാള-ക്കുട്ടിയെ വന്ദിച്ചോൾ
വെറുതെ ഹിംസിച്ചാൾ-കല്ലേറാലെ.
സവിധമണഞ്ഞോനാ-മവകാശിക്കായി
മൃതിവിധി നൽകീടാൻ-ആലോചിച്ചാളാ-വേശ്യ
നാശം ദാഹിച്ചോൾ-അരികിലണഞ്ഞോനാം
മന്നവനെയേതും-കൈക്കൊണ്ടില്ല.

4. പെരുനാൾകൾക്കെല്ലാ-മവസാനത്തേതാ-
മപ്പെരുന്നാളിപ്പോ-ളാഗതമായി.
മിസറേമിൽ കൊന്ന-പെസഹാക്കുഞ്ഞാട്
സൂചിപ്പിച്ചോരാ-നിയമം കാത്തു



@FIOK*.MOC.KTYM

ആ നിയമം വന്നു-പാർത്താലിപ്പാരിൽ
ഭൂമിയിലെല്ലാർക്കും-സ്വാതന്ത്ര്യത്തിന്നായിത്തീരാൻ
പാപം പോക്കീടും-യാഗമതായീടാൻ
അജവേഷം പൂണ്ടാൻ-സകലാധീശൻ.

5. ആചാര്യൻനാഥൻ-ബലിയായ്ത്തീർന്നു
ബലികളെയേൽക്കുന്നോൻ-കുഞ്ഞാടായി;
ജീവൻ നൽകുന്നോൻ-മരണം കൈക്കൊണ്ടു
ബലി നിറവേറ്റുന്നോൻ-ബലിയർപ്പിച്ചു.
മൂശസമർപ്പിച്ചൊ-രജപോതം മൂലം
പൂർണ്ണത നൽകിക്കൊ-ണ്ടെബ്രായന്മാരെ കാത്തു
ഉപമകൾ തൻ കാലം-പോയി മറഞ്ഞപ്പോൾ
പുതുമകളാരംഭി-ച്ചുണ്മയിൽ നിർത്തി.

6. മൂശാതൻ മാർഗ്ഗം-നിറവേറ്റീടാനായ്
പെസഹാ കൊണ്ടാടാൻ-തയ്യാറായാൻ
സത്യം കാംക്ഷിച്ചാ-കുഞ്ഞാടായുള്ളോൻ
മെസറേമിൽ കൊന്നോ-രജപോതത്തെ
ഭക്ഷിച്ചീടാനും-ന്യായത്തിൻ മാർഗ്ഗം
നേടിയെടുപ്പാനും-കർത്താവിന്നിഷ്ടം തോന്നി
ലോകത്തിൻ പാപം-പേറുന്നോനാട്ടിൻ-
കുട്ടികളെ കൊല്ലും-ബലിയൊഴിവാക്കി.

7. ദൈവതനൂജൻ തൻ-മരണത്തെക്കാട്ടി
മുൻകൂട്ടിത്തന്നെ-മിസറേംനാട്ടിൽ
പെസഹാക്കുഞ്ഞാടാ-ജനതതിയെ വീണ്ടു
ഇന്നിവനാകട്ടെ-സൃഷ്ടികളെയും
രക്ഷിച്ചു കുഞ്ഞാ-ടെബ്രായന്മാരെ
ഏകസുതൻ കുഞ്ഞാ-ടീ സൃഷ്ടികളെ രക്ഷിച്ചു
ദിവ്യകടിഞ്ഞൂലിൻ-കൊലയാലീ മന്നിൽ
പഴമയുടെ മാർഗ്ഗം-സ്വാർത്ഥകമായി.

8. ആർദ്രതയാൽ താണു- സൃഷ്ടികളെയെല്ലാം
രക്ഷിപ്പാൻ ദൈവം- മാനവനായി
തൻ കൃപയിൽ തന്റെ-മെയ് മറവായ് മേവി
കഷ്ടപ്പാടേറ്റാൻ-തിരുവിഷ്ടത്താൽ
ഹിതമോടേൽപ്പിച്ചാൻ-ദ്രോഹികൾ തൻ കൈയിൽ
ഉഗ്രാത്മീയത്വം- ആവൃതമായീ ഗാത്രത്താൽ
ലോകമഹാവീരൻ-വിനയം കൈക്കൊണ്ടു
ദുഷ്ടന്മാർ കൈയാൽ-നിന്ദ സഹിച്ചു.

9. സ്വർഗ്ഗപിതാവിന്റെ-കിരണമതായോൻ തൻ
കിരണസമൂഹത്താൽ-ധരണി വിളങ്ങി
തൻ സഞ്ചാരത്താൽ- മാലിന്യം നീക്കി
നൈർമ്മല്യം നൽകി-വിടുതലുമേകി
വചനത്താൽ സൗഖ്യം-നേടിയ ശോഷിച്ച
കൈ നീട്ടപ്പെട്ടു;-അക്കവിളിൽ താഡിച്ചീടാൻ
സ്തുതി പാടാനായി- നാവു മനഞ്ഞോന്റെ
തിരുവദനത്തിന്മേൽ-തുപ്പലു വീഴ്ത്തി.

10. പരിമിതമാമപ്പം-പുരുഷാരത്തിന്നായ്
മരുവിൽ വച്ചേകി-തൃപ്തി വരുത്തി
ആ ഭോജ്യം മൂലം-തൃപ്തിയടഞ്ഞോരാം
ജനമവനെ കൊല്ലാ-നുത്സുകരായി
അഹറോനും മോശ-യ്ക്കും പകരം വന്നു
അതിദുഷ്ടന്മാരാം-ഹന്നാനും കയ്യാപ്പായും
നരരിന്നും നീചാ-ത്മാക്കളെ ഓടിച്ചു
ബേൽസ്ബൂബാലാണെ-ന്നവരുരചെയ്തു.

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-കയ്പേറിയതാണവരുടെ മുന്തിരിയിൻ കായ്
ആ മുന്തിരിയിൻ കുലകൾക്കും കയ്പേറും. ഹാ-



@FIOK*.MOC.KTYM

**വി. ലൂക്കോസ് 14 : 12–24**

**മൂന്നാം കൗമാ**

**പീഡാതാഴ്ചകളാൽ നമ്മെ വീണ്ടോനാം**

**മശിഹായെ വാഴ്ത്തി നമിക്കാം–ഈ രാവിൽ .**

*(മൂന്നു പ്രാവശ്യം)*

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**എക്ബോ**

*(അമ്മോ ഉ ആമ്മേ ... എന്ന പോലെ)*

**പാരിടവും വാ–നും നാഥാ**

**നിന്നെ വന്ദി–പ്പൂ സ്തോ–ത്രം;**

**നിൻ വരവാൽ പാ–പികൾ പാപം**

**വിട്ടതിനാലെ–സ്തോത്രം–തേ.**

**കുറിയേലായിസോൻ. കുറിയേ ... കുറിയേ ...**

**ഞങ്ങളുടെ കർത്താവേ ...**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

**പ്രുമിയോൻ**

**കോലോ**

**1. ഏശായാ ദീർഘദർശീ! നീ വരിക./ ദൈവപുത്രന്റെ വധത്തെക്കുറിച്ച് ആത്മാവു നിനക്ക് എങ്ങനെ വെളിപ്പെടുത്തി എന്ന് പറയുക. 'അറക്കുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ/ അവർ തന്നെ കൂട്ടിക്കൊണ്ടു പോയി. രോമം കത്രിക്കുന്നവന്റെ മുമ്പാകെ/ പെണ്ണാടുപോലെ താൻ സംസാരിക്കാതെ മൗനമായിരുന്നു. താൻ വിനീതനായിത്തീരുകയും/ തന്റെ സഭയെ ഉയർത്തുകയും ചെയ്തു. താൻ ചെവിട്ടത്ത് അടിയേറ്റ് അതിന്റെ മക്കളെ സ്വാതന്ത്ര്യപ്പെടുത്തി. തന്റെ തിരുവിലാവിൽ നിന്നൊഴുകിയിട്ടുള്ള രക്തത്താൽ/ നമ്മെ രക്ഷിച്ചവനു സ്തുതി.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. ഉയരത്തിലെ തന്റെ നിവാസത്തിൽനിന്ന്/ നമ്മുടെ രക്ഷയെപ്രതി ഇറങ്ങിവന്ന ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാട്/ തന്റെ പിതാവിന്റെ മുന്തി**



@FIOK*.MOC.KTYM

**രിത്തോട്ടത്തിൽ/ മഹത്ത്വത്തിന്റെ ഫലങ്ങൾ അന്വേഷിച്ചു. ദുഷ്ടന്മാരായ വേലക്കാർ തന്നെ കണ്ട്/ അവകാശി ഇവനാകുന്നു. വരുവിൻ ഇവനെ കൊന്ന് ഇവന്റെ അവകാശം നമുക്കെടുക്കാം എന്ന് നിരൂപിച്ചു. അവരെ ഉന്മൂലനം ചെയ്ത് ചിതറിക്കുകയും/ സഭയെ തനിക്കു വിവാഹം നിശ്ചയി ക്കുകയും ചെയ്ത കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.മൊറിയോറാഹേം ...**

**എക്ബ്രോ**

**വീണ്ടും കോലോ**

**1. രക്തത്തിന്നായി ദാഹിച്ചിരുന്ന മൂഢരും അന്ധരുമായ യൂദജനം/ യഥാർത്ഥ വൈദ്യൻ വന്നുവെന്ന് കണ്ടപ്പോൾ/ അവനെ കൊല്ലുവാൻ ആലോ ചിച്ചു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. അശുദ്ധരായ ആചാര്യന്മാരും/ തിന്മയെ സ്നേഹിച്ച സപ്രേന്മാരും/ ആദാമിൽ ജീവശ്വാസം ഊതിയവനെ കൊല്ലുവാൻ ആലോചിച്ചു.**

**ബോത്തേദ്ഹാശോ**

**ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ**
**താഴ്ചകളേറ്റം-ധന്യം നാഥാ!**

**1. ഹവ്വായുടെ ശാ-പം തീർത്തീടാൻ**
**സ്വർഗ്ഗത്തീന്നും-സ്രഷ്ടാവെത്തി**
**സ്വാതന്ത്ര്യം ന-മ്മൾക്കുണ്ടാവാൻ**
**കൂരാണികളും-കുത്തും തല്ലും**
**ക്ഷമയോടേൽപ്പാൻ-ദേഹം പൂണ്ടാൻ.**

**2. മരുഭൂമിയിൽവ-ച്ചവരെ പോറ്റി**
**തൻ നന്മകളെ-ആകെ ദുഷിച്ചാർ**
**കൊല്ലുകയെന്ന-വരുദ്ഘോഷിച്ചു**
**മതിയാംവണ്ണം-നാഥൻ തീറ്റി**
**പകരം കയ്പിൻ-നീരവരേകി.**

**3. ദാസന്നുടയോൻ-വിടുതൽ നൽകി**
**കുഞ്ഞാടിന്റെ- രക്തത്താലെ**
**രക്ഷിച്ചോനാം-താതന്നൊത്തോൻ**
**മൂശാനിബിതൻ-ദൃഷ്ടാന്തങ്ങൾ**

തൻ രക്തത്താ-ലെ നിറവേറ്റി.
നിൻ വി-ധിചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോറാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. കല്യാണത്തിൽ തീർത്താൻ നീരിനെ നൽവീഞ്ഞാക്കി
പാനംചെയ്തോർ നൽകിചൊറുക്കാ ക്രൂശിലവന്നായ്
വർദ്ധിപ്പിച്ചാനപ്പം, പകരം കയ്പങ്ങേകി
നൽഭോജ്യത്തിനു പകരം പാരം ദോഷം ചെയ്തു. ദേവാ!...

2. നീസാൻ മാസപ്പെരുമഴ പോലവനുപദേശിച്ചു
ശ്രീയാർന്നീടാൻ ജനമന്നാളിൽ ഹിതമാർന്നില്ല
ആ വർഷത്തെയേറ്റോളാം ധര ശാപം പൂണ്ടാൾ
ഉൽപ്പാദിപ്പിച്ചതു മുള്ളുകളെ നാഥൻപേർക്കായ് ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതിവിസ്മയമാർന്നു.
ദേവാ! ...

(അല്ലെങ്കിൽ)

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ നിങ്ങടെ നിലയം സർവ്വം ശൂന്യം. ദേവാ! ...

## സൂഗീസോ

*(ആമ്മോ ഉ ആമ്മേ)*

*(ഭൂജാതികളെ വന്നെത്തി ... എന്ന പോലെ)*

1. പാരിടവും വാ-നും നാ-ഥാ
നിന്നെ നമിപ്പൂ-സ്തോത്രം-തേ
നിൻ വരവാൽ പാ-പികൾ പാ-പം
വിട്ടതിനാലെ-സ്തോത്രം-തേ.

2. ആ ഹാബേലിൻ-ചരിത-ത്താൽ
വിസ്മിതനായ് ഞാ-നത്യ-ന്തം
സഹജന്മാർ തൻ-പോരാ-ട്ടം
വിവരിപ്പാൻ പ്രേ-ഷിതനായ്-ഞാൻ.

3. രണകാരണമെ-ന്താണെ-ന്നും
സോദരകലഹ-ത്താലാ-ദ്യം
വധമെങ്ങനെയു-ണ്ടായെ-ന്നും
കേഴ്വിക്കാരോ-ടുര ചെ-യ്യാം.

4. ഇപ്പാരിതിൽ നീ-അദ്ധ്വാ-നി
ച്ചപ്പം ഭക്ഷി-ച്ചീടേ-ണം
ഏവംവിധമാം-വിധിപോ-ലെ
ഇരുസോദരരും-ജീവി-ച്ചു.

5. ആദാമിരുന്നാ-ജ്ഞാപി-ച്ചാൻ
ഏവം വിധമാ-ത്മജരോ-ടായ്
സമ്പാദ്യത്തീ-ന്നർപ്പി-പ്പിൻ
ആദ്യഫലം നാ-ഥനു നി-ങ്ങൾ.

6. താതനിയോഗം-നിറവേ-റ്റാൻ
കായേനും ഹാ-ബേൽതാ-നും
കാഴ്ചകളേന്തി-കർത്താ-വിൻ
സന്നിധി തന്നിൽ-ചെന്നെ-ത്തി.

7. ഉന്നതഭൂവിൽ-കർത്താ-വിൻ
സന്നിധിയിൽ കാ-ഴ്ചകളേ-കി
ഹാബേലിൽ പ്രീ-തിപ്പെ-ട്ടാൻ
കായേനിൽ പൂ-ണ്ടപ്രീ-തി.

8. നിൻ കൊലയാൽ ഞാൻ-പക വീ-ട്ടും
നിരസിച്ചാനെൻ-ബലി നാ-ഥൻ
നിൻ ബലി തുഷ്ട്യാ-കൈക്കൊ-ണ്ടു
കായേനേവം-വിധമോ-തി.



@FIOK*.MOC.KTYM

9. ആദ്യാത്മജനാ-മെൻ കാ-ഴ്ച
സ്വീകൃതമാകാ-നതിയോ-ഗ്യം
എന്നുടെ ബലിയെ-നിരസിച്ചി-
ട്ടൻപൊടു നിന്റേ-തേറ്റ-ല്ലോ.

10. പ്രിയനീന്നും നീ-ക്കും നി-ന്നെ
പാർക്കില്ലിഹ നീ-എൻ കൂ-ടെ
ഞാൻ മാത്രം ശേ-ഷിക്കു-മ്പോൾ
നിരസിക്കില്ലെൻ-ബലി നാ-ഥൻ.

11. നിൻ നിലവിളിയും-കണ്ണീ-രും
എന്നെ മയക്കി-ല്ലാ തെ-ല്ലും
നിന്നുടെ ബലി കൈ-ക്കൊണ്ട-പ്പോൾ
നിന്നെ-മൃതനാ-യ് ഞാനെ-ണ്ണി.

12. നിന്നെ മാതാ-വാം ഹവ്വാ
ഇനി മേൽ ശുശ്രൂ-ഷിക്കി-ല്ല
ആദാം തിരയും, കാണി-ല്ല,
നീയെന്നേക്കും-പൊയ്പോ-യാൻ.

13. നിൻ ബലി ദൈവം-കൈക്കൊ-ണ്ടു
തീജ്വാലകളാൽ-മാനി-ച്ചു
എൻ ബലി നിരസി-ച്ചതിനാൽ-ഞാൻ
നൂനം നിന്നെ-കൊല ചെ-യ്യും.

14. ഞാനും ബലിയും-പാഴാ-കാൻ
കാരണമറിയാ-മെന്നാ-കിൽ
പറയുക നിന്നെ-വിട്ടേ-ക്കാം
കാളുന്നെന്നിൽ-കടുകോ-പം.

15. എന്തു ഗുണം നിൻ-വെളിപാ-ടാൽ
നിന്റെ വധത്തി-ന്നതു ഹേ-തു
സങ്കടവസ്ത്രം-ചാർത്തിച്ച്
രട്ടതിനാൽ മെ-യ്യും മൂ-ടി.



@FIOK*.MOC.KTYM

16. നിൻ ബലി സദയം-കൈക്കൊ-ണ്ടാൻ
എൻ ബലിനതികൾ-കൈവി-ട്ടാൻ
നാഥൻ സ്നേഹി-ച്ചതിനാൽ-നിൻ
ബലിയിൽ ചേർക്കും-ഞാൻ ര-ക്തം.

17. നിന്മേൽ കൽക്കു-ന്നുണ്ടാ-കും
പകരം വീട്ടാ-നാരു-ണ്ടാം
കർത്താവിൻ സ-ന്നിധി വി-ട്ടാൽ
ആരിഹ നിന്നെ-രക്ഷി-ക്കും?

18. മേന്മേൽ കഴുക-പ്പെട്ടാ-ലും
മായുകയില്ലെ-ന്നുൾക്കോ-പം
നിന്നുടെ രക്തം-നുകരാ-തെൻ
ചിത്തമടങ്ങി-ല്ലൊരുനാ-ളും.

19. നീ ചതി കാട്ടാ-യ്കിൽ പാ-രം
സ്വീകൃതനായ്ത്തീ-ർന്നേനേ-ഞാൻ
എന്നിലുമിളയോ-നാം നീ-യി-
ന്നോർത്താലെന്നെ-ക്കാൾ മു-മ്പൻ.

20. ഈ ബലി വൃത്താ-ന്തം നേ-രി
ട്ടാദാമാരാ-യുന്നേ-രം
എന്നോടധികം-കോപി-ക്കും
നിന്നോടു തോന്നും-സംപ്രീ-തി.

21. പാർത്താലെന്നെ-ക്കാളേ-റ്റം
പൊങ്ങാനാവും-മുളയെ-ഞാൻ
എന്നെ പീഡി-പ്പിക്കായ്-വാൻ
മുളയിൽത്തന്നെ-നുള്ളീ-ടും.

22. എന്നെ തള്ളി-കോപി-ച്ചോൻ
എൻ ബലി നതികൾ-കൈവി-ട്ടോൻ
നിന്നെ ഞാൻ ഹിം-സിച്ചെ-ന്നാൽ
എന്തധികമവൻ-ചെയ്തീ-ടും?



@FIOK*.MOC.KTYM

**23.** **അൻപിലുമമ്പേ-കഠിനം-താൻ**
**നീ പറയുന്നോ-രിക്കാ-ര്യം**
**എന്നെ വെറുത്തോൻ-തൻ മു-മ്പിൽ**
**പോകണമെന്നോ-നീ ചൊ-ൽവൂ?**

**24.** **നിർത്തുക നീയീ-സംസാ-രം**
**സാദ്ധ്യത രക്ഷയ്-ക്കില്ലേ-തും**
**നാഴികയായീ-ദുർഭ-ഗനേ**
**ഇങ്ങെന്തിനു നീ-നിൽക്കു-ന്നു?**

**25.** **കുഞ്ഞാടിനെ-യെന്നോണം-താൻ**
**അനുജനെ അയ്യോ-കൊലചെയ്-താൻ**
**അക്കൈയേറ്റം-കണ്ട-പ്പോൾ**
**മണ്ണും വിണ്ണും-വിലപി-ച്ചു.**

**26.** **അദ്രികളപ്പോൾ-വിലപി-ച്ചു**
**മുറവിളി കൂട്ടി-ശൈല-ങ്ങൾ**
**പ്രകൃതി-വിറച്ചു-ഞെട്ടി-പ്പോയ്**
**പ്രഥമനിണത്താൽ-ഭൂലോ-കം.**

**27.** **ഘാതകനോടായ്-ചോദി-ച്ചു**
**നീ ചെയ്തെന്തെ-ന്നാനീ-ശൻ**
**ആദാമും ഹ-വ്വായും-കാ-**
**ത്തമരും നിൻ സോ-ദരനെ-ങ്ങ്?**

**28.** **അനുജൻ കണ്ണീ-രൊടു കെ-ഞ്ചി**
**നിർദ്ദയമവനേ- നീ കൊ-ന്നു**
**സ്നേഹഗുണം തീ-ണ്ടാത്തോ-നേ**
**പാരിലലഞ്ഞു-നടക്കും-നീ.**

## ഏവൻഗേലിയോൻ

*(പെസ്ഗോമോ)*

**ഹാ-ഹാ-കയ്പേറിയതാണവരുടെ മുന്തിരിയിൻകായ്**
**ആ മുന്തിരിയിൻ കുലകൾക്കും കയ്പേറും. ഹാ-**
**വി. മത്തായി 22: 1–14**



@FIOK*.MOC.KTYM

**ഹാലേലുയ്യാ, ഹാലേ.. ഹാലേ.. ദൈവമേ! നിനക്കുസ്തുതി.**

**ഹാലേലുയ്യാ, ഹാലേ.. ഹാലേ.. ദൈവമേ! നിനക്കുസ്തുതി.**

**ഹാലേലുയ്യാ, ഹാലേ.. ഹാലേ.. ദൈവമേ! നിനക്കുസ്തുതി.**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. മൊറിയോ റാഹേം ...**

## 148-ാം മസുമൂർ

**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ**

**ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.**

**അവന്റെ സകലദൂതന്മാരുമേ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ/ അവനെ സ്തുതിപ്പിൻ.**

**ആദിത്യചന്ദ്രന്മാരേ! അവനെ സ്തുതിപ്പിൻ/ പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ/ ആകാശങ്ങളുടെ ആകാശങ്ങളും,/ ആകാശങ്ങൾക്കു മീതേയുള്ള വെള്ളങ്ങളുമേ! അവനെ സ്തുതിപ്പിൻ;/ അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.**

**എന്തെന്നാൽ അവൻ പറഞ്ഞു; അവ ഉണ്ടായി./ അവൻ കൽപ്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി/ നിയമം നിശ്ചയിച്ചു;/ അത് അഴിയുന്നതുമല്ല.**

**ഭൂമിയിൽനിന്ന് മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും,/ അഗ്നിയും, കൽമഴയും,/ ഉറച്ച വെള്ളവും, ഹിമവും,/ അവന്റെ വചനപ്രവൃത്തിയായ കാറ്റുകളും, കൊടുങ്കാറ്റുകളുമേ/ കർത്താവിനെ സ്തുതിപ്പിൻ.**

**പർവതങ്ങളും, സകല കുന്നുകളും,/ ഫലവൃക്ഷങ്ങളും, സകല കാരകിലുകളും,/ മൃഗങ്ങളും സകല കന്നുകാലികളും,/ ഇഴജന്തുക്കളും, പക്ഷികളും പറവകളുമേ/ (കർത്താവിനെ സ്തുതിപ്പിൻ)**

**ഭൂമിയിലെ രാജാക്കന്മാരും, സകല ജനങ്ങളും,/ ഭൂമിയിലെ പ്രഭുക്കന്മാരും, സകല ന്യായാധിപന്മാരും,/ ശിശുക്കളും, കന്യകമാരും,/ വൃദ്ധന്മാരും, യൗവനക്കാരും/ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.**

**എന്തെന്നാൽ അവന്റെ നാമംമാത്രം വലിയതാകുന്നു./ അവന്റെ മഹത്ത്വം ഭൂമിയിലും, ആകാശത്തിലുമുണ്ട്./ അവൻ തന്റെ ജനത്തിന്റെ കൊമ്പും,/ തന്റെ സകല നീതിമാന്മാർക്കും,/ തനിക്കടുത്ത ജനമായ ഇസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.**



@FIOK*.MOC.KTYM

**കർത്താവിന് പുതിയ പാട്ടും,/ നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും,/ സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.**

**അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കുകയും,/ വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു./ അവൻ ദരിദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.**

**നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും,/ അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും,/ തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.**

**പുറജാതികൾക്കു പ്രതിക്രിയയും,/ ജനത്തിനു ശാസനയും കൊടുപ്പാനും,/ അവരുടെ രാജാക്കന്മാരെ ആലാത്തുകൾകൊണ്ടും,/ അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൾകൊണ്ടും ബന്ധിപ്പാനും,/ എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും,/ അവന്റെ സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനും/ അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.**

**കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്തു സ്തുതിപ്പിൻ./ അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ./**

**അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ./ അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ./ കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.**

**തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ./ നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ./ ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.**

**സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ./ സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ./ എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു./ അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു./ ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

തിങ്കളാഴ്ച രാത്രി

ത്രിത്വത്തിനു സ്തുതി.ത്രിത്വത്തിനു സ്തുതി.സ്തുതിക്കപ്പെട്ടതും, ഉണ്മയായതും, ആദിയും അന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## നാലാം കൗമാ

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

1. സന്തോഷഫലങ്ങൾ സ്വീകരിപ്പാൻ/ ദീർഘനാളുകളായി പ്രിയൻ കൈവശം വച്ചിരുന്ന മുന്തിരിത്തോപ്പ്/ കാട്ടുമുന്തിരിങ്ങാകൾ പുറപ്പെടുവിച്ചു. വേലക്കാർമൂലം തോട്ടത്തിന്റെ യജമാനന്/ അത് മുള്ളും പറക്കാരയും ഉത്ഭവിപ്പിച്ചു നൽകി. താൻ അതിനോട് ഏറ്റം കോപിച്ച് നീതിയാംവണ്ണം വിധികൽപ്പിച്ച് ഇപ്രകാരം പറഞ്ഞു:-"ഞാൻ എന്തു ചെയ്യണമെന്ന് എനിക്കറിയാം. ഉപദേശമാകുന്ന പനിമഞ്ഞ് അതിൽ വർഷിക്കാതിരിക്കുവാൻ/ ദീർഘദർശിമാരെയും രാജാക്കന്മാരെയും നീതിമാന്മാരെയും പുണ്യവാന്മാരെയും അതിൽനിന്ന് ഞാൻ ഛേദിച്ചുകളയും. അതിൽ മഴ പെയ്യാതിരിക്കേണ്ടതിന് മേഘങ്ങളെ തടയുകയും/ അങ്ങനെ അത് എന്നേക്കും നശിക്കുകയും ചെയ്യും"

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ഞാൻ വിവാഹനിശ്ചയം ചെയ്ത മണവാട്ടി എന്നെ ദ്വേഷിച്ചതുകൊണ്ട്/ ഞാൻ മറ്റൊരുത്തിയെ വിവാഹം നിശ്ചയിക്കുകയും/ എനിക്കുള്ള സർവവും അവൾക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു. സെഹിയോനെ ഞാൻ വിവാഹം നിശ്ചയം ചെയ്തിരിക്കുന്നു. എങ്കിലും അവൾ എന്നെ ദ്വേഷിക്കുകയാൽ/ ഇനിയും ഒരിക്കലും ഒരുമിച്ചുകൂടാത്തവണ്ണം ജാതികളുടെയിടയിൽ അവളെ ചിതറിച്ചിരിക്കുന്നു. ഇതാ സഭയെ ഞാൻ വിവാഹനിശ്ചയം ചെയ്യുകയും/ ഭൂതലത്തിന്റെ എല്ലാ അതിർത്തികളിൽനിന്നും/ എല്ലാ ജാതികളും/ അവളുടെ ബഹുമതിക്കായി വരികയും ചെയ്തിരിക്കുന്നു. മൊറിയോ റാഹേം ...

## എത്രൊ

## ബോത്തെദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീഡാ

താഴ്ച-കളേറ്റം ധന്യം നാഥാ!

1. ദുഷ്ട-ന്മാരാം-മനുജരെ നേടാൻ
സ്വർഗ്ഗം-വിട്ടി-ങ്ങാഗതനായോൻ
അഞ്ച-പ്പത്താൽ-പോഷിപ്പിച്ചു
കയ്പേ-റും നീർ-പകരം നൽകി
ശിക്ഷി-ച്ചീടാൻ-ബഹളം കൂട്ടി.

2. വീഞ്ഞാ-ശിച്ച്-മുന്തിരി നട്ടു
പകരം-കയ്പ-ങ്ങതിലുണ്ടായി
നന്മകളെല്ലാം-വർഷിച്ചോന്
മന്നാ-തന്നോ-നാ ജനസംഘം
പകരം-നൽകി-കയ്പയ്യയ്യോ!

3. ഞങ്ങൾ-ക്കായ് നീ-എളിമപ്പെട്ടു
നിൻ കാ-രുണ്യം-സ്തുത്യം നാഥാ
ഏറ്റാൻ പീഡ-പീഡാഹീനൻ
തൻഭാ-വത്താൽ-പീഡാതീതാ!
നിന്നെ-വാഴ്ത്തും-പീഡിതവൃന്ദം.
നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധിചെ-യ്യരുതേ-ഞങ്ങളെയീശാ. മൊറിയൊറാഹേം ...

## മാർ ബാലായിയുടെ ബോവൂസാ

ഞങ്ങളെ ഹാശായാൽ രക്ഷിച്ചോൻ മശിഹാ!
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക

1. നാഥൻ കൃപയാൽ തൻ ശ്രേഷ്ഠതയെ താഴ്ത്തി
നരരെ രക്ഷിപ്പാൻ-അവതാരം ചെയ്തു.
ആർദ്രതയാലെത്തി-വഴിതെറ്റിൽനിന്നും
നമ്മെ രക്ഷി-ച്ചോനെന്നെന്നും ധന്യൻ.

2. സകലത്തിന്മേലും-കൃപ ചെയ്യും താതാ
സകലർക്കുംവേണ്ടി-പാടേറ്റോൻ പുത്രാ
നിൻ വെളിപാടോർത്താൽ വന്ദ്യം റൂഹായേ
വിമലാത്മാവേ നി-ന്നാവാസം സ്തുത്യം



@FIOK*.MOC.KTYM

വിണ്ണവർതൻ നാഥാ-മണ്ണയരാശയുമേ
കൈക്കൊണ്ടിക്കർമ്മം-കാരുണ്യം ചെയ്ക

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയമാലാഖമാർ സ്തുതിക്കുന്നതുപോലെ, ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

കാലമൊക്കെയിലും, നേരമൊക്കെയിലും, ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും നിരപ്പും, മനുഷ്യമക്കൾക്കു നല്ല ശരണവും, (ഉണ്ടായിരിക്കട്ടെ.)

ഞങ്ങൾ നിന്നെ സ്തുതിക്കുകയും, വാഴ്ത്തുകയും, വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്ക് ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും, സ്വർഗ്ഗീയരാജാവും സ്രഷ്ടാവുമാകുന്ന ദൈവമായ കർത്താവും, യേശുമിശിഹായാകുന്ന ഏകപുത്രനായ ദൈവമായ കർത്താവും, പരിശുദ്ധറൂഹായുമാകുന്ന നിന്നെ നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

പിതാവിന്റെ വലതുഭാഗത്തു മഹത്വത്തോടിരിക്കുന്നവനേ! ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവാം ദൈവത്തിന്റെ മഹത്ത്വത്തിന്, വിശുദ്ധറൂഹായോടു കൂടെ യേശുമിശിഹാ! നീ മാത്രം കർത്താവാകുന്നു.

എല്ലാ കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ ഞങ്ങൾ വാഴ്ത്തുകയും; എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യതയുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

**ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.**

**സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്ത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും, സത്യത്തിന്റെ പിതാവുമായവനേ! നിനക്കും, ഏകപുത്രനും, ജീവനുള്ള വിശുദ്ധറൂഹായ്ക്കും, ഇപ്പോഴും, എല്ലാ സമയത്തും എന്നേക്കും പുകഴ്ച ചേർച്ചയാകുന്നു. ആമ്മീൻ.**

**മോറാനേശുമിശിഹാ നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളിൽ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നുവെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.**

**കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ പക്കൽ നിന്നെ ഇറക്കി. ഞങ്ങളോട് കരുണയുണ്ടാകണമേ.**

**കൗമാ**

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മ്ശിഹാ

കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

*(മൂന്നു പ്രാവശ്യം)*

**നാഥാ!തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

**വിശ്വാസപ്രമാണം**

*(രാത്രി നമസ്കാരത്തോടുകൂടെത്തന്നെ പ്രഭാത നമസ്കാരവും ചൊല്ലുന്നെങ്കിൽ ഇവിടെ വിശ്വാസപ്രമാണം ചൊല്ലേണ്ടതില്ല. യാമപ്രാർത്ഥനകൾ തുടർച്ചയായി ചൊല്ലുകയാണെങ്കിൽ പ്രാർത്ഥനയുടെ അവസാനം മാത്രം വിശ്വാസപ്രമാണം ചൊല്ലിയാൽ മതി. ഓരോ യാമപ്രാർത്ഥനയുടെയും അവസാനം വിശ്വാസപ്രമാണം ചൊല്ലേണ്ടതില്ല.)*

# തിങ്കളാഴ്ച പ്രഭാതം

## കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മ്ശിഹാ

കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

*(മൂന്നു പ്രാവശ്യം)*

**നാഥാ!തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ. ...**

## പ്രാരംഭ പ്രാർത്ഥന

**ദൈവമേ! നിന്റെ കൃപപോലെ ... (പേജ് 2)**

## എനിയോനോ

**(പാതകിപോൽ .... എന്ന പോലെ)**

**1.** **മന്നവരും-വിധിനാഥന്മാരും**
**തന്നെ-കൊല്ലാനാലോചിച്ചൊരു-**
**ദേവാ!ദയ ചെയ്തീടണമേ.**

**2.** **സഹജമതായ്-ക്ലേശമതില്ലായ്കേ**
**ഞങ്ങൾ-ക്കായ് ക്ലേശിച്ചോനേ! ദേവാ! ...**

**3.** **യാതന തീ-ർത്തെങ്ങളെ രക്ഷിപ്പാൻ**
**സ്വയമെ-യാതനയേറ്റോനേ! ദേവാ! ...**

**4.** **വിധികർത്താ-വായ് വാഴുന്നേരം**
**വിധിയേ-റ്റാദാമിനെ വീണ്ടൊരു ദേവാ! ...**

**5.** **വിധിയേറ്റോൻ-ന്യായാധിപനാഥാ**
**ശിക്ഷി-ക്കരുതേ നിൻ വിധിയാൽ. ദേവാ! ....**
**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**6.** **സ്വർഗ്ഗത്തിൽ-ശുദ്ധന്മാരൊപ്പം**
**ഞങ്ങൾ-ക്കേകണമേ മോദം. ദേവാ! ...**

**കുറിയേലായിസോൻ.**



@FIOK*.MOC.KTYM

## 63-ാം സങ്കീർത്തനം

**എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു;/ ഞാൻ നിനക്കായി കാത്തിരിക്കും.**

**ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിക്കുന്ന ഭൂമിപോലെ,/ എന്റെ ആത്മാവു നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു./ എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.**

**നിന്റെ ബലവും നിന്റെ ബഹുമാനവും കാണ്മാൻ/ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.**

**എന്തെന്നാൽ നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു;/ എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.**

**ഞാൻ ജീവനോടിരിക്കുമ്പോൾ/ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും,/ നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.**

**എന്റെ ആത്മാവ് കൊഴുപ്പും മേദസ്സുംകൊണ്ടെന്നപോലെ പുഷ്ടിയാകും./ എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.**

**എന്റെ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു;/ രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.**

**എന്തെന്നാൽ നീ എനിക്കു സഹായക്കാരനായിത്തീർന്നു./ നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.**

**എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു;/ നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.**

**എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിക്കുന്നവർ/ ഭൂമിയുടെ ആഴങ്ങളിലേക്കു പ്രവേശിക്കും.**

**അവർ വാളിന് ഏൽപ്പിക്കപ്പെടുകയും,/ കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും; രാജാവ് ദൈവത്തിൽ സന്തോഷിക്കും.**

**അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും;/ എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.**

**ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**



@FIOK*.MOC.KTYM

## എനിയോനോ

*(ദേവേശാ മ്ശിഹാ.......എന്ന പോലെ)*

1. തൻകഷ്ടതയാൽ-കഷ്ടതയേലും
ഞങ്ങടെ മാനവവർഗത്തിൻ-കഷ്ടത തീർത്തോനാം മ്ശിഹാ
നിൻമുൻ-വ-ന്നേൻ കൃപ ചെയ്കെന്മേൽ.

2. കഷ്ടപ്പാടുകളും-മൃതിയും മൂലം; പങ്കിലമാമപഥത്തീന്നും
സഭയെ വീണ്ടോനാം നാഥാ നിൻമുൻ ...

3. തൻ മുൻകുറിയാം-ഗൂഢോക്തികളും ദൃഷ്ടാന്തങ്ങളുമുപമകളും
നിറവേറ്റാൻ വന്നോൻ മ്ശിഹാ നിൻമുൻ ...

4. മ്ശിഹായാം നാഥാ-ആദാമിനെയും മക്കളെയും രക്ഷിച്ചീടാൻ
കുരിശും പീഡയുമേറ്റോനേ നിൻമുൻ ...

5. പാടേറും മൃതിയാൽ-അപഥത്തീന്നും രക്ഷിച്ചതിനാൽ സർവ്വേശാ
സഭ നിന്നെ കീർത്തിക്കുന്നു. നിൻമുൻ ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. മർത്യസ്നേഹത്താൽ-പാപവികാരത്തെ
നിഹനിച്ചോനാം രക്ഷകനേ!
നിൻ പീഡാനുഭവം സ്തുത്യം. നിൻമുൻ ...

കുറിയേലായിസോൻ.

## 19-ാം സങ്കീർത്തനം

ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു. പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല. വാക്കുകളുമില്ല./ ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും/ ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.



@FIOK*.MOC.KTYM

**അവൻ അവയിൽ സൂര്യന്റെമേൽ അവന്റെ കൂടാരം അടിച്ചു. അത് തന്റെ മണവറയിൽനിന്ന് പുറപ്പെടുന്ന മണവാളൻ എന്നപോലെയാകുന്നു./ പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.**

**ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും/ ആകാശത്തിന്റെ അറുതികളിന്മേൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ആവിയിൽനിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.**

**കർത്താവിന്റെ വേദപ്രമാണം കറയില്ലാത്തതും/ ആത്മാവിനെ തിരിക്കുന്നതും ആകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസയോഗ്യവും/ ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതും ആകുന്നു. കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കൽപ്പന തിരഞ്ഞെടുക്കപ്പെട്ടതും/ കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.**

**കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും/ എന്നേക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും/ സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തെക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും/ തേനിനെക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയും ആകുന്നു.**

**അത്രയുമല്ല തന്റെ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും./ അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും./ പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ.**

**ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും,/ പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട്/ അന്യായങ്ങളിൽനിന്ന് നിന്റെ ദാസനെ തടയണമേ. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവും ആയ കർത്താവേ/ എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും/ എന്റെ ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമേ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

## എനിയോനോ

(നുഹറോദ്മെൻനുഹറോ ... എന്ന രീതി)

1. രക്ഷ-കനാം നാഥൻ
ശാന്ത്യാ മൗനം പാലിക്കെ
ശാപം-പൂണ്ടോർ കൊലചെയ്‌വാൻ
കൂട്ടം കൂടിയതാശ്ചര്യം!
വരുവിൻ ജാതികളേ-അവനെ നമിക്കാം സാഷ്ടാംഗം.

2. മണവാളൻതന്നെ
കൊന്നാൾ സൈ്വരിണി മണവാട്ടി
പാരം സൽക്രിയ ചെയ്തോനെ
ന്യായവിധിക്കായേൽപ്പിച്ചാൾ. വരുവിൻ ...

3. കൊലപാതകി യൂദാ-
പണമോഹത്താൽ നിർമ്മലനെ
ഏൽപ്പി-ച്ചീടാമെന്നേവം
ഗൂഢമുടമ്പടിയുണ്ടാക്കി. വരുവിൻ ...

4. സൃഷ്ടിഗണാധീശൻ
പാപം ചെയ്തോരാദത്തി-
ന്നേദൻ-വീണ്ടും നൽകാനായ്
മനസാ പാടേൽപ്പാൻ വന്നാൻ. വരുവിൻ ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...

5. രോഗം ബാധിച്ചോർ-
ക്കാശ്വാസകനാം രക്ഷകനെ
ക്രൂശിന്മേൽ തൂക്കിക്കൊല്ലാൻ
വൈദിക പ്രീശന്മാർ ചേർന്നു. വരുവിൻ ...

കുറിയേലായിസോൻ.



@FIOK*.MOC.KTYM

## എശായാ 42 : 10-13

കർത്താവിന് ഒരു പുതിയ പാട്ടും/ അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്ന് പാടുവിൻ./ സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും/ അതിലുള്ള സകലവും ദ്വീപുകളും/ അവയിൽ കുടിയിരിക്കുന്നവരുമേ/ കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ./ പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ./ അവർ പർവതങ്ങളുടെ മുകളിൽനിന്ന് ആർത്തുകൊള്ളട്ടെ./ കർത്താവിനു മഹത്വം കൊടുക്കുകയും/ അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമി എന്നപോലെ പുറപ്പെടും./ അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും./ അവൻ ആർത്തു പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ മേലിൽനിന്ന് ആനന്ദിപ്പിൻ./ മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു.
ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

## എനിയോനോ

(ഗഹ്വരഭവനാം മന്നവനെ ... എന്ന പോലെ)

1. ആത്മീയമതാം-മണവറയിൽ നൂ-തനജീവൻ നൽകീടാൻ
നിൻകൃപ നിന്നെ യാതനതൻ-സ്ഥാനത്തേക്കാ-കർഷിച്ചു.
ദേവേശാ - നാഥാ നീ-ധന്യൻ.

2. നിന്നോടൊപ്പം-ഞങ്ങളഹോ-പീഢകൾ കൈക്കൊണ്ടീടുകയാൽ
ഉത്ഥാനാമോദം നൽകി-പിതൃസന്നിധിയിൽ സാക്ഷിക്ക.ദേവേശാ ...

3. വിധിപതിമാർതൻ-വിധിപതിയാം-നിന്നെ മൃതിയാൽ ശിക്ഷിപ്പാൻ
ചതിയൊടു പര്യാലോചിച്ചു- കുടിലന്മാരാചാര്യന്മാർ ദേവേശാ ...

4. നിൻ മൃതിദുർഗ്ഗം-ഞങ്ങളെയാ-ദോഷിയിൽ നിന്നും കാക്കട്ടെ
നിന്റെ മുഖത്തേറ്റൊരു തുപ്പൽ-ഞങ്ങടെ രക്ഷാപാനീയം.
ദേവേശാ ... ബാറെക്മോർ. ശുബഹോ ... മെനഓലം ...

**5. സ്നേഹമെഴും-ശുശ്രൂഷകളെ-നാഥാ കൈക്കൊണ്ടീടണമേ**
**ഇപ്രാർത്ഥനയിൽ പ്രീതിപ്പെ-ട്ടെന്നും കൃപചെയ്തീടേണം**
**ദേവേശാ ...**

## 2-ാം സങ്കീർത്തനം

*ജാതികൾ കലഹിച്ചതും, ജനങ്ങൾ വ്യർത്ഥചിന്ത ചെയ്തതും എന്തിന്?*

**(ബ്ഹോനോയൗമോ ... എന്ന രീതി)**

**1. ഇന്നാൾ ശാപം-പൂണ്ടോർ ഗൂഢം കൂട്ടംകൂടിച്ചതിവയ്യോ**
**കുറ്റംചെയ്യാ-ത്തോനെതിരെ-ആലോചിച്ചു കുറിയേ ...**

*അവർ കർത്താവിനും തന്റെ അഭിഷിക്തനുമെതിരായി ആലോചിച്ചു.*

**2. ഇന്നാളാ നേർ-കെട്ടൊരു കൂട്ടം പൈശൂന്യ-ത്താൽ ചതിയോടെ**
**മർമ്മങ്ങളെ-അറിയുന്നോനെ-കൊല്ലാനാർത്തു.കുറിയേലായിസോൻ**

*അവൻ അവരുടെ അമിവള്ളി മുറിച്ച്, അവരുടെ നുകം നമ്മിൽനിന്ന് നീക്കും.*

**3. ഇന്നാൾ ജീവ-പ്രദനാം നാഥൻ വീഥിയിലൂ-ടെ സഞ്ചാരം**
**ചെയ്വതു കണ്ടപ്പോഴേറ്റം-കിടിലം കൊണ്ടാർ. കുറിയേലായിസോൻ**

*സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കും, കർത്താവ് അവരെ നിന്ദിക്കും.*

**4. ഇന്നാൾ സത്യപു-രോഹിതനാകും ഈശോ തൻ-വധശിക്ഷയ്ക്കായ്**
**പാരം രക്തപ്പകയുള്ളോ-രാലോചിച്ചു. കുറിയേ ...**

*അവന്റെ കോപത്തിൽ അവർക്കെതിരേ അവൻ സംസാരിക്കും; അവന്റെ ക്രോധത്തിൽ അവരെ നശിപ്പിക്കും.*

**5. ഇന്നാൾ ബലിയാകാനാചാര്യൻ താതൻ തൻ തിരുവുള്ളത്താൽ**
**തന്നെത്താൻ വന്നേൽപ്പിച്ചാൻ ദു-ഷ്ടന്മാർക്കായ്.കുറിയേലായിസോൻ**

*എന്റെ നിയമത്തെപ്പറ്റി വിവരിപ്പാൻ എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ എന്റെ രാജാവിനെ ഞാൻ നിയമിച്ചു.*

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**6. ഇന്നാൾ തെരുവിൽ-സത്യമതാകും കുഞ്ഞാടിനെ-യാ ചെന്നായ്ക്കൾ**
**കണ്ടിട്ടവനെ-കൊല ചെയ്വാൻ പല്ലു കടിച്ചു. ആമ്മീൻ.**

## 113-ാം സങ്കീർത്തനം

പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി. കർത്താവിന്റെ ഭൃത്യൻമാരേ! സ്തുതി പാടുവിൻ. കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും/കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേൽ ഉന്നതനും/ തന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോടു സദൃശ്യൻ/ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ/ ജനത്തിന്റെ പ്രഭുക്കൻമാരോടുകൂടെ ഇരുത്തേണ്ടതിന്/ കുപ്പയിൽനിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ/ മക്കളുടെ സന്തോഷമുള്ള മാതാവായി/ ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ ... (പേജ് 40)

സ്തൗമെൻകാലോസ് കുറിയേലായിസോൻ

### പ്രുമിയോൻ

### കോലോ

1. നമ്മുടെ രക്ഷകന്റെ കഷ്ടാനുഭവ ദിവസം ഇതാ സമീപിച്ചിരിക്കുന്നു. താൻ തന്റെ ശ്ലീഹന്മാരോട്/ 'മനുഷ്യപുത്രൻ ഊർശ്ലേമിലേക്കു പ്രവേശിപ്പാനും മനുഷ്യരാൽ വിധിക്കപ്പെടാനുമിരിക്കുന്നു' എന്നരുളിച്ചെയ്തു. നമ്മുടെ രോഗങ്ങളെ വഹിക്കുകയും/ നമുക്കുവേണ്ടി കഷ്ടതകൾ സഹിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ - ശുബഹോ - മെനഓലം

2. ദീർഘദർശിയായ മോശ/ എല്ലാവിധ അടയാളങ്ങളാലും ശക്തിയാലും/ മെസ്രേമിൽനിന്ന് പുറപ്പെടുവിച്ച മുന്തിരിവള്ളി നട്ട്/ അതിനായി വേല ചെയ്തു. അതിന്റെ ഉടമസ്ഥൻ അതിൽനിന്ന് വീഞ്ഞ് ആരാഞ്ഞു. എന്നാൽ അത് പുളിവീഞ്ഞ് പിഴിഞ്ഞ് അവനു നൽകി. അതിനെ ഉന്മൂലനം ചെയ്ത് ചിതറിച്ചു മറിച്ചിടുകയും/ സഭയെ തനിക്കായി നട്ടുണ്ടാക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അവളോ തന്നെ വന്ദിക്കുന്നു.



@FIOK*.MOC.KTYM

## വീണ്ടും കോലോ

### (കൂക്കോയോ)

1. മൂശാനിബിയാൽ മിസറേമിൽ രാവിൽ-ചിത്രിതമാം
ദൈവത്തിൻ കുഞ്ഞാടിന്റെ പെസഹാ ആസന്നം
തൻരക്തത്താൽ-മനുജരെ വീണ്ടിടുവാൻ
വന്നിടുവോനെ-എതിരേൽപ്പാൻ വരുവിൻ
പീഡാമരണോത്ഥാനങ്ങൾ ചേലോ-ടോർത്തീടാൻ
പ്രിയതമയാം സഭയോടാജ്ഞാപിച്ചോൻ-ധന്യൻ താൻ
ഹാലേലുയ്യാ ഉ-ഹാലേലുയ്യാ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. വത്സലരേ വരുവിൻ ദൈവാത്മജനെ-കീർത്തിപ്പാൻ
നമ്മെ വിളിച്ചാൻ പിതൃഭവനേ സന്തോ-ഷിച്ചീടാൻ
അവനോടൊപ്പം-മഹിമാവർജ്ജിപ്പാൻ
സ്നേഹത്താലെ-യാതനയേറ്റീടാം.
ദീപ്തി പരത്തും ദീപങ്ങൾ പേറി-പോയീടാം
ശക്തിയണിഞ്ഞീടാം രക്ഷാസന്തോ-ഷം നേടാൻ
ഹാലേലുയ്യാ- സ്തോത്രം പാടീടാം.

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. സ്വർഗ്ഗം കൈവി-ട്ടേകൻ പുത്രൻ
നമ്മൾക്കായ്വ-ന്നേറ്റാൻ ഭാരം
ലോകർക്കായി-ക്ലേശം പൂണ്ടാൻ
ക്രൂശേൽപ്പിച്ചോ-രവനെ പാരം
മേന്മേൽ നിന്ദി-ച്ചാക്ഷേപിച്ചു

2. ഗോഗുൽത്തായാം-ലക്ഷ്യസ്ഥാനേ
സേനാപതിപോൽ-തൻഹാശായ്ക്കായ്

ആട്ടിൻകൂട്ട-ത്തെ ചേർത്താൻ താൻ
ആ വൃന്ദത്തിൻ ദാഹം തീർക്കാൻ
തൻ രക്തത്തിനു-മാത്രം സാദ്ധ്യം.

3. തൻയാതനയെ വർണ്ണിച്ചീടാൻ
പുത്രസ്കീപ്പാ-തരുവായ്ത്തീർന്നു
ജീവൻ തിങ്ങും-കായ്കൾ നേടി
വ്യഥ തീണ്ടാത്തോൻ-വ്യഥയേറ്റതിനാൽ
സഭയത്യന്തം-സന്തോഷിക്കും.
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. ദൈവമിറങ്ങി താഴ്ചയിലേ-
ക്കാദാമ്യരെ സംരക്ഷിപ്പാൻ
കുറ്റം ചാർത്താനുത്സുകരായ്
ശാപം കിട്ടിയ യൂദന്മാർ
അമ്പേ ദുഷ്ടജനക്കൂട്ടം
വൻചതി ചെയ്യാൻ ചിന്തിച്ചു.ദേവാ! ...

2. സാത്താൻ കയറി പരീശരിലും
സാദൂക്യന്മാരിലുമപ്പോൾ
പാപവിഹീന നിണം ചിന്താൻ
വഞ്ചക ഘാതക ജനമാഞ്ഞു
കളവിൻ സാക്ഷികളെ നിർത്തി
പഴിചാരാൻ വിധിഗേഹത്തിൽ. ദേവാ! ...



@FIOK*.MOC.KTYM

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

## വായനകൾ

ഉൽപ്പത്തി പുസ്തകം 3: 1-21 ന്യായാധിപന്മാർ 11 : 30-40

ഏശായാ 28 : 5-13

അപ്പോ. പ്രവൃത്തികൾ 25 : 6-12 എബ്രായർ 1 : 6-2:4

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-കയ്പ്പേറിയതാണവരുടെ മുന്തിരിയിൻകായ്
ആ മുന്തിരിയിൻ കുലകൾക്കും കയ്പ്പേറും. ഹാ-

വി. മത്തായി 21:23-32, 17:10-18

കർത്താവിനെ സ്തോത്രം ചെയ്യുന്നതും/ ഉന്നതമായ തന്റെ തിരുനാമത്തിനു പാടുന്നതും/ പ്രഭാതത്തിൽ തന്റെ കൃപയും/ രാത്രികാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്രയോ നല്ലതാകുന്നു. കർത്താവേ! പ്രഭാതത്തിൽ എന്റെ ശബ്ദം നീ കേൾക്കണമേ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമേ. കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമേ. കർത്താവേ ഞങ്ങളെല്ലാവരുടെയും പാപങ്ങൾ പരിഹരിച്ചു ക്ഷമിക്കണമേ./ പരിശുദ്ധനായുള്ളോവേ,/ നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച്/ നിന്റെ തിരുനാമം നിമിത്തം/ ഞങ്ങളുടെ പാപരോഗത്തെ സൗഖ്യമാക്കണമേ. ആമ്മീൻ.

## കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ
കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...



@FIOK*.MOC.KTYM

# തിങ്കൾ മൂന്നാംമണി

## കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മ്ശിഹാ
കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക

*(മൂന്നു പ്രാവശ്യം)*

നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...
ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

*(പാതകി പോൽ .............എന്ന രീതി)*

1. പീഡകളാൽ-ലോകരെ രക്ഷിപ്പാൻ
ഞങ്ങൾ-ക്കായ് ബലിയായ്ത്തീർന്നൊരു
ദേവാ! ദയ ചെയ്തീടണമേ.
2. തൻവടിവിൽ-കനിവൊടു നിർമ്മിച്ച്
കുരിശാൽ-ഞങ്ങളെ രക്ഷിച്ചൊരു ദേവാ! ...
3. ഞങ്ങൾക്കായ്-ഭൂവിലിറങ്ങിയഹോ
ഞങ്ങൾ-തൻ ദാസ്യം തീർത്തൊരു ദേവാ! ...
4. സർവ്വജ്ഞാ-നിൻമൃതി വൃത്താന്തം
ശിഷ്യന്മാർക്കായ് വെളിവാക്കിയ ദേവാ! ...
5. ഞാനിരുളി-ന്നടിപെട്ടീടാത്ത
വെളിവാ-ണെന്നരുളിച്ചെയ്തൊരു ദേവാ! ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...
6. ഉടയോനേ!-കടമെല്ലാം പോക്കി
നൽകുക-യോഗ്യത നിൻസ്തുതി പാടാൻ ദേവാ! ...

സ്തൗമെൻകാലോസ് കുറിയേലായിസോൻ.



@FIOK*.MOC.KTYM

## പ്രുമിയോൻ

### കോലോ

1. നമുക്കുവേണ്ടി സ്വയം താഴ്ത്തിയ മശിഹാരാജാവിനെ/ഇന്നേ ദിവസം നാം സ്തോത്രം ചെയ്തു വന്ദിക്കണം. നമ്മെ കൊല്ലുന്ന മരണത്തെ താൻ കൊല്ലുകയും/ സഹദേന്മാർ കിരീടം പ്രാപിക്കുമ്പോൾ, പറുദീസായിലേക്കു നമ്മെ തിരികെ ചേർപ്പാൻ/ കുരിശിലെ കഷ്ടതകൾ സഹിക്കുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. പറുദീസായിലേക്കു നമ്മെ പ്രവേശിപ്പിക്കുവാൻ/ നമുക്കുവേണ്ടി താണിറങ്ങിയ ജയാളിയായ നമ്മുടെ രാജാവിനെ/ ഇന്നേദിവസം നാം സ്തോത്രം ചെയ്ത് മഹത്വപ്പെടുത്തണം. നമ്മുടെ ബഹുമതിയും/ തന്റെ സ്നേഹിതന്മാർക്കായി വാഗ്ദത്തം ചെയ്തിരിക്കുന്ന ജീവനും/ നമുക്കു തിരികെത്തരുവാനായി/ മത്സരികളിൽനിന്ന് താൻ പരിഹാസം ഏറ്റു.

### വീണ്ടും കോലോ

1. സകലത്തിനും ജ്ഞാനം നൽകുന്നവൻ/ ഭോഷന്മാരും കഠിനതയിൽ ജീവിച്ചവരുമായവരുടെ അടുക്കൽ/ സ്നേഹത്തോടെ വന്നു. അവരെ സമ്പന്നരാക്കുവാൻ അവന് അവസരം നൽകാതെ/ വിവേകത്തിന്റെ ഭണ്ഡാരമായവനെ/ വിവേകശൂന്യരായി അവർ പീഡിപ്പിച്ചു. തന്റെ താഴ്മയ്ക്കു സ്തുതി. ബാറെക്മോർ - ശുബഹോ - മെനഓലം

2. അടികൊള്ളുന്നവൻ സഹിക്കണമെന്നും, കഷ്ടപ്പെടുന്നവൻ പിറുപിറുക്കരുതെന്നും നമ്മെ താഴ്മപ്പെടുത്തുന്നതിന് ഉപദേശിപ്പാനും, തന്റെ റൂഹായിൽ അപ്രകാരം ചെയ്ത് നമ്മെ പഠിപ്പിപ്പാനും തിരുമനസ്സായ രാജപുത്രൻ മനുഷ്യത്വത്തെ പൂർണ്ണമാക്കുകയായിരുന്നു. തന്നെ അയച്ചവനു സ്തുതി.

### ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. അവനെ കൊല്ലാൻ-വട്ടം കൂട്ടി
രക്തത്തിന്നായ്-ദാഹിക്കുന്നോർ
ലോകത്തിന്റെ-തേജസ്സാകും
ജീവൻ കുരിശിൽ-നിഹനിച്ചീടാൻ
കെണിവയ്ക്കുകയാ-യിരുളിൻ മക്കൾ

2. ജ്വാലയ്ക്കെതിരെ-താളടി പോലെ
ആഴിക്കെതിരെ-പൂഴികണക്കെ
തൻ പാനീയ-ത്താൽ ലോകത്തിൻ
ദാഹംതീർത്തോ-നെതിരായ് ഗൂഢം
സപ്രേന്മാരോ-ആലോചിച്ചു

3. കുറ്റമശേഷം-ചെയ്യാത്തോനെ
വിസ്താരത്താൽ-ശിക്ഷിച്ചീടാൻ
ആചാര്യന്മാർ-വട്ടംകൂട്ടി
സൗഖ്യപ്രദനെ-ക്കുരിശിച്ചീടാൻ
തരുവായൂദർ-സജ്ജമതാക്കി
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ.

മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ ദേവാ! ...

1. സ്രഷ്ടാവിൻ കൽപ്പന ലംഘി-
ച്ചാദാം കുറ്റം ചെയ്യുകയാൽ
പകരം മാലാഖാനാഥൻ
വിധിയേൽപ്പൂ ദുഷ്ടന്മാരാൽ ദേവാ! ...

2. യാതനയാൽ മഹിമാവേറും
ജേതാവേ, നീ അതിധന്യൻ
പ്രേഷക താതൻ സ്തുത്യർഹൻ
പാവന റൂഹാ സ്തോത്രാർഹൻ ദേവാ! ...



@FIOK*.MOC.KTYM

**ഞങ്ങൾക്കായുളവായൊരു നിൻ**

**ബഹുകഷ്ടതയാൽ കൃപ ചെയ്ക**

**നിൻഹാശായിൻ കഷ്ടതയാൽ**

**നേടണമവകാശം രാജ്യേ ദേവാ! ...**

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാ-ഹാ-ഭൂനാഥനുമധിപതികളുമെഴുന്നേറ്റു**

**ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാ-**

**വി. മത്തായി 19: 1-12, വി. ലൂക്കോസ് 9: 43-45**

## കൗമാ

**ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ**

**കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# തിങ്കൾ ആറാംമണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ

കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ദൈവമേ നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(പ്രതിവാദത്താൽ യൂദന്മാർ.......എന്ന പോലെ)

1. കനി ചോദിപ്പാൻ വന്നോനാം
തോട്ടക്കാരനെ വേലക്കാർ
കൊല ചെയ്‌വാനാലോ-ചി-ച്ചു.
2. മാമക വത്സല തനയൻ തൻ
നല്ല നിലത്തെ തോട്ടത്തിൽ
മുന്തിരി വന്യ ഫലം-നൽ-കി.
3. നിബിയന്മാരുടെ മധുമൊഴികൾ
പാനം ചെയ്തൊരു തോട്ടമഹോ
തൻ യജമാനനു കയ്-പ്പേ-കി.
4. ആശ്വാസത്തിൻ ലക്ഷ്യത്തിൽ
ഞങ്ങളണഞ്ഞതിനാൽ നാഥാ
പാപവിമോചനമേ-കേ-ണം.
5. പാപികൾ ഗൂഢാലോചനയാൽ
ഏതും കൂസാതുടയോന്
കുരിശുമരം തയ്യാ-റാ-ക്കി.

ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

6. സപ്രേന്മാരും വൈദികരും
കാവൽക്കാരും യേശുവിനെ
ക്രൂശിക്കണമെന്നാർപ്പിട്ടു.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

### കോലോ

1. എന്റെ സഹോദരന്മാരേ, വരുവിൻ, രക്ഷകന്റെ കഷ്ടാനുഭവത്തിൽ നാമെല്ലാവരും കഷ്ടത ധരിക്കുകയും/ നെടുവീർപ്പോടെ അട്ടഹസിച്ചു പറയുകയും ചെയ്യണം. കർത്താവേ ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവത്താൽ/ ഞങ്ങളുടെ കഷ്ടതകളെ ശമിപ്പിക്കുകയും/ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.ബാറെക്മോർ – ശുബഹോ – മെനഗാലം

2. വിശ്വാസമുള്ള സഭ അട്ടഹസിച്ചു പറയുന്നതെന്തെന്നാൽ/ കർത്താവേ നിന്റെ കഷ്ടാനുഭവത്താൽ ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. എന്റെ മക്കൾ നിന്റെ ശരീരത്തിൽ ഇമ്പപ്പെടുകയും/ തിരുരക്തത്താൽ ആനന്ദിക്കുകയും/ അവർക്കുവേണ്ടി കഷ്ടതകൾക്കായി താണിറങ്ങിയ നിനക്ക്/ പുതിയ സ്തുതി കരേറ്റുകയും ചെയ്യുന്നു. മൊറിയോ റാഹേം ...

## വീണ്ടും കോലോ

1. ദാസനായിത്തീരുകയും/ ദാസന്മാരെ വലിപ്പപ്പെടുത്തുന്നതിനായി താഴ്മയ്ക്കെഴുന്നള്ളുകയും/ അക്രമികളിൽനിന്ന് ചെകിട്ടത്തടിയേൽക്കുകയും ചെയ്ത/ ഒരു രാജാവിനെ കണ്ടവൻ ആരുള്ളു? അവർ കർത്താവിനെ കോപിപ്പിച്ചിട്ടും താൻ കോപിച്ചില്ല. ദാസന്മാരെ ശാപത്തിൽനിന്ന് കരുണയോടെ രക്ഷിപ്പാൻ/ ഇവയെല്ലാം സഹിച്ച നിനക്കു സ്തുതി.

ബാറെക്മോർ. ശുബഹോ ... മെനഗാലം ...

2. കുറ്റമില്ലാത്തവനെ അവർ കുറ്റപ്പെടുത്തി. ദാനം ചെയ്യുന്നവനെ അവർ നിരസിച്ചു. സ്രഷ്ടാവിനെ അവർ നിന്ദിച്ചു. ദയവാനെ അവർ പരിഹസിച്ചു. ഇമ്പമുള്ളവനെ അവർ ഞെരുക്കി. പ്രകാശത്തെ അവർ ആക്ഷേപിച്ചു. എങ്കിലും അവ മൂലം അവൻ പരാജിതനായില്ല. എന്തെന്നാൽ ലോകത്തെ അവൻ ജയിച്ചിരിക്കുന്നു. അക്രമികളിൽനിന്ന് ഇവയെല്ലാം സഹിച്ച തനിക്കു സ്തുതി.



@FIOK*.MOC.KTYM

## ബോത്തേദ്ഹാശോ

ഞങ്ങൾക്കായ് നീ ഏറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

1. നാഥാ! നിന്നുടെ-രൂപമതാകും
മണ്ണിൻ പൊടിയാ-യിടുമാദത്തെ
പൂർവ്വസ്ഥാന-ത്തേറ്റീടാനായ്
പകരം പാരം-യാതനയേൽപ്പാൻ
പ്രേരിപ്പിച്ചു-നിൻകൃപ നിന്നെ.

2. വീണോനാമാ-ദാമിൻ രക്ഷയ്-
ക്കുയരത്തീന്നും-നീ താണെത്തി
സ്നേഹം നിന്നെ-പ്രേരിപ്പിച്ചു
ആദാം സ്വാത-ന്ത്ര്യം നേടീടാൻ
മനസ്സാ ക്ലേശം-നീ കൈക്കൊണ്ടു.

3. ഈ ഞങ്ങൾ തൻ രക്ഷയ്ക്കായി
വ്യഥയും കുരിശും-ഭരമേറ്റോനേ!
എല്ലാറ്റിന്നും-നല്ലോനീശാ
സ്തോത്രം തിരുനാ-മത്തിന്നും നിൻ
പ്രേഷകതാത-ന്നും റൂഹായ്ക്കും.

നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ . മൊറിയോ റാഹേം ...

## മാർ ബാലായിയുടെ ബോവൂസാ

ഞങ്ങളെ ഹാശായാൽ-രക്ഷിച്ചോൻ മശിഹാ
കൈക്കൊണ്ടിക്കർമ്മം കാരുണ്യം ചെയ്ക.

1. ഞങ്ങളെ രക്ഷിപ്പാൻ-യാതനയേറ്റോനേ
യോഗ്യതയേറും നിൻ-പ്രതിരൂപത്തിന്നായ്
തുപ്പലതേറ്റോനാം-സർവ്വേശാ നാഥാ
വിസ്മയനീയം താൻ-നിൻ വലുതാം താഴ്മ.



@FIOK*.MOC.KTYM

2. അബ്രാഹാം താതൻ പുഷ്ടിയെഴും ഭൂവിൽ
മുന്തിരിതൻ തോട്ടം കൃഷി ചെയ്തുണ്ടാക്കി
മുറപോലത്തോട്ടം-സൽഫലമാർന്നില്ല
പകരം നാഥന്നായ്-വന്യഫലം നൽകി.
വിണ്ണവർതൻ നാഥാ-മൺമയരാശയുമേ
കൈക്കൊണ്ടിക്കർമ്മം-കാരുണ്യം ചെയ്ക.

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ഭൂനാഥനുമധിപതികളുമെഴുന്നേറ്റു
ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു.

വി. മത്തായി 23: 13-39

## കൗമാ

ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ
കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# തിങ്കളാഴ്ച ഒമ്പതാംമണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ
ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ
കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...
ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

*(ഹൗ ദഹവൊ ബുഖറൊ ... എന്ന രീതി)*

1. പാതകിപോൽ ഞങ്ങടെ രക്ഷയ്ക്കായ്
നൃായ-സ്ഥാനം പ്രാപിതനേ-ദേവാ! ദയ ചെയ്തീടണമേ.
2. ഹാശായിൽ-ക്ലേശിച്ചോർ ഞങ്ങൾ
ഉത്ഥാ-നേ മോദിക്കട്ടെ. ദേവാ! ...
3. നിൻവ്യഥയിൽ-വ്യഥയേൽക്കും ഞങ്ങൾ
നിൻ രാ-ജ്യം നേടീടണമേ. ദേവാ! ...
4. നിൻ ഹാശാ-വഞ്ചകനെ വീഴ്ത്തി
ആട്ടിൻ-കൂട്ടം രക്ഷിതമായ്. ദേവാ! ...
5. നാഥാ നിൻ-കൃപയാൽ ഞങ്ങളുടെ
കടപാ-പങ്ങളെ നീക്കണമേ . ദേവാ! ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...
6. നിൻ പേർക്കും-താതാത്മാവിന്നും
സ്തുതിയാടുകളർപ്പിക്കുന്നു. ദേവാ! ...

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ


@FIOK*.MOC.KTYM

## കോലോ

1. കർത്താവേ! ഞങ്ങളുടെ വർഗ്ഗത്തോട് നീ പ്രവർത്തിച്ചിട്ടുള്ള/ നിന്റെ കൃപയെ സ്തോത്രം ചെയ്യുവാൻ കഴിവുള്ളവൻ ആരുള്ളൂ. നിന്റെ ശ്രേഷ്ഠതയുടെ ഔന്നത്യത്തെ നീ താഴ്ത്തി/മണ്മയരോടൊന്നിച്ച് നിന്റെ ശ്രേഷ്ഠതയെ നീ കലർത്തി, മണ്മയനായ ആദാമിനുവേണ്ടി നീ താഴ്ത്തപ്പെടുകയും/ നിന്നെ അടിച്ച പരിഹാസക്കോലാൽ/ അവന്റെ രോഗങ്ങളെ വഹിക്കുകയും ചെയ്തതുകൊണ്ട് അവനു ഭാഗ്യം.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. എന്റെ സഹോദരന്മാരേ/ നമുക്കുവേണ്ടി പീഡയനുഭവിച്ച പുത്രന്റെ പീഡയാൽ/ രക്ഷിക്കപ്പെട്ടവരായ നാമെല്ലാവരും/ അവന്റെ പീഡാദിവസങ്ങളിൽ അവനോടൊന്നിച്ച് പീഡയേൽക്കണം. തന്റെ രാജ്യത്തിൽ തന്നോടൊന്നിച്ച് നാം സന്തോഷിക്കുകയും/ തന്റെ ആർദ്രതയ്ക്കു സ്തുതിയും സ്തോത്രവും പാടുകയും ചെയ്യണം. എന്തെന്നാൽ നമുക്കുവേണ്ടി മരണം ആസ്വദിപ്പാനായി താൻ എത്രയും താഴ്ത്തപ്പെട്ടു.

മൊറിയോറാഹം ...

## എത്രോ

### ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. പങ്കപ്പാടാ-കും വീഞ്ഞേകി
പാനം ചെയ്തീ-ട്ടുയിരേകാനും
ആദാം ജീവി-ച്ചേദൻ നേടാൻ
മനസ്സാ പാടേ-ൽപ്പാനും നാഥൻ
അജവൃന്ദത്തെ-തേടാനെത്തി.

2. ബിംബങ്ങൾക്കായ്-ബലിയർപ്പിക്കേ
വാനിൽ ധൂപം-ദിശകളിലെങ്ങും
ഭീമാകാരം-മേന്മേൽ പൊങ്ങി
ബലവാനപ്പോൾ-വിട്ടൊരു സൂനു
കൂട്ടിച്ചേർത്താ-നജവൃന്ദത്തെ.



@FIOK*.MOC.KTYM

3. തൻപേർക്കായ് വൻ-പാടേറ്റോനെ
സഭ സാഷ്ടാംഗം-പ്രണമിക്കട്ടെ
സന്താനങ്ങൾ-പാടീടട്ടെ
പാടേറ്റോനേ-നീ വന്ദ്യൻ താൻ
എന്നേവം സ്തോ-ത്രാരാവത്താൽ.
നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോറാഹം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. ബലവാനാം നീ നിന്ദിതനായ്
ക്രൂശിൽ പീഡകളേറ്റെങ്കിൽ
മണ്ണയനേൽക്കും യാതനയിൽ
ഖേദിപ്പാൻ പഴുതില്ലേതും. ദേവാ! ...

2. ഉരിയാടാതുടയോൻനിന്നു
കൊലചെയ്‌വാൻ ജനമാർപ്പിട്ടു
ദുഷ്ടപ്രീശേ സപ്രേന്മാർ
കൊല ചെയ്‌വാനാലോചിച്ചു. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...



@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാ-ഹാ-ഭൂനാഥനുമധിപതികളുമെഴുന്നേറ്റു**

**ദൈവത്തിനുമഭിഷിക്തനുമെതിരായ് ചിന്തിച്ചു. ഹാ-**

**വി. മത്തായി 23 : 13-39**

## കൗമാ

**ഹാശാ-യാൽ ഞങ്ങളെ രക്ഷി-ച്ചോൻ മശിഹാ**

**കൈക്കൊ-ണ്ടിക്കർമ്മം കാരു-ണ്യം ചെയ്ക.**

*(മൂന്നു പ്രാവശ്യം)*

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

## വിശ്വാസപ്രമാണം



@FIOK*.MOC.KTYM

# ചൊവ്വാഴ്ച സന്ധ്യ

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ

തൽപ്രജകൾ നി-ന്നിൽ നിന്നേൽ-ക്കും പുണ്യം രക്ഷകനേ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...

## പ്രാരംഭ പ്രാർത്ഥന

ദൈവമേ നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(പാതകിപോൽ ... എന്ന പോലെ)

1. യാതനയാൽ-പാപവികാരത്തെ
സർവ്വം-മായിച്ചൊഴിവാക്കിയ
ദേവാ! ദയ ചെയ്തീടണമേ.

2. ഞങ്ങൾ തൻ രക്ഷയ്ക്കായ് വന്ന്
തെറ്റിൽ-നിന്നും രക്ഷിച്ചൊരു ദേവാ! ...

3. വഞ്ചകനാം-ദുഷ്ടനെ വീഴ്ത്തിയഹോ
ഞങ്ങൾ-ക്കുന്നതി തന്നോനേ ദേവാ! ...

4. ഉണർവ്വൊടു പ്രാ-ർത്ഥിക്കുവിനെന്നേവം
തൻശി-ഷ്യന്മാരോടരുളിയ ദേവാ! ...

5. യാതനയാൽ സഭയെ രക്ഷിച്ച
മശിഹാ-നാഥാ സ്തോത്രം തേ. ദേവാ! ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. സ്തുതിനതികൾ-സത്യപിതാവിന്നും
സുതനും-വിമലാത്മാവിന്നും. ദേവാ! ...



@FIOK*.MOC.KTYM

**കുറിയേലായിസോൻ.**

**കർത്താവേ! ഞാൻ നിന്നെ വിളിച്ചു ...(പേജ് 4)**

## എനിയോനോ

*(ബ്ഹൗനുഹറോ ഗായോ മാലാഖേ ... എന്ന രീതി)*

1. വിശ്വസ്ത-സഭേ!-അപഥത്തി-ന്നും നിന്നെ രക്ഷിച്ച
നിന്നുടയോ-നാം-മശിഹായെ-നീ സ്തോത്രം ചെയ്തീടുക.
2. ജാതികൾ മ-കളേ! സ്കീപ്പാ മൂ-ലം നിന്നെ വധുവാക്കി
ജീവൻ തന്നോ-രാദ്യജനെ നീ സ്തോത്രം ചെയ്തീടുക.
3. ഉടയവനേ-ശു-നിന്മരണത്താൽ ഞങ്ങൾ രക്ഷിതരായ്
നിന്നെ നയി-ച്ചൊരു താതൻ ധന്യൻ നിൻവിനയം സ്തുത്യം
4. അതിവീര്യത്താൽ-സൃഷ്ടിയെയെല്ലാം താങ്ങീടും നിന്നെ
സ്കീപ്പാ താങ്ങി-നരരക്ഷയ്-ക്കായ് സ്തുത്യം നിൻ വീര്യം
5. ജാതികൾ മകളേ!-തൻ വ്യഥയാലും സ്കീപ്പാമൃതിയാലും
സ്വാതന്ത്ര്യം നൽ-കിയ മശിഹായെ സ്തോത്രം നീ ചെയ്ക

ബാറെക്മോർ - ശുബഹോ - മെനഓലം

6. പരമോന്ന-തനായ്-സാരാംശ-ത്തിൽ ഒന്നാം ത്രിത്വത്തെ
സ്തോത്രം-ചെയ്യാം-കീർത്തിച്ചീ-ടാം ആരാധിച്ചീടാം.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

### കോലോ

1. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി/ തന്റെ പുത്രനെ അയച്ച പിതാവിന് സ്തുതി. സ്നേഹം മൂലം താൻ ഇറങ്ങിവന്ന് മനുഷ്യനായിത്തീരുകയും/ തിരുവിഷ്ടത്താൽ കഷ്ടതയും മരണവും സ്കീപ്പായും സഹിക്കുകയും/ നാശത്തിൽ ജീർണ്ണിച്ച ആദാമിനെ രക്ഷിക്കുകയും ചെയ്തു.ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ഏകജാതനായ ദൈവമേ, നിന്റെ താഴ്മയ്ക്കു സ്തുതി. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ സ്വയം ഏൽപ്പിക്കുകയും/ യൂദന്മാരുടെ ശപിക്കപ്പെട്ട ജനം/ മരണമില്ലാത്ത ജീവനുള്ളവനായ നിന്നെ കൊല്ലേണ്ടതിനായി സ്കീപ്പായ്ക്കു വിധിക്കുകയും ചെയ്തു. മൊറിയോ റാഹേം ...

## എത്രൊ

### (കൂക്കോയൊ)

1. വാഗ്ദത്തത്തിൻ നാട്ടീന്നും രണ്ടാൾ-തണ്ടിന്മേൽ
മുന്തിരിയിൻ കുല എത്തിച്ചു യോശ്വാ-സന്നിധിയിൽ
മുമ്പിൽ വന്നോ-നക്കുല കണ്ടില്ല
പിമ്പൻ കണ്ടാൻ-കണ്ടോരാം യൂദർ
കായ്കൾ പറിച്ചെങ്കിലുമവരോ വീഞ്ഞു-കുടിച്ചില്ല
പാനം ചെയ്തൊരു ജാതികളോ രക്ഷാ-ദായകനെ
ഹാലേലുയ്യാ ... സ്തോത്രം ചെയ്യുന്നു.
ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.

2. മാനവവത്സലനേ ജഗതി രക്ഷ-കനേ സ്തോത്രം
താതൻ തന്നാത്മീയ സുതൻ ഗാത്രം-കൈക്കൊണ്ടു
മൃതിയാർന്നോനാ-മാദാമിൻ രക്ഷ
യ്ക്കേറ്റാൻ തനുവിൽ-കഷ്ടപ്പാടേറ്റു
ആകൽക്കറുസാ തൻ ദാസ്യം നീങ്ങി-സ്വാതന്ത്ര്യം
നേടി ശാശ്വതരാജ്യത്തിൽ ജീവ-നവൻ നേടാൻ
ഹാലേലുയ്യാ-സ്തുത്യം തദ്വിനയം.
മൊറിയൊ റാഹേം ...

## ബോത്തെദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

1. തേജസ്സുദയം ചെയ്തെന്നാലും
വെറുമന്ധന്മാർ-മിഴികൾ പൂട്ടി
ഇരുളിൻമക്കൾ-കൺകൾ ചിമ്മി
ഇരുളാക്കുകയാൽ-ന്യായത്തീർപ്പി-
ന്നാരെയേൽപ്പി-ച്ചെന്നോർത്തില്ല.



@FIOK*.MOC.KTYM

2. ഗൂഢം വളരും-രോഗങ്ങൾക്ക്
സൗഖ്യം തന്നോ-നാണീ വൈദ്യൻ
എന്നാൽ സൗഖ്യം-പൂണ്ടോരെല്ലാം
അവനെ ചുറ്റി-വസ്ത്രം കീറി
ആക്ഷേപിച്ചു-വെറുതെ കൊന്നു.

3. ആദ്യപിതാവാ-മാദത്തെയും
ലോകത്തെയും-സൃഷ്ടിച്ചോൻ തൻ
തൃക്കൈ രണ്ടി-ന്മേലുമടിക്കാൻ
രക്തക്കൊതിയ-ന്മാരിന്നാളിൽ
ചതിവാലോചി-ച്ചാണികൾ തീർത്തു.
നിൻവി-ധിചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ.

മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. സത്തമനേ! ആ ദുഷ്ടാത്മാക്കൾ നിന്മേൽ കുറ്റം
ചാർത്തിയതെല്ലാം വർണ്ണിച്ചീടാൻ കഴിവേകേണം
പുണ്യാത്മാവാമങ്ങു സഹിച്ചാനാക്ഷേപങ്ങൾ
അത്ഭുതചരിതൻ നിന്ദനമതിലും കോപിച്ചില്ല. ദേവാ! ...

2. കാരുണ്യത്താൽ സൗഖ്യം മൂകന്മാർക്കായേകി
ആ ദുഷ്ടന്മാർ തിരുവദനത്തിൽ തുപ്പൽ വീഴ്ത്തി
ഭൂതങ്ങളെ ഓടിച്ചോനെ ഭൂതമതെന്നാർത്തു
രോഗാർത്തർക്കാശ്വാസപ്രദനെ ആക്ഷേപിച്ചാർ. ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാ-നോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...



@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ജനതതി തൻ വചനം വ്യാജം
മാനസചിന്തകളെല്ലാം തിന്മ! ഹാ-

വി. മത്തായി 22 :15-33

ഞങ്ങളുടെ കർത്താവേശുമശിഹാ ... (പേജ് 11)

### കൗമാ

ഹാശായാൽ കഷ്ടതയേറ്റ സഭ മോദിക്കുമുത്ഥാനേ
തൽപ്രജകൾ നിന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ.

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ചൊവ്വാഴ്ച സൂത്താറ

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോദി-ക്കുമുത്ഥാനേ

തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം-രക്ഷകനേ.

(മൂന്നു പ്രാവശ്യം)

നാഥാ!തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

1. മനുഷ്യസ്നേഹമുള്ളവനായ കർത്താവേ/ യൂദജനം അസൂയയാൽ നിന്നെ നിരസിക്കുകയും/ നിന്നെ കൊല്ലുവാൻ ഒരുങ്ങുകയും/ നിന്റെ വില യേറിയ രക്തത്തെ/ കൈക്കൂലിയാൽ വാങ്ങുകയും ചെയ്തു. തന്നിമിത്തം ജാതികളുടെ ഇടയിൽ അവർ ചിതറിക്കപ്പെട്ടു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ഇന്നേദിവസം ആകാശവും ഭൂമിയും ദുഃഖിച്ചു. സൃഷ്ടികളുടെമേൽ സംഭ്രമവും വിറയലും ഉണ്ടായി. എന്തെന്നാൽ വിധിയേൽക്കുവാൻ മന സ്സായ ന്യായാധിപന്മാരുടെ ന്യായാധിപനെ/ പൊടിമണ്ണായവൻ ഇതാ നിന്ന് ന്യായം വിധിക്കുന്നു.

## ബോത്തെദ്ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ

താഴ്ചകളേറ്റം-ധന്യം നാഥാ!

1. സ്രഷ്ടാവിനെ സ്കീ-പ്പായിൽ തൂക്കാൻ

കഴിവാർക്കുണ്ടാം-ചിന്തിച്ചീടിൻ

ആദാമിന്റെ ദാസ്യം നീക്കാൻ

സ്നേഹത്താൽ പ്രേ-രിതനാമീശൻ

ദുഷിയേല്പാനായ്-മന്നിലിറങ്ങി.



@FIOK*.MOC.KTYM

2. മിസറേമിൽ നി-ന്നത്ഭുതശക്ത്യാ
വന്നോരീ മു-ന്തിരിവള്ളിക്ക്
ശ്രേയസ്സെല്ലാം-പാരം തന്ന
മന്നാ തൻ നാ-ഥനുമായോന്
കയ്പേറും പാ-നീയം നൽകി.

3. ദുഷ്ടക്കൂട്ടം-അണലിസുതന്മാർ
കൂട്ടം കൂടി-കൗശലപൂർവ്വം
ദോഷം ചിന്തി-ച്ചവരുടെ ഹൃദയേ
സൗഖ്യപ്രദനെ-കുരിശിൽ തൂക്കി
ജീവൻ നീക്കി-നിഹനിച്ചീടാൻ.
നിൻവി-ധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോറാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ ദേവാ! ....

1. ഉന്നതനെ നിൻ കാരുണ്യം
നിന്നെയതൃന്തം താഴ്ത്തി
പാതകിയാമാദാമിന്നായ്
ക്രൂശേല്പാൻ ഹിതമാർന്നപ്പോൾ
നേരറ്റോർ സീയോൻ മക്കൾ
നിന്മേലയ്യോ കൈവച്ചു. ദേവാ! ....

2. ആ നിബിയന്മാർ തന്മൊഴികൾ
സർവ്വം നീ നിറവേറ്റുകയായ്
ഹാശായ്ക്കായ് നീ വന്നെത്തി
നിന്ദിതമാം സ്കീപ്പായേറ്റു



@FIOK*.MOC.KTYM

നിൻബലിയാൽ താതൻ ദൈവം
ലോകത്തൊടു പ്രീതിപ്പെട്ടു. ദേവാ! ....
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ....

കുറിയേലായിസോൻ. കുറിയേ ... കുറിയേ ...

ഉയരപ്പെട്ടവന്റെ മറയിൽ ഇരിക്കുന്നവനും ... (പേജ് 14)

ഉയരപ്പെട്ടവന്റെ മറയിൽ ഇരിക്കുന്നവനായ ... (പേജ് 16)

**കൗമാ**

ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോദി-ക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം-രക്ഷകനേ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**വിശ്വാസപ്രമാണം**



@FIOK*.MOC.KTYM

## ചൊവ്വാഴ്ച രാത്രി

### കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ
ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോദി-ക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേല്ക്കും പുണ്യം-രക്ഷകനേ.
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...
ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ ... (പേജ് 20)
രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ ...(പേജ് 21)

### എനിയോനോ

*(ആത്മാവേ നീ സ്തുതിയേക്കാൾ ... എന്ന പോലെ)*

1. ധന്യൻ ഗുണനിധി തൻ കൃപയെ
പ്രേഷിപ്പിച്ചോൻ-മേലീന്നും
ആദാമ്യർക്കായ് വിധി നിലയേ
സ്വഹിതാൽ യാത-നയേറ്റോനാം
കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ
സർവ്വാധീശാ! തേ സ്തോത്രം.

2. നിർമ്മലനിൽ കുറ്റം ചാർത്താൻ
പ്രീശക സപ്രേ-ന്മാർ കൂടി
സൗഖ്യദനെ കൊല ചെയ്തീടാൻ
കുരിശുമരം ത-യ്യാറാക്കി
കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ
സർവ്വാധീശാ! തേ സ്തോത്രം.

3. യേരുശലേമിൽ പാപികൾ തൻ
രോഗങ്ങളെ നാ-ഥൻ നീക്കി


@FIOK*.MOC.KTYM

**അവർ വേതനമായ് യാതനയും**
**ദുഷിയും കുരിശും-ഹാ! നല്കി**
**കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ**
**സർവ്വാധീശാ! തേ സ്തോത്രം.**

**4. ജനത നശിക്കാതാദാമിൻ**
**തനയർക്കായേ-കൻ മരണം**
**പ്രാപിപ്പതു നന്നെന്നേവം**
**കയ്യാപ്പാ മുൻ-ചൊന്നപ്പോൾ**
**ആ വചനം നേരായ്ത്തീർന്നു**
**സർവ്വാധീശാ! തേ സ്തോത്രം.**
**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**5. ദാവീദിൻ സുതയിൽ ജാതം**
**ചെയ്തോൻ പാപം-മോചിപ്പാൻ**
**മനസ്സാ യാതനയേറ്റിടുവാൻ**
**കനിവവനെ പ്രേ-രിപ്പിച്ചു**
**കഷ്ടത കൈക്കൊണ്ടോൻ സ്തുത്യൻ**
**സർവ്വാധീശാ! തേ സ്തോത്രം.**
**കുറിയേലായിസോൻ. കുറിയേ ... കുറിയേ ...**

## ഒന്നാം കൗമാ

## എക്ബൊ

*(ഹൊക്തിലുബ്നു മെസ്രേൻ ... എന്ന പോലെ)*

**നാഥാ! നീയേറ്റൊരു-ഹാശാ ധന്യം**
**വ്യഥയുണ്ടാക്കിയതാം-ബലിയും ധന്യം.**
**കുറിയേലായിസോൻ. കുറിയേ ... കുറിയേ ...**
**ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മേൽ ...**
**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**



@FIOK*.MOC.KTYM

## പ്രുമിയോൻ

### കോലോ

1. സ്വഭാവത്തിൽ ദൈവമായിരിക്കുമ്പോൾ/ തന്റെ ശ്രേഷ്ഠതയുടെ ഉന്നതാവസ്ഥയെ താഴ്ത്തി/ തിരുവിഷ്ടത്താൽ കഷ്ടാനുഭവത്തിനു വന്ന ദൈവപുത്രനെ/ മേലുള്ള ഈറേന്മാർ കണ്ടപ്പോൾ എത്രയും അത്ഭുത പ്പെട്ടു. ആദാമിന്റെ രക്ഷയ്ക്കുവേണ്ടി എത്രയും താഴ്ത്തപ്പെടുകയും/ പാപത്തിന്റെ അടിമത്വത്തിൽനിന്ന്/ മരണമുള്ള വർഗ്ഗത്തെ സ്വാതന്ത്ര്യ പ്പെടുത്തുകയും ചെയ്തവനായ നിനക്കു സ്തുതി. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. പിതാവിന്റെ അദൃശ്യോന്നതങ്ങളിൽനിന്ന്/ ശാപം നിറഞ്ഞ ഭൂമി യിലേക്ക് ദൈവം ഇറങ്ങി. ഭൂമി അതിന്റെ പാദവിന്യാസത്താൽ അനുഗ്ര ഹിക്കപ്പെടുകയും/ അതിൽനിന്ന് താൻ മുള്ളുകളെ ഉന്മൂലനം ചെയ്യു കയും/ എല്ലാവിധ നന്മകളും അതിൽ വിതയ്ക്കുകയും ചെയ്തു. എന്നാൽ സപ്രേന്മാരും പ്രീശേന്മാരും/ സാത്താന്റെ ദുരാലോചനയാൽ തന്റെ നേരെ പാഞ്ഞെത്തുകയും/ നിരപരാധിയായ തന്നെ/ കുറ്റമില്ലാത്ത മരണത്തിന് അവർ വിധിക്കുകയും ചെയ്തു.

### വീണ്ടും കോലോ

1. തിരുവിഷ്ടത്താൽ ബലി ആയിത്തീരുകയും/ മരണം ആസ്വദിക്കു കയും/ താണിറങ്ങി ആദാമിനെ കരേറ്റുകയും ചെയ്ത മഹാപുരോഹിത നായുള്ളോവേ,/ നിന്റെ ജീവനുള്ള ശബ്ദം നിദ്രപ്രാപിച്ചവരെ പുനരു ത്ഥാന ദിവസത്തിൽ/ കബറിൽനിന്ന് പറുദീസായിലേക്കു വിളിച്ചു നിർത്തു മാറാകണമേ. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. നീ തീക്കൽപ്പാറ തുറന്ന് അബ്രഹാമിന്റെ പുത്രിയെ കുടിപ്പിക്കു കയും/ നിന്നെ ദ്വേഷിച്ചവൾക്ക് മന്നായും കാടപ്പക്ഷിയും ഭക്ഷണമായി കൊടുക്കുകയും ചെയ്തു. നിന്നെ തള്ളിപ്പറയാതിരുന്ന സത്യമണവാട്ടി യായ തിരുസഭയ്ക്ക്/ നിന്റെ വിലാവു തുറന്നുകൊടുക്കുകയും/ നിന്റെ വിലയേറിയ തിരുരക്തം അവളെ കുടിപ്പിക്കുകയും ചെയ്തു.

### ബോത്തേദ്ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ

താഴ്ചകളേറ്റം-ധന്യം നാഥാ!

1. യൂദന്മാരാം-നീചന്മാർക്കായ്

സ്വയമേല്പിച്ചോൻ-ജഗതിവീരൻ



@FIOK*.MOC.KTYM

വെന്നെന്നോർത്താ-മൂഢാത്മാക്കൾ
നാഥൻ വീര്യം-സ്വയമേ താഴ്ത്തി
ബന്ധിക്കാൻ വ-ന്നോർ പിടികൂടി.

2. ദൈവം പോൽ നാ-ഥൻ ഭൂതത്തെ
നീക്കി ബേൽസാ-ബൂബാലെന്നാർ
'പൈശാച്യം ത-ന്നത്ഭുതങ്ങൾ'
കേടറ്റോനെ-നിന്ദിച്ചീടാൻ
അവരുടെയുള്ളിൽ-സാത്താൻ മേവി.

3. ഈറേമാലാ-ഖമാർ നാഥാ!
ആർ പാടീടും-നിന്നുടെ സ്തോത്രം
സ്തോത്രം ഘോഷം-വേണ്ടെന്നാലും
കീർത്തിപ്പോരെ-പാരിൽ ചേർത്തു
സ്തുതി തേ നാഥാ!-തവ താതന്നും.
നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ.മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. ഉടയോനെ കൊല ചെയ്‌വാനായ്
കുരിശുമരം പണിയിച്ചോരാം
ഇസ്രേലിന്നായ് വിലപിപ്പാൻ
മൂശാനിബിയേ വന്നിടുക
അബറാഹാമിസഹാക്ക് യാക്കോ-
ബെന്നിവരെയും കൊണ്ടുവരൂ. ദേവാ! ...



@FIOK*.MOC.KTYM

2. അത്ഭുതശക്ത്യാ കൊണ്ടിഹവ-
ന്നത്ഭുതകർമ്മ സമന്വിതമായ്
ആ മുന്തിരിലത മോശാഖ്യൻ
നട്ടു പുഷ്ടിയെഴും ധരയിൽ
തോട്ടത്തിൽ കാലുകൾ നാട്ടി
ചട്ടത്തിൽ വേലികൾ കെട്ടി. ദേവാ! ...

3. കൃപയും നീതിയുമാം കായ്കൾ
കൊല്ലം തോറും നൽകിടുവാൻ
ചക്കു കുഴിച്ചിട്ടാൻ പിന്നീ-
ടുന്നതഗോപുരവും കെട്ടി
നന്മ ലഭിച്ചൊരു തോട്ടമഹോ
പകരം നൽകി കാട്ടുകനി. ദേവാ! ...

4. ഇത്തോട്ടത്തൊടു ഞാൻ ചെയ്യാൻ
പോകുന്നതു കേൾപ്പിൻ നിങ്ങൾ
ഏല്പിച്ചൊരു നിയമാവലിയാം
വേലിക്കെട്ടു പൊളിക്കും ഞാൻ
തിരുബലിയിങ്ങുണ്ടാകായ്‌വാൻ
ചക്കു തകർക്കും നിർമ്മൂലം. ദേവാ! ...

5. ഉപദേശം മതിയാക്കാൻ ഞാൻ
നിബിയന്മാരൊട് കല്പിക്കും
കിളയും വളവും കൂടാതീ
വിളയെന്നേക്കും പാഴാകും. ദേവാ! ...
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...



@FIOK*.MOC.KTYM

## സൂഗീസോ

*(ഹൊക്കത്തീലുബ് മെദ്രേസൻ ... എന്ന രീതി)*

1. ഞങ്ങൾക്കാ-യേറ്റൊരു ഹാശാ ധന്യം
വ്യഥയുണ്ടാക്കിയതാം-ബലിയും ധന്യം.
2. ഇരുകുഞ്ഞാ-ടുകൾ തൻ മദ്ധ്യേ നിന്നു
പെസഹായും പൊരുളും-ശിഷ്യർ തിന്നു.
3. സൂചന നേരിവ ത-ന്നിടയിൽ ശിഷ്യർ
സൂചന നീങ്ങിപ്പോയ്-നേരതു കണ്ടാർ.
4. പത്തീറാ നൽകീ-മിസറേം ദേശം
സഭ പകരം ജീവ-ന്റപ്പം നൽകി.
5. മൃതികരമാമപ്പം-ഹവ്വാ നൽകി
അപ്പം ജീവകരം-മറിയാം നൽകി.
6. ഭക്ഷിച്ചു പെസഹാ-ക്കുഞ്ഞാടിനെയാ
സത്യത്തിൻ കുഞ്ഞാ-ടായോനന്നാൾ.
7. നിഴലോടി പൊരുൾ ത-ന്നുദരം പൂകി
സൂചനകൾ ശുദ്ധ-സ്ഥാനേ നിന്നു.
8. പൂർണ്ണത സർവ്വത്തി-ന്നും നൽകുന്നോൻ
മുൻകുറി പോലെല്ലാം-നിറവേറ്റുകയായ്.
9. നാഥൻ തൃക്കൈയാ-ലാറാം ദിവസം
സൃഷ്ടിപരം കർമ്മം-നിറവേറ്റിയ പോൽ.
10. ആറാം നാൾ സുവിശേ-ഷം കേട്ടപ്പോൾ
പറുദീസാ-പാരം പ്രമദം പൂണ്ടു.
11. ആറാം നാളാദാ-മേറ്റാൻ ശാപം
മൃതി പാതാളങ്ങൾ-സന്തോഷിച്ചു.
12. പെസഹാക്കുഞ്ഞാടിൻ-വലുതാം പെരുന്നാൾ
മലരുകൾ തൻ മാസം-തന്നിൽ വന്നു.



@FIOK*.MOC.KTYM

13. സുമസഹിതം നീസാൻ-മാസം തന്നിൽ
നോമ്പും വന്നതിനാൽ-മോദിച്ചെങ്ങൾ.

14. പെസഹാ മെസറേനെ-കൈയേറുകയാൽ
ഉളവായി ക്ഷോഭം-മണവാട്ടികളിൽ.

15. അടിമനുകം നീക്കി-ബദ്ധന്മാർക്ക്
വിടുതൽ നൽകിയതാം-പെരുന്നാളിതു താൻ.

16. കൊണ്ടിഹ പോയ് നരരേ-മരുവിൽ മോശ
നല്ലുടയാടകളാൽ-മരു ഭൂഷിതയായ്.

17. യുവതികൾ ബാലകരും-ശൂശാനയുടെ
കുസുമാലങ്കാര-ത്താൽ ശോഭിച്ചു.

18. ഹതനാം കുഞ്ഞാട-ച്ചെന്നായ്പ്പടയെ
നിഹനിച്ച മിസറേ-മിനെയും വീഴ്ത്തി.

19. ഹിതമായ് ദൈവത്തിൻ-കുഞ്ഞാടും നൽ
പെസഹാക്കുഞ്ഞാടും-നീസാൻ മാസേ.

20. വാരിധി ഭൂമദ്ധ്യേ-പാടി മോശ
മുങ്ങിയവർ കടലിൽ-മറ്റോർ കരയിൽ.

21. കൊടിയടയാളത്താൽ-കടൽ മോശയ്ക്ക-
ങ്ങടിയാൻ പോലന്നാ-ളടിപെട്ടല്ലോ.

### ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-വായ്കളെയവരാകാശത്തിൽ വച്ചു
നാവുകളൂഴിയിലൂടാടി. ഹാ-

വി. മത്തായി 12: 38-45, വി. ലൂക്കോസ് 11: 53-54



@FIOK*.MOC.KTYM

## രണ്ടാം കൗമാ

### കൗമാ

**പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം**

**മിശിഹായെ വാഴ്ത്തി നമിക്കാമീരാവിൽ**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

### എക്ബൊ

*(കും-പൗലോസ്)*

**സ്തുതി, മൃതിയാർന്നോനേ-വീണ്ടുമുയിർത്തോനേ**

**മൃതിഹീനാ പ്രാണ-പ്രദനേ! സ്തോത്രം.**

*കുറിയേലായിസോൻ. കുറിയേ ... കുറിയേ ...*

*ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ ...*

**സ്തൗമൻകാലോസ് കുറിയേലായിസോൻ.**

### പ്രുമിയോൻ

### കോലോ

**1. സത്യത്തെ ദ്വേഷിച്ചവരായ യൂദന്മാർ/ യേശുതമ്പുരാന് എതിരായി കൂടി. തന്റെ സർവ്വ നന്മകൾക്കും പകരം/ അവർ തിന്മ പ്രതിപകരം നൽകി. തന്നെ തൂക്കുവാൻ അവർ മരം ഒരുക്കുകയും/ അന്യായക്കാരോടൊരുമിച്ച് തന്നെ ഗണിക്കുകയും ചെയ്തു. ലോകരക്ഷകനായ താൻ നമ്മെ കൂട്ടിച്ചേർക്കുകയും/ അവരെ ചിതറിക്കുകയും ചെയ്തു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. എന്റെ വാത്സല്യവാന്മാരേ, മണവറയ്ക്കുള്ളിൽ വേശ്യാദോഷം ചെയ്ത മണവാളനെ/ സ്കീപ്പായിൽ തൂക്കിയ മണവാട്ടിയായി/ ക്രൂശകയായ സെഹ്യോനെയല്ലാതെ ആരെ എവിടെ കണ്ടിട്ടുണ്ട്? അവൾ കാളക്കുട്ടിയെയും ബാലിനെയും വന്ദിക്കുകയും/ നല്ലവനെ മരത്തിൽ തൂക്കുകയും ചെയ്തു. വേശ്യയെ പുറത്താക്കുകയും/ അവൾക്കു പകരം സഭയെ തനിക്കു വിവാഹം നിശ്ചയിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ റാഹേം ...**

## എത്രോ

## വീണ്ടും കോലോ

*(കൂക്കോയോ)*

1. ഇന്നാൾ നാഥൻ സത്യത്തിൻ-ദർശകർ ഘോഷിച്ച
ദിവ്യരഹസ്യം! ദൃഷ്ടാന്തം-സർവ്വം വെളിവാക്കി
യൂദജനത്താൽ-പീഡിതനാമെന്നും
മൃതിയാലുലകം-രക്ഷിതമാമെന്നും
വീണ്ടും താൻ വന്നിടുമെന്നും-നിബിവാക്യത്താലും
താതന്മാരുപമകളാലും മുമ്പേ അറിയിച്ചു.
ഹാലേലുയ്യാ സ്തുത്യം തദിനയം.
ബാറെക്മോർ. ശുബഹോ ... ഹാലേലുയ്യാ.

2. ക്രൂശിതനാം ദൈവസുതൻ തൻ-സ്നേഹത്തീന്നാർക്കും
എന്നെയകറ്റാനെളുതല്ലെ-ന്നേവം സഭ ചൊൽവൂ
ഉടയോനീശാ-നിന്നെ വാഴ്ത്തുന്നേൻ
പ്രഭയാമീശോ-മിശിഹായാം ദൈവം
ജഡമാർന്നൊരു വചനം തന്നെ-നരനായൊരു ദൈവം
സസ്നേഹം യാതനയേറ്റും-മരണം കൈക്കൊണ്ടു
ഹാലേലുയ്യാ-നമ്മെ രക്ഷിച്ചു. മൊറിയോ റാഹേം ...

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. നാഥാ! നിൻ താഴ്-മയെ വർണ്ണിപ്പാൻ
വായ്കൾ പതിനാ-യിരവും പോരാ



@FIOK*.MOC.KTYM

കർത്താവേ! നിൻ-ശ്രേഷ്ഠം ഭാവം
പാടേറ്റീടാ-നെത്രത്തോളം
താണെന്നോതാൻ-നാവുകൾ പോരാ.

2. മിശിഹായെ പി-ടി കൂടിയ യൂദർ
തോൽപ്പിച്ചവനെ-ക്രൂശിച്ചില്ല
ആദത്തെ പറു-ദീസായേറ്റാൻ
പകരം മരണം-നുകരാനായി
മൃതി പൂകീടാൻ-സ്വയമേൽപ്പിച്ചാൻ.

3. മഹിമാധീശാ-സകലാധീശാ
സ്തോത്രം സർവ്വം പാരം ശ്രേഷ്ഠം
ഈ ലോകത്തെ-നീ രക്ഷിച്ചു
അർപ്പിക്കുന്നു-സ്തോത്രം ഞങ്ങൾ
നിൻ താതന്നും-റൂഹ്ക്കുദിശായ്ക്കും.
നിൻവി-ധിചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. തങ്ങടെ മലിനത മറവാക്കാൻ
നിന്റെ കൊലയ്ക്കവർ വിളികൂട്ടി
കനിവതിദുഷ്ടാത്മാക്കളിലും
കാട്ടിയ നിൻ വിനയം ശ്രേഷ്ഠം
പകയാൽ നിന്നെ നിന്ദിതമാം
കുരിശിൽ തൂക്കിയ ജനതയ്ക്കായ്



@FIOK*.MOC.KTYM

**സ്വർഗ്ഗപിതാവേ! ദുഷ്ടത വി-**
**ട്ടിവരനുതാപം പൂണ്ടെന്നാൽ**
**അജ്ഞതയാലയ്യോ ചെയ്യും**
**തെറ്റിനു മാപ്പേകീടണമേ.**
**ശീഘ്രം മോചനമേകീടാൻ**
**നാഥാ നീയർത്ഥിച്ചല്ലോ**
**താപം തീണ്ടാതധമന്മാർ**
**മോചനമങ്ങു പുറന്തള്ളി. ദേവാ! ...**

**2. താതനു രമ്യത യാതനയാൽ**
**ഉളവാക്കിയ നീ സ്തുത്യർഹൻ**
**നിന്നിടവക അതിനിർമ്മലമാം**
**മനമൊടു നിന്നെ കീർത്തിപ്പൂ**
**പീഡകളേറ്റതിനാൽ നിൻ പേർ-**
**ക്കതുമഹിമാമുടി മുടയുന്നു.**
**ആയിരമായ് പതിനായിരമായ്**
**കർത്താവേ സ്തുതി തേ, സ്തുതി തേ.**
**സ്തുതി തേ താതനും റൂഹായ്ക്കും**
**സ്തുതിയെന്നെന്നേക്കും സ്തോത്രം. ദേവാ! ...**

**ഞങ്ങൾക്കായുളവായൊരു നിൻ**
**ബഹുകഷ്ടതയാൽ കൃപ ചെയ്ക**
**നിൻ ഹാശായിൻ കഷ്ടതയാൽ**
**നേടണമവകാശം രാജ്യേ. ദേവാ! ...**

## മദറോശോ

**(കുംപൗലോസ്)**

**1. ശിഷ്യരുമായെത്തി-മാളികയിൽ നാഥൻ**
**ദൃഷ്ടാന്തം-സർവ്വം നിറവേറ്റീടാൻ**
**വിനയസമുദ്രത്തി-ന്നടിയോളം ചെന്നാൻ**
**തന്നെത്താൻ താഴ്ത്തി-ബലവാനീശൻ**



@FIOK*.MOC.KTYM

സകലത്തിൻ നാഥൻ-നിഖിലത്തിൻ ദൈവം
ജീവരഥത്തിന്മേൽ-ആഘോഷിതനായിടുന്നോൻ
മാതൃകയാവാനായ്-വിനയത്തിൻ മാർഗ്ഗം
ശിഷ്യർക്കായ് കാട്ടാൻ-ഉള്ളിലുറച്ചാൻ.

2. ദൈവിക സൗധത്തിൽ ദാസന്മാർ വന്നു
യജമാനൻ നിന്നു-മുൻഭാഗത്തായ്
തോർത്തരയിൽ ചുറ്റി-നിന്നു കുനിഞ്ഞീശൻ
ശിഷ്യസമൂഹത്തിൻ-കാൽ കഴുകീടാൻ.
വഞ്ചക യൂദാതൻ-കാലും നീ കഴുകി
മനുജകുലസ്നേഹം-നിന്നെയഹോ പാരം താഴ്ത്തി
കരുണ നിറഞ്ഞോനേ-ഉത്തമനേ! സ്തോത്രം
പാടേറ്റോനേ! നിൻ-സ്നേഹം സ്തുത്യം.

3. നേരിലുറച്ചോരായ്-നിർമ്മലരായ് മേവും
കുഞ്ഞാടിൻ കൂട്ടം-സ്വീകൃതമായി
മനുജസ്നേഹത്താ-ലവരർക്കന്നൊപ്പം
ശോഭിപ്പാൻ കർത്താ-വാഗ്രഹമാർന്നു.
അത്ഭുതകാര്യങ്ങൾ-ചെയ്‌വാൻ കെല്പേകി
അധികാരം നൽകി-പദവികൾ വാഗ്ദാനം ചെയ്തു
സാഘോഷം കർത്താ-വാഗതനാകുമ്പോൾ
വിധിപീഠത്തിന്മേ-ലവരുമിരിക്കും.

4. അഗ്നിമയന്മാരാൽ-സേവിതനാകുന്നോൻ
ജീവനൊടങ്ങാളി-ക്കത്തിടുമഗ്നി
പൂഴിയതിൻ മുമ്പിൽ-തൻ തലയും താഴ്ത്തി
കാൽ കഴുകീടാനായ്-അർത്ഥിക്കുന്നു
ക്രോബെ സ്രോപ്പേന്മാർ-കീർത്തിച്ചീടുന്നോൻ
ജീവരഥത്തിന്മേൽ-സ്ഥിതിചെയ്യും സർവ്വാധീശൻ
നിന്നു ശിമോൻ മുമ്പിൽ-തൻതലയും താഴ്ത്തി
സ്തുത്യൻ താനേവം-വിനയം പൂണ്ടോൻ.

5. മണ്ണാമെൻപാദം-കഴുകുംമട്ടേവം
സ്വർഗ്ഗീയാ പാരം-താണീടരുതേ
എൻ കർത്താവേ! ഞാൻ-നിന്ദിതമാം പൂഴി
എങ്ങനെയിക്കാര്യം-നീ ചെയ്തീടും
ആദാമിൻ താതാ-സൃഷ്ടികൾ തൻ നാഥാ!
ഞാൻ നിൻ ശ്ലീഹാ താൻ-എന്നെലജ്ജിപ്പിക്കല്ലേ
എൻ കർത്താവേ! ഞാൻ പേടിക്കുന്നേറ്റം
ഗുരുനാഥാ, നീയെൻ-കാൽ കഴുകേണ്ടാ.

6. വെള്ളം പാത്രത്തിൽ-കോരിയൊഴിച്ചീശൻ
പ്രഥമൻ ശീമോനോ-ടേവമുരച്ചു
വരിക-ശീമോനേ നീ-എന്നരികെ വേഗം
നിന്നുടെ പാദങ്ങൾ-ഞാൻ കഴുകട്ടെ
തൻ പണിയായീടും-പൂഴിയതാം പാദം
കഴുകിയ വാനോനേ-സ്തുത്യം തന്നെ നിൻ താഴ്മ
എവ്വിധമിക്കാര്യം-നേരിടുമെന്നോർത്ത്
ശീമോനത്യന്തം-സംഭ്രമമാർന്നു.

7. ശീമോനേ ശീഘ്രം-നിന്നിഷ്ടം തള്ളി
എന്നിഷ്ടത്തെ നീ-കൈക്കൊള്ളേണം
വിനയത്തിൻ മാർഗ്ഗം-കാട്ടിത്തന്നീടാം
കീപ്പായേ നിൻ കാൽ-ഞാൻ കഴുകട്ടെ
നീയും ചെയ്തേവം-സ്വർഗ്ഗീയന്മാരെ
വീഴ്ത്തിയതാം വൻ-നിഗളത്തെ നീക്കീടേണം
കാൽ കഴുകീടാനായ്-തൻ തലയും താഴ്ത്തി
അർത്ഥിച്ചാൻ നാഥൻ-ശിഷ്യനൊടേവം.

8. എന്തിനു ശീമോനെ-തർക്കിക്കുന്നേവം
എതിരായ് നില്ക്കാതെൻ-വചനം കേൾക്ക



@FIOK*.MOC.KTYM

വായുതലത്തിങ്കൽ-കാവലിരിപ്പോനെ
പോരിൽ തോല്പിപ്പാൻ-ഞാനിച്ഛിപ്പൂ
    കേൾക്കുക ശീമോനേ-നീ തന്നിഷ്ടത്താൽ
    എന്നെ മറുത്തെന്നാൽ-ഇല്ല നിനക്കെൻ ശിഷ്യത്വം
ശീമോനേ ഞാൻ നിൻ-കാൽ കഴുകീടായ്കിൽ
പ്രിയരൊപ്പം സ്ഥാനം-നീ നേടീടാ.

9. ശിഷ്യവരൻ ശീമോൻ-ഗുരുസവിധം ചെന്നു
കാൽ കഴുകാൻ നാഥൻ-മുതിരുകയായി
ഇതുപോലാശ്ചര്യം-കാണുമ്പോളയ്യോ
വിസ്മിതനായേവൻ-കരയുകയില്ലേ?
    ബലവാനാം ദൈവം-സൃഷ്ടിഗണാധീശൻ
    മൺപൊടിയിൻ മുമ്പിൽ-നിൽക്കുന്നു ശീർഷം താഴ്ത്തി
നിഗളികളേ, നോക്കിൻ-ഡംഭികളേ, കാണ്മിൻ
തന്നത്താൻ നിങ്ങൾ-ശോധന ചെയ്വിൻ.

10. നന്മനിറഞ്ഞോൻ കാൽ-കഴുകി വെടിപ്പാക്കി
തൻ ശിഷ്യന്മാരെ-ജ്ഞാനികളാക്കി
അതുപോലന്യോന്യം-ശിഷ്യന്മാർ ചെയ്‌വാൻ
വിനയത്തിൻ മാർഗ്ഗം-നാഥൻ നൽകി
    കുഞ്ഞാടിൻമാംസം-ഭക്ഷിപ്പാൻ രാവിൽ
    പന്തിയിലേക്കേറ്റി-സത്തമനാ ശിഷ്യന്മാരെ
ദിവ്യമതാമാട്ടിൻ-കുട്ടിയെ രക്ഷിച്ചു
പുതുബലിയർപ്പിപ്പാൻ-വേളയടുത്തു.

11. ആശിസ്സിൻമാരീ!-നീയെന്തിന്നാവോ
കളകൾക്കീവണ്ണം-ജലമേകുന്നു
നന്മ വിതച്ചോനാം-നല്ല കൃഷിക്കാരാ
മുള്ളുകൾ നിൻ കാലിൽ-കുത്തുന്നില്ലേ?



@FIOK*.MOC.KTYM

നല്ലതിനും തീരെ-തീയതിനും തുല്യം
മാരി ചൊരിഞ്ഞോനേ-കാരുണ്യത്തിൻ തൂമഞ്ഞേ!
ദുഷ്ടതയാം മുള്ളി-ന്നെന്തിനു നീരേകി?
അതു നിൻ പാദത്തെ-കുത്തുന്നല്ലോ.

12. മാനസമേ ചൊല്ലൂ-വീക്ഷിക്കുന്നെവിടെ
ഭീകരമാം ക്രോബേ-ത്തേരിലിരിപ്പോൻ
മഹിമകൾ തൻ നാഥൻ-നിർമ്മാതാവിനെയോ?
ശിഷ്യന്മാർ മദ്ധ്യേ-തൻ സുതനെയോ?
താതൻ മാർവ്വതിലോ-ശിഷ്യർ തൻപാദം
പുത്രൻ കഴുകീടും-സ്ഥാനമതാമീ പാരതിലോ
ആദത്തെ വീണ്ടും-ഏദനിലാക്കീടാൻ
സ്വയമേല്പിച്ചൻപാൽ-മരണത്തിന്നായ്.

**ഏവൻഗേലിയോൻ**

**(പെസ്ഗോമോ)**

ഹാ-ഹാ-വായ്കളെയവരാകാശത്തിൽ വച്ചു
നാവുകളൂഴിയിലൂടാടി. ഹാ-

വി. യോഹന്നാൻ 2: 12-25, 3: 13-21

**മൂന്നാം കൗമാ**

പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തി നമിക്കാമീ രാവിൽ.

*(മൂന്നു പ്രാവശ്യം)*

നാഥാ! തേ സ്തുതിയും മാനം ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**എക്ബൊ**

*(ആമോ ഉ ആമ്മെ)*

പുത്ര രഹസ്യം-ശ്രദ്ധിപ്പിൻ
സ്തോത്രം ചെയ്‌വി-നെല്ലാരും.
*കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...*



@FIOK*.MOC.KTYM

ചൊവ്വാഴ്ച രാത്രി

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.*

## പ്രുമിയോൻ

### കോലോ

1. പൈതലായ ഇസഹാക്ക്/ ബന്ധിതനായി ബലിപീഠത്തിൽ വയ്ക്കപ്പെട്ടു. മരിക്കുന്നതിനും സ്രഷ്ടാവിന്റെ ഇഷ്ടം നിവർത്തിക്കുന്നതിനും/ അവനു സന്തോഷമായിരുന്നു. ഇതു നമ്മുടെ രക്ഷയ്ക്കായിട്ടു തന്നെ അയച്ച പിതാവിന്റെ ഇഷ്ടം നിവർത്തിപ്പാൻ/ നമുക്കുവേണ്ടി മരിച്ച പുത്രന്റെ രഹസ്യത്തെ സൂചിപ്പിക്കുകയായിരുന്നു. പരിശുദ്ധാത്മ ദൃഷ്ടിയാൽ/ തന്റെ സാദൃശ്യങ്ങൾ ദർശിച്ച നീതിമാന്മാരുടെ വചനങ്ങൾ സത്യമായി/ നിറവേറ്റിയ ഉപമകളുടെ നാഥനു സ്തുതി. ബാറെക്മോർ – ശുബഹോ – മെനഓലം

2. അബ്രഹാം കണ്ണുകളുയർത്തി. മലയിൽവച്ച് ഒരു വൃക്ഷത്തെയും/ അതിന്റെ കൊമ്പുകൾക്കിടയിൽ കുഞ്ഞാടിനെയും കണ്ടു. ആരും നടാത്ത വൃക്ഷത്തെയും/ ജനിക്കാത്ത മുട്ടാടിനെയും കുറിച്ച് അവൻ അത്ഭുതപ്പെട്ടു. പുത്രന്റെ രഹസ്യങ്ങളും രക്ഷകന്റെ സാദൃശ്യങ്ങളും അതിൽ രൂപീകരിക്കപ്പെട്ടിരുന്നു. കുഞ്ഞാട് ഇസഹാക്കിനെ രക്ഷിച്ചപ്രകാരം/ മ്ശിഹാ സഭയെയും അതിന്റെ മക്കളെയും രക്ഷിച്ചു. ഞങ്ങളുടെ രക്ഷയ്ക്കായി വന്ന കർത്താവേ,/ ഞങ്ങളോടു കരുണയുണ്ടാകണമേ. മൊറിയോ റാഹേം ...

### എത്രോ

### വീണ്ടും കോലോ

1. കർത്താവേ! അബ്രഹാം മലയിൽവച്ച്/ നിന്റെ രഹസ്യത്തെ ദൃഷ്ടാന്തപ്പെടുത്തി. എന്തെന്നാൽ അവന്റെ ഏകജാതനെ/ വൃക്ഷത്തിൽനിന്നുള്ള കുഞ്ഞാട് രക്ഷിച്ചു. കുഞ്ഞാട് ഇസഹാക്കിനെ വിടുവിക്കുകയും/ കൊലയിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്തു. നിന്റെ സാദൃശ്യത്തിൽ ഇസഹാക്ക് രക്ഷ പ്രാപിച്ചതിനെ കണ്ട്/ അബ്രഹാം സന്തോഷിച്ചു. ഞങ്ങൾക്കുവേണ്ടി നിന്നെ അയച്ച പിതാവിനു സ്തുതി. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ആചാര്യനായ അബ്രഹാമിനോട് സാറാ പറഞ്ഞതെന്തെന്നാൽ, എന്റെ ഏകപുത്രനെ നീ എവിടേക്കു കൂട്ടിക്കൊണ്ടു പോകുന്നു? അവനോട് രഹസ്യത്തിൽ എന്നപോലെ നീ ചെയ്യുന്നതെന്താണ്? നിന്റെ ദർശനം ഏതോ രഹസ്യത്തെ സൂചിപ്പിക്കുന്നതിനും/ ഉപമകളെ ദൃഷ്ടാന്തീകരിക്കുന്നതിനും തുല്യമാകുന്നു. കർത്താവ് നിങ്ങൾക്ക് അനുയാത്രയാവുകയും/ സമാധാനത്തോടെ നിങ്ങളെ മടക്കിവരുത്തുകയും ചെയ്യട്ടെ. മൊറിയോ...

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-എറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. അബ്രാമിസഹാ-ക്കിവർതൻ യാഗം
ജനകാത്മജരുടെ-ബലി കാണിച്ചു
സഭയെ പ്രതിയാ-ണീ ബലി നൂനം
പാപക്ഷമയാ-ദാമ്യർക്കേകും
ജീവപ്രദമാം-ബലിപീഠം താൻ.

2. ഇസഹാക്കിൻ ദൃ-ഷ്ടാന്തം ശ്രേഷ്ഠം!
തൻയാഗത്തിൻ-വിറകിൻ ഭാരം
താൻ തന്നെ തോ-ളിന്മേലേന്തി
ക്രൂശിൽ കേറാൻ-ക്രൂശും താങ്ങി
പോയോൻ തൻ-ദൃഷ്ടാന്തം കാട്ടി.

3. സുതനെ ബലിയർ-പ്പിക്കാൻ ധൈര്യം
കാണിച്ചോനാ-മബ്റാഹാമിൽ
ആരുണ്ടാശ്ച-ര്യം കൂറാത്തോർ
ക്രൂശേല്പാനായ്-സുതനെ തന്ന
താതൻ തൻ മുൻ-കുറിയിക്കാര്യം.

നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. ശൈലത്തിന്മേൽ സുതനെ ബലിയർപ്പിക്കെന്നേവം
അബ്രഹാമിന്നുടയോനീന്നും വെളിപാടുണ്ടായ്
കഴിവില്ലാതായ് ബലിവാളീന്നും സുതനെ കാപ്പാൻ
മോദത്തോടങ്ങർപ്പിക്കാനായ് യാനം ചെയ്താൻ. ദേവാ! ...



@FIOK*.MOC.KTYM

2. ബന്ധിച്ചിട്ടാ വിറകിന്മീതേ സുതനെയേറ്റി
വാളിനു നേരേ സങ്കടമെന്യേ കണ്ഠം കാട്ടി
കുഞ്ഞാടാകും സൂചന തരുവിൽ കാണപ്പെട്ടു
ഇസഹാക്കിൻ കെട്ടൊഴിവായ് താതൻ സന്തോഷിച്ചു.ദേവാ! ...

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

## സൂഗീസോ

(ഭൂജാതികളെ വന്നെത്തി ...എന്ന പോലെ)

പുത്രരഹസ്യം ശ്രദ്ധിപ്പിൻ
സ്തോത്രം ചെയ്വീനെല്ലാരും.

1. ബലിയബറാഹാമൊടു താതൻ
ചോദിച്ചതു ഞാൻ വർണ്ണിക്കാം
അബറാഹാമോടിസഹാക്കും
താതാത്മജ ദൃഷ്ടാന്തം താൻ.

2. താതൻ ചൊന്നാൻ നീ കേൾക്കൂ
നിൻ പ്രിയനാമേകൻ സൂനു
ഇസഹാക്കിനെ നീ എൻപേർക്കായ്
സങ്കടരഹിതം ബലി നൽക.

3. സാറാ ചൊന്നാൾ നീയെന്തേ
പുത്രബലിക്കായ് മുതിരുന്നു
തേച്ചു മിനുക്കും വാളാൽ നീ
എന്നെ തുണയറ്റോളാക്കും.

4. വേദനയേറ്റം ഞാനേറ്റു
നീയവയെല്ലാമറിയുന്നു
എന്നെ ദുഃഖിപ്പിക്കല്ലേ
പോവുക അവനെൻ പ്രത്യാശ.



@FIOK*.MOC.KTYM

5. കൂടാരം വിട്ടബറാഹാം
കഴുതച്ചുമലിൽ മകനേറി
ഇതു സുതനീശൻ പുരി ശാലേം
പൂകിയതിൻ മുൻകുറിയായി.

6. ഇസഹാക്കിൻ സന്താനത്തിൻ
വർദ്ധനവിന്നായ് വരമേകി
മരണമവൻ പ്രാപിച്ചെന്നാൽ
ആ വാഗ്ദാനം പൊളിയാകും.

7. ഉടയോനോടങ്ങബറാഹാം
ദൃഷ്ടിയുയർത്തി പ്രാർത്ഥിച്ചാൻ
നൽകിയ സുതനെ വേണെങ്കിൽ
ബലിയിടമിപ്പോൾ കാണിക്ക.

8. ഇസഹാക്കന്നേരം ചൊന്നു
തീയും വിറകും കൂട്ടുണ്ട്
ആടില്ലാ പീഠവുമില്ലാ
എങ്ങനെ ബലിയർപ്പിച്ചീടും?

9. ദിവ്യരഹസ്യം മാതാവാം
സാറായൊടു നീ ചൊന്നില്ല
കുഞ്ഞാടെന്യേ ബലി നൽകാൻ
വന്നതുമെന്തെന്നുരചെയ്ക.

10. രക്തവിഹീനം ബലിയില്ല
വിശ്വാസമെനിക്കിതിലില്ല
നീയിന്നേരം ചെയ്യുമ്പോൾ
ആരും ചെയ്തിട്ടില്ലെങ്ങും.

11. എന്നെ സാറായുടെ ഗർഭേ
നൽകിയ നാഥൻ ധർമ്മിഷ്ഠൻ
ആശ്വാസമവൾക്കേകീടും
നെടുവീർപ്പുകളെ മായിക്കും.

12. ഭീകരമിവിടം ഗിരി ശൂന്യം
തീയും വിറകും സജ്ജം താൻ
വിശ്വാസമെനിക്കില്ലേതും
പീഠവുമാടും ഇവിടില്ല.

13. മൂന്നുദിനം നാം നടകൊണ്ടു
നോക്കിയിരിക്കുന്നെൻ മാതാ
ബലി കല്പനപോലർപ്പിക്ക
ശങ്കിച്ചെന്നെ നോക്കേണ്ടാ.

14. കല്ലുകളാൽ തീർക്കുക വേദി
വൈദികനെപ്പോൽ ബലി നൽക
ഞാൻ ബലിയാണെന്നറിയുന്നേൻ
നീയുയരും ഞാൻ ഛേദിക്കാ.

15. ആത്മജനെക്കാൾ കർത്താവേ
നൂനം നിൻ കല്പന കാമ്യം
അവനെ ബന്ധിച്ചേൻ നോക്കൂ
ബലി നൽകാൻ ഞാൻ സന്നദ്ധൻ.

16. ഉളവാകരുതേ പ്രതിബന്ധം
ഞാൻ തീർത്തോരീ പീഠത്തിൽ
ഇസഹാക്കേറ്റം ദയനീയം
കേണാലും ഞാൻ ബലി നൽകും.

17. മദ്ധ്യസ്ഥൻ തൻ ശബ്ദത്താൽ
മോചനമാർന്നാനിസഹാക്ക്
ജാതികളുടയോനാലാശി-
സ്സേറ്റതിനിതു മുൻകുറിയായി.

18. അബറാഹാമോടിസഹാക്കും
സഭതൻ പേർക്കായ് ബലിയായി
ജീവൻ നിറയും ഭോജ്യത്തിൽ
പിതൃവചനത്തിൻ ദൃഷ്ടാന്തം!



@FIOK*.MOC.KTYM

19. തന്റെ ബലിക്കെന്നറിയാതെ
വിറകും പേറിപ്പോയോനാം
ഇസഹാക്കേകും ദൃഷ്ടാന്തം
പാരം ശ്രേഷ്ഠം മഹനീയം

20. കൈവയ്ക്കരുതേ കൊല്ലരുതെ-
ന്നാർത്തൊരു ശബ്ദം സംസ്തുത്യം
വധമേൽക്കാതങ്ങാ ബലിയാൽ
നാഥനെ സൂചിപ്പിച്ചിസഹാക്ക്

21. ജീവമയൻ തന്നാത്മജനേ
സുതനിസഹാക്കും സാറായും
നിൻ ദൃഷ്ടാന്തം കാണിച്ചോ-
രബ്രാമും നിന്നെ വാഴ്ത്തും.

22. സ്വാതന്ത്ര്യത്താൽ സർവ്വേശാ
സൃഷ്ടിസമൂഹം സ്തുതി പാടും
നിൻ ഹാശായിൽ കീർത്തിക്കും
മണവറയിൽ ഹാലേലുയ്യാ.

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-വായ്കളെ അവരാകാശത്തിൽ വച്ചു
നാവുകളൂഴിയിലൂടാടി. ഹാ-

വി. യോഹന്നാൻ 5: 30- 6: 4

ഹാലേലുയ്യാ ഹാലേ ... ഹാലേ ...

ദൈവമേ! നിനക്കു സ്തുതി ... (മൂന്നു പ്രാവശ്യം)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു
കരുണ ചെയ്യണമേ! മൊറിയോ ...

ഉറങ്ങിയവരേ നിങ്ങൾ ... (പേജ് 40)

ത്രിത്വത്തിനു സ്തുതി ... (പേജ് 43)



@FIOK*.MOC.KTYM

## നാലാം കൗമാ

**സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.**

## പ്രുമിയോൻ

## കോലോ

1. നീ ജാതികളെ നശിപ്പിക്കുകയും/ മിസ്രേമിൽനിന്ന് കൊണ്ടുവന്ന മുന്തിരിവള്ളിയെ നടുകയും ചെയ്തു. അതിന്റെ മുമ്പിൽ പർവ്വതങ്ങൾ കുഞ്ഞാടുകളെപ്പോലെ തുള്ളി. അതിലുള്ള വിശിഷ്ടമായ മുന്തിരിക്കുലയെ ജാതികൾ പറിച്ചെടുക്കുകയും/ തിന്നു തൃപ്തരാകുകയും/ തന്നെ മരത്തിന്മേൽ ക്രൂശിച്ചവർ എന്നേക്കും നശിക്കുകയും ചെയ്തു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. വിശ്വാസമുള്ള വിശുദ്ധ സഭയേ, നീ സ്തുതി പാടുക. തന്റെ മരണത്താൽ പാപികളെ ജീവിപ്പിക്കുകയും/ തന്റെ കഷ്ടാനുഭവങ്ങളാൽ നിന്റെ മക്കളെ സ്വാതന്ത്ര്യപ്പെടുത്തുകയും/ തന്റെ ഉയിർപ്പിന്റെ ദിവസത്തിൽ/ മേലുള്ളവരെയും താഴെയുള്ളവരെയും/ ആകാശത്തെയും ഭൂമിയെയും സന്തോഷിപ്പിക്കുകയും ചെയ്ത/ നിഹതനായ മണവാളനു സ്തുതി പാടുക. മൊറിയോ റാഹേം ...

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-എറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. നല്ലിടയാ നിൻ-വൃത്തം കേൾപ്പാൻ
ആട്ടിൻകൂട്ടം-ചെവി ചായിപ്പൂ
തന്നുടെ ഹാശാ-സഭയിൻ കോട്ട
അജവൃന്ദത്തെ-ചീന്തിയ ചെന്നായ്
തന്മൂലം നി-ശ്ശേഷം മാഞ്ഞു.

2. ഇരു ലോകത്തും-ഘോരാരാവം
ഘോഷിച്ചിട്ടും-സീയോൻ നിദ്ര
വിട്ടില്ലെന്നാ-ലവളുടെ കാന്തൻ
മർദ്ദിച്ചപ്പോൾ-അവളെഴുന്നേറ്റാ
ഉണർവുള്ളോനെ-നീക്കം ചെയ്തു.



@FIOK*.MOC.KTYM

3. തൻ പ്രതിരൂപം-മുടിവേൽക്കായ്‌വാൻ
വന്നോനാമുന്നതനേ സ്തോത്രം
കാലത്തികവിൽ-നരനായ്ത്തീർന്നാൻ
മാർഗ്ഗം നിറവേ-റ്റി പാടേറ്റു
നിൻ പ്രേഷകനാം-താതൻ സ്തുത്യൻ.
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. നാഥൻ നൽകി കണ്ണു തുറന്നാ കുരുടനു കാഴ്ച
അല്ലല്ലേവം മറ്റൊരുവൻ താനിവനല്ലെന്നാർ
മിണ്ടാത്തോനാം ചെകിടനു സൗഖ്യം കർത്താവേകി
ഭൂതങ്ങൾ തൻ തലവനെയാലെന്നവരങ്ങോതി. ദേവാ! ...

2. ്തോത്രാർഹൻ നീ ദോഷികളീന്നും ദൂഷണമേറ്റു
സൽപുത്രാ നിൻ സ്തുതി പാടീടാനാരാലാവും
കീർത്തിച്ചീടും സ്വന്തം വടിവിൽ ലോകം സർവ്വം
സ്തോത്രം നാഥാ നിൻ ജനകന്നും റൂഹാക്കുദിശായ്ക്കും ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു ദേവാ! ...
അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ ... (പേജ് 45)
ഞങ്ങളുടെ കർത്താവായ യേശുമിശിഹാ ... (പേജ് 47)

## കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോദി-ക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പു-ണ്യം രക്ഷകനേ
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ചൊവ്വാഴ്ച പ്രഭാതം

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

ഹാശായാൽ ക–ഷ്ടതയേറ്റ സഭ മോ–ദിക്കുമുത്ഥാനേ

തൽപ്രജകൾ നി–ന്നിൽ നിന്നേൽക്കും പു–ണ്യം രക്ഷകനേ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## പ്രാരംഭ പ്രാർത്ഥന

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(ഹൗദഹവോ ബുഖറൊ.......എന്ന രീതി)

1. വ്യഥയാലും–തന്നുടെ മൃതിയാലും
നവ്യം–ജീവൻതന്നരുളിയ ദേവാ ദയ ചെയ്തീടണമേ!

2. ഉയിരോനായ്–ക്നൂമായിൽ വാഴ്കേ
ഞങ്ങൾ–ക്കായ് മൃതിയേറ്റോനേ! ദേവാ! ...

3. ജീവദനേ–ജീവനതുള്ളോനേ!
മൃതിയാൽ–ജീവൻ തന്നോനേ! ദേവാ! ...

4. വ്യാജമെഴും–വൈദികപരിഷയ്ക്കായ്
യൂദാ–ചതിയാലേല്പിച്ചൊരു ദേവാ! ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...

5. രക്തത്താൽ–ഞങ്ങളെ വാങ്ങിയ നീ
യൂദാ–യാൽ വിൽക്കപ്പെട്ടു. ദേവാ! ...

കുറിയേലായിസോൻ.

എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു ... (പേജ് 49)

## എനിയോനോ

(ഹൗദ് ഉഹ ദോനോ)

(ദേവേശാ! മശിഹാ ... എന്ന പോലെ)

1. ഏറ്റൊരു കഷ്ടതയാൽ-കഷ്ടതയീന്നും
ഞങ്ങളെ സംരക്ഷിച്ചോനേ!
കഷ്ടതയേറ്റോനാം മശിഹാ-
നിൻമുൻ വ-ന്നേൻ കൃപ ചെയ്കെന്മേൽ.

2. ഏറ്റൊരു കഷ്ടതയാൽ-മൃതികഷ്ടതയെ
നീക്കിയ ജീവമയാത്മജനേ!
കഷ്ടത തീണ്ടീടാത്തോനേ! നിൻമുൻ ...

3. ഞങ്ങൾക്കായ് വിധിതൻ-നിലയം പൂകി
പാപ പിശാചുക്കളെ നീക്കി
നൽ സ്വാതന്ത്ര്യം തന്നോനേ!□ നിൻമുൻ ...

4. ജഡപരമായ് മനസാ-മൃതി കൈക്കൊണ്ട്
ആദാമിനെ മരണത്തീന്നും
രക്ഷിച്ചോൻ മശിഹാ നാഥാ!നിൻമുൻ ...

5. കഷ്ടതയാദമിനായ്-സ്വയമേ കൈക്കൊണ്ട്
ഞങ്ങളിൽനിന്നും ഭിന്നതയെ
നിർമ്മൂലം നീക്കിയ മശിഹാ! നിൻമുൻ ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. താതനോടൊപ്പം-സ്ഥിതി ചെയ്യുന്നോനേ!
ഞങ്ങളെ രക്ഷിപ്പാൻ മനസ്സാ
യാതനയേല്പാൻ വന്നോനേ! നിൻമുൻ ...

കുറിയേലായിസോൻ.

ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ ... (പേജ് 51)



@FIOK*.MOC.KTYM

## എനിയോനോ

(കാഴ്ചയിതിൽ കർത്താവേ! ... എന്ന പോലെ)

1. ആദാമിൻ വീഴ്ചയൊഴിപ്പാൻ
താഴ്ചയിലേക്കുടയോൻ വന്നു
അവനെ ദോഷികൾ യൂദന്മാർ
നിഹനിപ്പാനാലോചിച്ചു.

2. യാതനയേൽപ്പാൻ വന്നോനാം
നാഥനെ ദോഷികൾ നിന്ദിച്ചു
സൃഷ്ടികളെ തൻ മരണത്താൽ
രക്ഷിച്ചാനപഥത്തീന്നും.

3. വ്യഥ പൂണ്ടും തിരുവിഷ്ടത്താൽ
കുരിശിന്മേൽ മൃതി കൈക്കൊണ്ടും
ഈ ഞങ്ങൾക്കപഥത്തീന്നും
സ്വാതന്ത്ര്യം തന്നോൻ ധന്യൻ.

4. നീ ഞങ്ങൾക്കഭയസ്ഥാനം
ബലമേറും തുണയും നാഥാ
നിന്നെയും സ്ലീബായെയും
നമ്പുന്നോൻ ലജ്ജിതനാകാ.

5. യേശുവിനെ കുരിശിച്ചീടാൻ
കശ്മലരാം വൈദികരാർത്തു
സപ്രേന്മാരുപദേശകരും
കൊല ചെയ്‌വാനാലോചിച്ചു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

6. ആദമിനോടാത്മജരെയും
പാപത്തിൻ ദാസ്യത്തീന്നും
വ്യഥയാലും വിനയത്താലും
വീണ്ട കൃപാനിധിയേ സ്തോത്രം.



@FIOK*.MOC.KTYM

**കുറിയേലായിസോൻ**

**കർത്താവിന് ഒരു പുതിയ പാട്ടും ... (പേജ് 53)**

**എനിയോനോ**

**(ഏദൻതോട്ടം നട്ടോനേ ... എന്ന പോലെ)**

**നിൻപേ-ർക്കായ് പാടേറ്റോനേ**
**നിൻ സുതരെ അപഥത്തീന്നും**
**വീണ്ടൊരു ജീവേശാത്മജനെ**
**ഇന്നാൾ സഭയേ കീർത്തിക്ക.**
**വിധിപതിമാർക്കധിപതിതന്നെ**
**മൃത്യുവിനായ് വിധി ചെയ്തീടാൻ**
**വൈദിക ശാസ്ത്രി പരീശന്മാർ**
**ഇന്നാൾ ഗൂഢം ചിന്തിച്ചു.**
**ആകൽക്കറുസായെ വീഴ്ത്തി**
**ദാസ്യനുകം ധൂമിച്ചോനിൽ**
**കുറ്റം ചാർത്താൻ കുറ്റക്കാർ**
**ഇന്നാളീർഷ്യയൊടൊന്നിച്ചു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**മൂഢന്മാരാം യൂദന്മാർ**
**രക്ഷകനെ കൈവിട്ടതിനാൽ**
**കുറ്റക്കാരായ്ത്തീർന്നെങ്ങും**
**ജാതികളിൽ ചിതറിപ്പോയി. കുറിയേ ...**

**സങ്കീർത്തനങ്ങൾ**

*കർത്താവേ! രക്ഷിക്കണമേ. നീതിമാൻ ഇല്ലാതെയായി. ഭൂമിയിൽനിന്ന് വിശ്വാസം നശിച്ചിരിക്കുന്നു.*

**(ബാഹോനോ യൗമ്മാ ... എന്ന രീതി)**

1. **ഇന്നാൾ ശാപം-പൂണ്ടോർ കുറ്റം തീണ്ടാത്തോനെ ക്രൂശിന്മേൽ തൂക്കിക്കൊല്ലാ-നയ്യയ്യോ-കൂട്ടം കൂടി. കുറിയേ ...**



@FIOK*.MOC.KTYM

*മനുഷ്യൻ വ്യർത്ഥത സംസാരിക്കുന്നു. തന്റെ സ്നേഹിതനോട്
ഭിന്നഅധരങ്ങളാൽ സംസാരിക്കുന്നു.*

2. **ഇന്നാൾ ലോക-ർക്കായിട്ടേകൻ മൃതനാവുന്നതു നന്നാണെ
ന്നാചാര്യന്മാർ-മന്ത്രിച്ചു-പാരം ഗൂഢം. കുറിയേ ...**

*രഹസ്യമായും ഹൃദയംകൊണ്ടും അവർ സംസാരിക്കുന്നു. കർത്താവ്
ഭിന്നഅധരങ്ങളെ നശിപ്പിക്കും.*

3. **ഇന്നാൾ ഹീനർ-ഹന്നാനും ദുർ-വൈദിക ഗണ-വും മന്ത്രിച്ചു
മൂഢാത്മാവാം-കയ്യാപ്പാ-തന്നെ വിധിച്ചു. കുറിയേ ...**

*ഞങ്ങളുടെ നാവ് വമ്പു പറയുമെന്നും അധരങ്ങൾ ഞങ്ങളുടേതാകുന്നു
എന്നും കർത്താവ് ആരാകുന്നു എന്നും അവർ പറഞ്ഞു.*

4. **ഇന്നാൾ യൂദാ-സ്കറിയോത്താ രക്ഷകനെ വഞ്ചിപ്പാനെത്തി
സർവ്വാധീശനെ-യേൽപ്പിക്കാൻ-നാണ്യം വാങ്ങി. കുറിയേ ...**

*ദരിദ്രന്മാരുടെ കവർച്ചയും അഗതികളുടെ നെടുവീർപ്പും നിമിത്തം ഞാൻ
എഴുന്നേറ്റ് പരസ്യമായി രക്ഷ പ്രവർത്തിക്കും എന്ന് കർത്താവു പറയുന്നു.*

5. **ഇന്നാൾ നിന്ദിത-വിഷസർപ്പങ്ങൾ തേജസ്സേ-കിയ നീതിമഹാ
സൂര്യൻ തന്നെ-നിന്ദിപ്പാ-നാലോചിച്ചു.
ബാറെക്മോർ. ശുബഹോ ... മെനഓലം ...**

6. **ഇന്നാൾ ഗുരുവിനെ-ഒറ്റിയ ചതിയൻ ഘാതകനാകും യൂദാമേൽ
വർഷിക്കട്ടെ-ശാപങ്ങൾ-പാരും വാനും. ആമ്മീൻ.**

**പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി ... (പേജ് 56)**

**ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ ... (പേജ് 40)**

*സ്തൗമെൻകാലോസ് കുറിയേലായിസോൻ.*

## പ്രുമിയോൻ

## കോലോ

1. **സാറാ അബ്രഹാമിനോട് പറഞ്ഞതെന്തെന്നാൽ/ എന്റെ ഏകജാതനെ നീ എവിടേക്കു കൂട്ടിക്കൊണ്ടുപോകുന്നുവെന്ന് വെളിവാക്കുക,/ എനിക്ക് അത് വിശദീകരിച്ചു തന്നതിനു ശേഷം/ അവനെ കൂട്ടിക്കൊണ്ടു പൊയ്ക്കൊൾക. അബ്രഹാം അവളോട്/ 'എനിക്കും എന്റെ കർത്താവിനും പൈതലിനും ഇടയിൽ ഒരു രഹസ്യമുണ്ട്. സമാധാനത്താലെ വസിച്ച്/ എനി**

ക്കുവേണ്ടി പ്രാർത്ഥിക്കുക' എന്ന് പറഞ്ഞു. അവൾ അവനോട് സമാധാനത്താലെ നിങ്ങൾ പോകുവിൻ. കർത്താവ് നിന്റെ കാഴ്ചയെ കൈക്കൊള്ളട്ടെ' എന്ന് മറുപടി പറഞ്ഞു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. പൈതലായ ഇസഹാക്ക്/ അവനെ ദഹിപ്പിക്കുവാനുള്ള വിറക് ചുമന്നത്/ അവൻ നിർവ്വഹിച്ച വലിയ രഹസ്യം ആയിരുന്നു. അത് ഊർശ്ലേമിൽനിന്ന് പുറപ്പെട്ട്/ സ്കീപ്പാമരം ചുമന്നുകൊണ്ടുപോയ ദൈവപുത്രന്റെ സാദൃശ്യത്തെ ദൃഷ്ടാന്തപ്പെടുത്തി. ഞങ്ങളുടെമേൽ വാണ മത്സരക്കാരനിൽനിന്ന്/ തന്റെ സ്കീപ്പായാൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ റാഹേം ...

## എത്രോ

## വീണ്ടും കോലോ

1. സൃഷ്ടിയിൽ വിറയലും സംഭ്രമവും നിറഞ്ഞ അത്ഭുതമുണ്ടായി. ദൈവം മനുഷ്യനായി തിരുവിഷ്ടത്താൽ സ്വയം വെറുമയാക്കി. തിരുകല്പനയാൽ നട്ട മുന്തിരിത്തോപ്പിൽ/ മഹത്വഫലങ്ങൾ അന്വേഷിച്ചതിനാൽ/ തന്നെ കൊല്ലുവാൻ യഹൂദന്മാരാകുന്ന അന്ധരായ മൂഢജനം ആഗ്രഹിച്ചു. അവർ തന്നെ നിന്ദിക്കുകയും അപമാനിക്കുകയും/ തനിക്കായി സ്കീപ്പാമരം ഒരുക്കുകയും ചെയ്തു. തന്റെ സർവ്വനന്മകൾക്കും പകരം/ തനിക്കു ദാഹമുണ്ടായപ്പോൾ/ കയ്പും ചൊറുക്കയും അവർ തനിക്കായി തയ്യാറാക്കി. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. അന്യായക്കാർ ദൈവപുത്രന്/ നിന്ദയുടെ സ്കീപ്പാ ഒരുക്കി. ആ അസൂയക്കാർ/ തന്റെ ശ്രേഷ്ഠസൗന്ദര്യം കണ്ടിട്ട് സഹിച്ചില്ല. താൻ അവരുടെ വേദനകൾ സൗഖ്യമാക്കുകയും/ ഉപദേശത്താൽ രക്ഷയിലേക്ക് അവരെ വിളിക്കുകയും ചെയ്തു. അവർ കേട്ടിട്ട് പിറുപിറുക്കുകയും/ തന്നെ കൊല്ലുവാൻ ഒരുമിച്ചു കൂടുകയും ചെയ്തു. തന്റെ കൃപയ്ക്കു സ്തുതി. ഈറേന്മാർക്കു കാണുവാൻ കഴിയാത്തവൻ/ മനസ്സോടെ താഴ്മപ്പെട്ടതിനാൽ/ അശുദ്ധന്മാർ തന്നെ പിടിക്കുകയും/ അന്യായക്കാരനെപ്പോലെ പരിഹസിക്കുകയും ചെയ്തു.

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ

താഴ്ചകളേറ്റം-ധന്യം നാഥാ!



@FIOK*.MOC.KTYM

1. പങ്കപ്പാടേ-ൽക്കും നാഥൻ തൻ
ചിത്രം കണ്ടാൽ-സന്താപത്താൽ
ഏവൻ കണ്ണീർ-വർഷിക്കില്ല?
ഭ്രമമോടീറേർ-നോക്കുന്നോനെ
ക്രൂശിച്ചല്ലോ-ദുഷ്ടസമൂഹം.

2. മനസ്സാ ശിഷ്ടാ-ത്മാവാം നാഥൻ
ദുഷ്ടാത്മാക്കൾ-ക്കായ് കീഴ്പ്പെട്ടാൻ
അവനെ കൊന്നീ-ടാനേല്പിച്ചാർ
രോമം കത്രി-ക്കുന്നോൻ മുമ്പിൽ
പെണ്ണാടു സമം-മൗനം പൂണ്ടാൻ.

3. വീഴ്ചയ്ക്കടിപെ-ട്ടോരാം മർത്ത്യർ-
ക്കതിയാതനയാൽ-വിടുതൽ നൽകി
ക്ലേശം പൂണ്ടോൻ-സ്തോത്രാർഹൻ താൻ
നയനാദൃശ്യൻ-താതൻ ധന്യൻ
പരിപാവന റൂ-ഹാ സ്തുത്യർഹൻ.
നിൻ വി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. നല്ലോനാം യൂദായെ വിളിച്ചാൻ സുവിശേഷിപ്പാൻ
ഹീനതയാർന്നപ്പോൾ ക്രൂശകരോടു സഖ്യം ചേർന്നാൻ
നല്ലോരായാൽ താതൻ നരരെ നിരസിക്കില്ല
നല്ലോനാം ശ്ലേമൂൻ തൻ യാഗം കൈക്കൊണ്ടീശൻ
ബിംബാരാധനയിലവൻ തല്പരനായ് കണ്ടപ്പോൾ
തൻ തിരുമുമ്പീന്നും ശ്ലേമൂനെ തള്ളി ദൈവം ദേവാ! ...



@FIOK*.MOC.KTYM

2. ആദാമർഹിക്കുന്നൊരു ദുഷിയും തുപ്പലുമേറ്റാൻ
പാതകിയെപ്പോൽ നമ്മുടെ കർത്താവാദാമിന്നും
പീഡിപ്പിക്കുന്നോർക്കായ് കൂറാൽ പാടേറ്റോനേ!
സ്വാഭാവികമായ് കഷ്ടതയില്ലാത്തോനേ! സ്തോത്രം
ക്രൂശേറ്റത്താൽ മഹിമ നിനക്കേറ്റിയൊരാ താതൻ
പാരം ശ്രേഷ്ഠൻ സ്തുത്യനവൻ റൂഹായോടൊപ്പം. ദേവാ!...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.ദേവാ!
...

## വായനകൾ

ആവർത്ത : 31 : 16-20, 1. വി. യോഹന്നാൻ 1:1-9
സെഫന്യാവ് : 1:11-18, എബ്രായ : 2:5-18
ഏശായ : 55: 4-11

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-വായ്കളെ അവരാകാശത്തിൽ വച്ചു
നാവുകളൂഴിയിലൂടാടി. ഹാലേലുയ്യാ.

വി. യോഹന്നാൻ 8:28-59

കർത്താവിനെ സ്തോത്രം ചെയ്യുന്നതും ... (പേജ് 60)

## കൗമാ

ഹാശാ-യാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പു-ണ്യം രക്ഷകനേ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ചൊവ്വാഴ്ച മൂന്നാം മണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ

തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

*(സീയോനിൽ തരുവിൽ ക്രൂശേറ്റോനേ ... എന്ന പോലെ)*

1. സൃഷ്ടിയെ സ-ന്ദർശിപ്പാനായ് നാഥൻ
   വന്നൊരു നേരം ദുഷ്ടന്മാരാ-ർത്തു. ദേവാ! ...
2. സ്വർഗ്ഗത്തിൽ-ഈറയർ സേവിപ്പോനെ
   കുരിശിച്ചീടാൻ-വിധി കശ്മലരേകി. ദേവാ! ...
3. നമ്മൾക്കായ്-നിന്ദിതമാം മൃതിയേറ്റു
   കഷ്ടതയേതും തീണ്ടാത്തോൻ നാ-ഥൻ ദേവാ! ...
4. വചനത്താൽ-രവിചന്ദ്രരെ നിർമ്മിച്ചോൻ
   മലിനന്മാർ തൻ തുപ്പലുമങ്ങേ-റ്റു. ദേവാ! ...
   ബാറെക്മോർ. ശുബഹോ ... മെനഓലം ...
5. സ്രാപ്പേന്മാർ-വാഴ്ത്തുന്നോനെ വീഴ്ത്താൻ
   മതിഹീനന്മാർ ചതിവാലോചി-ച്ചു. ദേവാ! ...

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ



@FIOK*.MOC.KTYM

## കോലോ

1. ശപിക്കപ്പെട്ട യൂദജനം/ സകലത്തിന്റെയും നാഥനെതിരായി വഞ്ചന വിചാരിക്കുകയും/ സ്ക്കറിയോത്തായ്ക്കു നൽകുവാൻ/ അസൂയ പൂണ്ട് ദ്രവ്യം തയ്യാറാക്കുകയും ചെയ്തു. ജീവന്റെ തലവനെ അവൻ അവർക്ക് ഏല്പിച്ചു കൊടുക്കുകയും/ അഹങ്കാരികൾ തന്നെ പരിഹസിക്കുകയും/ തന്റെ രക്തം അവർ ചിന്തുകയും/ അതിനാൽ സർവ്വലോകത്തെയും താൻ പുണ്യപ്പെടുത്തുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം...

2. ശക്തികളും അടയാളങ്ങളും പ്രവർത്തിക്കുകയും/ തങ്ങളുടെ വേദനകൾ സൗഖ്യപ്പെടുത്തുകയും/ തളർന്നവരെ എഴുന്നേല്പിച്ചു സ്ഥിരപ്പെടുത്തുകയും ചെയ്ത മിശിഹാ തമ്പുരാനെ/ അസൂയക്കാർ കണ്ടിട്ട്/ നിന്ദയും പരിഹാസവും/ ആക്ഷേപവുമായ തിന്മകൾ തനിക്ക് അവർ പ്രതിപകരമായി നൽകി. ഞങ്ങൾക്കുവേണ്ടി ഇത്രത്തോളം സഹിച്ചതായ/ തന്റെ കരുണയ്ക്കു സ്തുതി. മൊറിയോ റാഹേം.....

## എക്രോ

## വീണ്ടും കോലോ

1. പരമാർത്ഥിയും കുഞ്ഞാടിനു സദൃശ്യനുമായിരുന്ന ഹാബേൽ/ വെളിം പ്രദേശത്തേക്കിറങ്ങിയപ്പോൾ/ മലകളും കുന്നുകളും കരഞ്ഞു. കണ്ണുനീരോടും പ്രലാപത്തോടുംകൂടെ/ അവൻ സഹോദരനോട് കേണപേക്ഷിച്ചതെന്തെന്നാൽ/ ഭൂതലം നിനക്കു നൽകപ്പെട്ടിരിക്കുന്നു. എന്നെ കൊല്ലുക മാത്രം അരുത്. നീ അതിൽ അവകാശിയായിരുന്നു കൊൾക. എന്റെ രക്തത്തെ ഭൂമിയിൽ നീ ചിന്തരുത്. എന്റെ സഹോദരാ/ ഉയരത്തിലും ആഴത്തിലും സൂക്ഷിച്ചു നോക്കുന്ന ദൈവമുണ്ടെന്ന് ഓർത്തുകൊൾക. തന്റെ കൈകൾ മെനഞ്ഞ/ ഭംഗിയേറിയ സ്വരൂപത്തെ നീ നശിപ്പിക്കരുത്.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. സർവ്വ സൃഷ്ടികളുടെയും ഉടയവൻ/ പെരുന്നാളിൽ വന്ന് അനുതപിക്കുന്ന പാപികൾക്ക്/ സഹായങ്ങൾ നൽകുകയും/ തന്റെ വിശുദ്ധവചനത്താൽ/ രോഗികൾക്ക് സൗഖ്യം നൽകുകയും ചെയ്തു. തന്നെ വിലയ്ക്കു വാങ്ങി പിടിച്ചുകൊണ്ടുപോകുവാനും/ മരത്തിന്മേൽ തൂക്കുവാനുമായി യൂദന്മാരായ ശപിക്കപ്പെട്ട ജനം നിരൂപിച്ചു. “അവർ നന്മക്കു പകരം തിന്മ എനിക്കു പ്രതിഫലമായി നൽകി. എന്റെ കഷ്ടതയിൽ അവർ ഒരുമിച്ചു കൂടി സന്തോഷിച്ചു” എന്നുള്ള/ ദീർഘദർശിയുടെ വചനം നിവൃത്തിയായി.



@FIOK*.MOC.KTYM

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. നാലാകും ജീ-വികളേന്തീടും
തേരോടാത്മീ-യന്മാരെയും
    കൈവിട്ടോനാം-സ്വർഗ്ഗാധീശൻ
പങ്കപ്പാടാൽ-നരവർഗ്ഗത്തെ
സംരക്ഷിപ്പാ-നേറ്റം താണു.

2. തനതാം വ്യഥയാൽ-വ്യഥയെ നീക്കി
ജനവൃന്ദത്തെ-സംരക്ഷിപ്പാൻ
    ആത്മാർത്ഥം കാം-ക്ഷിച്ചോൻ നാഥൻ
ഈശോതൻ ഹാ-ശായാൽ ലോകം
വിടുതൽ നേടി-ജീവൻ നേടി.

3. നല്ലോരിടയാ-മാലേറ്റോനേ!
പാരം പൊങ്ങും-നാദത്തോടെ
    ഞങ്ങൾ സ്തോത്രം-പാടീടുന്നു
നിൻ യാതനയാൽ-ഞങ്ങളുയിർത്തു
താതാത്മസമേ-തം നീ വന്ദ്യൻ.
നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. മുന്തിരിലതയുടെ പരിചരണം
നിന്തിരുവടി നിറപടിയാക്കി
എങ്കിലുമതിലീ വന്യഫലം



@FIOK*.MOC.KTYM

വന്നിടുവാൻ കാരണമെന്താം? ദേവാ! ...

2. അവരിഹ കയ്പിൻ പാനീയം
വീഞ്ഞിനു പകരമെനിക്കേകി
നന്മയനേകം ഞാൻ നൽകി
പകരം തിന്മയെനിക്കേകി. ദേവാ! ...

3. മഹിമ വിശുദ്ധരിൽ നിന്നേറ്റ
മാലില്ലാത്തോനേ! സ്തോത്രം
ഞങ്ങൾക്കായ് കുരിശേറ്റൊരു നിൻ
സത്യസ്നേഹം സ്തുത്യർഹം. ദേവാ! ...

4. നീചനിഷേധികളെ തള്ളി
നീ സ്വർഗ്ഗം ഞങ്ങൾക്കേകി
ഞങ്ങൾ നിനക്കും താതനും
റൂഹായ്ക്കും സ്തുതി പാടുന്നു. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-നൽകി നന്മക്കവർ പകരം തിന്മ
നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു. ഹാ-

വി. യോഹന്നാൻ 7:45-52, 8:12-20

## കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ
നാഥാ! തേ സ്തുതിയും മാനം ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ചൊവ്വാഴ്ച ആറാം മണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ

തൽപ്രജകൾനി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും മാനം ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(ദേവേശാ മശിഹാ ... എന്ന പോലെ)

1. മൃതിയുള്ളോരാമീ-ഞങ്ങൾക്കായി
വിധിഗേഹത്തിൽ ക്രൂശകരാൽ
നിന്ദിതനാം മശിഹാ നാഥാ!
നിൻമുൻ വ-ന്നേൻ കൃപ ചെയ്കെന്മേൽ

2. ഈറേന്മാർ വാനിൽ-പരിസേവിക്കേ
ഞങ്ങൾക്കായ് വ്യഥയേറ്റീടാൻ
വന്നോനാം മശിഹാനാഥാ! നിൻ മുൻ ...

3. ആകാശത്തട്ടിൻ-നിർമ്മാതാവേ!
യാതന മാനവനെപ്പോല-
ങ്ങേറ്റോനാം മശിഹാനാഥാ! നിൻ മുൻ ...

4. ധരയെ നീരിന്മേൽ-സ്ഥാപിച്ചോനേ
ശുദ്ധിവിഹീനന്മാരീന്നും
തുപ്പലതേറ്റോനാം മശിഹാ! നിൻ മുൻ ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...

5. കുരിശിൻ യാതനയാൽ-തിരുസഭയീന്നും
തർക്കങ്ങളെ നീക്കം ചെയ്തോ-



@FIOK*.MOC.KTYM

**രുടയോനേ മശിഹാ നാഥാ നിൻ മുൻ ...**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**1. വനത്തിൽവച്ച് മന്നാ നൽകുകയും/ പാറയിൽനിന്ന് വെള്ളം പുറപ്പെടുവിക്കുകയും/ പാളയത്തിലെ സംഘത്തിൻ മദ്ധ്യത്തിൽ രൂപീകരിച്ച സർപ്പത്താൽ/ ജീവൻ നൽകുകയും ചെയ്ത തന്നെ/ അവർ സ്കീപ്പായിലെ മരണത്തിനായി അസൂയയോടെ വിധിച്ചു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. ആകൽക്കറുസായുടെ അടിമത്തം/ അവർക്കു സന്തോഷമായിരുന്നു. രക്ഷകൻ വന്നപ്പോൾ/ അവർ അധികാരത്തോടെ തന്നോടു പെരുമാറുകയും,/ ദുഷ്ടനെയും മരണയോഗ്യനെയുംപോലെ അസൂയയോടെ തന്നെ ദണ്ഡിപ്പിക്കുകയും ചെയ്തു. മൊറിയോ റാഹേം ...**

## വീണ്ടും കോലോ

**1. പുത്രന്റെ മരണത്തെക്കുറിച്ചുള്ള ഈ രഹസ്യം/ ഗൂഢമായി കാക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ജനനത്താൽ താൻ സകലത്തെയും സാദൃശ്യപ്പെടുത്തി. തന്റെ കൃപ/ വിഗ്രഹാരാധനയിൽനിന്ന് സകല ജാതികളെയും വിടുവിച്ചു രക്ഷിച്ചു. പാപത്തിൽ വീണുപോയ നമ്മുടെ വർഗ്ഗം/ തന്റെ താഴ്മയാൽ ഉന്നതി പ്രാപിച്ചു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. ശെമഓന്റെ വായിൽനിന്ന് അബദ്ധകാര്യങ്ങൾ പുറപ്പെട്ടു. കർത്താവേ സ്കീപ്പായിൽ നീ മരണം ആസ്വദിക്കുവാൻ/ ഒരിക്കലും ഇടയാകരുതേ എന്ന് അവൻ പറഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ അവൻ പ്രതികൂലിയാകുന്നുവെന്ന്/ കർത്താവ് അവനെ മനസ്സിലാക്കി. തന്നെ വഞ്ചിക്കുവാൻ ആഗ്രഹിച്ച അബദ്ധത്തെ താൻ കീഴടക്കുകയും ചെയ്തു. അവന്റെ വഞ്ചനയെ പരസ്യമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.**

## ബോത്തേദ്ഹാശോ

**ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ**

**താഴ്ചകളേറ്റം-ധന്യം നാഥാ!**

1. നീതിപ്രിയനാ-കും യാക്കോബും
നിർമ്മലനായീ-ടും യൗസേപ്പും
ദൈവാത്മജനെ-സൂചിപ്പിച്ചു
പിൻഗാമികളാം-ദുഷ്ടാത്മാക്കൾ
അവനെ ഗോഗൂൽ-ത്തായിൽ തൂക്കി.

2. ആ ഹവ്വാ തൻ-കടമതു വീട്ടാൻ
വിധിഗേഹത്തിൽ-നിലകൊണ്ടോനാം
പാപം തീണ്ടാ-ത്തോൻ ധന്യൻ താൻ
ഹാ! കുഞ്ഞാടെ-ന്നോണം നിന്നോൻ
ദുഷ്ടന്മാരാൽ-കൊല്ലപ്പെട്ടു.

3. ക്ലേശം തീണ്ടാ-ത്തോനാം നാഥാ!
ഞങ്ങൾക്കായി-ക്ലേശിച്ചോനേ!
നിന്റേതാമീ-ആട്ടിൻകൂട്ടം
നിന്നെയെന്നും വർണ്ണിക്കുന്നു
കീർത്തിക്കുന്നു-വാഴ്ത്തീടുന്നു.
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ.

മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. നിന്റെ ജനത്തെ കരുണാബ്ധേ
നീയത്യന്തം സ്നേഹിച്ചു
പൂർവ്വസ്ഥാനമവർക്കേകാൻ
നീ മനസാ മൃതി കൈക്കൊണ്ടു



@FIOK*.MOC.KTYM

കഷ്ടതയും കുരിശും പേറി
ശാശ്വത ജീവനവർക്കേകി. ദേവാ! ...

2. തെറ്റിൽനിന്നും പീഡകളാൽ
രക്ഷിച്ചോൻ സ്തുത്യർഹൻ താൻ
മാനവരക്ഷയ്ക്കായ് നിന്നെ
വിട്ടോനാം താതൻ ധന്യൻ
പാറക്കലീത്താ പാവനനാം
റൂഹായ്ക്കെന്നേക്കും സ്തോത്രം . ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

**ഏവൻഗേലിയോൻ**

(പെസ്ഗോമോ)

ഹാ-ഹാ-നൽകി നന്മയ്ക്കവർ പകരം തിന്മ
നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു. ഹാ-

വി. ലൂക്കോസ് 11: 37–54

**കൗമാ**

ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും മാനം ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ചൊവ്വാഴ്ച ഒമ്പതാം മണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ
ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...
ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(യോർസെദ് കർമേ ...എന്ന രീതി)

1. അത്ഭുതശക്ത്യാമിസറേമീ-
ന്നെത്തിയ മുന്തിരിവല്ലിയഹോ
നാഥനു പരിഹാസം നൽകി.
2. രക്ഷകനെ പരിഹാസത്താൽ
നിന്ദിച്ചോളാം നിന്മകളെ
കാണുക വന്നബറാ-ഹാമേ!
3. ഉടയവനെ കുരിശേറ്റിയൊരാ
മുന്തിരിവിളയെ പ്രതി കേഴാൻ
ആഗതനാവുക യാ-ക്കോബേ!
4. വന്യഫലത്തിൻ മുന്തിരിയെ
നീക്കി പകരം തിരുസഭയെ
നട്ടവനാം നാഥൻ-ധന്യൻ!

ബാറെക്മോർ. ശുബഹോ ... മെനഓലം ...

5. സകലാധിപനാമങ്ങേക്ക്
മഹിമാവാം ഫലമേകീടുവാൻ
ഞങ്ങൾക്കേകണമേ-വീര്യം.



@FIOK*.MOC.KTYM

## സ്തൗമെൻകാലോസ് കുറിയേലായിസോൻ.

### പ്രുമിയോൻ

### കോലോ

1. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കുമെന്ന്/ നമ്മുടെ രക്ഷകൻ തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തപ്പോൾ/ ഹൃദയദുഃഖവും വിലാപവും പൂണ്ട്/ അവർ തമ്മിൽ പറഞ്ഞതെന്തെന്നാൽ/ "നമ്മുടെ ഇടയിൽ വഞ്ചന യോടെ പതിയിരുന്ന്/ നമ്മോട് പോരാടുന്നവനായി/ പ്രാക്കളുടെ കൂട്ട ത്തിലെ സർപ്പം ആരാകുന്നു."ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. നമ്മുടെ രക്ഷയെപ്രതി/ തന്റെ ശ്രേഷ്ഠതയെ താഴ്ത്തിയ/ ദൈവ ത്തിന്റെ താഴ്മയെക്കുറിച്ച് വർണ്ണിപ്പാൻ കഴിവുള്ളവനും ആരുള്ളൂ? താൻ സ്വർഗ്ഗീയരുടെ സ്തുതിയെ വെടിഞ്ഞ്/ മത്സരികളുടെ നിന്ദയെ സ്വീകരി ച്ചു. തന്റെ പീഡാനുഭവങ്ങളാൽ നമ്മെ രക്ഷിച്ചവനു സ്തുതി. മൊറിയോ

### എത്രോ

### വീണ്ടും കോലോ

1. സൃഷ്ടികളുടെ നാനാഭാഗത്തേക്കും അവരെ ചിതറിക്കുകയും/ അവർ ജാതികൾക്ക് നിന്ദാവിഷയമായിത്തീരുകയും ചെയ്തു. അവർക്കായി ന രകം സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ജനമൊക്കെയും നശിക്കാതിരിക്കേണ്ടതിന്/ ഒരുവൻ മരിക്കുന്നത് നല്ലതാകുന്നു എന്ന്/ കയ്യാപ്പാ സത്യമായി ദീർഘദർശനം പറഞ്ഞു.

### ബോത്തേദ്ഹാശോ

ഞങ്ങൾക്കായ് നീ ഏറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

1. മൂശാ മുതലീ-വധവൃത്താന്തം
ഭാഗം ഭാഗം-സൂചിപ്പിച്ചു
ദുഷ്ടാത്മാക്കൾ-രക്തം ചിന്തി
ശാപം പൂണ്ടോ-നാം കായേനിൻ
കഷ്ടപ്പാടി-ന്നർഹതനേടി

2. നിജതേജസ്സിൻ-ലേശത്തിങ്കൽ
നേരേനില്പാ-നാരാലാവൂ?



@FIOK*.MOC.KTYM

ദേഹം തന്നിൽ-തേജസ്സാണ്ടു
ബോധം കെട്ടോ-രപ്പകയന്മാർ
വീക്ഷിച്ചീടാൻ-ധൈര്യം പൂണ്ടു.

3. നിന്നാംഗ്യത്താൽ-നീ സൃഷ്ടിച്ച
വായ്കൾ നിന്നെ-വാഴ്ത്തീടട്ടെ.
ആദാം താനും-പാരും വാനും
പുതുതായതിനാൽ-സ്തുതിയങ്ങേക്കും
ജനകന്നും റൂ-ഹായ്ക്കും പാടും.
നിൻ വി-ധിചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ ദേവാ! ...

1. നമ്മുടെ രക്ഷകനത്തിയൊട-
ങ്ങിസറായേലിനെ ഉപമിച്ചാൻ
അതിനാലത്തിമരം പോലെ
ഇസറായേൽ വാടിപ്പോയി.
പശിയുണ്ടായതു നീസാനിൽ
ഫലമാർജ്ജിച്ചീടാനല്ല
അത്തിമരത്താൽ വേശ്യയുടെ
ദൃഷ്ടാന്തം നാഥൻ കാട്ടി . ദേവാ! ...

2. നിന്നെയുറപ്പോടേറ്റോളാം
സഭ നിൻ സ്തുതി പാടീടുന്നു
ഞങ്ങടെ രക്ഷയ്ക്കായ് നിന്നെ

വിട്ടോനാം താതൻ സ്തുത്യൻ
ദിവ്യ രഹസ്യം കുടികൊള്ളും
ത്രിത്വം നിത്യം ധന്യം താൻ. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-നൽകി നന്മയ്ക്കവർ പകരം തിന്മ
നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു. ഹാ-

വി. യോഹന്നാൻ 6: 30, 8: 21-30

## കൗമാ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽനിന്നേൽക്കും പുണ്യം രക്ഷകനേ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...

## വിശ്വാസപ്രമാണം



@FIOK*.MOC.KTYM

# ബുധനാഴ്ച സന്ധ്യ

## കൗമാ

(ബ്ഹൗനുഹറോഗായൊ ... എന്ന രീതി)

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ

നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും

നിന്നെയും പീ-ഡകളെയുമേറ്റ-ജാതി പൂകും രാജ്യം.

(മൂന്നു പ്രാവശ്യം)

ഗദ്യം:- കർത്താവേ! നിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും, നിന്നെയും നിന്റെ കഷ്ടാനുഭവത്തെയും ഏറ്റുപറഞ്ഞ പുറജാതികൾ നിന്റെ രാജ്യത്തിൽ പ്ര വേശിക്കുകയും ചെയ്യും.

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## പ്രാരംഭ പ്രാർത്ഥന

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(പാതകിപോൽ ഞങ്ങളെ ... എന്ന പോലെ)

1. ലോകങ്ങൾ-ക്കധിപതിയായ് വാഴ്കേ
ദാസൻ കവിളിൽ പ്രഹരിച്ചൊരു
ദേവാ! ദയ ചെയ്തീടണമേ.
2. സ്വാതന്ത്ര്യം-ഞങ്ങൾക്കേകിടുവാൻ
ദാസ-ർക്കായ് ദാസ്യം പൂണ്ടൊരു ദേവാ! ...
3. ഉടയവനായ് ഉണ്മയിൽ വർത്തിക്കേ
ഞങ്ങൾ-ക്കായ് കഷ്ടതയേറ്റൊരു ദേവാ! ...
4. കഷ്ടതയാൽ-ഞങ്ങടെ കഷ്ടതകൾ
തൻ ക്നൂ-മായാൽ മായിച്ചൊരു ദേവാ! ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

5. സകലേശാ!-തെറ്റിപ്പോയോരെ
സ്വന്തം-രക്തത്താൽ വാങ്ങിയ ദേവാ! ...

കുറിയേലായിസോൻ

കർത്താവേ! ഞാൻ നിന്നെ വിളിച്ചു ... (പേജ് 4)

**എനിയോനോ**

(എൻ നാഥാ നിൻ കൃപ നിന്നെ ... എന്ന പോലെ)

1. സർവ്വാധിപനെ ദുഷ്ടന്മാർ
നിന്ദിക്കുന്നതു കാണുമ്പോൾ
സോദരരേ! സന്താപത്താൽ
ആരയ്യോ വിലപിക്കില്ല?

2. വിധിനിലയേ ദൈവം നിന്നു
മനസ്സാ കഷ്ടത കൈക്കൊണ്ടു
തുപ്പൽ മുഖത്തു പതിച്ചപ്പോൾ
കരുണാനിധി കോപിച്ചില്ല.

3. മോശേ നിൻ പീഠത്തിലിതാ
കയ്യാപ്പ നില്പതു കാൺക
അഹറോനേ! ന്യായാധിപനാം
ഹന്നാനെ പ്രതി വിലപിക്ക.

4. ചൊന്നിടുവിൻ പകയന്മാരേ!
ഇവനെന്തപരാധം ചെയ്തു?
പാരം പുണ്യം ചെയ്തോനെ
നിങ്ങളധിക്ഷേപിക്കുന്നു.

5. വാനിൽ ക്രോബേ സ്രാപ്പേന്മാർ
വിറകൊള്ളും മഹിമാവുള്ളോൻ
പാരിൽ പാരം പാടേറ്റു
പാർക്കിൽ വിശ്വമഹാശ്ചര്യം.
ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

6. വിശ്വാസിനി പരിശുദ്ധ സഭേ!
മനസ്സാ വന്നതികഷ്ടതയാൽ
സുതരുടെ ദാസ്യം തീർത്തോനാം
ദൈവാത്മജനെ കീർത്തിക്ക.

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

1. നമ്മുടെ കർത്താവിനോട്/ തന്റെ ശിഷ്യന്മാർ പറഞ്ഞതാവിത്. 'ഈ ഉപമ ഞങ്ങൾക്കു വ്യക്തമാക്കിത്തരിക. സാത്താനായിത്തീർന്നുകൊണ്ട് നിന്നെ യഹൂദന്മാർക്കു ഏല്പിച്ചുകൊടുക്കുന്നവൻ ആരാകുന്നു?' കർത്താവ് ഉത്തരമായിട്ട്/ ഭയചകിതരായിരുന്ന ശിഷ്യന്മാരോട് അരുളിച്ചെയ്തു/ എന്നോടൊന്നിച്ച് താലത്തിൽ കൈമുക്കുന്നവൻ/ യഹൂദജനത്തിന് എന്നെ ഒറ്റിക്കൊടുക്കും.ബാറെക്മോർ. ശുബഹോ ... മെനഓലം

2. വചനമായ ദൈവമേ! നിനക്കു സ്തുതി. നിന്റെ കൃപയാൽ നീ മനുഷ്യനായിത്തീരുകയും/ ബലഹീനന്മാർക്ക് നിന്നെത്തന്നെ നൽകിയതുകൊണ്ട്/ അവർ നിന്നെ പിടിക്കുകയും ചെയ്തു. അവർ ന്യായാധിപന്റെ അടുക്കൽ നിന്നെ കൊണ്ടുവന്നു. ഞങ്ങളുടെ എളിയ കുലത്തിനു വേണ്ടി/ കുഞ്ഞാടിനെപ്പോലെ കൊലയ്ക്കായി നീ കൂട്ടിക്കൊണ്ടുപോകപ്പെട്ടു. ഉത്തമനായുള്ളോവേ, നിന്റെ കരുണയ്ക്കു സ്തുതി. ഞങ്ങൾക്കു വേണ്ടി മരണം ആസ്വദിപ്പാൻ തക്കവണ്ണം/ ഞങ്ങളുടെ സ്വഭാവത്തെ നീ സ്നേഹിച്ചു. മൊറിയോ റാഹേം ...

## എത്രോ

## വീണ്ടും കോലോ

(കൂക്കോയോ രീതി)

1. സത്യപരന്മാർ നിബിയന്മാർ ഘോഷി-ച്ചൊരു മർമ്മം
ബുധനാം ദിവസേ വെളിവാക്കി ശിഷ്യർ-ക്കായ് നാഥൻ
മന്നിതിലുടയോൻ-വന്നിടുമെന്നേവം
ദർശകവൃന്ദം-മുന്നം പ്രവചിച്ചു
പീഡാമൃതിയേറ്റുലകത്തെ നാഥൻ-വീണ്ടിടുമെ-

ന്നേവം ദൃഷ്ടാന്തങ്ങളിലൂടാദ്യ-പിതാക്കന്മാർ
ഹാലേലുയ്യാ-സൂചനകൾ നൽകി.
ബാറെക്മോർ. ശുബഹോ ... ഹാലേലുയ്യാ.

2. യേരുശലേമിൽ വൻബഹളം ബുധനാം-ദിവസത്തിൽ
വംശത്തലയാമാദത്തെ സൃഷ്ടി-ച്ചൊരു കൈമേൽ
ചേർത്തുതറയ്ക്കാൻ-ആണികൾ യൂദന്മാർ
തീച്ചൂളകളിൽ-മൂർച്ച വരുത്തുന്നു
ബന്ധനമേറ്റോൻ സ്വാതന്ത്ര്യം ബദ്ധ-ന്മാർക്കെല്ലാം
നൽകിടുമെന്നേവം ദാവീദോതി-യതാം വചനം
ഹാലേലുയ്യാ-ദോഷികളോർത്തില്ല.

**ബോത്തെദ് ഹാശോ**

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. നിജ തേജസ്സോ-ടുടയോൻ വന്നാൽ
നേരെനില്പാ-നാരാലാവും?
ക്ലേശം കൈക്കൊ-ണ്ടീടാൻ വന്നാൻ
എല്ലാവരെയും-രക്ഷിപ്പാനായ്
മൃതിയേറ്റിടുവാൻ-നരനായ് തീർന്നു.

2. സ്രാപ്പേവൃന്ദം-ചിറകാൽ പാറി
ദൈവത്വത്തെ-കീർത്തിക്കുന്നു
മണ്ണിൻമക്കൾ-നിന്ദിക്കുന്നു
സ്രാപ്പേന്മാർ കാ-ദീശാർക്കുന്നു
നീചാത്മാക്കൾ-ക്രൂശിക്കെന്നും.

3. വായ്കൾ സർവ്വം നാഥാ നിന്നെ
അത്യുച്ചത്തിൽ-സ്തോത്രം ചെയ്വൂ



@FIOK*.MOC.KTYM

ക്ലേശം കൈയേ-ല്പാൻ നീ വന്നു
ഏറ്റു ദുഷ്ട-ന്മാരുടെ തുപ്പൽ
ധന്യാത്മാവേ-സ്തോത്രം! സ്തോത്രം.
നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോറാഹേം ...

**മാർ യാക്കോബിന്റെ ബോവൂസാ**

മ്ശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. മിസ്രേം നാട്ടിൽ ബലഹീനതയിൽ നിവസിച്ചോളാം
കാന്തയ്ക്കേകി മാന്യത പാരം പ്രിയനാം കാന്തൻ
സൗഭാഗ്യപ്രദനാം നിർമ്മലനെ കൈവിട്ടേറ്റം
നാശം ചേർക്കും കാളക്കുട്ടിയെ ആരാധിച്ചാൾ. ദേവാ! ...

2. ദൈവാത്മജവൃത്താന്തം വർണ്ണിപ്പതു നന്നല്ലോ
ഏകാത്മജവൃത്താന്തം കേൾപ്പതു യോഗ്യം തന്നെ
ദൈവാത്മജനെ ആത്മാർത്ഥം സ്നേഹിച്ചീടുന്നോ-
നീ വൃത്താന്തം ശ്രദ്ധിക്കുന്നതിലുണ്ടാനന്ദം. ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ!

**ഏവൻഗേലിയോൻ**

(പെസ്ഗോമോ)

ഹാ-ഹാ-ദോഷം ചിന്തിച്ചുരചെയ്താർ
അത്യുന്നതനെപ്പറ്റി കൈതവമവരോതി. ഹാ-

വി. യോഹന്നാൻ 11: 47-12:2, 9-11

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ ... (പേജ് 11)



@FIOK*.MOC.KTYM

## കൗമാ

**നിന്നെ വധിപ്പാ-നായ് വന്ന ജനം,-വിധിയിൽ വിധിയേൽക്കും**

**നിന്നെയും പീ-ഡകളെയുമേറ്റ ജാതി-പൂകും രാജ്യം.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# ബുധനാഴ്ച സൂത്താറ

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**
**നിന്നെ വധിപ്പാ-നായ് വന്ന ജനം വിധിയിൽ-വിധിയേൽക്കും**
**നിന്നെയും പീ-ഡകളെയുമേറ്റ-ജാതി പൂകും രാജ്യം.**
**(മൂന്നു പ്രാവശ്യം)**
**നാഥാ! തേ സ്തുതിയും ...**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**
**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

**പ്രുമിയോൻ**

**(കൂക്കോയോ രീതി)**

1. **ദർശകരെ നിഹനിച്ച് നിണം പാനം-ചെയ്വോളേ!**
**ഹതനാമേശായാ നിന്നോടെന്ത-യ്യോ ചെയ്തു?**
**ഏറമീയായെ-ചേർക്കുണ്ടിൽ തള്ളി**
**ഹതനായ് സ്കറിയ-ബലിപീഠത്തിങ്കൽ**
**കൊലപാതകിയാം മണവാട്ടീ! പുത്രൻ-തൻ കൊലയാൽ**
**തന്നെത്താനെ-ന്നെന്നേക്കും മുടിവോ-ളം നിന്റെ**
**ഹാലേലൂയ്യാ- ഭ്രാന്തു ശമിച്ചില്ല.**
**ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലൂയ്യാ.**

2. **സുന്ദരനാം ദാനിയേലും മന്നൻ-ദാവീദും**
**യേരുശലേമിനെ മുൻനിർത്തി സൂച-നകൾ നൽകി**
**രക്ഷകനെ ഹനി-ച്ചതിനാൽ കല്ലിന്മേൽ**
**കല്ലുണ്ടാവി-ല്ലെന്നൊരുവൻ ചൊന്നാൻ**
**അപ്പുരമുന്മൂലിതമാകും പകരം-തൽസ്ഥാനേ**
**സഭ സംസ്ഥാപിതമായിടുമെന്നപരൻ-ഘോഷിച്ചാൻ**
**ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.**


@FIOK*.MOC.KTYM

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!
നരവർഗ്ഗത്തി-ന്നുയിരേകീടാൻ
താണോനാം നിൻ-സ്നേഹം പൂർണ്ണം
പുൽകീടട്ടെ-ന്നുള്ളം നിന്നെ
യത്നിക്കും ഞാൻ-നിന്നോടൊപ്പം
ശ്രേഷ്ഠം താൻ നീ-നൽകും കൂലി.
ഈ ലോകത്തെ-വെണ്ണീറാക്കാൻ
പോരും തീ തൻ-വീര്യം പോക്കാൻ
മുള്ളിൻകൂട്ടം-ചുറ്റും കൂടി
എരുതീ താനേ-ശൈത്യം പൂണ്ടു
മണ്ണിൻ മക്കൾ - ചൂടേറ്റില്ല.
പാപികളാം നാം-കൂടെ ചേരാൻ
കാരുണ്യം കാ-ണിച്ചോൻ സ്തുത്യൻ
പങ്കപ്പാടും-ക്രൂശും മൂലം
മൃതിയെ-നീക്കി ജീവൻ നൽകി
തൽപ്രേഷകനാം-താതൻ ധന്യൻ.
നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...



@FIOK*.MOC.KTYM

ബുധനാഴ്ച സുത്താറ

1. ഭീതിയോടീറേന്മാർ വാനിൽ
സ്തോത്രം ചെയ്യുന്നോൻ വന്ദ്യൻ
അവനെ പാരിൽ വൈദികരും
സപ്രേന്മാരും നിന്ദിപ്പൂ. ദേവാ! ...

2. ജീവിതരുടെ തലയായോനെ
വടിയാൽ പ്രഹരിച്ചീടുന്നു
ദർശകരുടെ ദൃഷ്ടാന്തങ്ങൾ
നിറവേറ്റിയവൻ സംസ്തുത്യൻ. ദേവാ! ...

3. തിരികെ തന്റെ തൊഴുത്തിൽ നാം
ചേർന്നിടുവാൻ മൃതി കൈക്കൊണ്ടാൻ
നാഥന്നും തൻ പ്രേഷകനും
സ്തുതി പരിശുദ്ധാത്മാവിന്നും. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

കുറിയേലായിസോൻ. കുറിയേ ... കുറിയേ ...

ഉയരപ്പെട്ടവന്റെ മറവിൽ ഇരിക്കുന്നവനും ... (പേജ് 14)

ഉയരപ്പെട്ടവന്റെ മറവിലിരിക്കുന്നവനായ ... (പേജ് 16)

## കൗമാ

നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ-ജാതി പൂകും രാജ്യം.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## വിശ്വാസപ്രമാണം



@FIOK*.MOC.KTYM

# ബുധനാഴ്ച രാത്രി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

നിന്നെ വധിപ്പാ-നായ് വന്ന ജനം,-വിധിയിൽ വിധിയേൽക്കും

നിന്നെയും പീ-ഡകളെയുമേറ്റ-ജാതി പൂകും രാജ്യം.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ... (പേജ് 20)

രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ ... (പേജ് 21)

## എനിയോനോ

(യോയേ ഉസോദേക ... എന്ന രീതി)

(വിശ്വാസം വിജയിപ്പിച്ചോൻ ... എന്ന പോലെ)

1. തൻ യാതനയാൽ നമ്മൾതൻ-യാതനയെ മായിച്ചോനാം
നാഥനെ നിദ്ര വെടിഞ്ഞിപ്പോൾ-സോദരരേ കീർത്തിക്കേണം
സ്തോത്രം തേ! സ്തോത്രം തേ! സ്തോത്രം തേ!
സർവ്വേശാ അൻപുടയോനേ, കൃപ ചെയ്ക.

2. ഇന്നാൾ രാവിൽ വെളിവാക്കി-കർത്താവഴലിൻ വൃത്താന്തം
ശ്ലീഹന്മാർ സന്താപത്താൽ-വൈവശ്യം പാരം പൂണ്ടു
സ്തോത്രം തേ സ്തോത്രം തേ ...

3. ഇന്നാൾ രാവിൽ സ്കറിയോത്താ-പണമോഹത്താലുടയോനെ
ഏല്പിച്ചങ്ങുകൊടുക്കാമെ-ന്നേറ്റാൻ ഗൂഢാലോചനയിൽ
സ്തോത്രം തേ സ്തോത്രം തേ ... ബാറെക്മോർ. ശുബഹോ...

4. ഇന്നാൾ രാവിൽ ദുഷ്ടന്മാർ-കൂട്ടം കൂടി ദൈവത്തിൻ
പുത്രൻ തന്നെ പിടികൂടാൻ-വഴിയെന്തെന്നാലോചിച്ചു
സ്തോത്രം തേ സ്തോത്രം തേ ...
കുറിയേലായിസോൻ. കുറിയേ ... കുറിയേ ...

## ഒന്നാം കൗമാ

## എക്ബോ

**(നാഥാ ഈ നിൻ ജന്മത്തിൻനാളിൽ ... എന്ന രീതി)**

**ആട്ടിൻകൂട്ടത്തിന്നിടയൻ-ധ-ന്യൻ**

**ഞങ്ങൾക്കായ് ബലിയാ-യോൻ-ധ-ന്യൻ.**

*കുറിയേലായിസോൻ. കുറിയേ ... കുറിയേ ...*

*ഞങ്ങളുടെ കർത്താവേ! ...*

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**(കൂക്കോയോ രീതി)**

**1.** **കർത്താവേവം കല്പിച്ചാൻ ദർശ-കവൃന്ദത്തെ**

**കല്ലേറാൽ കൊലചെയ്തോളേ! പുരി യേ-രുശലേമേ!**

**സുതരെ കൂട്ടി-ച്ചേർപ്പാൻ ഞാൻ വെമ്പി**

**എന്നാലവർ കൈ-വിട്ടില്ലന്യായം**

**കണ്ടാലും നിങ്ങടെ ഭവനം ദൈവ-കൃപാശൂന്യം**

**എന്മൊഴി കേൾക്കും ജാതികളെ ഞാൻ കൂ-ട്ടിച്ചേർക്കും**

**ഹാലേലുയ്യാ...ഉ....ഹാലേലുയ്യാ.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2.** **വിശ്വാസിനിയാം വിമലസഭേ തൻ പ-ങ്കപ്പാടാൽ**

**ദുർമ്മാർഗ്ഗത്തീന്നും നിന്നെ സംര-ക്ഷിച്ചോനായ്**

**നിന്ദയുമടിയും-മുൾമുടിയതുമേറ്റ**

**ദൈവാത്മജനെ-കീർത്തിച്ചീടുക നീ**

**ദോഷികൾ ശപ്തന്മാരൊടുകൂടവനെ-ക്രൂശിച്ചു**

**പീഡയെഴും മൃതിയാൽ ജീവൻ ലോകർ-ക്കവനേകി**

**തന്നെ അയച്ചോൻ-തൻ താതൻ ധന്യൻ**



@FIOK*.MOC.KTYM

## എത്രോ

## വീണ്ടും കോലോ

1. യിസ്രായേൽ ദീർഘദർശിമാരെല്ലാവരും/ തന്നെക്കുറിച്ചു പ്രവചിച്ച രഹസ്യത്തെ/ ഇന്നേദിവസം നമ്മുടെ രക്ഷകൻ ശിഷ്യന്മാർക്ക് വിശദമായി വെളിപ്പെടുത്തി. താൻ ഊർശ്ലേമിൽ മരിക്കുവാനിരിക്കുന്നുവെന്നും/ അവരുടെ പിതാക്കന്മാരെ/ കുഞ്ഞാടുമൂലം മരണത്തിൽനിന്ന് രക്ഷിച്ചവൻ/ വഞ്ചനയിൽനിന്ന് തിരുസഭയെ രക്ഷിക്കുവാൻ/ സ്നേഹപൂർവ്വം താണിറങ്ങിവന്നിരിക്കുന്നുവെന്നും അവരോടു പറഞ്ഞു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ആകാശവും, ഭൂമിയും,/ മാലാഖമാരും, മനുഷ്യരും/ കഷ്ടാനുഭവത്തിനും താഴ്മക്കുമായി വന്ന ദൈവപുത്രനെ കണ്ടതുകൊണ്ട്/ ഇന്നേദിവസം ദുഃഖം ധരിച്ചു/ ശിഷ്യന്മാരും തന്റെ കഷ്ടാനുഭവത്തെക്കുറിച്ച് അറിയിക്കപ്പെട്ടതുകൊണ്ട്/ സങ്കടവും വ്യാകുലവും പൂണ്ടു. തന്റെ മരണത്താൽ/ ആദാമിനെയും അവന്റെ മക്കളെയും രക്ഷിച്ചവനായ തനിക്ക് സ്തുതി.

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. പകയനടിമ-പ്പെട്ടോരാട്ടിൻ
കൂട്ടത്തെ സം-രക്ഷിച്ചീടാൻ
ധർമ്മിഷ്ഠൻ മ-ർത്യത്വം പൂണ്ടു
ആട്ടിൻ സാദൃ-ശ്യത്താൽ നാഥൻ
കൊള്ളക്കാരീ-ന്നവയെ വീണ്ടു.

2. കത്തും തീയാ-യോൻ തൻ ദീപ്തി
മെയ്യാൽ മൂട-പ്പെട്ടതുമൂലം
മണ്ണോടൊത്തോർ-പുല്ലോടൊത്തോർ
ആ തീയിൽ കൈ-വയ്പാനാഞ്ഞു
തൻ തീക്ഷ്ണത തേ-നാശകരം താൻ.



@FIOK*.MOC.KTYM

3. പിതൃ സന്നിധിവി-ട്ടിഹമാർന്നോനാം
സുതനേ! പാരിൽ വ്യഥയേറ്റോനേ!
ആട്ടിൻകൂട്ടം-നീ രക്ഷിച്ചു
അതു നിൻ പേർക്കും-താതൻ പേർക്കും
റൂഹ്ക്കുദിശായ്ക്കും-സ്തുതി പാടുന്നു.
നിൻ വി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. .മൊറിയോ ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. നാഥൻ വന്നു പെരുന്നാളിന്നായ് ദിവ്യമതാകും
തൻ തേജസ്സിൻ ഭംഗ്യാലതിനെ ഭൂഷിപ്പിച്ചാൻ
സൂചന കാട്ടും ദൃഷ്ടാന്തങ്ങൾ നിറവേറ്റീടാൻ
ശിഷ്യന്മാരൊത്തുടയോൻ പെരുന്നാളിന്നായ് വന്നു.
അർഹതയുള്ളോൻ ഗർദ്ദഭമേറി തൻവക, തേടാൻ
വന്നതറിഞ്ഞാ വിഗ്രഹസേവിനി ഭീതിപ്പെട്ടു
മോദിക്കുക നിൻ കാന്തൻ വന്നെന്നാ നിബി ചൊന്നു
താതങ്കൽ നിന്നിവളെ തള്ളുന്നോനായ് കണ്ടാൾ. ദേവാ! ...

2. ശ്രേഷ്ഠൻ പകലോൻ തൻ നാഴികകൾ വിട്ടു കടത്തി
പെസഹാപ്പെരുന്നാളാഘോഷിപ്പാൻ സന്ധ്യക്കെത്തി
ശിഷ്യരുമൊത്തപ്പെസഹ ഭുജിപ്പാൻ വാഞ്ഛിച്ചേറേ
പുതുതായിട്ടൊരു നിയമമവർക്കായ് താനുണ്ടാക്കി
പെരുന്നാളുകൾ തന്നധിനാഥാ! നീ പൂജായോഗ്യൻ
സ്തോത്രം സർവ്വം സഭകളിലെങ്ങും നീയർഹിപ്പൂ
ആഘോഷങ്ങൾക്കെല്ലാമോർത്താലീശൻ നീ താൻ
നിന്നാൽ ഭൂഷിതമാഘോഷങ്ങൾ നാഥാ! സ്തുത്യം.ദേവാ! ...

**നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു**
**മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...**

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാ-ഹാ-ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം**
**നാശം പ്രാപിച്ചാർ വഞ്ചനയാൽ മാലിന്യത്തിൻ. ഹാ-**

**വി. യോഹന്നാൻ 10: 15-38**

## രണ്ടാം കൗമാ

**പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം**
**മശിഹായെ വാഴ്ത്തി നമിക്കാമീരാവിൽ.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

## എക്ബോ

**(കും പൗലോസ ... എന്ന രീതി)**
**(അരിമത്യാ നാട്ടിൽ ... എന്ന പോലെ)**

**ബലികളെ നീ-ക്കീടും, തിരുബലി ധ-ന്യം താൻ**
**പുണ്യം നൽകീടും-ബലിയേ സ്തോ-ത്രം**
**കുറിയേലായിസോൻ. കുറിയേ ... കുറിയേ ...**
**ഞങ്ങളുടെ കർത്താവേ ...**
**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**1. ഇന്നേ ദിവസം/ സെഹ്യോൻപുത്രന്മാരായ ഭോഷന്മാർ/ അവരുടെ രോഗികൾക്കു സൗഖ്യം നൽകുന്ന ദൈവപുത്രനെ കണ്ടു. താൻ പ്രവർത്തിച്ച നന്മകൾക്കെതിരായി/ സപ്രേന്മാരും പ്രീശേന്മാരും ഈർഷ്യ പൂണ്ട്/ തന്നെ കൊല്ലുവാൻ രഹസ്യമായി ആലോചിച്ചു. ലോകരക്ഷകനായ യേശു തമ്പുരാനേ!/ ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു.ബാറെക്മോർ. ശുബഹോ ... മെനഗാലം ...**


@FIOK*.MOC.KTYM

2. ദാവീദു രാജാവ്/ "ആത്മാവിൽ ദൈവം അവരെ വിധിക്കുകയും/ അവരുടെ വാഗ്ദത്തത്തിൽനിന്ന് അവർ വീണുപോകുകയും ചെയ്യും" എന്ന്/ വെളിപാടായി പറഞ്ഞു. അന്യായത്തിന്റെ ആധിക്യത്താൽ/ മഹോന്ന തന്റെ ആലയത്തിൽനിന്ന് അവർ തള്ളപ്പെടുമാറാകട്ടെ. എന്തെന്നാൽ തന്റെ വാത്സല്യവാനെ/ കൊല്ലുവാൻ അവർ ആലോചിച്ചുവല്ലോ. വഴിതെറ്റിൽ നിന്ന് താൻ രക്ഷിച്ച ജാതികൾ/ തന്നിൽ ശരണപ്പെട്ടിരിക്കുകയാൽ സന്തോഷിക്കട്ടെ. മൊറിയോറാഹേം ...

## എത്രൊ

## വീണ്ടും കോലോ

1. ഇന്നേ ദിവസം പുരോഹിതന്മാരും സപ്രേന്മാരും പ്രീശേന്മാരും/ നമ്മുടെ രക്ഷകനെ നീതിരഹിതമായി കൊല്ലുവാൻ നിരൂപിച്ചു. അവരുടെ രോഗികളെ താൻ സൗഖ്യമാക്കി. അവരോ തന്നെ കൊല്ലുവാൻ രഹസ്യമായി ആലോചിച്ചു. താൻ ഹൃദയങ്ങളെയും അന്തരേന്ദ്രിയങ്ങളെയും പരിശോധിക്കുവാനാകുന്നു എന്ന്/ വഞ്ചകന്മാർ ഗ്രഹിച്ചില്ല. മരണമുള്ള നമ്മുടെ വർഗ്ഗത്തെപ്രതി/ കഷ്ടതയ്ക്കും മരണത്തിനുമായി വന്ന തന്റെ താഴ്മയ്ക്കു സ്തുതി.ബാറെക്മോർ - ശുബഹോ - മെനഓലം

2. ബുധനാഴ്ച ദിവസം/ സത്യാന്വേഷികളായ പുരോഹിതന്മാരും സപ്രേന്മാരും പ്രീശേന്മാരുമായ യൂദന്മാർ/ പ്രധാനാചാര്യനായ കയ്യാപ്പായുടെ അടുക്കൽ ഒരുമിച്ചുകൂടി. ഉയരത്തിന്റെയും ആഴത്തിന്റെയും നാഥനെതിരായി/ അന്യായം ചെയ്യുവാൻ നിരൂപിച്ചു. മരണശിക്ഷയ്ക്കു കുറ്റം കൂടാതെ/ തന്നെ വിധിപ്പാനായി അവർ സന്നദ്ധരായി. പാപാന്ധകാരമയന്മാരായ വഞ്ചകരിൽനിന്ന്/ മനസ്സോടെ കഷ്ടതകൾ സഹിച്ചവനായ തന്റെ താഴ്മയ്ക്കു സ്തുതി.

## ബോത്തേദ്ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. തേജോമാർഗ്ഗം-ബോധിപ്പിക്കാൻ
തേജോനാഥൻ-ഭൂവിൽ വന്നു
ഹീനാത്മാക്കൾ-കൺകൾ പൂട്ടി
കൈക്കൊണ്ടോരാ-മന്യന്മാരോ
സുവിശേഷത്താൽ-ശോഭിതരായി.

2. ക്രോബേന്മാർ തൻ-ചിറകാം തേരിൽ
ആഘോഷിതനെ-ദുഷ്ടക്കൂട്ടം
കള്ളന്മാരോടൊ-പ്പം തൂക്കി-
ക്കൊന്നാർ കഷ്ടം!-തൻ ഹാശായാൽ
സഭയെ സംര-ക്ഷിച്ചോൻ ധന്യൻ

3. അംഗങ്ങളിലാ-ദുഷ്ടാത്മാക്കൾ
പ്രഹരിച്ചയ്യോ-ക്ളേശിപ്പിച്ചു
കൈ കാൽകൾ ഹാ-കുത്തിക്കീറി
മുഖതാരിങ്കൽ-തുപ്പൽ വീഴ്ത്തി
ശീർഷം താഴ്ത്തി-പാർശ്വം ചീന്തി
നിൻ വി-ധിചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക,
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

1. രക്ഷകനൊടു ശപ്തർ യൂദർ
ദുഷ്ടത പ്രതികാരം ചെയ്താർ
ഹവ്വായുടെ കടമൊഴിവാക്കാ-
നവയെല്ലാമേറ്റാൻ മനസ്സാ
മണ്മയനാമാദാമിന്നായ്
നിന്ദയുമാക്ഷേപവുമേറ്റാൻ. ദേവാ! ...

2. ഞങ്ങടെ കഷ്ടത നീക്കിടുവാൻ
താഴ്മ വരിച്ചോനതി ധന്യൻ
പൊയ്പോയോനാമാദത്തെ
കണ്ടെത്താൻ ദൂഷണമേറ്റാൻ



@FIOK*.MOC.KTYM

മതിയും നേരും കെട്ടോർ തൻ
ഗർവ്വത്തെ നാഥൻ നീക്കി. ദേവാ! ...
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

## മദറോശാ

## (കും പൗലോസ്)

ബലികളെ നീക്കിടും തിരുബലി ധന്യം താൻ
പുണ്യം നൽകീടും-ബലിയേ സ്തോത്രം.

1. പെസഹായത്താഴം-ശിഷ്യന്മാരൊപ്പം
ഭക്ഷിപ്പാൻ നാഥൻ-തയ്യാറായി
തൻവധ ഗൂഢാർത്ഥം-സൂചിപ്പിക്കാനായ്
ചേർത്തതിലന്നേരം-കയ്പും നാഥൻ
കുഞ്ഞാടും കയ്പും-ഭക്ഷിച്ചു ശിഷ്യർ
കയ്പിൻ ദൃഷ്ടാന്തം-മൂശാ മുൻ സൂചി-പ്പി-ച്ചു
അത്താഴത്തിൽ വ-ച്ചുളവായൊരു ദുഃഖം
കയ്പാക്കിത്തീർത്തു-ഭോജനമതിനെ.

2. പെസഹാക്കുഞ്ഞാടിൻ-അത്താഴം കുഞ്ഞാ-
ടന്തിയതാം നേര-ത്തങ്ങു നടത്തി
അമ്റാമിൻ സൂനു-മിസറേം രാജ്യത്തിൻ
ദൃഷ്ടാന്തം മുന്നം-സൂചിപ്പിച്ചു.
ഉജ്ജ്വലനേശായാ-രക്ഷകനായോനെ
വധമേല്പാനുള്ളോ-രജമാക്കി ദൃഷ്ടാ-ന്ത-ത്താൽ
ദൈവത്തിൻ കുഞ്ഞാ-ടിവനാണെന്നേവം
യോഹന്നാൻ കാട്ടി-തൻ വിരൽ ചൂണ്ടി.



@FIOK*.MOC.KTYM

3. മോശേ! നാഥന്റെ-സുതനത്താഴത്തിൽ
ആടിനെ ഭക്ഷിപ്പൂ-വന്നിഹ കാൺക
ഗൂഢക്ലേശത്തെ-സൂചിപ്പിച്ചീടാൻ
ഭക്ഷിച്ചു നാഥൻ-കയ്പു കലർത്തി
അബ്രാം പുത്രന്റെ-പെസഹാക്കുഞ്ഞാടിൻ
സൂചനയാം വാക്യം-പാർത്താലേവം സ-മ്പൂ-ർണ്ണം
മഹിമാവേറീടും-മാളിക തന്നുള്ളിൽ
ദിവ്യരഹസ്യങ്ങൾ-വെളിവായല്ലോ.

4. വിമലസമൂഹത്തിൽ-കയ്പു വെളിപ്പെട്ടു
അവരതിഖേദത്താൽ-കഷ്ടത പൂണ്ടു
മൃതിയുടെ വൃത്താന്തം-കേട്ടു നടുങ്ങിപ്പോയ്
മനതാരിൽ പാരം-സങ്കടമാർന്നു
ഗുരുവിനെ ആരായ്കേ-അറിയില്ലെന്നയ്യോ
എങ്ങനെ നാമോതും-ഏല്പിച്ചോനയ്യോ-നാ-ശം!
ഈവിധമന്നാളി-ലവരുടെയത്താഴം
കയ്പുനിറഞ്ഞേറ്റം-മുഴുകീമാലിൽ.

5. നിസ്സീമ സ്നേഹം-പകരും പന്ത്രണ്ടിൽ
വേലി പൊളിക്കുന്നോ-നാരാണാവോ?
ആരാണാ ശ്ലീഹ-ന്മാരെ വെടിഞ്ഞേവം
ക്രൂശകവൃന്ദത്തെ-സ്നേഹിതരാക്കി?
ശീമോൻ യോഹന്നാൻ-എന്നീ നല്ലോരാം
സ്നേഹിതരെ കഷ്ടം-കൈവിട്ടോനാരാ-ണാ-വോ?
ആരിരുളിൽ മേവും-ഹന്നാ കയ്യാപ്പാ
എന്നിവരെ തൻ കൂ-ട്ടാളികളാക്കി?

6 ഉജ്ജ്വലമായ് മിന്നും-സംഘത്തെ കൈവി-
ട്ടോടിപ്പോയ്-വേഗം ക്രൂശകർ തന്റെ
കൂട്ടത്തിൽകൂടി-തേജസ്സിൽ നാഥ-


@FIOK*.MOC.KTYM

ന്നെതിരായിത്തീർന്നോ-നാരാണാവോ?

നന്മകളോടൊപ്പം-നല്ല സഹായങ്ങൾ

പ്രാണനുമേകീടും-മാധുര്യത്തെ പിൻ-ത-ള്ളി

ഘാതകസംഘത്തിൽ-ചേർന്നുടയോനെ ഹാ!

നിഹനിച്ചീടുന്നോ-നെന്നും നിന്ദ്യൻ.

7. മനസ്സാ ചെന്നേവം-ഘാതകികൾക്കയ്യോ

സ്നേഹിതനായ്ത്തീർന്നോൻ-ആരാണാവോ?

ദീനജനങ്ങൾ തൻ-ആശ്രയമാം നിന്റെ

നന്മകളെയെല്ലാം-തള്ളിയതാര്?

ഉന്നതനായോൻ തൻ-ആദ്യജനാം സൂനോ!

രക്ഷകനേ! നിന്റെ-മഹിമയെ ഓർക്കാത്തോൻ-നി-ന്ദ്യൻ

നിന്നെ നിന്ദിച്ചോൻ-മൃത്യുവിനേല്പിച്ചോൻ

നിൻ വില വാങ്ങിച്ചോൻ-ഹാ! ഹാ! നിന്ദ്യൻ.

8. കുഞ്ഞാടിൻ കൂട്ടം-ഖേദത്താൽ കേണു

വിസ്മിതരായ് തമ്മിൽ-തമ്മിൽ നോക്കി

വത്സലസംഘം വി-ട്ടിട്ടിനമിന്നേരം

വേർപെട്ടോനാരെ-ന്നവരാരാഞ്ഞു

സംഭ്രമഖേദത്താ-ലവരഴലിൽ മുങ്ങി

എങ്ങനെ കേഴണമെ-ന്നറിയാതേറ്റം ക്ലേ-ശി-ച്ചാർ

ഗുരുമൃതിയോർത്തേറ്റം-സന്താപം പൂണ്ടാർ

ഹാ! നഷ്ടപ്പെട്ടോ-നെന്നും നിന്ദ്യൻ.

9. ശ്രേഷ്ഠമതാം ദീപ്തി-സുന്ദരമാം ദീപ്തി

കൈവിട്ടങ്ങേവം-കൂരിരുളേറും

മങ്ങിയ മാർഗ്ഗത്തിൽ-നീങ്ങുന്നോനാരാം

മഹിമാവോടേറ്റം-കതിരൊളി വീശും

പകലിനെയിന്നേരം-ദൂരത്തായ് തള്ളി

കൂരിരുൾ തിങ്ങീടും-രാത്രിയുമായ് ബന്ധം-കൂ-ടി



@FIOK*.MOC.KTYM

തടവിലമർന്നോനായ്-ഇരുളിൽ പാറാവിൽ
നാശം തന്നത്താ-നാർന്നോനാരാം?

10. താതനിൽ നിന്നുള്ള-തേജസ്സാം നാഥാ!
നിന്നെ ഏല്പിപ്പോ-നാരാണാവോ?
സൃഷ്ടികൾ തൻ മൗലീ-മഹിമാവായോനേ!
നിന്നെ ഏല്പിപ്പോ-നാരാണാവോ?
മലിനതയേറീടും-വാരിധിഗർത്തത്തിൽ
മുങ്ങി വലഞ്ഞോനേ-ഹാ! കഷ്ടം നിൻ ദൗർ-ഭാ-ഗ്യം!
ഉത്തമനേ! നിന്നെ-ദ്വേഷിപ്പോനാര്?
നിന്നെ ദ്വേഷിപ്പോ-നാരെ സ്നേഹിക്കും?

11. നിർമ്മലനായ് നൈർമ്മ-ല്യത്തെ സ്നേഹിക്കും
നാഥനോടായ് നിന്നെ-ഏല്പിക്കുന്നോൻ
ആരാണെന്നേവം-ചോദിപ്പാൻ യോഗം
താപസനാം യോഹ-ന്നാനു ലഭിച്ചു.
സുമുഖതയാൽ ധന്യൻ-പാവനനാം യോഗി
ദിവ്യരഹസ്യങ്ങൾ-അറിയും കന്യാപു-ത്ര-ന്റെ
നെഞ്ചിൽ ചാരിക്കൊ-ണ്ടാവശ്യപ്പെട്ടാൻ
ഈ മഹിതം മർമ്മം-വെളിവാക്കീടാൻ.

12. ഞാനപ്പം നീരിൽ-മുക്കിയവന്നേകും
അതു വാങ്ങുന്നോൻ താ-നേല്പിക്കുന്നോൻ
മുക്കിയതാമപ്പം-കൈക്കൊള്ളുന്നോൻ താൻ
സത്യത്തീന്നോർത്താൽ-ഉരിയപ്പെട്ടോൻ!
വകതിരിവില്ലാതെ-ചതിചെയ്യുന്നോന്
കുറ്റം ചാർത്തുന്നോ-നേകും ഞാൻ നീ-രോ-ടപ്പം
വെള്ളത്തിൽ മുക്കി-നൽകുമതാമപ്പം
ഏല്പതുതാൻ തന്നെ-ഘാതക ചിഹ്നം.



@FIOK*.MOC.KTYM

13. ശിഷ്യസമൂഹത്തിൻ-ഹൃദയത്തിൽ മേന്മേൽ
സങ്കടനീരാവി-കാർപോൽ പൊങ്ങി
മുഖതേജസ്സെല്ലാം-മങ്ങിപ്പോയ് പാടേ
മാലവരെ ചൂഴ്ന്നു-ദിശകളിലെങ്ങും
ആ സന്ധ്യാനേര-ത്തവർ സന്താപത്താൽ
ഉൾഭയമോടേറ്റം-വിറപൂണ്ടുച്ചത്തിൽ-കേ-ണു
കപടതയില്ലാത്തോ-രാ വിമലാത്മാക്കൾ
അഴലോടന്യോന്യം സംസാരിച്ചു.

14. അപ്പെസഹാ തൻ കു-ഞ്ഞാടിനെ ഭക്ഷിച്ചു
മൂശാതൻ മാർഗ്ഗം-താൻ നിറവേറ്റി
ശീമോൻ തൊട്ടുള്ളോ-ർക്കൻപോടേല്പിച്ച
നൂതനമാം മാർഗ്ഗം-ആരംഭിച്ചു
കൊല്ലപ്പെട്ടോനാം-ആ മൃതിഹീനൻ തൻ
ഗാത്രം ഖണ്ഡിച്ചു-തൻ ശിഷ്യന്മാർക്കായ് ന-ൽകി
നമ്പിടുവോർക്കെല്ലാം-പാപത്തെ പോക്കും
തൻ തിരുമെയ്യും തൻ-നിണവും തന്നെ.

### ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം
നാശം പ്രാപിച്ചാർ വഞ്ചനയാൽ മാലിന്യത്തിൻ. ഹാ-

വി. യോഹന്നാൻ 12: 19-33

### മൂന്നാം കൗമാ

### കൗമാ

പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തി നമിക്കാമീ രാവിൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും മാനം ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

## എക്ബോ

*(മൃതിയെ നുകർന്നുത്ഥാ ... എന്ന പോലെ)*

**ജാതികളെ കുരിശാൽ-താതന്നരികെ**

**ചേർത്തോനാ-മാദ്യൻ-തനയൻ സ്തുത്യൻ.**

*കുറിയേലായിസോൻ. കുറിയേ ... കുറിയേ ...ഞങ്ങളുടെ കർത്താവേ! ...*

*സ്തൗമെൻകാലോസ് കുറിയേലായിസോൻ.*

## പ്രുമിയോൻ

## കോലോ

**1. ശെമവൂൻ ആംഗ്യം കാട്ടി/ വ്രതസ്ഥനായ യൂഹാനോനെ വിളിച്ച് അവനോട്/ നമ്മുടെ ഇടയിൽ മറഞ്ഞിരുന്നുകൊണ്ട്/ നമുക്ക് പ്രതികൂലി യായിത്തീരുകയും/ സാത്താനാകുകയും ചെയ്തിരിക്കുന്നവൻ ആര് എന്ന് ചോദിച്ചു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. ശരണമായവൻ ലോകത്തിലേക്കു വന്നു. സ്വജനം ശരണത്തെ ഹനിച്ചു. ജാതികളിലേക്ക് അവനെ തള്ളിക്കളഞ്ഞു. ജാതികൾ ഓടി യെത്തി അവർക്കായി വന്ന ശരണത്തെ സ്വീകരിച്ചു. തന്റെ നാമത്തെ അവർ സ്തുതിക്കുന്നു. നിന്റെ ശരണത്തിൽ ഞങ്ങളെ സ്ഥിരപ്പെടുത്തണമേ. മൊറിയോറാഹേം ...**

## എത്രോ

## വീണ്ടും കോലോ

**1. ശിഷ്യന്മാർ ദൈവപുത്രനോട് പറഞ്ഞതെന്തെന്നാൽ/ നീ പറഞ്ഞ ദൃഷ്ടാന്തം ഞങ്ങൾക്കു മനസ്സിലാക്കിത്തരണമേ. നിന്നെ ഒറ്റിക്കൊടു ക്കുന്നവൻ ആരാകുന്നു? നിന്റെ ശ്രേഷ്ഠതയ്ക്കെതിരായി പതിയിരിപ്പാൻ തുനിഞ്ഞിരിക്കുന്നവൻ ആരാകുന്നു? പ്രകാശത്തിൽനിന്ന് വേർപിരിഞ്ഞ് അന്ധകാരത്തിലേക്കു പോകുന്നവൻ ആരാകുന്നു? സാത്താന്റെ സഖി യായിത്തീർന്നുകൊണ്ട്/ മഹോന്നതന്റെ പുത്രനായ നിന്നെ ദ്വേഷിക്കുന്ന വനും ആരാകുന്നു? കർത്താവ് അപ്പംകൊണ്ട് അടയാളം നൽകി വഞ്ച കനെ പരസ്യമാക്കി.ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. 'പെസഹാ കഴിയുവോളം/ ജനത്തിൽ കലഹമുണ്ടാകാതിരിപ്പാൻ ഇന്ന് നാം അവനെ പിടിക്കേണ്ട. എല്ലാവരും കഴിവുള്ള പ്രകാരം സ്വയം ഒരു ങ്ങിവന്ന്/ വെള്ളിയാഴ്ച മൂന്നു മണിക്ക് അവനെ മരത്തിന്മേൽ തൂക്കുവാൻ തയ്യാറാകണം' എന്ന്/ കയ്യാപ്പാ പറഞ്ഞ പ്രകാരം/ തന്നെ കുടുക്കിൽപെ ടുത്തേണ്ടതിന്/ വ്യാജേന ഗൂഢാലോചന ചെയ്ത് വഞ്ചന നിരൂപിച്ചു. നമ്മുടെ രക്ഷയ്ക്കുവേണ്ടി ഇവയെല്ലാം സഹിച്ചവനു സ്തുതി.**



@FIOK*.MOC.KTYM

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ ഏറ്റൊരു പീഡാ
താഴ്ചകളേറ്റം ധന്യം നാഥാ!

1. നരനായ്ത്തീർന്നോ-രത്യുന്നതനെ
ചതിയർക്കറിയാൻ-സാധിച്ചില്ല
തന്നെ അന്ധ-ന്മാർ കണ്ടില്ല
പോരാട്ടത്തിൽ-മുറിവേറ്റോൻ നീ
മർത്യർക്കെല്ലാം-വിടുതൽ നൽകി.

2. ഇടയൻ വന്നാൻ-ആട്ടിൻകൂട്ടം
ശാന്തിസ്ഥലമാ-ർന്നിടുമെന്നേവം
ദൃഷ്ടാന്തത്താൽ-സംസാരിച്ചു
പിതൃഗേഹത്തെ-പ്രാപിച്ചീടാൻ
വാഗ്ദാനമതും-നൽകപ്പെട്ടു.

3. തൻ യാഗത്താൽ കുറ്റക്കാരെ
രക്ഷിച്ചോനാ-മാചാര്യേശാ!
സ്തോത്രം, സ്വാത-ന്ത്ര്യം പ്രാപിച്ചോ-
രാട്ടിൻകൂട്ട-ത്തിൻ സ്തുതിയേറ്റോൻ
സ്തുത്യൻ പിതൃറൂ-ഹായോടൊപ്പം.

നിൻ വിധി ചെയ്തോർ-വിധിയേല്ക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ.മൊറിയോറാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...
ദാസന്മാർക്കായ് വിടുതൽ നൽകാനടി കൊണ്ടോനേ
ക്രൂശേറ്റത്തിൻ സ്തുതി പാടീടാൻ വീര്യം നൽക
ക്രൂശിന്മീതേ നഗ്നതയാർന്നോനേ നിൻ ശക്ത്യാ

നിൻ കാര്യങ്ങൾ സംസാരിപ്പാനിടയാകേണം
കുത്തേറ്റോനേ സ്നേഹത്താൽ നീ ക്ലേശം പൂണ്ടു
സർവ്വം വർണ്ണിച്ചീടാനെന്മേൽ കൃപ ചെയ്യേണം.
ന്യായാഗാരേ വെള്ളിടിയാം നീ മൗനം നിന്നു
നിൻ മാഹാത്മ്യം വിവരിച്ചീടാൻ ബലമേകേണം. ദേവാ! ...

നിൻ സ്കീപ്പായാൽ ഇടമാശ്ചര്യം പാരം പൂണ്ടു
കൗടില്യത്തിൻ വമ്പു തകർന്നു താഴ്ത്തി മൗലി
പാതാളത്തിൻ കോട്ടകളെ നിൻ നാദം വീഴ്ത്തി.
ആ സോപാനം വഴിയായ് വാനോർ യാനം ചെയ്തു.
ഞങ്ങൾതൻ വർഗ്ഗത്തെ ദുഷ്ടൻ മൃതിയിവയീന്നും
രക്ഷിപ്പാൻ സാമോദം പാടേറ്റോൻ നീ സ്തുത്യൻ.
സ്നേഹേ നിന്നെ പ്രേഷിപ്പിച്ചോൻ താതൻ വന്ദ്യൻ
എന്നെന്നേക്കും പരിശുദ്ധാത്മാവിന്നായ് സ്തോത്രം. ദേവാ! ...

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിപ്പൂ
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.ദേവാ! ...

## മദറോശോ

(മൃതിയെ നുകർന്നുത്ഥാ ... എന്ന രീതി)

1. ജാതികളെ-കുരിശാൽ താത-ന്നരികെ
   ചേർത്തോനാ-മാദ്യൻ തനയൻ-സ്തുത്യൻ.
2. മരണത്തിൻ നദിയീ-ന്നും രക്ഷിതരാം
   ഉണ്ണികളി-ന്നാളിൽ-സന്തോ-ഷിച്ചു
   ഫറവോൻ തൻ കഥതീ-ർന്നതിനാ-ലിന്നാൾ
   താതന്മാർ സുതരൊ-ത്താന-ന്ദിച്ചു
3. തടവിലിരു-ന്നോരാം-ചെറുപു-ഷ്പങ്ങൾ
   നീസാൻ മാസത്തിൽ-വിടുതൽ നേടീ
   ഇപ്പെരുന്നാൾ-തന്നിൽ-മരുവാം ധരയിൽ
   ഒരുപോൽ പു-ഷ്പിച്ചു-ശിശുപുഷ്പങ്ങൾ


@FIOK*.MOC.KTYM

4. ശബ്ദമെഴും-നീസാൻ-മാസം തന്നിൽ
ഉണ്ണികൾ നിർഭയമായ്-സംസാരിച്ചു
ഘാതകർ നാ-ദം-കേ-ട്ടിടുമെ-ന്നോർത്ത്
വായ്പൊത്തി-പേടിച്ചാ മാതാക്കൾ

5. തടവില്ലാ-തായോരാട്ടിൻ-കിട പോൽ
ഉണ്ണികളാ-വഴിയിൽ നൃത്തം വച്ചു
മൂശാ ബന്ധിച്ചോ-രിക്കു-ഞ്ഞാട്
ഉണ്ണികളാ-മാട്ടിൻ-കിടയെ-വീണ്ടു.

6. ആ മാസം-തന്നിൽ-അപ്പെ-രുന്നാളിൽ
നിഹനിക്കപ്പെട്ടു-പൊരുളും നിഴലും
പെസഹാക്കു-ഞ്ഞാടും സാക്ഷാലാടും
നിർഗ്ഗതമായ് കൃപയെ-നിരസി-ച്ച ജനം.

7. ആടവരെ-മിസറേ-മീന്നും-വീണ്ടു
കാളയെ വന്ദിച്ച-ങ്ങാ മ-ത്സരികൾ
കാളയെ മരു-ഭൂവിൽ മറവിൽ കൊന്നാർ
തനുവിനു വേ-ണ്ടീട്ടാ-ത്മം പാ-ഴാക്കി.

8. ആടിനെ ആ-രാധിച്ചെങ്കിൽ നൂനം
ഏറ്റുപറ-ഞ്ഞേനേ-അപരാധങ്ങൾ
ജാതികൾ കുഞ്ഞാടിൻ-പെരുന്നാൾ-കൂടി
സൂചനകൾ തീർന്നു-സ്വജനം മാഞ്ഞു.

9. നിർഗ്ഗതരായ്-ജനമ-പ്പത്തീറയൊടും
വിഗ്രഹസേവനമാം-പുളിമാ-വോടും
പത്തീറാ-വായിൽ-പുളിമാ-വുള്ളിൽ
പാപച്ചായ്വിനു മാ-റ്റം വന്നില്ല.

10. പത്തീറാ-തന്നിൽ-പ്രാണൻ ഗുപ്തം
അതു തിന്നീടരുതേ-ശിശുപോ-ലാരും
ഇന്നാൾ സാക്ഷാൽ കു-ഞ്ഞാടിൻ രക്തം
ശിഷ്യസമൂഹത്തി-ന്നുള്ളിൽ-ലീനം.



@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ–ഹാ–ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം

നാശം പ്രാപിച്ചാർ വഞ്ചനയാൽ മാലിന്യത്തിൻ. ഹാ–

വി. യോഹന്നാൻ 12 : 34–50

ഹാലേലുയ്യാ ഹാലേ ... ഹാലേ ... ദൈവമേ! നിനക്കു സ്തുതി

(മൂന്നു പ്രാവശ്യം)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു

കരുണചെയ്യണമേ. മൊറിയോ ...

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റ് ... (പേജ് 40)

ത്രിത്വത്തിനു സ്തുതി ... (പേജ് 43)

## നാലാം കൗമാ

സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

## കോലോ

1. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു/ 'ഞാൻ കഷ്ടാനുഭവത്തിനായി ഒരുങ്ങുന്നു. മണ്മയനായ ആദാമിന്റെ മക്കളുടെ ഹൃദയം ചഞ്ചലപ്പെടേണ്ട. എന്റെ കഷ്ടതയാൽ അവരുടെ ആത്മാക്കളെ/ പൊടി മണ്ണിൽനിന്ന് ഞാൻ വീണ്ടെടുക്കും'

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ഞങ്ങളുടെ കർത്താവേ/ ഞങ്ങൾക്കുവേണ്ടിയുള്ള കഷ്ടാനുഭവത്താൽ/ ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തി. നിന്റെ ഇടവക അതിനുവേണ്ടി/ നീ സഹിച്ച കഷ്ടതകൾ വഹിച്ചിരിക്കുന്നതിനാൽ/ നിന്റെ ആർദ്രതയാൽ അവരോട് നീ ഉത്തരം അരുളുകയും/ നിന്റെ ആരാധകരുടെ യാചന കൈക്കൊള്ളുകയും ചെയ്യുമാറാകണമേ. മൊറിയോറാഹേം.........

## എത്രൊ

## വീണ്ടും കോലോ



@FIOK*.MOC.KTYM

**1. എന്റെ സഹോദരന്മാരേ, വരുവിൻ,/ സെഹിയോൻ പുത്രി പ്രവർത്തിച്ച സംഭ്രമജനകമായ കാര്യവും/ അബ്രഹാമിന്റെ മക്കൾ ചെയ്ത ദുഷ്ടത യും/ ഇസഹാക്കിന്റെ മക്കൾ ചെയ്ത അധർമ്മവും ഞാൻ പ്രസ്താവി ക്കാം. അവർ അവരുടെ നാഥനെതിരായി മത്സരിച്ചു. അവരെ ശാസിക്കു കയും/ അവരുടെ വഞ്ചനയെ വെളിപ്പെടുത്തുകയും ചെയ്തതിനാൽ അവർ തനിക്കു സ്കീപ്പാമരം ഒരുക്കി.ബാറെക്മോർ – ശുബഹോ – മെനഓലം**

**2. അസൂയയാൽ അന്ധതപിടിച്ച ജനം/ ചെന്നായെപ്പോലെ കുഞ്ഞാ ടിന്മേൽ ചാടിവീണു. തന്റെ മഹാ കരുണയാൽ അവരുടെ രോഗികളെ സൗഖ്യമാക്കിയതിനു പകരം/ അവർ തന്നെ നിന്ദിക്കുകയും നിരസിക്കു കയും/ അവർക്കു നന്മ പ്രവർത്തിച്ച നാഥനെ പരിഹസിക്കുകയും ചെ യ്തു. അതിരില്ലാത്ത നീതിമാനായ തന്റെ താഴ്മയ്ക്കു സ്തുതി.**

## ബോത്തേദ്ഹാശോ

**ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ-**
**താഴ്ചകളേറ്റം-ധന്യം നാഥാ!**

**1. ദൈവം മർത്യ-ർക്കപ്രാപ്യൻ താൻ**
**അതിനാൽ നര-രക്ഷക്കായ് ദൈവം**
**ഭൂലോകത്തെ-സന്ദർശിച്ചു**
**സൗഖ്യം രോഗാ-ർത്തന്മാർക്കേകി**
**അവനെ ജനമോ-കൊല ചെയ്തല്ലോ**

**2. തനയൻ തന്റെ-പീഡാവാർത്ത**
**കാലം തോറും-നിബിമാർ ചൊന്നു**
**പൂണ്ടാനന്ത്യം-താൻ മർത്യത്വം**
**ദർശകവാക്യം-സകലം ഭംഗ്യാ**
**നിറവേറ്റിക്കോ-ണ്ടേറി ക്രൂശിൽ.**

**3. പ്രകൃതത്തിൽ ക്ലേ-ശം തീണ്ടാത്തോൻ**
**ക്ലേശം കൈക്കൊണ്ടീടാൻ വന്നാൻ**
**ശ്രേഷ്ഠൻതൻ പു-ത്രൻ നാഥാ നിൻ**
**പേർക്കായ് സ്തോത്രം-ചൊന്നീടുന്നു**
**ഘോഷിക്കുന്നു-സതതം സ്തോത്രം.**



@FIOK*.MOC.KTYM

നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ ഞങ്ങളെയീശാ.

മൊറിയോറാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ! സ്കീപ്പാമൃതി കഷ്ടതകൾക്കായ് വന്നോനെ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. മിസറേമീന്നും വന്നോളാം പ്രിയയെ കടലിൽ നിന്നും
രക്ഷിച്ചോനാം പ്രിയനൊടു ചെയ്തത് മൂശേ കാൺക
ഗോഗുൽത്തായിൽ പ്രിയനായ് നൽകിയ ഭോജനമതിനാൽ
സൽക്കാരത്തിൻ സ്വാദറിയാൻ വന്നാലും മൂശേ. ദേവാ! ...

2. പാരം ദുഷ്ടതയുള്ളോൾ പാനീയം ക-യ്പാക്കി
വാളിന്നേറ്റി മൂർച്ച, തറച്ചാൾ വൻകൂരാണി
എബ്രായാത്മജ നൽകിയ ഭോജ്യം ദർശിച്ചാലും
ആശീമോനിൽ ചെയ്തതിനോടിതു സമമോ നോക്കൂ.
ദേവാ! ...

3. മൂശാ കേണാൻ മുന്തിരിലതയേ വേലക്കാരാം
കയ്യാപ്പാവും ഹന്നാൻ താനും പിഴുതെന്നേവം
വഞ്ചിക്കുന്നോർ മുള്ളു വിതച്ചാരത്തോട്ടത്തിൽ
കയ്പേറീടും വന്യഫലം താനങ്ങുണ്ടായി. ദേവാ! ...

4. അബ്രാഹാമിൻ മുന്തിരിവള്ളിക്കെന്തൊരു മാറ്റം
ഇസഹാക്കിന്നുടെ മുന്തിരിയിൻ സ്വാദില്ലാതായി
അദ്ധ്വാനിച്ചോൻ യാക്കോബേ നീ ഉണരുന്നില്ലേ?
കൈയേറീടും ഹീനന്മാരാൽ തോട്ടം ശൂന്യം . ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.
ദേവാ! ...

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ ... (പേജ് 45)



@FIOK*.MOC.KTYM

**ഞങ്ങളുടെ കർത്താവേശുമിശിഹാ ... (പേജ് 47)**

**കൗമാ**

**നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും**

**നിന്നെയും പീ-ഡകളെയുമേറ്റ-ജാതി പൂ-കും രാജ്യം.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# ബുധനാഴ്ച പ്രഭാതം

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ

നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും

നിന്നെയും പീ-ഡകളെയുമേറ്റ-ജാതി പൂ-കും രാജ്യം.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## പ്രാരംഭ പ്രാർത്ഥന

ദൈവമേ! നിന്റെ കൃപ പോലെ ... പേജ് 2)

## എനിയോനോ

(മോദം ഭൂസ്വർഗ്ഗങ്ങൾ ... എന്ന പോലെ)

1. ഞങ്ങളെ വൻ-യാതനയാൽ
തെറ്റിൽനിന്നും വീണ്ടോനേ!
കർത്താവേ! നിൻ-കൃപയെ വാഴ്ത്താത്തോനുണ്ടോ
ദേവേശാ!-ദയ ചെയ്തീടേണം.
2. കായികമാം-കഷ്ടതയാൽ
ഞങ്ങടെ-കഷ്ടത തീ-ർത്തോ-നേ,
നിൻ-മരണത്താൽ-മരണത്തെ മായിച്ചോനേ, ദേവേശാ! ...
3. പുത്രൻ തൻ-ഹാശായിൽ
കഷ്ടതയാർന്നിടേ-ണം-നാം
ഉത്ഥാനത്തിൽ-തൻ രാജ്യത്തിൽ മോദിപ്പാൻ. ദേവേശാ! ...
4. ജഡപരമായ്-ഞങ്ങൾക്കായ്
യാതനയേറ്റോനാം-നാ-ഥാ,
ഞങ്ങളെയീശാ-പാപത്തീന്നും വീണ്ടിടുക. ദേവേശാ! ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...

5. വിമലസഭേ! മോദിക്ക



@FIOK*.MOC.KTYM

**ഹാശായാൽ-നിൻ മ-ക്കൾ-ക്കായ്**

**സ്വാതന്ത്ര്യം ത-ന്നോനാത്മജനെ കീർത്തിക്ക. ദേവേശാ! ...**

**കുറിയേലായിസോൻ.**

**എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു ... (പേജ് 49)**

## എനിയോനോ

**(ദേവേശാ! മശിഹാ-സ്വസ്നേഹത്താൽ ... എന്ന പോലെ)**

1. **ദേവേശാ! മശിഹാ-സ്വസ്നേഹത്താൽ**
**ആദാമിൻ മെയ് കൈക്കൊണ്ട്**
**വ്യഥയും മരണവുമേറ്റോനേ!**
**നിൻ മുൻവ-ന്നേൻ കൃപ ചെയ്കെന്മേൽ.**

2. **ദേവേശാ മശിഹാ-പാതകിയെപ്പോൽ**
**ദുഷ്ടന്മാർ തൻ നിന്ദകളേ-**
**റ്റടിമത്തം മായിച്ചോനേ! നിൻമുൻ വ-ന്നേൻ ...**

3. **ശിഷ്യന്മാരോടായ്-നിങ്ങളിലൊരുവൻ**
**എന്നെ ശത്രുക്കൾക്കേല്പി**
**ച്ചിടുമെന്നേവം ചൊന്നോനേ! നിൻമുൻ വ-ന്നേൻ. ...**

4. **മാനവവർഗ്ഗത്തെ-ജീവദമാം നിൻ**
**യാതനയാൽ യാതന നീക്കി**
**സ്വാതന്ത്ര്യത്താൽ വീണ്ടോനേ! നിൻമുൻ വ-ന്നേൻ ...**

5. **നാഥാ ഞങ്ങൾക്കായ്-പാടേറ്റോനേ!**
**ദുർബലരാമീ ഞങ്ങൾ തൻ**
**പാപക്ലേശം നീക്കണമേ! നിൻമുൻ വ-ന്നേൻ ...**

6. **രക്ഷയ്ക്കാഗതനായ്-വിനയം മൂലം**
**യാതന നീക്കി സ്വാതന്ത്ര്യം**
**ഞങ്ങൾക്കേകിയവൻ ധന്യൻ! നിൻമുൻ വ-ന്നേൻ ...**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**



@FIOK*.MOC.KTYM

7. സാരാംശത്തിൽ-സത്യൈകേശാ
പിതൃസുതപരിശുദ്ധാത്മാവാം
ത്രിത്വാത്മകനേ! സ്തോത്രം തേ. നിൻമുൻ വ-ന്നേൻ ...
കുറിയേലായിസോൻ.

ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ അറിയിക്കുന്നു ....
(പേജ് 51)

## എനിയോനോ

(മശിഹാ ജീവിച്ചെഴുന്നേറ്റു ... എന്ന പോലെ)

1. വത്സലനാം ദൈവസുതന്റെ-വിശ്രുതമാം നല്ലൊരു തോട്ടം
വിശ്വാസക്കനി നൽകാതെ-വന്യഫലം നൽകി വിചിത്രം.
2. അബ്രാമിൻ മുന്തിരിവള്ളി-യാക്കോബിൻ സുതയാം ചില്ലി
ഇസഹാക്കിൻ ശാഖാവല്ലി-മൂശാതൻ കനി മഹനീയം.
3. അവരവനെ ആക്ഷേപിച്ചു-കുരിശിപ്പാൻ വിധിയും നൽകി
ക്രൂശകിയെ പാടേ നീക്കി-തിരുസഭയെ വധുവായേറ്റാൻ.
4. വെളിവാക്കി രക്ഷകനിന്നാൾ-നിജഹാശാ തൻ വൃത്താന്തം
നിർമ്മലരാം ശ്ലീഹന്മാർ തൻ-മനമഴലാലാകുലമായി.
5. വഞ്ചകനാം യൂദായിന്നാൾ-സ്വയമേ ശിഷ്യഗണം വിട്ടു
ചെന്നയ്യോ ഗുരുവിനെ വിറ്റു-വാങ്ങിവിലയ്ക്ക-പമരണത്തെ
ബാറെക്മോർ. ശുബഹോ ... മെനഓലം ...
6. അത്യധികം നന്മ നമുക്കായ്-ചെയ്തോനെ കൊല ചെയ്തീടാൻ
നേരറ്റോരാചാര്യന്മാർ-സംഘം ചേർന്നാലോചിച്ചു.
കുറിയേലായിസോൻ.

കർത്താവിന് ഒരു പുതിയ പാട്ടും ... (പേജ് 53)

## എനിയോനോ

(യൗമ്മോനോ)

1. ഇന്നാളിൽ-നാഥൻ വിശദം-ശിഷ്യന്മാരോടേവം ചൊന്നാൻ
ഏല്പിച്ചുകൊടുത്തെൻ വില നിങ്ങളി-ലൊരുവൻ വാങ്ങും
നേടീടുമവൻ-യാതനയും വൻതീ-നരകമതും.



@FIOK*.MOC.KTYM

2. ഇന്നാളിൽ-സർവ്വരഹസ്യങ്ങളുമറിവോനേവം-വെളിവാക്കി
ശിഷ്യരിലേകൻ യൂദർക്കെന്നെ ഏൽപ്പിച്ചീടും
തന്മൂലമവൻ-സ്വാത്മത്തെ സ്വയമേ നിഹനിക്കും.

3. ഇന്നാളിൽ-തൻ യാതനയെ-മുൻനിർത്തി സർവ്വേശൻനാഥൻ
നിങ്ങളിലൊരുവൻ യൂദർക്കെന്നെ ഏല്പിച്ചീടുമെ-
ന്നോതിയ നേരം-ശിഷ്യന്മാരേറ്റം-ഖേദിച്ചു.

4. സ്ലീബായാൽ-രക്ഷിച്ചോനേ, മർത്യർക്കായ് മരണം പൂണ്ടോനേ!
ഓഹരി തിരികെ നൽകുകയാലങ്ങാദമിനാലെ
കീർത്തിതനായോ-രീശോരാജാവേ-സ്തോത്രം തേ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...

5. മാനവരെ-മരണത്തീന്നും-രക്ഷിച്ചോൻ നാഥാ!നീ സ്തുത്യൻ
ഞങ്ങടെ രക്ഷയ്ക്കങ്ങയെ വിട്ടോൻ താതൻ സ്തുത്യൻ
പരിശുദ്ധാത്മാ-വെന്നെന്നേക്കും താൻ-ബഹുമാന്യൻ.
കുറിയേലായിസോൻ.

## സങ്കീർത്തനം

കർത്താവേ! ഞെരുക്കകാലത്ത് നീ എന്തുകൊണ്ട് ദൂരെനിന്ന് നിന്റെ നോട്ടം മാറ്റിക്കളയുന്നു.

(ഹോനോയൗമ്മോ ... എന്ന രീതി)

(സ്നേഹമോടെത്തിയ സൽപുത്രാ ... എന്ന പോലെ)

1. ഇന്നാൾ നാഥൻ-ഗൂഢരഹസ്യം, പന്തിരുവർക്കായ് വെളിവാക്കി
എൻവില നിങ്ങളി-ലൊരുവൻ വാ-ങ്ങിടുമെന്നേവം.
കുറിയേലായിസോൻ

ദുഷ്ടന്മാരുടെ അഹങ്കാരത്താൽ ദരിദ്രർ ദഹിച്ചുപോകുന്നു. അവർ ചിന്തിച്ച ആലോചനയിൽ അവർ പിടിക്കപ്പെടും.

2. ഇന്നാളാട്ടിൻ-കൂട്ടം വിട്ടിട്ടാച്ചെന്നായ് ചെന്നഥ ചേർന്നു
കയ്യാപ്പാ തൻ സംഘത്തിൽ-സ്വയമേ തന്നെ.
കുറിയേലായിസോൻ

**സ്വന്തമോഹങ്ങളിൽ ദുഷ്ടൻ പ്രശംസിക്കുന്നു. അധർമ്മി വാഴ്ത്തപ്പെടുമ്പോൾ കർത്താവ് കോപിക്കുന്നു.**

**3. ഇന്നാൾ യൂദാ-വഞ്ചന മൂലം സ്നേഹിതരീന്നും വേർപെട്ടു**
**സത്യാത്മകനാ-മിടയന്നെതിർ സംസാരിച്ചാൻ.**

**കുറിയേലായിസോൻ**

**ദുഷ്ടൻ അവന്റെ അഹങ്കാരത്തെ പരിശോധിക്കുന്നില്ല. അവന്റെ ചിന്തകളിലൊന്നും ദൈവമില്ല.**

**4. ഇന്നാൾ നല്ലോൻ-സ്വയമേല്പിച്ചാൻ പീഡയ്ക്കും മരണത്തിന്നും**
**ഏദനിലപരാധം ചെയ്തോനാമാദാമ്മിന്നായ്.**

**കുറിയേലായിസോൻ**

**അവന്റെ മാർഗ്ഗങ്ങൾ സദാ കുഴഞ്ഞവയാകുന്നു. അവന്റെ മുമ്പിൽനിന്ന് നിന്റെ നീതി തള്ളപ്പെട്ടിരിക്കുന്നു.**

**5. ഏകൻ മൃതിയാ-ർന്നീ ജനതതിയെ രക്ഷിപ്പതു നന്നെന്നിന്നാൾ**
**രക്ഷകകാര്യം മുൻചൊന്നാ-നാചാര്യേശൻ.**

**കുറിയേലായിസോൻ**

**അവന്റെ എല്ലാ വൈരികളെയും ദുഷിച്ചുകൊണ്ട് ഞാൻ ഒരിക്കലും ഇളകുകയില്ലെന്ന് അവന്റെ ഹൃദയത്തിൽ പറയുന്നു. അവൻ ദുഷ്ടത ചിന്തിക്കുന്നു. അവന്റെ വായിൽ ശാപം നിറഞ്ഞിരിക്കുന്നു. ചതിയും വഞ്ചനയും അധർമ്മവും ദുഷ്ടതയും അവന്റെ നാവിൻ കീഴിലുണ്ട്.**

**6. ഇന്നാൾ നാഥൻ-ശിഷ്യന്മാരോട് ചൊന്നേവം ഖേദിക്കേണ്ടാ**
**ജീവൻ നിങ്ങൾക്കുണ്ടാവാൻ ഞാൻ-ജീവിക്കും.**

**കുറിയേലായിസോൻ**

**അവൻ വാസസ്ഥലത്തു പതിയിരിക്കുന്നു. ഒളിവിൽ ധാർമ്മികനെ കൊല്ലുന്നു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**7. ഇന്നാൾ നാഥൻ-ചൊന്നാനെന്നെ യൂദന്മാർക്കായേൽപ്പിക്കും**
**നിബിയന്മാർ തൻ ലിഖിതങ്ങൾ നിറവേറീടും. ആമ്മീൻ.**

**പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി ... (പേജ് 56)**

**ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ ... (പേജ് 40)**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**



@FIOK*.MOC.KTYM

## പ്രുമിയോൻ

## കോലോ

(കൂക്കോയോ രീതി)

1. ബുധനും വ്യാഴവുമേരുശലേം-പുരിയിൽ വൻ ബഹളം
വിറ്റവനും വാങ്ങിച്ചവനും-നേടിയതില്ലേതും
യൂദാ വിറ്റു-കയ്യാപ്പാ വാങ്ങി
ഇരുവരുമൊരുപോൽ-വഞ്ചകരാം ശിഷ്യർ
ലാഭം സിദ്ധിച്ചില്ല കൊടു-ത്തോനും കൊണ്ടോനും
നരകത്തോടങ്ങെരിതീയും-രണ്ടാൾക്കും സജ്ജം!
ഹാലേലുയ്യാ-കഷ്ടമവർക്കെന്നും.

ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.

2. ഗുരുവിനെ വഞ്ചിപ്പാൻ ശപ്തർ-ദ്രവ്യാഗ്രഹിശിഷ്യൻ
ദുഷ്ടപിശാചിൻ സന്തതിയ-പ്രാണദനുടയോനെ
ചതിവാൽ വിറ്റ്-ദ്രവ്യം നേടീടാം
എന്നകതാരിൽ-ചിന്തിച്ചാൻ ഗൂഢം
ആഗതനായ് ശിഷ്യൻ കൈയാൽ-വിൽക്ക-പ്പെട്ടു
തൻ രക്തത്താൽ തിരുസഭയെ-വാങ്ങി സ്ലീബായാൽ
ഹാലേലുയ്യാ-രക്ഷിച്ചോൻ സ്തുത്യൻ. മൊറിയോ ...

## എത്രോ

## വീണ്ടും കോലോ

1. താണിറങ്ങിവന്ന് ശരീരം ധരിക്കുകയും/ ആദാമിനെ അവന്റെ സ്ഥലത്തുവച്ച് സന്ദർശിക്കുകയും/ അവനെ വീഴ്ചയിൽ നിന്നെഴുന്നേൽപ്പിക്കുകയും ചെയ്ത ദൈവമേ നിനക്കു സ്തുതി. മനുഷ്യവർഗ്ഗം ഉയർത്തപ്പെടുകയും/ പിശാചുക്കൾ വീഴുകയും ചെയ്വാൻ തക്കവണ്ണം നീ വിനയപ്പെടുകയും കഷ്ടതകൾ സഹിക്കുകയും ചെയ്തു. അക്രമികളാൽ നീ പരിഹസിക്കപ്പെട്ടു. ശമറിയാക്കാരൻ എന്ന് നീ വിളിക്കപ്പെട്ടു. ആ അഹങ്കാരികൾ അന്ധതപ്പെടാതിരിപ്പാനായി/ നിന്റെ പ്രഭയെ നീ മറച്ചു വച്ചു. നിന്റെ സകല നന്മകൾക്കും പകരം അന്യായക്കാർക്കുള്ള നിന്ദയിൻ സ്കീപ്പാ അവർ നിനക്കായി ഒരുക്കി. ബാറെക്മോർ. ശുബഹോ.....

2. നെടുവീർപ്പോടെ പ്രാർത്ഥിപ്പാൻ നീ മുട്ടുകുത്തി. പ്രാർത്ഥനകളെ കൈക്കൊള്ളുന്ന നീ/ മുഴക്കം നിറഞ്ഞ ശബ്ദത്തിൽ നിന്റെ പിതാവിനോടു പ്രാർത്ഥിച്ചു. നീ മനുഷ്യനായിത്തീർന്നതുകൊണ്ട്/ പ്രാർത്ഥനയ്ക്കായി സ്നേഹത്തോടെ നീ സ്വയം വിനയപ്പെട്ടു. സ്രാപ്പേന്മാർ നിന്റെ മുമ്പിൽ ഭയന്നു വിറയ്ക്കുകയും,/ തങ്ങളുടെ മുഖം മറയ്ക്കുകയും ചെയ്യുന്നു. സീയോൻ പുത്രന്മാരായ ഭോഷന്മാർ/ നിനക്കായി നിന്ദയുടെ സ്കീപ്പാ ഒരുക്കി. അന്ധകാരത്തിൽനിന്ന് അവർ രക്ഷപെടുവാൻ/ അവർക്കുവേണ്ടി ഇത്രത്തോളം സഹിച്ചവനായ നിനക്കു സ്തുതി.

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. വിമലൻ വീരൻ-മാലേറ്റെങ്കിൽ
ഒഴിവാകും മൺ-മക്കളിലേവൻ?
വിനയം നീ ശീ-ലിപ്പിച്ചോണം
ശീലിപ്പിക്കാൻ-മർത്യന്മാരിൽ
പാർത്താലാർക്കും-മഹിമാവില്ല.

2. സൗഖ്യപ്രദനാം-വൈദ്യൻ പേർക്കായ്
ദോഷം നിറയും-പകരം നൽകി
നീ രോഗാർത്ത-ർക്കേകി സൗഖ്യം
തലയിൽ തല്ലി-മുഖതാർ തന്നിൽ
തുപ്പി കുമ്പി-ട്ടാക്ഷേപിച്ചു.

3. ഹൃദയം കഠിനം-മൃദുവായില്ല
നിന്ദ്യം കർമ്മം-കൈവിട്ടില്ല
ഹാ ദൈവത്തെ-വിദ്വേഷിച്ചാർ
അവരെ തനയൻ-തീരെ താഴ്ത്തി
വിശ്വാസത്തിൽ-വിഘ്നക്കാരായ്.

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...



@FIOK*.MOC.KTYM

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

1. എന്നെ നിങ്ങളിലൊരുവൻ താൻ
ഏല്പിച്ചിടുമെന്നുരചെയ്താൻ
ഇതു കേട്ടപ്പോൾ ശിഷ്യന്മാർ
ഭീതി നിമിത്തം ചഞ്ചലരായ്!
മ്ളാനത പൂണ്ട മുഖത്തോടെ
സംഭ്രമപൂർവ്വം മന്ത്രിച്ചു
എന്തോതണമെന്നറിയാതെ
നോക്കുകയായവരന്യോന്യം. ദേവാ! ...

2. ഗുരുമൃതിയോർത്തോ വേർപിരിയും
ശിഷ്യനെയോർത്തോ കരയേണ്ടു?
ഗുരുവിങ്കൽ പരമസ്നേഹം
സ്നേഹിതനിൽ ബഹു വാത്സല്യം
ഗുരുവേ! വിരഹം ഖേദകരം
പ്രിയനേ! നഷ്ടം ഖേദകരം
ഉള്ളിലുയർന്ന വിഷാദത്താ-
ലവരത്യന്തം പേടിച്ചു. ദേവാ! ...

3. ദൈവസുതാ നിന്നെ നിന്ദി-
ച്ചയ്യോ കൈവിട്ടോനാരാം
മഹിതസ്ഥാനം വിട്ടിന്നാൾ
വീണോനാം വത്സലനാരാം
സിംഹാസനമതു വിട്ടയ്യോ
പടുകുഴിയിൽ പെട്ടോനാരാം



@FIOK*.MOC.KTYM

പ്രാവുസമം വിമലത കാട്ടി
ഗൂഢം കെണി വെച്ചോനാരാം. ദേവാ! ...

4. സ്നേഹം ഭാവിച്ചൊളിവിൽ തൻ
വാളിനു മൂർച്ച വരുത്തുന്നോൻ
സാത്താൻ കക്ഷിയിലുൾപ്പെട്ട്
ക്രൂശകമൈത്രി പുലർത്തുന്നോൻ
ഉജ്ജ്വലതേജസ്സേ നിന്നെ
ഒറ്റുന്നോനാരാണാവോ?
താതൻ തൻ കതിരേ നിന്നെ
തള്ളുന്നോനാരാണാവോ?
ആ ശിഷ്യന്മാരൊന്നാകെ
സങ്കടവും വ്യഥയും പൂണ്ടു. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

## പഴമ വായന

ലേവ്യ. 6: 24 – 7: 7,

1 ശമു. 16: 1–13 ഏശായ 5: 1–7

## ശ്ലീഹാ വായന

അപ്പോ. പ്ര. 19: 21–41, കൊലോസ്യർ 1: 9–23

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ–ഹാ–ഭോഷൻ ചൊല്ലുന്നുള്ളിൽ ദൈവമതില്ലെന്നേവം
നാശം പ്രാപിച്ചാർ വഞ്ചനയാൽ മാലിന്യത്തിൻ. ഹാ–



@FIOK*.MOC.KTYM

**വി. യോഹന്നാൻ 6: 63– 7:13**

**കർത്താവിനെ സ്തോത്രം ചെയ്യുന്നതും ... (പേജ് 60)**

**കൗമാ**

**നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും**

**നിന്നെയും പീ-ഡകളെയുമേറ്റ ജാതി പൂ-കും രാജ്യം.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# ബുധനാഴ്ച മൂന്നാം മണി

## കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ**

**നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും**

**നിന്നെയും പീ-ഡകളെയുമേറ്റ ജാതി പൂ-കും രാജ്യം.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)**

## എനിയോനോ

**(ഒലിവീന്തൽ തലകളെടുത്തൂശാന ... എന്ന പോലെ)**

1. **യാതനയിൽ-ഞങ്ങൾ വിജയം നേടാൻ**
   **യാതനയേ-ല്പാൻ-സദയം വന്നോ-നേ ദേവാ! ...**
2. **ഞങ്ങൾക്കായ്-തോളിൽ കുരിശേറ്റോനേ**
   **സഭയം ക്രോ-ബേ-ന്മാരേന്തുന്നോ-നേ ദേവാ! ...**
3. **ഞങ്ങൾക്കായ്-മാനവനായ്ത്തീർന്നോനേ**
   **അഴലേറ്റാ-ദാമിനെ-രക്ഷിച്ചോ-നേ ദേവാ! ...**
4. **ജഡപരമാം-പങ്കപ്പാടുകളാലെ**
   **ഞങ്ങടെ പാ-പം സർവ്വം തീർത്തോ-നേ ദേവാ! ...**
5. **കരുണയൊടീ-ശുശ്രൂഷകൾ കൈക്കൊണ്ട്**
   **യാചനക-ൾക്കായ് ഉത്തരമരുളേ-ണം ദേവാ! ...**
   **ബാറെക്മോർ. ശുബഹോ ... മെനഓലം ...**
6. **കനിവോടാ-ദാമിനെ സൃഷ്ടിച്ചോനേ**
   **മൃതിയാർന്നോരെ-മോചിപ്പിച്ചോ-നേ ദേവാ! ...**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**



@FIOK*.MOC.KTYM

## പ്രുമിയോൻ

### കോലോ

1. അവരുടെ രോഗികളെ സൗഖ്യമാക്കിയവനെ/ ന്യായസ്ഥലത്തുവച്ച് കുറ്റപ്പെടുത്തുവാൻ/ ശപിക്കപ്പെട്ട യൂദജനം അസൂയയോടെ ആലോചിച്ചു. അവർ രഹസ്യമായി ആലോചിച്ച് പുറപ്പെട്ടു ചെന്ന് തന്നെ പിടിക്കുകയും/ സ്കീപ്പായ്ക്കും മരണത്തിനുമായി വിധിക്കുകയും ചെയ്തു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. കർത്താവേ, നിന്റെ കഷ്ടാനുഭവത്തിൽ/ നിന്റെ സഭ ദുഃഖവസ്ത്രം ധരിച്ചിരിക്കുന്നു. സർവ്വസൃഷ്ടിയും/ സങ്കടവും വിലാപവും അണിയുകയും ചെയ്തിരിക്കുന്നു. ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ മരണത്തിൽ ഞങ്ങൾ പുകഴുന്നു. നിന്റെ വരവിന്റെ ദിവസത്തിൽ/ നിന്റെ മണവറയ്ക്ക് ഞങ്ങളെ യോഗ്യരാക്കണമേ. മൊറിയോ റാഹേം ...

### എത്രോ

### വീണ്ടും കോലോ

1. അത്യുന്നതൻ നമ്മുടെ രക്ഷയ്ക്കുവേണ്ടി/ തന്റെ ശ്രേഷ്ഠതയെ എത്രയും താഴ്ത്തി. താൻ വന്ന് എല്ലാ കഷ്ടതകളും സഹിക്കുകയും/ അടിമയിൽനിന്ന് നമ്മെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തു. നമ്മുടെ വർഗ്ഗത്തിനുവേണ്ടിയുള്ള തന്റെ താഴ്മയാൽ/ പിശാചുക്കളുടെ അഹങ്കാരത്തെ താൻ പരസ്യമാക്കുകയും ചെയ്തു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. എന്റെ സഹോദരന്മാരേ,/ നാം ഉണർന്ന് താത്പര്യത്തോടും വിവേകത്തോടും/ നമുക്കുവേണ്ടിയുള്ള തന്റെ കഷ്ടാനുഭവം മൂലം/ നമ്മുടെ കുറ്റങ്ങൾ ക്ഷമിക്കുന്നതിനും/ നമ്മുടെ ദുഷ്കൃത്യങ്ങൾ ഓർക്കാതിരിക്കുന്നതിനും വേണ്ടി/ നമ്മുടെ രക്ഷകനോടു പ്രാർത്ഥിക്കണം.

### ബോത്തേദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ

താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. ഇന്നാ-ൾ നാഥൻ-ശിഷ്യന്മാ-രോ-

ടേവം-ചൊന്നാൻ നിങ്ങളിലേ-കൻ

എന്നെ കാണി-ച്ചേല്പിച്ചീടും
ക്രൂശി-പ്പോരീ-ന്നെൻ വില വാ-ങ്ങും
നേര-റ്റോർ തൻ-പ്രിയനായ്ത്തീ-രും.

2. ഇന്നാൾ വ്യാജാ-ത്മാവാം ശി-ഷ്യൻ
വാങ്ങി-ക്കൊണ്ടാ മുപ്പതു വെ-ള്ളി
കാണിച്ചീടാൻ-സഖ്യം ചെയ്തു
ദുഷ്ട-ന്മാരാം-സുതരുദ്ദേ-ശ്യം
സാധി-ച്ചതിനാൽ-സന്തോഷിച്ചു.

3. മരുഭൂ-വിൽവച്ച-വരെ പോറ്റി
പകരം-തന്നെ-ആക്ഷേപി-ച്ചു
ആ വീഞ്ഞേറ്റം-വർദ്ധിപ്പിച്ച്
ഏവം-പാരം-സ്നേഹിച്ചോ-നെ
ഗോഗുൽ-ത്തായിൽ-കുരിശിൽ തൂ-ക്കി.
നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. വൻ തീജ്വാലയെ മൺപൂഴി
പിടികൂടിയതോ അത്ഭുതമാം
ഉഗ്രത താഴ്ത്തിയ തീക്കുഴിയെ
ബന്ധിച്ചതു പരമാശ്ചര്യം
ദുഷ്ടസമൂഹം ദൈവത്തെ
ബന്ധിച്ചിന്നാൾ വിധിനിലയേ



@FIOK*.MOC.KTYM

കൊണ്ടിഹ പോയതിലളവറ്റോ-
രത്ഭുതമാർക്കുണ്ടാകില്ല! ദേവാ! ...

2. ഇടയനെ ആ നായ്ക്കൾ ചുറ്റി
ആടുകളെങ്ങും ചിതറിപ്പോയ്
തെല്ലിട പിൻപറ്റിയ ശീമോൻ
ഗുരുവിനെ അറികില്ലെന്നോതി
മനസ്സാ നാഥൻ നിറവേറ്റി
മാനവരക്ഷാവ്യാപാരം. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ഭോഷത്തരമവരുടെ വായോതുന്നു
അന്യായം വലതുകരത്തിൽ കവിയുന്നു. ഹാ-

വി. യോഹന്നാൻ 7:14-27

## കൗമാ

നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതി പൂ-കും രാജ്യം.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ബുധനാഴ്ച ആറാംമണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ
നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതി പൂ-കും രാജ്യം.
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...
ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(പ്രതിവാദത്താൽ യൂദന്മാർ ... എന്ന പോലെ)

1. തൻബലിമൂലം പൂർവ്വികമാം
പെസഹായുടെ ദൃഷ്ടാന്തത്തെ
പാടേ മായിച്ചോൻ-ധന്യൻ.
2. മനസ്സാ ബലിയാകാൻ വന്നി-
ട്ടാദാമ്യരെ രക്ഷിച്ചോനേ!
ബലി കൈക്കൊൾവോനേ-സ്തോത്രം.
3. ബലികളെ നാഥാ നീ നീക്കി
ദൃഷ്ടാന്തങ്ങളെ നിറവേറ്റി
പാപം പോക്കും യാ-ഗം നീ.
4. അർപ്പകനും സ്വീകാരകനും
മോചനവും മോചകനും നീ
ഞങ്ങൾക്കായ് നീ ബലി-യായി.
5. നാഥാ നീ അഭയസ്ഥാനം
ഞങ്ങളെയേറ്റുക താതങ്കൽ
താതൻ നിന്നാൽ തെളി-യട്ടെ.

ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

6. അക്ഷയ കരുണാ സാഗരമേ
സ്തോത്രം തേ നിൻ സോപ്പായാൽ
നീക്കുക ഞങ്ങടെ മാ-ലിന്യം.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

1. എല്ലാ ദർശകരും സൂചിപ്പിച്ചിരുന്ന രഹസ്യങ്ങൾ/ ഇന്നേ ദിവസം നമ്മുടെ രക്ഷകൻ നിറവേറ്റി. താൻ കഷ്ടതയും നിന്ദയും/ പരിഹാസവും ചെകിട്ടത്തടിയും ഏറ്റു. തന്റെ ന്യായത്തീർപ്പിൽ/ ഞങ്ങളുടെ ന്യായത്തീർപ്പിനെ അഴിച്ചുകളഞ്ഞ തനിക്ക്/ അവർ മരണശിക്ഷ വിധിച്ചു.

ബാറെക്മോർ. ശുബോഹോ ... മെനഓലം ...

2. കർത്താവേ, നിന്റെ താഴ്മയ്ക്കു സ്തുതി. ആകൽക്കറുസായിൽനിന്ന് ഞങ്ങളെ നീ സ്വാതന്ത്ര്യപ്പെടുത്തുകയും/ കല്പന ലംഘനത്താൽ അധഃപതിച്ചുപോയ/ ഞങ്ങളുടെ മരണമുള്ള വർഗ്ഗത്തെ നീ ഉയർത്തുകയും ചെയ്തു. കണ്ടാലും പരിശുദ്ധസഭയും അതിന്റെ മക്കളും/ നിന്റെ താഴ്മയ്ക്കു സ്തുതി പാടുന്നു. മൊറിയോ റാഹേം ...

## എത്രൊ

## വീണ്ടും കോലോ

1. ഇന്നേ ദിവസം നമ്മുടെ കർത്താവ്/ തന്റെ ശിഷ്യന്മാരുടെ കൂട്ടത്തിന് ഗൂഢമായ രഹസ്യം വെളിപ്പെടുത്തി. 'നിങ്ങളിൽ ഒരുവൻ യൂദജനത്തിന് എന്നെ ഏല്പിച്ചു കൊടുക്കും. അവർ എന്നെ പരിഹസിക്കുകയും/ ആദാമിന്റെ രക്ഷയ്ക്കുവേണ്ടി മരത്തിന്മേൽ തൂക്കുകയും ചെയ്യും.

ബാറെക്മോർ. ശുബോഹോ ... മെനഓലം ...

2. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തതെന്തെന്നാൽ/ 'എനിക്കു പെസഹാ ഭക്ഷിക്കേണ്ടതിനായി നിങ്ങൾ പോയി ഒരുക്കുവിൻ, ഞാൻ കഷ്ടത അനുഭവിക്കുന്നതിനു മുമ്പ്/ നിങ്ങളോടൊന്നിച്ച് ഈ പെസഹാ ഭക്ഷിക്കുവാൻ/ അതിവാഞ്ഛയോടെ ആഗ്രഹിച്ചു. ദീർഘദർശിമാർ അവരുടെ രഹസ്യങ്ങളിൽ/ എന്നെക്കുറിച്ചു പ്രവചിച്ചിട്ടുള്ള എല്ലാ സാദൃശ്യങ്ങളെയും ദൃഷ്ടാന്തങ്ങളെയും/ ഞാൻ നിവർത്തിക്കുകയും ചെയ്യും'.


@FIOK*.MOC.KTYM

## ബോത്തേദ് ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. മരണം-വാനം-പൂകാത്ത-തിനാൽ
പാതാ-ളത്തിൽ-പാഴായോ-നാം
ആദാമിന്നായ്-നീ താണെത്തി
സൈന്യാ-ധിപനാം-കൊള്ളക്കാ-രൻ
പോൽ കൈ-യേറി-മൃതി നിക്ഷേ-പം.

2. ദൈവ-ത്തെപ്പോൽ-രോഗം മാ-റ്റാൻ
കഴിയും-വീര്യം-വെളിവാക്കീ-ടാൻ
ആജ്ഞാപിച്ചാൻ-ശ്രേഷ്ഠൻ വൈദ്യൻ
അവകാ-ശിയെയാ-ദുഷ്ടാത്മാ-ക്കൾ
കുരിശിൽ-തൂക്കീ-ടാനേല്പി-ച്ചു.

3. ജീവൻ-വിഗത-ർക്കേകും നി-ന്നെ
അവരെ-വ്വണ്ണം ഹാ-മൃതനാ-ക്കി
അപ്പം തിന്നോൻ-വഞ്ചിച്ചെങ്കിൽ
തന്ന-ത്താൻ തൂ-ങ്ങിച്ചാവ-ട്ടെ
താതൻ-തെളിയും-നിന്നുത്ഥാ-നേ.

നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ! സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. ആകൽക്കറുസാ വീഴാൻ താതൻ ചെയ്തില്ലൊന്നും
യൂദായെ ചേർത്തോനാം പുത്രൻ തെറ്റില്ലാത്തോൻ
സ്ഥാനഭ്രഷ്ടന്മാരേ കഷ്ടം സുമുഖന്മാരേ!



@FIOK*.MOC.KTYM

ഓയാറിൻ കാവൽക്കാരൻ ഉന്നതശ്ലീഹായും
യൂദായ്ക്കയ്യോ തന്നുടെ ബീമാ നഷ്ടപ്പെട്ടു
സ്വർഗ്ഗീയം ശുശ്രൂഷകപദമാകൽക്ക-റുസാ-യ്ക്കും
നേതാവാകൽക്കറുസായെ താതൻ വിട്ടില്ല
ശ്ലീഹായാം യൂദായെ പുത്രൻ നിരസിച്ചില്ല. ദേവാ! ...

2. യൂദാ തന്നിൽ ഗൂഢം മേവിയൊരക്കാപട്യം
ഹീനാത്മാവിൻ കൂട്ടായ്ത്തീരാൻ പ്രേരിപ്പിച്ചു
തേജോമാർഗ്ഗം വിട്ടിരുളതിലേക്കോടിപ്പോയോൻ
കേടേലും കണ്ണുണ്ടോ ദ്യുതിയെ സ്നേഹിക്കുന്നു?
ഭാഗ്യം കെട്ടോൻ ജീവപ്രദമാം ഭോജ്യം വിട്ടു
തന്നത്താനെ കൊലയറ തന്നിൽ വിരവോടേറി
ശോഭാപൂർണ്ണം പകലിനെ പക കൊണ്ടിരുളായ് തീർന്നോൻ
കൂടിച്ചേർന്നാനെങ്ങും പാഴിരുൾ നിറയും രാവിൽ. ദേവാ! ...

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ഭോഷത്തരമവരുടെ വായോതുന്നു
അന്യായം വലതുകരത്തിൽ കവിയുന്നു. ഹാ-

വി. യോഹ 7:28-44

## കൗമാ

നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതി പൂ-കും രാജ്യം.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ബുധനാഴ്ച ഒമ്പതാം മണി

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ**

**നിന്നെ വധിപ്പാ-നായ് വന്ന ജനം, വിധിയിൽ-വിധിയേൽക്കും**
**നിന്നെയും പീ-ഡകളെയുമേറ്റ ജാതി പൂ-കും രാജ്യം.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)**

**എനിയോനോ**

**(ഒലിവീന്തൽ തലകളെടുത്തൂശാന ... എന്ന പോലെ)**

**1. വാനത്തിൽ-മഹിമാപൂർവം വാഴ്കെ**
**മനുജന്മാർ-തൻ-നിന്ദ സഹിച്ചോ-നേ ദേവാ! ...**

**2. രക്ഷകനെ-മരണത്തിന്നേല്പിക്കാൻ**
**ഹന്നാൻ ഗൂ-ഢം ചിന്തിച്ചിന്നാളിൽ. ദേവാ! ...**

**3. നേരറ്റോൻ-ശിഷ്യൻ കയ്യാപ്പായോ-**
**ടിന്നാൾ നി-ന്നെ കൊല്ലാനായൊ-ത്തു. ദേവാ! ...**

**4. രോഗികൾ തൻ-സൗഖ്യപ്രദനായോനെ**
**ഈർഷ്യയൊടി-ന്നാൾ കൊല്ലാൻ വിധി നൽ-കി ദേവാ! ..**

**5. ഹാശായിൽ-ഖേദിക്കും സഭയെ-നി-**
**ന്നുത്ഥാന-ത്താൽ മോദിപ്പിക്കേ-ണം. ദേവാ! ...**
**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**6. ജഡപരമായ് നമ്മൾക്കായ് പാടേറ്റോ-**
**രേകാത്മ-ജനെ നാം കീർത്തിക്കേ-ണം. ദേവാ! ...**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**



@FIOK*.MOC.KTYM

ബുധനാഴ്ച ഒമ്പതാം മണി

## പ്രുമിയോൻ

## കോലോ

1. നിങ്ങളിൽ ഒരുവൻ ശപിക്കപ്പെട്ട യൂദജനത്തിന് എന്നെ ഒറ്റിക്കൊടുക്കുകയും/ അവർ എന്റെ കൈകളിൽ ആണി/ തറയ്ക്കുകയും കൊല്ലുകയും കബറിൽ എന്നെ വയ്ക്കുകയും ചെയ്യുമെന്ന്/ നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ/ ശിഷ്യന്മാർ ദുഃഖിക്കുകയും വിലപിക്കുകയും ചെയ്തു. 'ഞങ്ങളുടെ ഇടയിൽ/ ഗോതമ്പിനോടൊന്നിച്ച് ചേർന്നിരിക്കുന്ന മുള്ളുപോലെയുള്ള ഇവൻ ആരാകുന്നു' എന്ന് അവർ തന്നോടുത്തരമായി പറഞ്ഞു.

2. വരുവിൻ, ആകാശവും ഭൂമിയും നിറഞ്ഞിരിക്കുമ്പോൾ/ നമ്മുടെ വീഴ്ചയെപ്രതി എളിമപ്പെട്ടതിനാൽ/ തന്നെ നമുക്കു കീർത്തിക്കാം. താൻ നിർദ്ധനയും മാലിന്യമില്ലാത്ത കന്യകയുമായ മറിയാമിൽനിന്ന്/ മനുഷ്യനായിത്തീരുകയും/ ദുസ്വാതന്ത്ര്യംമൂലം വീണുപോയ നമ്മുടെ വർഗ്ഗത്തെ/ തന്റെ താഴ്മയാൽ ഉയർത്തുകയും ചെയ്തു. താൻ ആരോഹണം ചെയ്യുകയും/ സ്വർഗ്ഗരാജ്യത്തിൽ തന്നോടൊന്നിച്ചു ജീവിച്ച്/ നീതീകരിക്കപ്പെടേണ്ടതിനായി/ സ്വർഗ്ഗത്തിൽ നമ്മെ ഇരുത്തുകയും ചെയ്തിരിക്കുന്നു.

## എത്രോ

## ബോത്തേദ് ഹാശോ

ഞങ്ങ-ൾക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. യൂദ-ന്മാർ തൻ-നാവിൽ പാമ്പിൻ
വിഷമുണ്ടെ-ന്നേ-വം ദാവീ-ദിൻ
മുൻചൊല്ലേറ്റം-നേരാണോർത്താൽ
മശിഹാ-തന്നെ-നിഹനിപ്പോ-ളം
അവർ തൻ-ഹൃദയം-ദൃഢമായ് നി-ന്നു.

2. ചെകിട-ന്മാർ തൻ തെരുവിൽ നീ-ളേ
ആശ്ച-ര്യങ്ങൾ-ചെയ്തെന്നാ-ലും
ലേശം പോലും- ആ മൂഢന്മാർ
തന്നെ-സൂചി-പ്പിക്കും മുൻ-ചൊ-
ല്ലൊന്നും-വായി-ച്ചുൾക്കൊണ്ടി-ല്ല.



@FIOK*.MOC.KTYM

3. ദുഷ്ട-ന്മാർ ചി-ന്തിയ രക്ത-ത്താ-ൽ
കുറ്റ-ക്കാരായ്-ചിതറിപ്പോ-യി
ഞാനെ-ന്നേറും-ഭാവം മൂലം
യീഹൂ-ദ്യന്മാര-ന്യായ-ക്കാർ
നാനാ-ദിക്കിൽ-ചിതറിപ്പോ-യി.
നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ ഞങ്ങളെയീശാ. മൊറിയോ റാഹേം ...

**മാർ യാക്കോബിന്റെ ബോവൂസാ**

മശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. ക്ലേ-ശം തീണ്ടാത്തോൻ നമ്മൾക്കായ് ക്ലേശം-പൂണ്ടാൻ
സ്തോ-ത്രം പാടാൻ പ്രിയരേ വരുവിൻ സ്തുതി ഘോ-ഷി-പ്പിൻ
സ-മ്പത്തുള്ളോൻ-മാലിന്യത്തിൻ കറയേ-ൽക്കാ-ത്തോൻ
വൻ-നിക്ഷേപം നമ്മൾക്കേകാൻ ക്ലേശം പൂ-ണ്ടാൻ.
ദു-ഷ്ടന്മാരീന്നടിയും തുപ്പും ഹിതമോ-ടേ-റ്റാൻ
ആ-ദാമ്യർക്കായ് ജീവൻ നൽകാൻ മൃതി കൈ-ക്കൊ-ണ്ടാൻ ദേവാ! ...

2. സ്വ-ർഗ്ഗം തന്നിൽ തിരുസന്നിധിയിൽ നിൽക്കും-സൈ-ന്യം
ആം-ഗ്യം കാണിച്ചാലീലോകം തീയാ-ൽ മൂ-ടും
തീ-പൂ-ണ്ടോരാം പതിനായിരമുണ്ടാരാ-ധി-പ്പാൻ
ആ-ജ്ഞാപിച്ചാലവരെ നേർക്കാനാരാ-ലാ-വും
എ-ണ്ണം കൂടാതഗ്നിമയന്മാർ ചുറ്റും-നിൽ-പ്പു
ക-ല്പിച്ചെന്നാൽ വന്നു മുടിക്കും ഭൂലോ-ക-ത്തെ. ദേവാ! ...
നാഥാ-ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

(അല്ലെങ്കിൽ)

പൗരോഹിത്യം രാജ്യം ...


@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ഭോഷത്തരമവരുടെ വായോതുന്നു
അന്യായം വലതുകരത്തിൽ കവിയുന്നു. ഹാ-

വി. ലൂക്കോസ് 13 : 31-35

## കൗമാ

നിന്നെ വധിപ്പാ-നായ് വന്ന ജനം വിധിയിൽ-വിധിയേൽക്കും
നിന്നെയും പീ-ഡകളെയുമേറ്റ ജാതി പൂ-കും രാജ്യം.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## വിശ്വാസപ്രമാണം

# പെസഹാ വ്യാഴാഴ്ച സന്ധ്യ

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

(ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു)

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മിശിഹാ

മോദി-പ്പിച്ചരുളുക കൃപ നിൻ-പെസഹായാൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...

## പ്രാരംഭ പ്രാർത്ഥന

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(ഹൗദഹവോ ബുഖറോ - പാതകി പോൽ ... എന്ന പോലെ)

1. സ്വജനത്തിൻ-തുപ്പലതേൽക്കുകയാൽ
   അ-ന്യ-ജനത്തെ വീണ്ടോനേ
   ദേവാ! ദയ ചെയ്തീടണമേ.
2. സുരഭിലമാം-മൂറോൻ തൈലത്താൽ
   സ-ഭയെ-മോദിപ്പിച്ചോനേ ദേവാ! ...
3. നിൻ പാപം-മോചിതമെന്നേവം
   പാപിനി-യോടുര ചെയ്തോനേ ദേവാ! ...
4. പാപിനിതൻ-കണ്ണീർ കൈക്കൊണ്ട്
   പാ-പ-വിമുക്തി കൊടുത്തവനേ ദേവാ! ...
5. സ്വജനത്തിൽ-കനിയുക കർത്താവേ
   പി-ന്മാ-റീടരുതവരീന്നും. ദേവാ! ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

6. നിന്റെ ഹിതം-നിർമ്മിച്ചവയഖിലം
നി-ൻ-പേർ-ക്കായ് സ്തുതിയേറ്റട്ടെ. ദേവാ! ...
കുറിയേലായിസോൻ.
കർത്താവേ! ഞാൻ നിന്നെ വിളിച്ചു ... (പേജ് 4)

## എനിയോനോ

(യൗമ്മോനോ - ഇന്നാൾ നിൻ കബറിങ്കൽ ... എന്ന പോലെ)

1. ഇന്നാളിൽ-ശെമഓനും-യോഹന്നാനും പ്രേ-ഷിതരായി
നമ്മുടെ രക്ഷയ്ക്കായ് ബലിയായ രഹസ്യേശന്നായ്
പെസഹാ കുഞ്ഞാ-ടതിനെ സജ്ജമതാ-ക്കിടുവാനായ്.
2. ഇന്നാളിൽ-നിങ്ങളിലൊരുവൻ-എന്നെയൊറ്റീടും-വില വാങ്ങും
യാതനയും-നരകാഗ്നിയുമവനേറ്റീടുമെന്നേവം
മഹിതരഹസ്യം-ശിഷ്യർക്കായ് നാഥൻ-വെളിവാക്കി.
3. ഇന്നാളിൽ-പാവനപുരിയിൽ-ശീമോൻ യോഹന്നാ-ന്മാർ ചെന്നു
ബലികൾക്കീശനു കുഞ്ഞാടിനെയും തയ്യാറാക്കി
മാളിക തന്നിൽ-മഹനീയം മർമ്മം നിറവേറ്റി.
4. ഇന്നാളിൽ-സർവ്വാധീശൻ-തൻ ക്ലേശത്തെ ആ-സ്പദമാക്കി
നിങ്ങളിലൊരുവൻ വിമതർക്കെന്നെ ഏല്പിച്ചിടുമെ-
ന്നുരചെയ്തപ്പോൾ-ശിഷ്യഗണം പാരം-വ്യഥ പൂണ്ടു.
5. ശിഷ്യഗണം-സംഭ്രമമാർന്നു-നിങ്ങളിലൊരുവൻ താനെന്നെയഹോ
വിറ്റിഹവാങ്ങും വിലയെന്നേവം ഗുരു ചൊന്നപ്പോൾ
ആരും ധാർഷ്ട്യം-കാണിച്ചില്ലാരെന്നാരായാൻ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...
6. സകലേശാ-വിമലസഭയ്ക്കായ്-നിൻതനുവിൽ ക്ലേശം സ്വയമേറ്റ്
തെറ്റിപ്പോയൊരു വഴിയീന്നതിനെ രക്ഷിച്ചോനേ!
ഭിന്നത നീക്കി-സഭയിൽ വളർത്തണമേ നിൻ ശാന്തി.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.



@FIOK*.MOC.KTYM

## പ്രുമിയോൻ

## കോലോ

1. ഈ സന്ധ്യയിൽ നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാർക്ക് തന്റെ കഷ്ടാനുഭവത്തെ വെളിപ്പെടുത്തി. അവരോട് തന്റെ നന്മയുടെ ഫലം ദർശിച്ച അക്രമികളിൽനിന്ന്/ ആദാമ്യവർഗ്ഗത്തിനുവേണ്ടി/ താൻ പീഡകൾ സഹിക്കുവാനായിരിക്കുന്നുവെന്നും/ അന്യായക്കാരോടൊന്നിച്ച്/ സ്കീപ്പായിൽ കുറ്റം കൂടാതെ തന്നെ തറയ്ക്കുമെന്നും പറഞ്ഞു. തന്റെ ശ്രേഷ്ഠതയ്ക്കു സ്തുതി. തന്റെ നിത്യതയിൽ താൻ അതിർത്തിയില്ലാത്തവനായിരിക്കുമ്പോൾ/ സ്വയം വെറുമയാക്കി തന്നെത്താൻ താഴ്ത്തി. ന്യായസ്ഥലത്തുവെച്ച് തന്നെ കുറ്റം വിധിപ്പാൻ/ ദുഷ്ടന്മാർ തന്നെ പിടിച്ചു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. നിങ്ങളിൽ ഒരുവൻ/ എന്നെ യൂദജനത്തിനേല്പിച്ചുകൊടുക്കുമെന്നും/ ഞാൻ കഷ്ടതയും സ്കീപ്പായും സഹിക്കുമെന്നും/ നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ ശിഷ്യന്മാരുടെ അനുഗ്രഹീതസംഘത്തിനു ദുഃഖമുണ്ടായി. വഞ്ചകശിഷ്യനായ സ്കറിയോത്തായിൽ സാത്താൻ പ്രവേശിച്ചു. അവൻ ആചാര്യന്മാരുടെ അടുക്കൽ പോയി/ അവർക്ക് തന്നെ ഏല്പിക്കുകയും/ അവന്റെ ആത്മഹത്യയ്ക്കുള്ള കയറിന്റെ വിലയായി/ മുപ്പതു വെള്ളിക്കാശ് വാങ്ങുകയും ചെയ്തു.

## എത്രൊ

## വീണ്ടും കോലോ

(കൂക്കോയോ)

1. പെസഹാപ്പെരുന്നാളിനു മുമ്പേ-ബുധനാ-മാഴ്ചയിലും
വ്യാഴത്തിലുമീശൻ മർമ്മം-വെളിവാക്കി ചൊന്നാൻ
പോകുന്നു നാം-പാവനമാം പുരിയിൽ
പിടികൂടീടും-എന്നെ യൂദന്മാർ
നിയമം ലംഘിച്ചോനാകും-ആദാമിനുവേണ്ടി
മാനുഷപുത്രനെയേറ്റീടും-സ്ലീബായിന്മീതേ.
ഹാലേലുയ്യാ-അവനേദൻ പൂകും.
ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.

2. പെസഹാപ്പെരുന്നാളിനു മുമ്പേ-ബുധനാമാഴ്ചയിലും
വ്യാഴത്തിലുമാ യൂദന്മാർ വഞ്ചി-പ്പാൻ കൂടി
ജനരക്ഷയ്ക്കായ് ഏകൻ മൃതിയാർന്നാൽ
അതു നന്നാണെ-ന്നാ വൻ പെരുന്നാളിൽ
മശിഹാ തന്നുടെ മൃതിയെ മുൻനിർത്തി-കയ്യാപ്പാ
പ്രവചിച്ചാൻ ജനമൊന്നായി-ട്ടതിനെ പിന്താങ്ങി
ഹാലേലുയ്യാ-പ്രാണദനെ കൊന്നാർ. മൊറിയോറാഹേം....

**ബോത്തേദ്ഹാശോ**

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. ഹൃദയ-ങ്ങളെയെ-ല്ലാമറിയു-ന്നോൻ
ഈ സ-ന്ധ്യയിലേ-വം വെളിവാ-ക്കി
നിങ്ങളിലേകൻ-എന്നെയൊറ്റും
വലമാം-ഭാഗ-ത്തമരുന്നോ-രാം
കുഞ്ഞാ-ടുകളേറ്റം ഖേദി-ച്ചു.

2. ഈയ-ന്തിയില-ച്ചതിയൻ യൂ-ദാ
തരമാ-കുമ്പോ-ളവനെ നീ-ചർ-
ക്കേല്പിച്ചീടാ-മെന്നങ്ങേറ്റാൻ
തൻ ര-ക്തത്താൽ-നമ്മെക്കൊ-ണ്ടോൻ
തൻ മൂ-ല്യമഹോ-മുപ്പതു നാ-ണ്യം.

3. നാഥ-ന്മാർ തൻ-നാഥനു വേ-ണ്ടി
പെസഹാ-ക്കുഞ്ഞാ-ടതിനെയൊരു-ക്കി
നിബിയന്മാരോ-ടാചാര്യന്മാർ
വെളിപാ-ടുകളാൽ-സൂചിപ്പി-ച്ചോൻ
തനയൻ-സർവ്വം-പൂർണ്ണമതാ-ക്കി.

നിൻ വി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ.മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ ദേവാ! ...

1. ക്രൂശകർ തന്നവസാനത്തെ
പെരുനാളാം പെസഹാ വന്നു
നാഥൻ പ്രേരണകൂടാതെ
സ്വയമേ കുഞ്ഞാടായ് തീർന്നു
നിൻ ഹിതമെന്തെന്നറിയിക്ക
പെസഹാ എവിടെയൊരുക്കേണം
സദയം താണോരുന്നതനോ-
ടേവം ശിഷ്യർ ചോദിച്ചു. ദേവാ! ...

2. താതാ ദർശകരുടെ മർമ്മം
സുതനാം ഞാൻ നിറവേറ്റുന്നു
ഭൂജാതികളാനന്ദിപ്പാൻ
ഞാൻ ബലിയായിത്തീരുന്നു
മുമ്പായ് ഞാൻ നേടിയ സഭയെ
നിൻ സവിധേ ഞാൻ വേൾക്കുന്നു
വിലയേറിയതാമെൻ രക്തം
സ്ത്രീധനമായ് ഞാനെ-ഴുതു-ന്നു. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ. ദേവാ! ...



@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാ-ഹാ-വൈരിസമൂഹമെനിക്കെതിരായ് മന്ത്രിച്ചു**

**ദോഷം ചെയ്‌വാനവരാലോചിച്ചു. ഹാ-**

**വി. യോഹന്നാൻ 7:45-52, 8: 12-20**

**ഞങ്ങളുടെ കർത്താവേശുമിശിഹാ ... (പേജ് 11)**

## കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ**

**പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മിശിഹാ**

**മോദി-പ്പിച്ചരുളുക കൃപ നിൻ, പെസഹായാൽ.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# വ്യാഴാഴ്ച സൂത്താറ

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ**
**പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മിശിഹാ**
**മോദി-പ്പിച്ചരുളുക കൃപ നിൻ, പെസഹായാൽ.**
**(മൂന്നു പ്രാവശ്യം)**
**നാഥാ! തേ സ്തുതിയും ...**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**
**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

**പ്രുമിയോൻ**

**കോലോ**

**(കൂക്കോയോ രീതി)**

**1. വ്യാഴദിനത്തിൽ മാളിക തന്നുള്ളിൽ-ചെന്നേറി**
**പന്തിയിരുത്തി വഞ്ചകനാം യൂദാ-യെ നാഥൻ**
**മൂർച്ച വരുത്തി-വാളിനവൻ മേന്മേൽ**
**കർക്കശഹൃദയൻ-നൽ പുഞ്ചിരി തൂകി**
**പുറമേ കുഞ്ഞാടായ് നിന്നാൻ ചെന്നാ-യാകുന്നോൻ**
**കൂട്ടത്തീന്നാ വഞ്ചകനെ വിട്ടോൻ-സംസ്തുത്യൻ.**
**ഹാലേലുയ്യാ ഉ ഹാലേലുയ്യാ.**
**ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.**

**2. നൂതനമായൊരു വ്യാഴദിനേ തൻ ശ്ലീ-ഹന്മാരെ**
**നല്ലോരുത്തമ ദൃഷ്ടാന്തം കാണി-ച്ചേല്പിച്ചാൻ**
**ആജ്ഞാപിച്ചാ-നവരോടന്നേവം**
**ഞാൻ കാണിച്ചോ-രീ ദൃഷ്ടാന്തത്തെ**
**നിങ്ങളുമേറ്റം വിനയത്തോടെപ്പോ-ഴും ചെയ്‌വിൻ**
**ഇതിനാൽ നിങ്ങൾ മമ ശിഷ്യന്മാരെ-ന്നറിയേ-ണം.**
**ഹാലേലുയ്യാ ഉ ഹാലേലുയ്യാ.**

**ബോത്തേദ് ഹാശോ**



@FIOK*.MOC.KTYM

ഞങ്ങ-ൾക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!
1. നന്മ-നിറഞ്ഞോൻ-സ്വയമേല്പി-ച്ചു
ഇസഹാ-ക്കിൻ മുൻ-കുറി നിറവേ-റ്റി
ഗോഗുൽത്തായിൽ-ബലിയായ്ത്തീർന്നു
വാളീന്നിസഹാ-ക്കിനെ രക്ഷി-ച്ചു
ആദാ-മിനെയാ-വീഴ്ചയിൽനിന്നും.
2. ഇപ്പെ-രുന്നാളിൽ ദുഷ്ടന്മാ-രാം
യൂദ-ന്മാർ വ-ഞ്ചിപ്പാൻ കൂ-ടി
ഇസ്ക്കറിയോത്താ-യ്ക്കേകി ദ്രവ്യം
വാഗ്ദ-ത്തം പോൽ-ഗുരുവിനെ ഒ-റ്റി
വാങ്ങി-വിലയ്ക്കായ് തൂങ്ങിച്ചാകൽ.
3. പെസഹാ-ഘോഷി-ച്ചാ-മുൻ നി-യമം
നിർത്തീ-ടാനായ്-വിട്ടു നാ-ഥൻ
കീപ്പാ യോഹ-ന്നാനെന്നിവരെ
രഹസ്യ-ങ്ങൾ തൻ-നാഥനുവേ-ണ്ടി
കുഞ്ഞാ-ടിനെയും-തയ്യാറാക്കി.
നിൻ വി-ധി ചെയ്തോർ-വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശി-ഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേണം. ദേവാ! ...
1. ഇസഹാ-ക്കിൻ യാഗം നിറവേറ്റാനീശോ-നാഥൻ
പെരുന്നാ-ളിനു നാൾ മൂന്നുള്ളപ്പോൾ മലമേ-ലേറി
യാനം-ചെയ്താൻ നാൾ മൂന്നിസഹാക് ബലിയാ-യ്ത്തീരാൻ
നാഥൻ തനിയെ ഏല്പിച്ചതിനെ അതു കാ-ട്ടുന്നു. ദേവാ!
2. അസ്വാ-ഭാവികമുടയോൻ ഹതനായ് സ്വോഷ്ടത്താലെ
സാ-രാംശത്തിൽ മൃതനായില്ല മർത്ത്യ-തയിൽ താൻ

യാ-ഗത്തിന്നായ് വിറകു വഹിച്ചോനായോനി-സഹാക്ക്
തോ-ളിൽ ക്രൂശേന്തിയ സൂനുവിനെ സൂചി-പ്പിച്ചു. ദേവാ!
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.
ദേവാ! ...

കുറിയേലായിസോൻ കുറി ... കുറി ...
ഉയരപ്പെട്ടവന്റെ മറവിൽ ഇരിക്കുന്നവനും ... (പേജ് 14)
ഉയരപ്പെട്ടവന്റെ മറവിലിരിക്കുന്നവനായ ... (പേജ് 16)

**കൗമാ**

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മിശിഹാ
മോദി-പ്പിച്ചരുളുക കൃപ നിൻ, പെസഹായാൽ.
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**വിശ്വാസപ്രമാണം**


@FIOK*.MOC.KTYM

# വ്യാഴാഴ്ച രാത്രി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മിശിഹാ

മോദി-പ്പിച്ചരുളുക കൃപ നിൻ, പെസഹായാൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ ... (പേജ് 20)

രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ ... പേജ് 21)

## എനിയോനോ

(അംഹോനൂൻ ദല എൽ ... എന്ന രീതി)

(മാനവ വത്സലനേ ക്രോബേ സ്രോപ്പേ ... എന്ന പോലെ)

1. സ്വർഗ്ഗീ-യാധിപതി-നിന്നു വിധിക്കായ്
സകലർക്കും-വിടുതൽ-നൽകാൻ
യാ-തനയേറ്റാൻ-നമ്മെ രക്ഷിപ്പാൻ
നാ-ഥാ! സ്തുതി തേ-നിഖിലജഗന്നിർമ്മാതാവേ!

2. നമ്മെ രക്ഷിച്ചോൻ-കീപ്പായോഹന്നാന്മാരെവിട്ടു-പെസഹാ
മാ-ളിക തന്നിൽ-പരിചൊടൊരുക്കിടുവാൻ
നാ-ഥാ! സ്തുതി തേ-നിഖിലജഗന്നിർമ്മാ-താവേ!

3. നമ്മെ-രക്ഷിച്ചോൻ-ജീവനെഴും പരിപാവനമാം തനു-രക്തങ്ങൾ
ശിഷ്യന്മാർ തൻ-സംഘത്തിനു നൽകി
നി-ങ്ങളുമേവം-ചെയ്യുവിനെന്നരുളിച്ചെയ്താൻ.

4. രക്ഷാ-ദാതാവേ! നീ നാഴികയായെന്നോതി ശിഷ്യന്മാരെ
വി-ട്ടു പെസഹാ-അമ്പൊടൊരുക്കിടുവാൻ
നാ-ഥാ! സ്തുതി തേ-നിഖിലജഗന്നിർമ്മാതാവേ!
ബാറെക്മോർ. ശുബഹോ ... മെനഓലം ...



@FIOK*.MOC.KTYM

5. വരുവിൻ തനയൻ തൻ-യാതനയിൽ സങ്കട-
മേൽക്കാം-പാടേ-റ്റോൻ തൻ
കാ-രുണ്യത്തെ-ഉദ്ഘോഷിച്ചീടാം
നാ-ഥാ! സ്തുതി തേ-നിഖിലജഗന്നിർമ്മാതാവേ!

കുറിയേലായിസോൻ കുറി ... കുറി ...

**എക്ബോ**

(തുബയ്ക് ഒപ്രാസ് ... എന്ന പോലെ)

മേടയ്ക്കുള്ളിൽ-പന്തിരുവർക്കാ-യ്
മെയ്-ഭാഗിച്ചോൻ-മ-ശിഹാ ധന്യൻ
കുറിയേലായിസോൻ കുറി ... കുറി ...
ഞങ്ങളുടെ കർത്താവേ ...

**ഒന്നാം കൗമാ**

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

**പ്രുമിയോൻ**

**കോലോ**

1. ഈ രാത്രിയിൽ നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട്/ മഹാ ദുഃഖത്തോടും സങ്കടത്തോടും അരുളിച്ചെയ്തു. 'നിങ്ങളോടുകൂടി ഈ പെസഹാ ഭക്ഷിക്കുകയും/ അതിനുശേഷം കഷ്ടത അനുഭവിക്കുകയും ചെയ്യണമെന്ന്/ ഞാൻ അതിയായി വാഞ്ഛിച്ചു.' താൻ അപ്പം തൃക്കൈയിൽ എടുത്തു/ വാഴ്ത്തി നുറുക്കി അവർക്കുകൊടുത്തു. കാസായും താൻ സ്തോത്രം ചെയ്ത് കൊടുത്തിട്ട്/ നിങ്ങൾക്കുവേണ്ടിയും എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കുംവേണ്ടിയും ചൊരിയപ്പെടുന്ന/ എന്റെ ജീവനുള്ള രക്തം ഇതാകുന്നു' എന്നരുളിച്ചെയ്തു. ബാറെക്മോർ. ശുബഹോ ... മെന ഓലം ...

2. ഈ രാത്രിയിൽ വഞ്ചകനായ യൂദാ/ മഹാപുരോഹിതന്മാരുടെ അടുക്കൽപോയി അവരോട്/ നിങ്ങൾ എനിക്ക് എന്തു തരും?/ ഞാൻ യേശുവിനെ നിങ്ങളുടെ കൈയിൽ ഏല്പിക്കാം എന്ന് പറഞ്ഞപ്പോൾ/ അവർ വിലയേറിയവന്റെ വിലയായ മുപ്പതു വെള്ളിക്കാശ് അവനോടു വാഗ്ദാനം ചെയ്തു./ സ്വന്തം ജീവനെ നഷ്ടപ്പെടുത്തി/ സാത്താനോടൊന്നിച്ച് ദുരിതവും അതിവേദനയും നരകവും അവകാശിച്ചവനു കഷ്ടം. മൊറിയോറാഹേം.........

## എത്രൊ

## വീണ്ടും കോലോ

1. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോടരുളിച്ചെയ്തു. ഞാൻ കഷ്ടത അനുഭവിക്കുന്നതിനുമുമ്പ്/ ഈ പെസഹാ നിങ്ങളോടൊന്നിച്ച് ഭക്ഷിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. തന്റെ ശരീരം മുറിച്ചതും/ ജീവനുള്ള തന്റെ തിരുരക്തവും അവർക്കു കൊടുത്തു. കണ്ടാലും നാനാഭാഗങ്ങളിലും/ പള്ളികളിൽ ഇതു പരമ്പരയായി നടത്തപ്പെടുന്നു. തന്റെ ശരീരം വിഭജിക്കുകയും തിരുരക്തം കുടിപ്പിക്കുകയും/ മരണത്തിൽനിന്ന് ജീവനിലേക്ക് നമ്മെ രക്ഷിക്കുകയും ചെയ്തവനു സ്തുതി.

2. യൂഹാനോൻ അത്താഴത്തിൽ നാഥന്റെ മോഹനീയ മാർവിൽ ചാരിക്കൊണ്ട്/ രഹസ്യകാര്യങ്ങൾ ഗ്രഹിച്ചു. താൻ അവനോടരുളിച്ചെയ് തു. "ആദിയിൽ ദൈവമായ വചനം ഉണ്ടായിരുന്നു. ആ വചനം സ്വയം താഴ്ത്തി മാനുഷിക ശരീരം ധരിച്ചു. ദൈവത്തിൽ നമ്മുടെ ശരീരം ശ്രേഷ്ഠമായിത്തീർന്നു എന്ന് പോയി പ്രസംഗിക്കുക." ഞങ്ങളുടെ ശരീരം ധരിച്ചവനായുള്ളോവേ! നിനക്കു സ്തുതി. കൃപയുണ്ടായി ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

## ബോത്തേദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. ഈ രാ-വിൽ കൂ-രിരുളിൻ മ-ക്കൾ
തേജോ-മയനാം-നാഥനെ നേ-ർത്തു
ആരേയാരാ-ഞ്ഞീടുന്നെന്നാൻ
ഈശോ-യെ എ-ന്നോതിയ കൂ-ട്ടം
ചാഞ്ച-ല്യത്താൽ-വിറയൽ പൂ-ണ്ടു.

2. നാഥൻ-സ്വന്തം-ശക്തി മറ-ച്ചു
തന്നെ-ശത്രു-ക്കൾക്കേല്പി-ച്ചാൻ
മൗനം നിന്നോ-നെ കൊല ചെയ്താർ
ഏദൻ-തോപ്പിൽ-തെറ്റിയ ന-മ്മെ
രക്ഷി-പ്പാനായെല്ലാമേ-റ്റു.



@FIOK*.MOC.KTYM

3. സൃഷ്ടി-ച്ചോനെ-ചോദ്യം ചെ-യ്ത
മണ്ണാ-ങ്കട്ടേ-ഹാ! കഷ്ടം-തേ!
ലോകം വെണ്ണീ-റാക്കും തീയെ
ശിക്ഷി-ച്ചീടാൻ-പൂഴി മുതി-ർന്നു
സ്വർഗ്ഗീ-യന്മാർ-സംഭ്രമമാ-ർന്നു.
നിൻവി-ധി ചെയ്തോർ വിധിയേൽക്കു-മ്പോൾ
വിധി ചെ-യ്യരുതേ ഞങ്ങളെയീ-ശാ. മൊറിയോ റാഹേം ...

മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. വഞ്ചക ശിഷ്യൻ വിലയേറും
രക്തത്തിൻ വില കൈപ്പറ്റി
കൂരിരുളിൻ സന്താനങ്ങൾ
ദീപ്തിയെ ബന്ധിപ്പാൻ ചെന്നു
ആ സർപ്പത്തിൻ സന്തതികൾ
ശുഭരക്തം ചൊരിയാൻ വെമ്പി ദേവാ! ...

2. ദുർമ്മോഹം ഫലവത്താക്കാൻ
അക്ഷമരായ് ബഹളം കൂട്ടി
തുപ്പി ജഗത്തിൻ തേജസാം
സൂര്യനു നേരെ ഹീനന്മാർ
തിരുവദനം മൂടിക്കൊണ്ടാ
ദുഷ്ടന്മാർ കവിളിൽ തല്ലി
എല്ലാമേറ്റോനേ അവരെ
ചിതറിച്ചോനേ നീ വന്ദ്യൻ ദേവാ! ...



@FIOK*.MOC.KTYM

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ. ദേവാ! ...

**മദറോശോ**

(തൂബൈക് ഒപ്രാഡ് ... എന്ന രീതി)

1. അന്തിമപെസഹാ-സന്ധ്യേ! ഭാഗ്യം
നിന്നാൽ മിസറേം-പെ-സഹ നിലച്ചു
നാഥൻ പെസഹാ-ഭക്ഷിച്ചോരാ
സന്ധ്യയഹോ വൻ-പെ-രുന്നാളായി
പെസഹാ പെസഹായിൽ-ചേ-ർത്തു
പെരുന്നാൾ പെരുന്നാളിൽ-ചേ-ർന്നു
നീ-ങ്ങിയ പെസഹാ-രണ്ടാമത്തേതിൻ ദൃ-ഷ്ടാ-ന്തം മാത്രം

2. നാഥൻ ഗാത്രം-ഖണ്ഡിച്ചോര-
പ്പു-ണ്യസ്ഥലമേ! തേ-സൗഭാഗ്യം
പരിമിതമാമ-സ്ഥലമിപ്പാരിൽ
സൃ-ഷ്ടിക്കെല്ലാം-ദർ-പ്പണമായി
ഉന്നതമാം ശൈല-ത്തി-ങ്കൽ
ചെറുനിയമം മൂശാ-നൽ-കി
ചെറുഭവനത്തീന്നും-വൻനിയമം ഭൂവിൽ എങ്ങും-വ്യാപിച്ചു

3. സൃഷ്ടികൾ മദ്ധ്യേ-സംസ്ഥാപിതമാം
ചെ-റിയോരിടമേ-തേ-സൗഭാഗ്യം
നിന്നിൽ നടന്നോ-രാ വൃത്താന്തം
സീ-മാതീതം-വ്യാ-പിക്കുന്നു
ഒരുപിടി മാവീന്നുരുവാ-മ-പ്പം
നിന്നിൽ മുറിച്ചാൻ തേ സൗ-ഭാ-ഗ്യം
മറിയാമിൻ സുതനാം-മുന്തിരിയിൻ കുലയോ-
മർ-ദ്ദിതനായ് നിന്നിൽ

4. പെസഹാ കുഞ്ഞാ-ടാ സാക്ഷാൽ കു-
ഞ്ഞാടിനെയേറ്റോ-രി-ടമേ ഭാഗ്യം
നിർമ്മലമാം നിൻ-മടിയതിലവശൻ
സൂ-ചനയായ് വി-ശ്രാ-മം പൂണ്ടു
അതുല്യമതാമാ പെസഹാ-നി-ന്നിൽ
കർമ്മിതമായി തേ സൗ-ഭാ-ഗ്യം
പെ-സഹാകുഞ്ഞാ-ടേകി ദൈവികമാം കുഞ്ഞാ-ടിനു തൻ കോയ്മ

5. സോദരമകുടം-പുഷ്പചക്രം
സു-തനൊടു ചേർത്തൊ-രി-ടമേ! ഭാഗ്യം
സൗരഭ്യത്താ-ലതിലൊരു കുസുമം
സ-വിശേഷമതാം-നി-ർമ്മല കുസുമം
കുസുമങ്ങൾ സർവ്വം ശ്രേ-ഷ്ഠം
പാവനമാം കുസുമം-വീ-ണു
പങ്കിലമായൊരു കുസുമം വീണു, സൗ-രഭ്യം പൊയ്പ്പോയ്

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ദോഷി മനസ്സിൽ ദോഷം ചിന്തിപ്പൂ
ദൈവഭയം പാർക്കിലവന്നില്ല. ഹാ-
വി. മത്തായി 26: 1-30

## രണ്ടാം കൗമാ

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ
പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായെ വാഴ്ത്തി നമിക്കാമീ രാവിൽ
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

## എക്ബൊ

**(ആബോക് സബ്വോ ... എന്ന രീതി)**

**(5-ാം രാഗം)**

**ക്രൂശാൽ രക്ഷി-തജാതികളെ**

**കഷ്ടം ദുർഭഗനേ-കീടുവാ-ൻ.**

**കുറിയേലായിസോൻ കുറിയേ ... കുറിയേ ...**

**ഞങ്ങളുടെ കർത്താവേ ...**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**1. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തു. ഞാൻ കഷ്ടാനുഭവത്തിനായി ഒരുങ്ങിയിരിക്കുന്നു, മനസ്സോടെ മരണം ഏല്പാനായി പിതാവ് എന്നെ അയച്ചിരിക്കുന്നു. ഞാൻ മരിക്കുന്നതുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട, എന്തെന്നാൽ കബറിൽനിന്ന് ഞാൻ ഉയിർത്തെഴുന്നേൽക്കും. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. എന്റെ ശിഷ്യന്മാരേ,/ ഞാൻ പിതാവിന്റെ അടുക്കലേക്കു കയറിപ്പോകുന്നു എന്ന് പറഞ്ഞതുകൊണ്ട്/ നിങ്ങൾ ദുഃഖിക്കേണ്ട. ഞാൻ ആരോഹണം ചെയ്യുന്നില്ലായെങ്കിൽ/ പരിശുദ്ധ റൂഹാ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാനും എന്റെ പിതാവും ലോകാവസാനത്തോളം നിങ്ങളോടുകൂടെയുണ്ട്. മൊറിയോ റാഹേം ...**

## എത്രോ

## വീണ്ടും കോലോ

**(കൂക്കോയോ)**

**1. കർത്താവിൻ തലമേൽ തൈലം പൂശി-പാപിനിയാൾ**

**നിൻപാപം മോചിതമായെന്നവളോ-ടുരചെയ്താൻ**

**അക്ഷണമേറി-സാത്താൻ യൂദായിൽ**

**ഈർഷ്യാകുലനായ്-ഏവം ചിന്തിച്ചാൻ**

**പാവങ്ങൾക്കു വിശക്കുമ്പോൾ ഈ ധൂ-ർത്തടിയെന്തേ**

**ദീനോറാ മുന്നൂറിന്നീ-തൈലം വിറ്റീടാം**

**ഹാലേലുയ്യാ അവരെ പോറ്റീടാം.**



@FIOK*.MOC.KTYM

ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.

2. ചൊന്നു പുരോഹിതരൊടു യൂദർ തെല്ലും-ധൃതി വേണ്ടാ
അവനെ കാട്ടിത്തരുവാനായ് ശിഷ്യ-രിലുണ്ടേകൻ
അവനീരാവിൽ-കാണും നിങ്ങളെയെ-
ന്നേവം ഗൂഢം-വാഗ്ദത്തം ചെയ്താർ
നിജഗുരുവിൻ വില മുപ്പതു കാശേകേ-ണം നിങ്ങൾ
കൂടുതലായാലും ലേശം മടി കാട്ടീടേണ്ട
ഹാലേലുയ്യാ ദുരിതമവർക്കെന്നും.

ബോത്തേദ് ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1 തൂങ്ങി-ച്ചാവാൻ-കയറിനു വേ-ണ്ടും
വില കൈ-പ്പറ്റി-ഗുരുവിനെ വി-റ്റാൻ
തന്ത്രത്താൽ കൂ-ട്ടത്തിൽ പാർത്താൻ
ത-ക്കത്തിനു ത-ന്നിഷ്ടം കാ-ട്ടാൻ
ഉത്സാ-ഹത്തോ-ടോങ്ങിയിരു-ന്നാൻ.

2. പുല്ലും-മുള്ളും-കാരയുമാ-യോർ
ലോകത്തെ വെ-ണ്ണീറാക്കീ-ടും
വൻ തീയിന്മേൽ-കൈവച്ചപ്പോൾ
കാ-ഠിന്യത്തെ താഴ്ത്തിയ മൂലം
ജ്വാല-യിലാരും- വെന്തില്ലേ-തും.

3. നിന്മാ-ഹാത്മ്യ-ത്തെ കീർത്തി-പ്പൂ
സ്വർഗ്ഗീ-യരുമൂഴിയിലുള്ളോ-രും
സ്രാപ്പേന്മാരും-ക്രോബേന്മാരും
വാഴ്ത്തീ-ടുന്നു-നിൻ രക്ത-ത്താൽ
രക്ഷി-തരായോർ വന്ദിക്കു-ന്നു.



@FIOK*.MOC.KTYM

**നിൻവി-ധി ചെയ്തോർ വിധിയേൽക്കു-മ്പോൾ**

**വിധി ചെ-യ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...**

## മാർ യാക്കോബിന്റെ ബോവൂസാ

**മ്ശി-ഹാ! സ്കീ-പ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ**

**പ്രാർ-ത്ഥന കേ-ട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...**

1. **ശീ-മോൻ യോ-ഹന്നാന്മാർക്കെന്നോണം നിൻ നാഥൻ**
   **തന്നാദാനത്തെ വഞ്ചകനേ! നീ ഓർത്തില്ല**
   **നീ-സൗഖ്യം-നൽകിയ രോഗികളുച്ചത്തി-ൽ കേഴും**
   **കു-ഷ്ഠത്തീന്നും മോചനമാർന്നോർ വിലപി-ച്ചീടും. ദേവാ! ...**
2. **നിൻ തേ-ജസ്സിൻ നഷ്ടത്തിൻ ശ്രുതി കേട്ടീ-ടുമ്പോൾ**
   **യീ-ഹൂദോ-ടാ ഗ്ലീലാ നാടും പ്രലപി-ച്ചീടും**
   **വ-ഞ്ചിച്ചിട്ടില്ലാരും ഗുരുവിനെയിതുപോൽ-മുന്നം**
   **പേ-ടിച്ചീടും ഗുരുശിഷ്യന്മാരെന്നും-നിന്നെ. ദേവാ! ...**
3. **വീ-ണോനാമച്ചതിയൻ നന്മകളെല്ലാം വിട്ടു**
   **വാങ്ങിക്കൊണ്ടാൻ ക്രൂശകരീന്നും ഗൂഢം-കൂലി**
   **ത-ന്നാംഗൃത്താൽ സൃഷ്ടിഗണത്തെ നിർത്തുന്നോനെ**
   **വിൽക്കാന-മ്പേ നിശ്ചിതമാക്കി യൂദാ-മൂല്യം. ദേവാ! ...**
4. **ഉ-ന്മത്തന്മാർ ദൈവസുതൻ തൻമൂല്യം നൽകി**
   **യൂ-ദാ പൂണ്ടാൻ ക്രൂശകരെക്കാൾ ചിത്ത-ഭ്രാന്തി**
   **കൈ-വിട്ടീടാതവനെ വീണ്ടും കൈക്കൊ-ണ്ടോനാം**
   **ദൈവ-സുതൻ തൻ വിനയം വിസ്മയമാർക്കും-നൽകും.**
   **ദേവാ! ...**
5. **ശി-ഷ്യന്മാരും ഗുരുവും സമരായ് കാണ-പ്പെട്ടു**
   **ചൂ-ണ്ടിക്കാട്ടാനതിനാൽ ദ്രവ്യം ചതിയ-ന്നേകി**
   **വേ-ഷം മാനമിരുപ്പെന്നിവയാൽ പാർത്താ-ലാർക്കും**
   **നേ-താവാരെന്നറിയാനേതും സാധി-ച്ചില്ല. ദേവാ! ...**



@FIOK*.MOC.KTYM

6. നൽ-ശിഷ്യന്മാരെ ഏറ്റോനാം വിമലൻ-സ്തുത്യൻ
കൈ-വിട്ടു നീ വഞ്ചന കാട്ടിയ ശിഷ്യൻ-തന്നെ
കോ-ട്ടയതാവുക ശുദ്ധസഭയ്ക്കിഹ നിൻ ക്ലേ-ശങ്ങൾ
നി-ന്നെ താതനെ റൂഹായെയും സഭ കീർ-ത്തിക്കും. ദേവാ! ...

നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

## സൂഗീസോ

(അരിമത്യനാട്ടിൽ ... എന്ന പോലെ)

1. ദുർഭഗനോടിപ്പോയ്-കൂരിരുളിൽ ചേർന്നു
പ്രഭയെ ദ്വേഷിച്ചോൻ-ഇരുൾ സ്നേഹിച്ചു
ഉജ്ജ്വലസൂര്യൻ തൻ-കതിരുകൾ കാണായ്വാൻ
ദൃഷ്ടികൾ തൻ ദീപ്തി-മങ്ങിപ്പോയി
സുവിശേഷിച്ചോനാം-ശ്ലീഹാ യൂദായെ
ചതിവാലാരേവം-നിൻ സൗന്ദര്യം ധ്വംസിച്ചു?
വീഴ്ച ഭവിച്ചോനേ-ദുർഭഗനേ നിന്റെ
കൈയിലിരിക്കുന്നു-മൃതിവിഷപാത്രം.

2. അധികാരം-പാരം നേടിയ ശിഷ്യാ നീ
എന്തിനു കൈവിട്ടു-നിൻ ബഹുമാനം
ഓ! ഗൃഹകാര്യസ്ഥാ-വത്സലനാം ശ്ലീഹാ
എന്തിനു വിറ്റീടു-ന്നാ ധനവാനെ?
നീ ധനമോഹത്താൽ-വിൽക്കാൻ പോകുന്നോൻ
വിലതീരാത്തോനാ-ണയ്യോ നീയിതു ചെ-യ്യല്ലേ
തന്മഹിമാവോർത്താൽ-സൃഷ്ടികൾ നിസ്സാരം
നീയിതു ചെയ്തെന്നാ-ലേൽക്കും ശാപം.

3. ഭാഗ്യം കെട്ടോനേ-ഞെട്ടുക നീ ഭീതിയാൽ
വിലതീരാത്തോനെ-വില്ക്കരുതേ നീ

സൃഷ്ടിച്ചോനെ നീ-വിറ്റതിനാലിപ്പോൾ
ദുഷ്ടാചാര്യന്മാർ-ചിരി തൂകുന്നു
വാനിടവും പാരും-തന്നുള്ളംകൈയിൽ
കല്പനയാൽ നാഥൻ-നിർത്തുന്നെന്നറിയുന്നി-ല്ലേ?
വിലതീരാത്തോനെ-കാശിനു കൈമാറി
കിട്ടിയ കാശോർത്താൽ-കയറിനു മാത്രം.

4. മധുരം പാനം ചെ-യ്തോനാം യൂദായെ
എങ്ങോട്ടിന്നേരം-നീയൊഴിയുന്നു?
ദീപ്തിയെ വിട്ടോടി-കൂരിരുളിൽപോയ് നീ
എന്തിനൊളിക്കുന്നു-ചൊല്ലുക യൂദാ?
നിൻ സമ്പാദ്യത്തെ-കൊള്ളയടിച്ചേവം
നിൻ വ്യാപാരത്തെ-മോഷ്ടിച്ചോനാരാണാ-വോ?
പ്രിയനാം ഭ്രാതാവേ-പകയും വേർപാടും
കിട്ടിയ നീയയ്യോ-ഭാഗ്യവിഹീനൻ!

5. ശ്ലീഹായാം യൂദാ-നീ തള്ളപ്പെട്ടോ?
മനസ്സാ നീയെന്തി-ന്നോടിപ്പോയി
വഞ്ചകനേ എന്തി-ന്നുഴറിച്ചെന്നേവം
ശ്ലീഹഗണത്തെ നീ-ഹന്ത തകർത്തു
പന്ത്രണ്ടായീടും-നിശ്ചിതമാം സംഖ്യ
നീ ധനമോഹത്താൽ-ഭേദിച്ചപ്പോൾ ഭാഗി-ച്ചു
ഘാതകനായ്ത്തീർന്ന-ശിഷ്യൻ യൂദായേ!
എന്നെന്നേക്കും നീ-നിന്ദിതനായോൻ.

6. ശിഷ്യത്വം ഭാവി-ച്ചോനാം യൂദായേ!
എന്തിനു കൊല്ലുന്നു-നാഥനെയേവം
ശീമോൻ യോഹന്നാ-ന്മാർ തൻ കൂട്ടാളീ
കൂരിരുളിൽ നിന്നെ തള്ളിയതാര്?


@FIOK*.MOC.KTYM

ചെന്നായായ്ത്തീർന്ന-കുഞ്ഞാടാം യൂദാ
ഇടയനെ നീ ചീന്തി-മരണത്തിന്നേല്പിച്ചല്ലോ
കേഴും നിന്നെയോ-ർത്തി-പ്പാരും വാനും
സൃഷ്ടിഗണം നിന്മേൽ-ചൊരിയും ശാപം.

7. വിലതീരാത്തോൻ തൻ-വില തൂക്കിക്കൊള്ളാൻ
തൻ കൈയിൽ യൂദാ-ത്രാസു വഹിച്ചു
മറിയാമിൻ സൂനു-ദൈവത്തിൻ പൈതൽ
മുപ്പതു വെള്ളിക്കായ് വിൽക്കപ്പെട്ടു
ശാസിപ്പാൻ നീതി-അപ്പൊഴെഴുന്നേറ്റു
നിന്ദിതനാം ശിഷ്യാ വഞ്ചകനാകും യൂ-ദാ-യേ!
എന്തിനു നീ കൈയിൽ ത്രാസുമെടുത്തേവം
സ്രഷ്ടാവിൻ മൂല്യം തൂക്കീടുന്നു?

8. ഗുരുവിനെ വഞ്ചിച്ച-ശിഷ്യാ! കേഴുന്നു!
ശിഷ്യന്മാരെല്ലാം-നിന്നെച്ചൊല്ലി
ഗുരുവിനെ വിറ്റോനേ-യൂദായാം ശ്ലീഹാ
നിന്നെ വിട്ടോടും-ഗുരുനാഥന്മാർ
ഉളവായിട്ടില്ല-നിന്നെപ്പോലാരും
തലമുറകൾ തോറും-ചൊല്ലിടുമക്കഥയും-നൂ-നം
ഗുരുനാഥൻ തന്നെ-കൊന്നോനാം ശിഷ്യൻ
നരകത്തിൽ നൂനം-യാതനയേൽക്കും

9. ശീമോനും യോഹ-ന്നാനും രോദിച്ചു
മത്തായ് ബർത്തുൽമാ-മാർ വിലപിച്ചു
മൃതിയടയാൻ പോകും-ഗുരുവിനെയും പാഴാം
ഇരുളൊടു ചേർന്നോനാം-പ്രിയനെയുമോർത്താർ
സൃഷ്ടിയതാ വാനും-തന്നെ കൈക്കൊണ്ട
വാരിധിയും മന്നും-വിലപിച്ചേവം ചൊല്ലു-ന്നു



@FIOK*.MOC.KTYM

**സ്വന്തം രൂപത്തി-ന്നന്ധത ചേർത്തോനാം**
**തേജസ്സേ ഹാ! ഹാ!-ദുരിതം ശാപം.**

**10. നന്മകൾ ഞാൻ നിന്നെ പരിശീലിപ്പിച്ചു**
**സൗഖ്യ സഹായങ്ങൾ നീ ചെയ്തല്ലോ**
**അധികാരം നിൻ പേർ-ക്കമ്പൊടു ഞാനേകി**
**നിന്നെ മുടക്കാൻ ഞാൻ വഴി വച്ചില്ല**
**സദയം ഞാൻ തന്നോ-രധികാരത്താൽ നീ**
**ദുഷ്ടാത്മാക്കൾ തൻ-കൂട്ടത്തെ ദൂ-രത്താ-ക്കി**
**വഞ്ചകനാം യൂദാ-ഏതപകാരത്താൽ**
**എന്നെ ദ്രോഹിപ്പാൻ-പ്രേരിതനായി?**

**ഏവൻഗേലിയോൻ**

**(പെസ്ഗോമോ)**

**ഹാ-ഹാ- ദ്വേഷി മനസ്സിൽ ദോഷം ചിന്തിപ്പൂ**
**ദൈവഭയം പാർക്കിലവന്നില്ല. ഹാ-**

**വി. യോഹന്നാൻ 6: 24-40**

**മൂന്നാം കൗമാ**

**കൗമാ**

**ബ്രീക്മൂക്കോക്ദഹലോപ്പൈൻ**

**പീഡാ-താഴ്ചകളാൽ നമ്മെ-വീണ്ടോനാം**
**മശിഹാ-യെ വാഴ്ത്തി നമിക്കാ-മീരാവിൽ**

*(മൂന്നു പ്രാവശ്യം)*

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

## എക്ബോ

*(ആമ്മോ ഉ ആമ്മോ ... എന്ന രീതി)*

**ഒരുപോൽ ധരണീ-സ്വർഗ്ഗങ്ങൾ**
**പ്രണമിക്കും നാ-ഥാ, സ്തോത്രം**
**ദോഷികൾ ദോഷം-കൈവിട്ടു**
**നിന്നവതാര-ത്താൽ സ്തോ-ത്രം.**

*കുറിയേലായിസോൻ കുറി ... കുറി ...*
*ഞങ്ങളുടെ കർത്താവേ! ...*
*സ്തൗമെൻകാലോസ് കുറിയേലായിസോൻ*

## പ്രുമിയോൻ

## കോലോ

*(കൂക്കോയോ)*

1. **ശിഷ്യസമേതം ശീമോൻ തൻ ഭവന-ത്തിൽ യേശു**
**പന്തിയിരിപ്പൊരു വൃത്താന്തം പാപി-നി കേട്ടപ്പോൾ**
**വിശ്വാസത്തോ-ടേവം ചിന്തിച്ചു**
**സർവ്വജ്ഞനെ ഞാൻ-പോയ് സന്ദർശിക്കും**
**പാപവിമോചകനെൻ പാപം-പക്ഷേ-മോചിക്കും**
**മോചനമില്ലെങ്കിലുമവനെ-കണ്ടാൽ-മതിയാകും**
**ഹാലേലുയ്യാ-അവൾ മോചിതയായി.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.**

2. **യേശുവിനെ പരിമളതൈലം പാപി-നിയാൾ പൂശി**
**നേരറ്റോനും ചതിയനുമാം യൂദാ-യ്ക്കാ കർമ്മം**
**തെറ്റായ് തോന്നീ-ട്ടീർഷ്യാഭാവത്തോ-**
**ടേവം ചൊന്നാൻ-എന്തിന്നീ നഷ്ടം**
**ദീനോറാ മുന്നൂറുണ്ടാം തൈലം-വിറ്റെന്നാൽ**
**പാവങ്ങൾക്കിപ്പെരുന്നാളിൽ ദാനം-ചെയ്യരുതോ**
**ഹാലേലുയ്യാ-നാശമവനെന്നും.     മൊറിയോ റാഹേം ...**



@FIOK*.MOC.KTYM

## എത്രോ

## വീണ്ടും കോലോ

1. ഈ രാത്രിയിൽ/ അന്യായക്കാരൻ അവന്റെ ഹൃദയത്തിൽ അധർമ്മം ചിന്തിച്ചുകൊണ്ട്/ അന്തരിന്ദ്രിയങ്ങൾ പരിശോധിക്കുന്നവനായ രക്ഷകനെ/ രഹസ്യമായി വിൽക്കുവാൻ ആലോചിച്ചു. വഞ്ചനയും കോപവും നിറഞ്ഞ്/ വിലയേറിയവന്റെ വില അവൻ നിശ്ചയിക്കുകയും/ ദൈവകുഞ്ഞാടിനെ അധർമ്മികളുടെ കൈയിൽ ഏല്പിക്കുകയും ചെയ്തു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ഈ രാത്രിയിൽ/ നമ്മുടെ രക്ഷകൻ അപ്പം മുക്കിക്കൊടുത്തുകൊണ്ട്/ തന്നെ ഏല്പിച്ചുകൊടുക്കുന്നവൻ ആരാകുന്നു എന്ന്/ ശിഷ്യന്മാരുടെ അനുഗൃഹീത സംഘത്തെ അറിയിച്ചു. തന്റെ ശ്രേഷ്ഠതയെ താഴ്ത്തി, താൻ ഇറങ്ങിവന്നു. യജമാനൻ നിന്നുകൊണ്ട് തന്റെ ദാസന്മാരെ ശുശ്രൂഷിച്ചു. തന്റെ തിരുശരീര രക്തങ്ങൾ അവർക്കു നൽകി. തന്റെ താഴ്മയ്ക്കു സ്തുതി.

## ബോത്തെദ് ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. നിങ്ങ-ളിലൊരുവൻ-എൻ വില ചൊ-ല്ലും
അവനാ-പത്ത-ങ്ങവകാശി-ക്കും
തന്നെത്താനെ-നാശം പൂകും
എന്നീ-രാവിൽ-തന്നെ-പ്പറ്റി
ഗൂഢം-കാര്യം-വെളിവായ് ചൊന്നാൻ.

2. കുഞ്ഞാ-ടുകള-ന്നാളിൽ പെ-സഹാ
കുഞ്ഞാടതിനെ-മനസ്സാ ത-ള്ളി
ദൈവത്തിൻ കു-ഞ്ഞാടിനെയേറ്റു
നിന്നെ-ഒറ്റു-ന്നോനാരെ-ന്ന്
വെളിവാ-ക്കണമെ-ന്നഭ്യർത്ഥി-ച്ചാർ.

3. തേജോ-മയരാം-ദൂതന്മാ-രെ
വിട്ടി-ട്ടാക്ഷേപം-കൈ-ക്കൊ-ൾവാൻ



@FIOK*.MOC.KTYM

സ്നേഹം നിന്നെ-പ്രേരിപ്പിച്ചു
ആദ-ത്തോടു-ള്ളൻപാലാർ-ന്നു
കർത്താ-വേ നീ-ന്യായസ്ഥാ-നം.

4. ഉയിരിൻ-ബലിയേ! നൽ കുഞ്ഞാ-ടേ
ശാന്തി-പ്രദനാം രക്ഷകനേ-നീ
ജീവാരാവം-പുണ്യ രക്തം
വാഴ്ത്തും-പുറജാ-തികളെയേ-റ്റു
വിട്ടോ-രു സ്വജന-ത്തെ വെടിയേണം.
നിൻവി-ധി ചെയ്തോർ വിധിയേല്ക്കു-മ്പോൾ
വിധിചെ-യ്യരുതേ ഞങ്ങളെയീ-ശാ മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശി-ഹാ സ്കീ-പ്പാ മൃതി കഷ്ടതകൾക്കായ് വ-ന്നോനേ
പ്രാർ-ത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേണം.
ദേവാ! ദയയുണ്ടാകേണം ...

1. വാ-ത്സല്യത്തൊടു ശിഷ്യസമേതം പെസഹാ-നാഥൻ
കയ്പും-കൂട്ടി ഭക്ഷിച്ചെന്നതു പരമാ-ശ്ച-ര്യം
ഉൾക്കൊ-ണ്ടോരക്കയ്പ്പോർത്താൽ തൻ മരണം-ക്ലേ-ശം
ആസ-ന്നം താനെന്നതി വിശദം സൂചി-പ്പി-ച്ചു. ദേവാ! ...

2. കയ്പുൾ-ക്കൊണ്ടാൻ തൻ മരണത്തിന്നച്ചാ-രം പോൽ
ക്ലേശം സർവ്വം ഭരമേറ്റീടാൻ തയ്യാ-റാ-യാൻ
മാ-ലേറ്റോനെന്നോണം ശിഷ്യരൊടേവം-ചൊന്നാൻ
എന്നെ-ഒറ്റും നിങ്ങളിലേകൻ പകയ-ന്മാർക്കായ്. ദേവാ! ...

3. അറിയു-ന്നോനായിതുവരെ മൗനം പൂണ്ടെ-ന്നാലും
അറിയാത്തോനെന്നെണ്ണീടായ്വാനിതു താ-ൻ ചൊന്നു
തേജ-സ്സേറും പകലോനനുയാ-ത്രയ്ക്കല്ലാതെ
കൂ-രിരുൾ തിങ്ങും പാതയിലൂടെ പോവോ-നാരാം?
മാന്യ-ത കൂടും പകലിനെ വിട്ടിട്ടെല്ലാ-ടത്തും
അന്ധത വാഴും രാവൊടു സഖ്യം ചെയ്തോ-നാരാം? ദേവാ! ...

4. തന്ന-ത്താൻ പിന്മാറി കഷ്ടം ചെന്നാ-യായി
മേ-യിപ്പോനെ ദ്രോഹിക്കുന്നൊരു കുഞ്ഞാ-ടാരാം?
ആ-ദിത്യന്നും പിടികിട്ടാത്തൊരു തേജ-സ്സാകും
താ-തൻ തൻ കതിരിനെ ഒറ്റുന്നോൻ ആരാ-ണാവോ?
ശത്രു-ക്കൾക്കായ് നാഥനെ ഏല്പിക്കുന്നോ-നാരാം?
സന്താ-പത്തോടാ ശിഷ്യന്മാർ ചിന്തി-ച്ചേവം. ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

## സൂഗീസൊ

(ഘാതകധിക്കാരിയെ വെന്നോൻ ... എന്ന പോലെ)

1. ഒരുപോൽ ധരണി-സ്വർഗ്ഗങ്ങൾ പ്രണമിക്കും നാ-ഥാ സ്തോ-ത്രം
ദോഷികൾ ദോഷം-കൈവിട്ടു നിന്നവതാര-ത്താൽ സ്തോ-ത്രം
2. ക്ഷമ നൽകുന്നോൻ ക്ഷിതിയാർന്നു/ദാവീദ്യയിൽ നിന്നുടലേ-ന്തി
സ്നേഹത്തിൻ പ്രേ-രണമൂ-ലം/ജനനത്തിന്നായ് വന്നീ-ശൻ
3. നിർമ്മാതാവാ-കും ദൈവം/ശമനം രോഗ-ങ്ങൾക്കേകി
വിമലതയാത്മാ-വിനു നൽകി അത്ഭുതവീര്യം കാണി-ച്ചു
4. തീത്തമരത്തീ-ന്നും നാഥൻ/ സക്കായിയെ അ-ൻപൊടു നേടി
സെബദിതനൂജ-ന്മാരെയാ പടകിൽനിന്നും-കൈക്കൊ-ണ്ടു
5. ശമരിയ നാട്ടിൽ-പെട്ടോളെ/വീണ്ടു കിണറ്റിൻ കരയിങ്കൽ
ശീമോൻ തന്നു-ടെ ഗേഹ-ത്തിൽ/പാപിനിയെയും-രക്ഷി-ച്ചു
6. തനയൻ മെയ്യാ-ർന്നോൻ പുണ്യം/സക്കായിക്കേ-കിയ പോലെ
എന്നൊടു തോന്നും-കനിവവനെ/കാണാൻ ഞാൻ മോ-ഹിക്കുന്നു
7. പശ്ചാത്താപം-പൂണ്ടോളാം/അവളെ ദുഷ്ടൻ-കണ്ടാറേ
കൗശലപൂർവ്വം-സവിധേ ചെ/ന്നുരിയാടാനാ-രംഭിച്ചു
8. എന്തു ഭവിച്ചെൻ-ബാലേ നീ/ചൊല്ലുക വിശദം-വൃത്താന്തം
പ്രിയരഹിതം കാ-ണിച്ചെങ്കിൽ/രഞ്ജിപ്പിക്കാം-കരയേ-ണ്ടാ
9. ദൈവാത്മജനെ-നേരിട്ടാൽ/ നിന്നെയവൻ കൈ-യേൽക്കില്ല
കുറ്റങ്ങൾക്കായ്-ശാസിക്കും/നാണിക്കും നീ-പിൻവാ-ങ്ങും

10. മുഴുകും നീ സ-ന്താപത്തിൽ/ ക്ഷമ നൽകുകയി-ല്ലവനേതും
നിൻ കുറ്റങ്ങൾ-സമ്പൂർണ്ണം/നീ മോചനമാർ-ജ്ജിക്കില്ല
11. വാസനയേറും-തൈലത്താൽ/ഭൂഷിതമാം നിൻ-പുരികൂന്തൽ
മൃതിയേകസുതൻ-പൂണ്ടോടേ/തെന്നോണം പങ്കിലമായി
12. നിൻമിഴി മഷിയാൽ-ശോഭിച്ചു/ വിസ്മയമേ നിൻ-ലാവണ്യം
ആ മിഴിയിപ്പോൾ-മുഴുനാളും/കേഴുന്നതു ഞാൻ-കാണുന്നു
13. സുരഭിലതൈലം-വാങ്ങീടാൻ/കുപ്പിയുമായ് പോ-വുകയോ നീ
പ്രിയസംഘം വ-ന്നെത്തുമ്പോ/ളവരൊത്താന-ന്ദിക്കാനോ?
14. എൻഗുണദോഷം-കേൾക്കായ്കിൽ/പാരും വാനും-ഖേദിക്കും
നീ ലജ്ജിതയായ്-പിൻവാങ്ങും/ നിൻ യാചന ഞാൻ-കേൾക്കില്ല
15. ദുഃഖിതരെ സ്നേ-ഹിച്ചോനാം/യേശുവിനെ സ്നേ-ഹിക്കുന്നേൻ
കുടിലതയേറും-നിന്നെയും/കൂട്ടരെയും ഞാൻ-വെടിയുന്നു
16. ഞെളിയാതപരാ-ധം പൂണ്ടാൽ അവരിൽ തനയൻ-തെളിയുന്നു
താതനുതുല്യം-കനിവുള്ളോൻ/അനുതാപികളിൽ-പ്രീതൻ താൻ
17. ശീമോൻ തൻ വീ-ട്ടിൽ പുണ്യം/ പാപിനിയാൾക്കേ-കിയപോലെ
നിന്നെ ഉൾക്കൊ-ള്ളുന്നോളാം/വിമലസഭയ്ക്കും-നൽകേണം
18. തെരുവീഥിയിൽ നീ-നാൾതോറും/സ്നേഹിതരെ സ-മ്പാദിച്ചു
നിന്നെ നോക്കിപ്പാർക്കുന്നോ/രവരെക്കാണ്മാൻ പോകേണം
19. അവനമലൻ നീ-പിഴയാളി/തൻ ശ്വാസത്താൽ-നീ തീരും
നീ പാപത്തിൽ-സംജാത/അവനന്യൂനൻ-പരിശുദ്ധൻ
20. സകല പ്രാണ-ത്രാതാവേ,/സകലവുമങ്ങേ-വാഴ്ത്തുന്നു
നിൻ താതന്നും-പരിശുദ്ധൻ/റൂഹായ്ക്കും സ്തോ-ത്രം സ്തോത്രം

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ദ്വേഷി മനസ്സിൽ ദോഷം ചിന്തിപ്പൂ
ദൈവഭയം പാർക്കിലവന്നില്ല. ഹാ-

വി. യോഹന്നാൻ 6: 41-63

**ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ/ ദൈവമേ നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം)**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണയുണ്ടാകണമേ.**

**നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ/ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ/ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ/ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ/ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും./ കർത്താവേ കൃപ ചെയ്തു സഹായിക്കണമേ.**

## വി. മറിയാമിന്റെ പാട്ട്

**(ലൂക്കോസ് 1: 46-55)**

**മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു, എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.**

**എന്തെന്നാൽ ശക്തിമാനും, തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.**

**അവൻ തന്റെ ഭുജം കൊണ്ട് ജയമുണ്ടാക്കി: തങ്ങളുടെ ഹൃദയ വിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു; അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും, താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.**

**അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സംപൂർണ്ണരാക്കുകയും, സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു, അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രാഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

## മൗർബോ

**(ലെക്ദലയോൻ മെൻഹൗനോ ... എന്ന രീതി)**

1. **ശിഷ്യർക്കായ് തനുരക്തങ്ങൾ കൂറോ-ടേകിക്കൊ-
ണ്ടിതു ഭക്ഷിപ്പിൻ പുണ്യം നൽകും
രക്തം പാനം ചെ-യ്യുവിനെ-
ന്നേവം ചൊല്ലിയൊരുടയോനേ!
സ്തുതിയങ്ങേ-ക്കെന്നും.**

2. **പങ്കപ്പാടിനു മുമ്പായി പെസഹാ-ഭക്ഷിപ്പാൻ
ശാശ്വതജീവൻ-പരിശുദ്ധാത്മാ-വെന്നിവ നൽകിടുവാനായി
ആശിച്ചേനെന്നുര ചെയ്തോൻ
മശിഹാ സ്തോ-ത്രം തേ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...**

3. **പന്തിയിരുന്നാൻ മാളികയിൽ-ശിഷ്യ-രോടൊത്തീശൻ
ദാസനു തുല്യം-തണ്ണീരേന്തി-കഴുകീയവർ തൻ പാ-ദങ്ങൾ
നിങ്ങളുമിതുപോൽ ചെയ്യണമെ-
ന്നങ്ങരുളി-ച്ചെയ്തു. ആമ്മീൻ.**

**സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത്/ എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു.**

**അത് അഹറോന്റെ തലയിന്മേലും/ അവന്റെ അങ്കിയുടെ നെഞ്ചിന്മേൽ വീണുകിടക്കുന്ന താടിയായ അവന്റെ താടിയിന്മേലും ഒലിക്കുന്ന/ തൈലം പോലെയും/ സെഹിയോന്റെ മലമേൽ പൊഴിയുന്ന/ ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.**

**എന്തെന്നാൽ അവിടെ കർത്താവ്/ എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കൽപ്പിച്ചു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

## പൊതുവായ എനിയോനോ

**ദൈവമാതാവിന് ഓർമ്മയും, അവളുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.**

**നീതിമാന്മാർക്ക് ഓർമ്മയും, അവരുടെ പ്രാർത്ഥനയാൽ നമുക്ക്**



@FIOK*.MOC.KTYM

**സഹായങ്ങളും ഉണ്ടാകട്ടെ.**

**ദീർഘദർശിമാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.**

**കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമേ.**

**ദയയുള്ളവനും, കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ! നിന്റെ ന്യായവിസ്താര ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ.**

**തന്നെ വിളിക്കുന്ന പാപികളിൽ നിന്ന് തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ. ശുബഹോ ...**

**കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്ക്/ നല്ല ഓർമ്മയുണ്ടാക്കണമേ. മെനഓലം ...**

**നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ/ അവർ നിന്റെ വലതുഭാഗത്ത് നിൽക്കുമാറാകണമേ.**

## മറ്റൊരു എനിയോനോ

**കന്യകയായ ദൈവമാതാവേ! എല്ലാ കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമേ.**

**(കർത്താവെ) എല്ലാ നാഴികയിലും ഞങ്ങൾക്കായ് കെണികൾ വയ്ക്കുന്ന ദുഷ്ടനെ, നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽ നിന്ന് മായിച്ച് കളയണമേ.**

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്ക് കോട്ടയായിരിക്കുകയും, അതിനകത്ത് ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.**

**വചനമായ യേശു തമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും, മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.**

**നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും, എല്ലായിപ്പോഴും പിതാവിനെയും, പുത്രനെയും, വിശുദ്ധറൂഹായെയും സ്തുതിച്ച് വന്ദിച്ച് മഹത്ത്വപ്പെടുത്തണം.**

**ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്ന**



@FIOK*.MOC.KTYM

ള്ളുന്ന ആ നിന്റെ വലിയ ദിവസത്തിൽ നിന്റെ വലതുഭാഗത്ത് ഞങ്ങളെ നിറുത്തണമേ.

ഈ സമയത്ത് നിനക്ക് സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണ ചെയ്യണമേ. കർത്താവേ! കൃപ ചെയ്ത് സഹായിക്കണമേ.

ഉറങ്ങിയവരേ നിങ്ങൾ ഉണർന്നെഴുന്നേറ്റ് ... (പേജ് 40)

ത്രിത്വത്തിനു സ്തുതി ... (പേജ് 43)

## നാലാം കൗമാ

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

1. സകല ജാതികളുമേ കേൾപ്പിൻ, സകല ഭൂവാസികളുമേ ശ്രദ്ധിപ്പിൻ, ഊർശ്ലേം അതിന്റെ നാഥന് ഉപദ്രവം പകരം ചെയ്തിരിക്കുന്നു. താൻ അവൾക്കായി ഭയങ്കര സമുദ്രത്തെ ഭാഗിക്കുകയും/ അതിനുള്ളിൽകൂടി അവളെ കടത്തിവിടുകയും ചെയ്തു. അവളാകട്ടെ താൻ ധരിച്ച വസ്ത്രം ഉരിഞ്ഞ് വിഭജിച്ചു. മരുഭൂമിയിൽ അവൾക്ക് മന്നാ കൊടുക്കുകയും പാറയിൽനിന്ന് വെള്ളം ഒഴുക്കുകയും ചെയ്തിട്ടും/ സ്കീപ്പായിൽവച്ച് വെള്ളം ചോദിച്ചപ്പോൾ/ കയ്പും ചൊറുക്കായും അവൾ തനിക്കു നൽകി. സ്വന്തം നാഥനെ ശപിച്ചവളെ ഉന്മൂലനാശം ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ദൈവം മോശയോട് അരുളിച്ചെയ്തത്/ നീ സഭയ്ക്ക് ആവശ്യമായ രണ്ട് കൽപ്പനകൾ ഉള്ള/ രണ്ട് കൽപലകകൾ എടുത്തു കൊണ്ട്പൊയ്ക്കൊൾക. എന്റെ മുമ്പാകെ പരസംഗം ചെയ്യുകയും മിസ്രയിംകാരുടെ മാംസഭക്ഷണത്തെ സ്നേഹിക്കുകയും/ ഉയരത്തിൽനിന്നുള്ള മന്നയെ വെറുക്കുകയും ചെയ്ത സെഹിയോനെ/ ഞാനും വെറുക്കും. എന്റെ പ്രീതിയെ അതിൽനിന്ന് നീക്കിക്കളയുകയും/ ജാതികളുടെ ഇടയിൽ ചിതറിപ്പോകുവാനായി/ ഞാൻ അതിനെ കൈവിടുകയും/ എന്റെ വത്സലപുത്രന് സഭയെ ഞാൻ വിവാഹം നിശ്ചയിക്കുകയും ചെയ്യും. അവൻ അതിനു



@FIOK*.MOC.KTYM

**വേണ്ടി മരിക്കുകയും തന്റെ കുറ്റമില്ലാത്ത രക്തത്താൽ/ ലോകത്തെ രക്ഷിക്കുകയും ചെയ്യും. മൊറിയോ റാഹേം ...**

## എത്രോ

## വീണ്ടും കോലോ

**1 ജനത്തിന്റെ മഹാപുരോഹിതൻ/ വലിയ പെരുന്നാളിൽ ലോകം രക്ഷിക്കപ്പെടേണ്ടതിന്/ ശ്രേഷ്ഠ മഹാപുരോഹിതനായവൻ/ മരിക്കുന്നത് നല്ലതാകുന്നു എന്ന് പ്രവചിക്കുകയായിരുന്നു. മശിഹാ എല്ലാവരെയും സ്വാതന്ത്ര്യപ്പെടുത്തുമെന്നുള്ളത്/ ഇതിനാൽ വ്യക്തമാകുന്നു. ഇതാ സഭയും അതിന്റെ മക്കളും തനിക്ക് സ്തുതി പാടുന്നു.ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. കർത്താവ് അരുളിച്ചെയ്തത്/ എന്റെ ശിഷ്യന്മാരേ/ യഹൂദജനത്തിൽ നിന്ന് ഞാൻ പീഡയേൽക്കുന്നതുകൊണ്ട് നിങ്ങൾ ദുഃഖിക്കേണ്ട. ഞാൻ പീഡകളാൽ ദുഷ്ടനെയും മരണത്തെയും ജയിക്കുകയും/ നാശത്തിൽ പഴകിപ്പോയ/ ആദാമിന്റെ സ്വരൂപത്തെ പുതുതാക്കുകയും ചെയ്യുന്നു.**

## ബോത്തേദ് ഹാശോ

**ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ**
**താഴ്ചകളേറ്റം-ധന്യം നാഥാ!**

**1. മശിഹാ-ഹാശാ-നാളിൽ വി-ട്ടു**
**ഇരുശി-ഷ്യന്മാരെ-പെസഹാ-യ്ക്കായ്**
**കർത്താവെത്തി-സ്വന്തം മെയ്യിൽ**
**അതിനെ-ഭംഗ്യാ-നിറവേറ്റി-തൻ**
**ദൃഷ്ടാ-ന്തത്തെ-മായിച്ചീ-ടും**

**2. രക്ത-ത്താൽ മാ-ലിന്യം പൂ-ണ്ടോൻ**
**കായേൻ-തന്നെ സൂചിപ്പി-ക്കും**
**കൊല്ലപ്പെട്ടോൻ-മൗനം പൂകും**
**പക്ഷേ-രക്തം-മുറവിളി കൂ-ട്ടും**
**ഓർക്കേ-ണം ഘാ-തകനിക്കാ-ര്യം.**

**3. ദൂത-ന്മാർ തൻ-കോപാവേ-ശം**
**ദുഷ്ട-ന്മാർമേൽ-തീ ചൊരിയായ്-വാൻ**


@FIOK*.MOC.KTYM

തന്നെ ക്രൂശിൽ-തൂക്കാൻ വന്ന
യൂദ-ന്മാർ നാ-ശം പൂകായ്-വാൻ
രോധി-ച്ചാൻ തൻ-വീര്യത്താ-ലെ.
നിൻ വിധി ചെയ്തോർ-വിധിയേല്ക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

**മാർ അപ്രേമിന്റെ ബോവൂസാ**

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണം അവകാശം രാജ്യേ.
ദേവാ! ദയയുണ്ടാകേണം....

1. തൻ ബലിസൂചനയാകും കു-
ഞ്ഞാടിനെ നാഥൻ ഭക്ഷിച്ചാൻ
തൻ കൊലയാലെ പാപികളെ
രക്ഷിച്ചോൻ തനയൻ സ്തുത്യൻ
നാഥനിരുത്തി തൻപ്രിയരെ
ശുശ്രൂഷിപ്പാനെഴുന്നേറ്റാൻ
അപ്പം നൽകിയ യൂദാ പോയ്
കുഞ്ഞാടുകളവശേഷിച്ചു. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണം അവകാശം രാജ്യേ. ദേവാ! ...

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ ... (പേജ് 45)

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ ... (പേജ് 11)



@FIOK*.MOC.KTYM

## കൗമാ

**പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മശിഹാ**

**മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.**

**(മൂന്നു പ്രാവശ്യം)**

**നാഥാ തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

# വ്യാഴാഴ്ച പ്രഭാതം

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മശിഹാ

മോദി-പ്പിച്ചരുളുക കൃപ നിൻ, പെസഹായാൽ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(ഏമ്മോദ് കിസോ ... എന്ന രീതി)

1. ഇന്നാൾ നാ-ഥൻ-വെളിവാക്കിയ മർ-മ്മം
ശോകം പാ-രം ശ്ലീഹർക്കുളവാ-ക്കി.
ദേവാ! ദയ ചെയ്തീടണമേ.

2. തൻ സ്മരണ-യ്ക്കായ് പന്തിരുശി-ഷ്യർക്ക്
തനുരക്ത-ങ്ങൾ സസ്നേഹം നൽ-കിയ ദേവാ! ...

3. സാദരമാ സ്രാപ്പേന്മാർ കീർത്തിക്കേ
പാപിനി തൈലം കാലുകളിൽ പൂശിയ ദേവാ! ...

3. സ്വവധത്താ-ലാടിനെ മോചിപ്പിച്ച്
തനു രക്ത-ങ്ങൾ ശിഷ്യന്മാർക്കേ-കിയ ദേവാ! ...
ബാറെക്മോർ. ശുബഹോ ... മെനഓലം

4. രക്ഷകനാം-നാഥൻ മർത്യതയാർന്നോൻ
ബലിയോടൊ-പ്പം ശ്രേഷ്ഠാചാര്യൻ-താൻ ദേവാ! ...

കുറിയേലായിസോൻ.

എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു ... (പേജ് 49)

## എനിയോനോ

(ഹൗദ് ഉഹദോനോ ... എന്ന രീതി)

1. മരണത്തിനു മുമ്പായ്-അപ്പം വീഞ്ഞും
തൻ-മെയ് രക്തങ്ങടെ കുറിയായ്
ശിഷ്യന്മാർക്കു കൊടുത്തോനേ
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെ-മ്മേൽ.

2. പെസഹാക്കുഞ്ഞാടിൻ-വിടുതൽ മൂലം
പഴയവ നിർത്തി- തൻ ഗാത്രം
ശിഷ്യർക്കേകിയവൻ ധന്യൻ. നിൻമുൻ ...

3. ഭക്ഷണ വേളയതിൽ-നിങ്ങളിലൊരുവൻ
എന്നെയൊറ്റീടുമെന്നേവം
ശിഷ്യന്മാരൊടു ചൊന്നോനേ! നിൻമുൻ ...

4. അബ്രഹാമിൻ മുൻ-കുറിയാം ബലിയാൽ
ഇസഹാക്കിനെ രക്ഷിച്ചോനേ!
പാടേൽപ്പാൻ ഹിതമാർന്നോനേ! നിൻമുൻ ...

5. സസ്നേഹത്താൽ-പങ്കപ്പാടേറ്റ്
ആദാമിനെയും സുതരെയും
വീണ്ടോനാം മിശിഹാ നാഥാ നിൻമുൻ ...

6. ജലപാത്രം പേറി-കൈലേസരയിൽ
ചേലൊടുചുറ്റി ശിഷ്യരുടെ
കാലുകൾ കഴുകിയവൻ ധന്യൻ നിൻമുൻ ...
ബാറെക്മോർ. ശുബഹോ ... മെനഓലം ...

7. സ്വർപ്പുര രാജാവേ-ആർദ്രത തോന്നി
മഹിമ സഭയ്ക്കേകീടണമേ
അവൾ നിൻപേർക്കും താതന്നും
റൂഹാ-യ്ക്കും സ്തോത്രം പാടും. കുറിയേലായിസോൻ.

ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ അറിയിക്കുന്നു ... (പേജ് 51)



@FIOK*.MOC.KTYM

## എനിയോനോ

**(മശിഹാ ജീവിച്ചെഴുന്നേറ്റു ... എന്ന പോലെ)**

1. **രക്ഷക പീ-ഡാനുഭവത്തിൽ
സോദരരേ-വരുവിൻ കേഴാം
സീയോനിൽ-മൂഢന്മാർ തൻ
ദ്രോഹത്തിൽ-നിലവിളി കൂട്ടാം.**
2. **മർത്യർക്കായ്-താഴ്ത്തിയ നിന്നെ
വാഴ്ത്തിടുവാ-നേവൻ പോരും
വീണവനാ-ദാമിൻ പേർക്കായ്
സ്നേഹത്താൽ-നീ കുരിശേറി.**
3. **മിസറേമീ-ന്നത്ഭുത പൂർവ്വം
നിർഗ്ഗതമാം-മുന്തിരിവള്ളി
കണ്ടാലും-ശൂന്യതയാർന്നു
പഥികരതിൽ-വിഹരിക്കുന്നു.**
4. **തോട്ടത്തീ-ന്നതിനെ നീക്കി
ജാതികളിൽ-ചിതറിച്ചേവം
തിരുസഭയെ-വേട്ടോൻ ധന്യൻ
നിന്നെയവൾ-കീർത്തിക്കുന്നു.**
5. **രക്ഷകസ-ന്നിധിയാർന്നേവം
ശിഷ്യന്മാർ-ചോദിച്ചിന്നാൾ
കർത്താവേ-എവിടെയൊരുക്കും
നിൻപേർക്കായ്-പെസഹാ ഞങ്ങൾ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...**
6. **നാഴികയാ-യെന്നോർത്തപ്പോൾ
നാഥൻ നീ-ചൊല്ലിയയച്ചു
അത്താഴം-പരിചൊടൊരുക്കാൻ
കീപ്പായോ-ഹന്നാന്മാരെ. കുറിയേലായിസോൻ.**

**കർത്താവിന് ഒരു പുതിയ പാട്ടും ... (പേജ് 53)**



@FIOK*.MOC.KTYM

## എനിയോനോ

**(ഗോഗുൽത്തായിൽ സോദരരേ ... എന്ന പോലെ)**

**1. ചെറുതായോനാം വലിയവനേ!**
**താ-നേ മാനവനായോ-നേ!**
**നിൻവധപരമാം ഹാശായ്ക്കായ്**
**ക്ഷണമീ ഞങ്ങൾക്കേകി നീ**
**നിൻകൃപയെ സ്തോത്രം ചെയ്‌വാൻ**
**നൽകുക സോപ്പായാൽ-വെ-ണ്മ.**

**2. ഗുരുനാഥൻ ശി-ഷ്യന്മാരാം**
**ശി-ഷ്യരോടാജ്ഞാപിച്ചേ-വം**
**ലിഖിതം സർവ്വം നിറവേറ്റാൻ**
**പോയ് മാളികയിൽ വിധിപോലെ**
**മുൻകുറിയാകും പെസഹാ തൻ**
**കുഞ്ഞാടതിനെയൊരു-ക്കീടാൻ.**

**3. ഭക്ഷിപ്പാനും നുകരാനും**
**നൽ-കി തൻ മെയ് രക്ത-ങ്ങൾ**
**തന്നെ-എപ്പോഴുമോർക്കേണ്ടും**
**മർമ്മം നാഥൻ വെളിവാക്കി**
**തമ്മിൽ നോക്കി ശിഷ്യന്മാർ**
**വിറകൊണ്ടാശ്ചര്യം-കൂറി.**

**4. നിഴലുകൾ പൊരുളു-കളെ നോക്കി**
**ദൃ-ഷ്ടാന്തങ്ങൾ സത്യ-ത്തെ**
**ഉപമാനങ്ങൾ-രൂപങ്ങൾ**
**ഗൂഢാർത്ഥങ്ങൾ നിഴലുകളും**
**മഹിമാരാജാധീശ്വരനാം**
**തന്നിൽ സാക്ഷാൽ നിറവേറി.**



@FIOK*.MOC.KTYM

5. **ഈശോ നിൻ-കാരുണ്യത്താൽ**
**ഹാശായിൽ പങ്കേകേ-ണമേ**
**നിൻ ഹാശായിൽ ക്ലേശിപ്പാൻ**
**മൂകപ്രകൃതികളും ചേർന്നു**
**ഹാ സുതയാതന-ദാരുണമാം**
**പ്രിയരേ വരുവിനതിൽ-ചേരാം.**

**ബാറെക്മോർ. ശുബഹോ ... മെനഒാലം ...**

6. **മഹിമാവിൽ രാ-ജേശ്വരനാം**
**താ-താത്മജ വിമലാത്മാ-വാം**
**സത്യൈകൻ ദൈവത്തിനായ്**
**എല്ലാ നാവുകളും നവമാം**
**സ്തുതിയും സ്തോത്രവുമെപ്പോഴും**
**മേന്മേലർപ്പിച്ചീ-ട-ട്ടെ. കുറിയേലായിസോൻ.**

## സങ്കീർത്തനം

*ദൈവം ഇല്ലെന്ന് മൂഢൻ അവന്റെ ഹൃദയത്തിൽ പറയുന്നു. അവരുടെ തന്ത്ര ങ്ങളാൽ അവർ വഷളന്മാരായി മ്ലേഛത പ്രവർത്തിക്കുന്നു. നന്മ ചെയ്യുന്നവൻ ഒരുത്തനുമില്ല.*

**(ബ്ഹോറൊയൗമ്മോ ... എന്ന രീതി)**

1. **ഇന്നാളുടയോ-നപ്പം മുക്കി യൂദാ സ്കറിയോത്തായ്ക്കേകി**
**ഒറ്റുന്നോനാരാണെന്നാല്ലാരും-കണ്ടു . കുറിയേ.....**

*ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്ന് കാണ്മാൻ/ കർത്താവ് സ്വർഗ്ഗത്തിൽനിന്ന് മനുഷ്യമക്കളെ സൂക്ഷിച്ചുനോക്കി.*

2. **ഇന്നാൾ കള്ളനെ-അപ്പത്താലെ-ശിഷ്യർക്കായ് നാഥൻ കാട്ടി**
**ഒളിവായ് മേവിയ വഞ്ചനയ-ന്നേരമുണർന്നു. കുറിയേ....**

*എല്ലാവരും ഒരുപോലെ തെറ്റി കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യു ന്നവനില്ല. ഒരുത്തൻപോലുമില്ല.*

**3. ഇന്നാൾ ദൈവിക-നാട്ടിൻകുട്ടി കൊണ്ടാടി പെസഹാ-പ്പെരുന്നാൾ**
**ബലിയായ്ത്തീരാൻ ഹിതമായി-സ്വയമേൽപ്പിച്ചാൻ.**
**കുറിയേലായിസോൻ.**

*അപ്പം ഭക്ഷിക്കുന്നതുപോലെ എന്റെ ജനത്തെ അവർ ഭക്ഷിച്ചിരിക്കുന്നു വെന്ന്/ അധർമ്മം പ്രവർത്തിക്കുന്നവർ അറിഞ്ഞിട്ടില്ല. അവർ കർത്താവിനെ വിളിച്ചിട്ടുമില്ല.*

**4. ഇന്നാൾ-നാഥൻ ചൊന്നാനെൻ മെയ്-രക്തങ്ങളെ ഉൾക്കൊള്ളുന്നോൻ**
**എന്നെ-നമ്പുന്നോൻ ജീവി-ച്ചിടുമെന്നേക്കും. കുറിയേലായിസോൻ.**

*അവിടെ അവർ അത്യന്തം ഭയപ്പെട്ടു. എന്തെന്നാൽ നീതിമാന്മാരുടെ തലമുറ യിൽ കർത്താവുണ്ട്.*

**5. ഇന്നാൾ പന്തിയി-ലാ യോഹന്നാൻ-കർത്താവിൻ മാറിൽ ചാരി**
**അവനായ്-വാനോരീറേന്മാർ ഭാഗ്യം നേർന്നു. കുറിയേലായിസോൻ.**

*ദരിദ്രന്റെ ആലോചനയെ അവർ അപമാനിച്ചു. എന്നാൽ കർത്താവ് അവന്റെ ആലംബമാകുന്നു.*

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**6. ഇന്നാൾ ജീവൻ-ലോകർക്കെല്ലാം നൽകുന്നോനെ ക്രൂശിപ്പാൻ**
**കൂരാണികളാ ദുഷ്ടന്മാർ തയ്യാറാക്കി. ആമ്മീൻ.**

**പ്രകാശത്തിന്റെ സ്രഷ്ടാവിന് സ്തുതി ... (പേജ് 56)**
**ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ ..(പേജ് 40)**

## എനിയോനോ

### (ബ്ഏദൻ സഫ്റോ)

1. **ആ വൻരാവിൽ-നിന്നെ വാ-ഴ്ത്തി സഭയുടെ മക്കൾ**
   **നീതിപര-ന്മാർ-തൻ നിരയിൽ-സ്തോത്രം പാടും**
   **സ്തോ-ത്രം തേ ദേവേശാ.**
2. **ഇന്നാൾ ശ്ലീഹ-ർക്കായ് നിൻ ത-നുവും നിണവും നൽകി**
   **നൂതന കല്പന-ഏല്പിച്ചു;-ചൊന്നാരേവം**
   **സ്തോത്രം തേ ദേവേശാ.**



@FIOK*.MOC.KTYM

3. മെയ്രക്തങ്ങൾ-വഴിയായ് പു-ണ്യം നേടിയ സഭയും
സുതരും സ-ന്തോഷിച്ചേവം ഘോഷിച്ചീടും
സ്തോ-ത്രം തേ ദേവേശാ.

4. ഇന്നാൾ ബലിയാ-ഘോഷിച്ച-തിനാൽ വൈദികരെല്ലാം
സ്തോത്രം പാ-ടി സന്തോഷിച്ചേവം പറയും
സ്തോ-ത്രം തേ ദേവേശാ.

5. തനുരക്തങ്ങൾ-നമ്മൾക്കേ-കി-തൻ രാജ്യത്തെ
അവകാശി-പ്പാൻ നമ്മെ വിളിച്ചോനെ വാഴ്ത്താം
സ്തോ-ത്രം തേ ദേവേശാ.

6. സഭയേ, സഭ ത-ന്നാത്മജരേ-തൻ പുണ്യനിണത്താൽ
വിടുതൽ ന-മ്മൾക്കേകിയ പരനെ കീർത്തിക്കാം
സ്തോ-ത്രം തേ ദേവേശാ.
ബാറെക്മോർ. ശുബഹോ ... മെനഓലം ...

7. അപഥത്തീന്നും-രക്ഷിച്ച-തിനാൽ സഭതൻ മക്കൾ
ആർത്തുവിളി-ച്ചങ്ങേവം നിന്നെ കീർത്തിക്കും
സ്തോ-ത്രം തേ ദേവേശാ. കുറിയേലായിസോൻ.

**വി. മത്തായി 5: 3-12**

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ/ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ,/ എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ,/ എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ,/ എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ,/ എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും.


@FIOK*.MOC.KTYM

**ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ,/ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.**

**സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ,/ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ മക്കളെന്ന് വിളിക്കപ്പെടും.**

**നീതി നിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ,/ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.**

**അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും എന്റെ നിമിത്തം സകല ദുർവ്വചനവും/ നിങ്ങളുടെ നേരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.**

**അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ചാനന്ദിപ്പിൻ.**

**ബാറെക്മോർ. ശുബഹോ ... മെനഓലം ...**

## കോലോ

**(ആ സമയം ദയനീയം ... എന്ന പോലെ)**

**1. ആ സമയം മഹനീ-യം**
**നമ്മെ രക്ഷിപ്പാനായ് നാഥൻ**
**ക്രൂശിതനായിടുമെന്നേവം വലിയ രഹ-സ്യം**
**ശി-ഷ്യന്മാ-രോടിന്നാളിൽ വെളിവായ് ചൊ-ന്നാൻ**

**2. ആ നാദം മഹനീ-യം**
**സൃഷ്ടിഗണത്തിൻ നാഥനുവേണ്ടി**
**പെസഹാ ചേലൊടൊരുക്കിടുവാൻ തനയൻ മ-ശിഹാ**
**ശീ-മോൻ കീ-പ്പാ-യോഹന്നാന്മാരോ-ടോതി.**

**3. ഉന്നത ലോകാധീ-ശൻ**
**തല ചായി-പ്പാനിടമില്ലായ്കെ**
**തൻപേർക്കത്താഴമൊരുക്കാൻ വ്യാഴം ത-ന്നിൽ**
**ശിഷ്യ-ന്മാ-രിൽ-ഇരുവരൊടങ്ങാജ്ഞാപിച്ചു.**



@FIOK*.MOC.KTYM

4. മൂശാ നബിതൻ പെ-സഹാ
ഭക്ഷിച്ചീടാൻ കാംക്ഷിക്കുന്നേൻ
പഴമകളെന്നിൽ നിറവേറും പുതുമയുദി-ക്കും
ശി-ഷ്യന്മാ-രോ-ടിന്നാളിൽ ചൊന്നാ-നേവം.
5. വിണ്ണവരുടെ മുമ്പാ-കെ
മണ്ണയരെ ഉയർത്തി കാട്ടിടുവാൻ
ഹിതമാർന്നൊരു ദൈവസുതൻ തൻ മാർവ്വിൽ ചാ-രി
യൂഹാനോൻ താൻ-മാനവരുടെ മുൻസ്ഥിതികാ-ട്ടി.
ബാറെക്മോർ. ശുബഹോ ... മെനഓലം ...
6. സ്തുതി താതനു കരേറ്റാം
നമ്മുടെ തിന്മയെ-സന്ദർശിച്ചി-
ട്ടാദാമിന്നവകാശമതാം ഏദൻ നൽ-കാൻ
ക്രുശേ-റ്റോനാം-സുതനെയും കീർത്തി-ച്ചീ-ടാം.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

**പ്രുമിയോൻ**

**കോലോ**

(കൂക്കോയോ എന്ന രീതി)

1. മാളിക തന്നിലെ ഭോജനമങ്ങോർത്താ-ൽ മഹനീയം
ശിഷ്യരിരുന്നു ഗുരുനാഥൻ ശുശ്രൂ-ഷകനായി
കൈകൾ കഴുകി-പരിചരണോത്സുകനായ്
വിമലകരത്താൽ-ശുദ്ധിയവർക്കേകി
പ്രാർത്ഥനയോടെ മുറിച്ചേകി തൻമെയ്-ശിഷ്യർക്കായ്
പാനം ചെയ്‌വാൻ കാസായാം തൻ നി-ണവും നൽകി.
ഹാലേലുയ്യാ-തൻ കൃപ ഹാ സ്തുത്യം.
ബാറെക്മോർ. ശുബഹോ ... മെനഓലം ... ഹാലേലുയ്യാ.
2. സത്യത്തിൻ ഗുരുവിനെ യൂദാ വേർപെ-ട്ടൊരു നേരം
ആഴിയുമൂഴിയുമവനെ ഓർത്തയ്യോ-വിലപിച്ചു.
അതിതാപത്തോ-ടവയേവം ചൊന്നു


@FIOK*.MOC.KTYM

ശ്ലീഹായെ നീ-എങ്ങോട്ടോടുന്നു
പകലതിനെ വിട്ടെന്തിനു നീ ഇരുളിൻ-കൂറാർന്നു
ലോകത്തിൻ പ്രാണനെ തനിയെ നീ രോ-ധിച്ചല്ലോ.
ഹാലേലുയ്യാ-കെടുതി നിനക്കെന്നും.മൊറിയോ റാഹേം ...

## എത്രോ

## വീണ്ടും കോലോ

1. കുഞ്ഞാടുകളായ ശിഷ്യന്മാർ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ/ കർത്താവ് തന്റെ പീഡാനുഭവത്തിന്റെ രഹസ്യം അവർക്കു വെളിപ്പെടുത്തി. യുവാവായ യൂഹാനോൻ അടുത്തു വന്ന്/ തന്റെ മാറിൽ ചാരി/ കർത്താവേ നിന്നെ ഏൽപ്പിച്ചുകൊടുക്കുന്നവൻ ആരാകുന്നുവെന്ന് ചോദിച്ചു. താൻ അവന് അടയാളമായി/ പാത്രത്തിൽ എന്നോടൊന്നിച്ച് കൈമുക്കുന്നവൻ യൂദജനത്തിന് എന്നെ ഏൽപ്പിച്ചുകൊടുക്കും എന്നരുളിച്ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ഇന്നേ ദിവസം നമ്മുടെ കർത്താവ്/ പരിശുദ്ധ തൃക്കൈകളിൽ കാസാ എടുത്ത് സ്തോത്രം ചെയ്തു ശുദ്ധീകരിച്ച്/ അതിനെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് പറഞ്ഞു:/ 'ഇത് എന്റെ ജീവനുള്ള രക്തമാകുന്നു./ നിങ്ങളെല്ലാവരും വാങ്ങി ഇതിൽനിന്ന് പാനം ചെയ്‌വിൻ./ നിങ്ങൾക്കും ഇതിനെ സ്വീകരിക്കുന്ന എല്ലാവർക്കും/ ഇതു സ്വർഗ്ഗരാജ്യത്തിൽ നിത്യജീവനെ കൈവരുത്തും'.

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. മിസറേം-നാട്ടിൽ നിലനിന്നോരാ
ദൃഷ്ടാ-ന്തമതാ-കും പെസഹാ തൻ
കുഞ്ഞാടതിനെ-തയ്യാറാക്കാൻ
മോശ-യോടഹറോൻ-പോൽ പ്രേഷിതരായ്
ഇന്നാൾ കീപ്പാ-യോഹന്നാ-ന്മാർ.

2. മേഘ-ധ്വനിയിൽ-കൊടുതാം കാ-റ്റിൽ
സീനായിൽ കാ-ണപ്പെട്ടോനെ
മൂശാ നബിക-ണ്ടുൾഭ്രമമാർന്നാൻ
മാളി-ക തന്നിൽ പന്തിരുവർക്കായ്



@FIOK*.MOC.KTYM

ഭാഗി-ച്ചാൻ തൻ-മെയ്‌രക്ത-ങ്ങൾ

3. ദൃഷ്ടാ-ന്തങ്ങൾ-നിറവേറ്റു-ന്നോൻ
സാക്ഷാ-ലാടാം-ബോധം പൂർണ്ണം
വന്ദന സർവ്വം-പ്രാപിക്കുന്നോൻ
ബലിയായ്-ത്തീർന്നോൻ-മഹിതാചാ-ര്യൻ
തന്നെ-പ്രേഷി-പ്പിച്ചോൻ ധന്യൻ.
നിൻ വി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ ...

മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ ദേവാ! ...

1. ശ്രേഷ്ഠതയെഴുമിപ്പെരുന്നാളിൽ
പെസഹാ ഭക്ഷിച്ചീടാനും
മുൻസൂചന നിറവേറ്റാനും
കുഞ്ഞാടിനെ പാകം ചെയ്‌വാൻ
സത്യമെഴും ഗുരുവാം നിന്നാൽ
ശിഷ്യന്മാർ പ്രേഷിതരായി
പാവനമാമീ പെരുന്നാളിൽ
ആടിനെ വച്ചവർ തിരുമുമ്പിൽ
ദൈവിക കുഞ്ഞാടാം നിന്നെ
വീക്ഷിപ്പാനതു യോഗ്യമതായ്
മോശയെ മൗനം പൂകാനും
അഹറോൻ വിരമിച്ചീടാനും
ആംഗ്യം കാട്ടി വിലക്കിയതാം
ആ വൻ പെരുന്നാളിതു തന്നെ ദേവാ! ...



@FIOK*.MOC.KTYM

2. മനുജപ്രിയനെ! നീയെന്നും
മാനവ വാനവരാൽ സ്തുത്യൻ
വാനവരീന്നും സാത്താനും
ശിഷ്യരിൽനിന്നും യൂദായും
പോയ്പ്പോയിരു ഭാഗക്കാരും
നിന്നെ സ്തോത്രം ചെയ്തീടും
സ്കീപ്പായാൽ ശമമാർന്ന സഭ
പകരം നിന്നെ സ്തുതി ചെയ്യും
അപഥത്തീന്നും രക്ഷിതരാം
പുറജാതികൾ നിൻ സ്തുതി പാടും
കുരിശാൽ വിടുതൽ നേടിയതാം
ഭൂലോകം നിൻ സ്തുതി ചൊല്ലും
താതസുതാത്മാക്കൾക്കായി
സ്തുതി സ്തോത്രങ്ങൾ പാടീടും. ദേവാ! ...

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ . ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-ദോഷി മനസ്സിൽ ദോഷം ചിന്തിപ്പൂ
ദൈവഭയം പാർക്കിലവനില്ല. ഹാ-

വി. ലൂക്കോസ് 22: 1-13

കർത്താവിനെ സ്തോത്രം ചെയ്യുന്നതും ... (പേജ് 60)

## കൗമാ

പെസഹാ-യാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

# വ്യാഴാഴ്ച മൂന്നാം മണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

പെസഹാ-യാൽ പെസഹാടിനെ നീക്കിയ മിശിഹാ

മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(ഹൗദ് ഉഹദോനോ ... എന്ന രീതി)

1. തിരുമെയ് രക്തങ്ങൾ-വഴിയായ് തന്റെ
മരണത്തെയുമുയിർപ്പിനെയും
ഓർക്കണമെന്നുര ചെയ്തോനേ
നിൻ മുൻ-വ-ന്നേൻ കൃപ ചെയ്കെന്മേൽ.

2. തൻ പെസഹായാലെ-പഴയതു നീക്കി
ജീവനെഴും തിരു രക്തത്താൽ-
പുതിയതുറപ്പിച്ചോൻ ധന്യൻ നിൻ മുൻ ...

3. നിൻ പെസഹാ നാളിൽ പാവനസഭയെ
നിൻ മരണത്താൽ ശ്രീയരുളി
നിൻ കൃപകൊണ്ടു നിറയ്ക്കണമേ നിൻ മുൻ ...

4. തൻ പെസഹായാലെ-തിരുസഭയീന്നും
മുടിയനെ രോധിച്ചോൻ ധന്യൻ
സഭ നിന്നെയിതാ കീർത്തിപ്പൂ നിൻ മുൻ ...

ബാറെക്മോർ. ശുബഹോ ... മെനഓലം ...


@FIOK*.MOC.KTYM

5. കരുണാനിധി മിശിഹാ! തെറ്റുകൾ നീക്കി
നിന്നെയും നിൻ താതനെയും-റൂഹായെയും വന്ദിപ്പാൻ
ഞങ്ങ-ടെ ബു-ദ്ധിക്കൊളിയേക.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

പ്രുമിയോൻ

കോലോ

1. ശിഷ്യന്മാരെല്ലാവരും, ഇളയവൻ മുതൽ മൂത്തവൻ വരെ കഴുകപ്പെട്ടു. ശെമഓന്റെ അടുക്കൽ താൻ എത്തിയപ്പോൾ/ 'കർത്താവേ, നീ എന്റെ പാദങ്ങൾ കഴുകരുതേ' എന്നവൻ പറഞ്ഞു. അപ്പോൾ കർത്താവ് അവനോട്/'നീ എന്റെ ഹിതത്തിനെതിരായി നിൽക്കുന്നുവെങ്കിൽ/ നിനക്ക് എന്നോടൊരുമിച്ച് ഓഹരിയില്ല' എന്ന് അരുളിച്ചെയ്തു. കീപ്പാ ഭ്രമിച്ച് തന്നോട്/ എന്റെ തലയും എന്റെ ശരീരവുംകൂടെ കഴുകി വെടിപ്പാക്കണമേ എന്ന് പറഞ്ഞു.ബാറെക്മോർ - ശുബഹോ - മെനഓലം

2. ദൈവം സീനായ് മലയിൽവച്ച്/ വലിയവനായ മോശയോട് മേഘത്തിലും അന്ധതമസ്സിലും സംസാരിച്ചപ്പോൾ/ അവനെ മഹത്ത്വവും തേജസ്സും ധരിപ്പിച്ചു: തന്റെ യോഗ്യതയേറിയ മഹത്ത്വദർശനത്താൽ/ മോശയെ തേജസ്സണിയിച്ചവൻ/ ഇന്ന് മാളികയ്ക്കുള്ളിൽവച്ച് കുനിഞ്ഞു നിന്നുകൊണ്ട്/ താൻ തിരുമനസ്സായി,/ നമ്മളിൽനിന്നുള്ളവനായിത്തീർന്നു കൊണ്ട്/ തന്റെ ദാസന്മാരുടെ പാദങ്ങൾ കഴുകി. മൊറിയോ റാഹേം ...

എക്രോ

വീണ്ടും കോലോ

1. കർത്താവേ, കൊലപാതകിയായ യൂദായുടെ കാലുകളെ നീ പിടിച്ച് സ്നേഹപൂർവ്വം കഴുകിയത് എത്രയോ അത്ഭുതമാകുന്നു. അവന്റെ പുറമേയുള്ള ചെളി നീ തുടച്ചു കളഞ്ഞുവെങ്കിലും അവന്റെ ഹൃദയത്തിൽനിന്ന് അസൂയയാകുന്ന നിന്ദ്യമായ ചെളി കഴുകപ്പെട്ടില്ല. അവന് എന്നേക്കും ഹാ കഷ്ടം. ബാറെക്മോർ - ശുബഹോ - മെനഓലം

2. വെള്ളത്തിൽനിന്നും വീഞ്ഞിൽനിന്നും കലർത്തിയ കാസാ താൻ എടുത്ത്/ അതേപ്പറ്റി സ്തോത്രം ചെയ്ത് അതിനെ ശുദ്ധീകരിച്ച് തന്റെ ശിഷ്യന്മാർക്കു നൽകി. 'നിങ്ങളെല്ലാവരും ഇതിൽനിന്നും വാങ്ങി പാനം ചെയ്യുവിൻ. ഇത് എന്റെ ജീവനുള്ള രക്തമാകുന്നു. എന്റെ മരണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും ഓർമ്മയ്ക്കായി/ ഇപ്രകാരം നിങ്ങൾ ചെയ്വിൻ' എന്ന് അവരോട് കല്പിച്ചു.



@FIOK*.MOC.KTYM

## ബോത്തേദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-ഏറ്റൊരു പീ-ഡാ
താഴ്ചകളേറ്റം-ധന്യം നാ-ഥാ!

1. ഉയിരി-ൻ കുഞ്ഞാ-ടിന്നാൾ തൻ-മെയ്
ഭാഗി-ച്ചേകി-പന്തിരുവർ-ക്കായ്
തൻ രക്തത്താൽ-മോദിപ്പിച്ചു
മെസറേം-നാട്ടിൽ-സൂചിപ്പി-ച്ച
കുഞ്ഞാ-ടിൻ കാ-ര്യം നിറവേ-റ്റി.

2. സഹ ശി-ഷ്യന്മാ-രെ കൈവി-ട്ടോൻ
പ്രതിപ-ക്ഷത്തിൽ-താനേ ചേർ-ന്നോൻ
ചിന്താഹീനം-ശത്രുക്കൾക്കായ്
ഗുരുനാ-ഥനെയ-ങ്ങൊറ്റിയ യൂ-ദാ
എന്നെന്നേക്കും-ശാപാർഹൻ താൻ.

3. പ്രമുഖാ-ചാര്യാ-നീ ധന്യൻ താൻ
സ്തോത്രം-സർവ്വം-നീയർഹിപ്പൂ
നീചാത്മാവാം-യൂദായെ നീ
രോധിക്കാതെ-ക്ഷമയോടേറ്റു
താതൻ റൂഹാ-യെന്നിവർ ധന്യർ.
നിൻ വിധിചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

1. ഉയിരേകും നിർമ്മലമപ്പം
ശിഷ്യസമൂഹം ഭക്ഷിച്ചു
പരമാർത്ഥികളതു മിശിഹാ തൻ



@FIOK*.MOC.KTYM

തനുവാണെന്നുള്ളിൽ കരുതി
വീഞ്ഞു പകർന്നൊരു കാസായും
വാഴ്ത്തി പരിപാവനമാക്കി. ദേവാ! ...

2. ലോകർക്കായ് ചൊരിയപ്പെടുമെൻ
രക്തമിതെന്നുടയോനരുളി
എൻ മൃതിയാം പുതുനിയമത്തിൻ
മെയ്രക്തങ്ങൾ കൈക്കൊൾവിൻ
സർവ്വസമൂഹങ്ങളുമൊന്നായ്
പള്ളികളിൽ ചേരുന്നേരം
ഇവിടെ കണ്ടതുപോൽ നിങ്ങൾ
എന്നോർമ്മയ്ക്കായ് ചെയ്തിടുവിൻ. ദേവാ! ....

3. നീ പരിശുദ്ധൻ പരിശുദ്ധൻ
നിൻ ബഹുമാനം ധന്യമതെ-
ന്നാ ഭീകരരാം സ്രോപ്പേന്മാർ
കീർത്തിപ്പോനേ സ്തോത്രം തേ
കനിവാൽ കഷ്ടതയും മൃതിയും
ഏല്പാൻ വന്നോനേ സ്തോത്രം
നീ അതിരില്ലാതെന്നെന്നും
ദുഷ്ടന്മാരോടലിവുള്ളോൻ. ദേവാ! ...

4. സൃഷ്ടികളുടെ മഹിമാവാം നീ
സൃഷ്ടികളാലെല്ലാം സ്തുത്യൻ
താവക രക്ത ശരീരങ്ങൾ
കൈയ്ക്കൊണ്ടോർ നിന്നെ വാഴ്ത്തും
സ്തുതി നിൻ പേർക്കും പ്രേഷകനാം
താതന്നും റൂഹ്ക്കുദിശായ്ക്കും
പാപികളാം ഞങ്ങൾക്കെന്നും
പാപക്ഷമയുണ്ടാകട്ടെ. ദേവാ! ...



@FIOK*.MOC.KTYM

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ! ...

**ഏവൻഗേലിയോൻ**

(പെസ്ഗോമോ)

ഹാ-ഹാ-എന്നവനുടെ നാമം മൃതിയാൽ മായും
എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു. ഹാ-

വി. യോഹന്നാൻ 12: 20-36

**കൗമാ**

പെസഹാ-യാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

**പഴയനിയമ വായനകൾ**

പുറപ്പാട് 12: 1-11, ലേവ്യപുസ്തകം 16: 3-10

ഹസ്ക്കിയേൽ 45 : 18-25

വിശുദ്ധ കുർബാന

അപ്പോ. പ്രവൃത്തികൾ 1 : 15- 20

1 കൊരി 5: 1-8, 11 : 23-34

വി. ലൂക്കോസ് 22 : 14 - 30



@FIOK*.MOC.KTYM

# വ്യാഴാഴ്ച ആറാം മണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ

പെസഹാ-യാൽ പെസഹാടിനെ നീക്കിയ മിശിഹാ

മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(എമൊദ്കീസൊ ,,, എന്ന രീതി)

1. തന്മരണ-സ്മരണയ്ക്കായ് ശിഷ്യർക്ക്
തനുരക്ത-ങ്ങൾ സസ്നേഹം നൽകിയ
ദേവാ ദയ ചെയ്തീടണമേ.

2. വാനതിലീ-റേന്മാർ ശുശ്രൂഷിക്കേ
പാപിനി തൈ-ലം-പൂശിച്ചോൻ മന്നിൽ ദേവാ! ...

3. കനിവൊടു മാ-നവനായ്, പാപം പോക്കാൻ
തൻ തിരുമെ-യ്യും നിണവും തന്നോനേ, ദേവാ! ...

4. ഞങ്ങൾക്കായ്-തനു രക്തങ്ങൾ നൽകി
മൃതിയില്ലായ്മയെ നൽകിയവൻ വന്ദ്യൻ ദേവാ! ...

ബാറെക്മോർ, ശുബഹോ ... മെനഓലം ...

5. കൃപ നിറയും-മശിഹാ നിൻ ക്ലേശത്താൽ
സഭ തൻ കൊമ്പി-ന്നുന്നതി നൽകേണം ദേവാ! ...

സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ



@FIOK*.MOC.KTYM

## കോലോ

1. ഈ പെസഹാപ്പെരുന്നാൾ ദിവസത്തിൽ/ ശിഷ്യന്മാർ യേശു തമ്പുരാനെ സമീപിച്ച് താത്പര്യത്തോടെ സംസാരിച്ചു. 'കണ്ടാലും മോശ മെസ്രേമിൽവച്ച്/ കഠിനനായ ഫറവോനിൽ നിന്ന് എബ്രായജനത്തെ രക്ഷിച്ചപ്പോൾ/ നിന്നെപ്പറ്റി സൂചിപ്പിച്ചിരുന്നതായ കുഞ്ഞാട്/ ഇതാ ഒരുങ്ങിയിരിക്കുന്നു' എന്ന് പറഞ്ഞു. ബാറെക്മോർ. ശുബഹോ ...

2. ഇസ്രയേലിന് സത്യത്തിന്റെ നിഴലായി/ മോശ എഴുതിയിട്ടുള്ള പെസഹായാകുന്ന അത്താഴം ഒരുക്കുവാൻ/ രണ്ടു ശിഷ്യന്മാരെ നമ്മുടെ കർത്താവ് അയച്ചു. മോശയും പ്രവാചകന്മാരും എഴുതിയിട്ടുള്ള/ സർവ്വവും നിറവേറുന്നതിന്/ സകല സൃഷ്ടിയുടെയും നാഥനു വസിപ്പാൻ/ ഭവനം അവർ ചോദിച്ചു. മെനഓലം ...

3. കർത്താവും തന്റെ പന്തിരുവരും/ മാളികയിൽ ഭക്ഷണത്തിനിരുന്നു. താൻ അപ്പം എടുത്തു റൂശ്മാ ചെയ്ത്/ ശ്ലീഹന്മാർക്കു നൽകി. സ്തോത്രത്തിന്റെ കാസായും കലർത്തി,/ കടങ്ങളുടെ പരിഹാരത്തിനായി എല്ലാവർക്കും വേണ്ടി/ നൽകപ്പെടുന്ന ജീവനുള്ള രക്തമാകുന്ന താൻ സ്തോത്രം ചെയ്തു. മെറിയോ റാഹേം ...

## വീണ്ടും കോലോ

1. സ്നേഹത്തോടെ എഴുന്നള്ളി മനുഷ്യനായ്ത്തീരുകയും/ മാളികയിൽവച്ച് ശിഷ്യന്മാരോടൊന്നിച്ച് പെസഹാ ഭക്ഷിക്കുകയും/ നാശത്തിൽ ജീവിച്ചിരുന്ന ആദാമിനെ രക്ഷിക്കുകയും ചെയ്ത/ ഏകജാതനായ ദൈവത്തെ നാം സ്തോത്രം ചെയ്തു വന്ദിക്കണം. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. സത്യ ഇടയനായുള്ളോവേ/ നിന്റെ തിരുവിലാവിൽനിന്ന് ഒഴുകിയിട്ടുള്ള രക്തത്താൽ/ രക്ഷിക്കപ്പെട്ടിട്ടുള്ള സഭ നിന്നോട് അപേക്ഷിക്കുന്നു. നിന്റെ താഴ്മയാൽ എന്റെ കർത്താവേ! നിന്റെ സമാധാനവും ശാന്തിയും അതിൽ വസിപ്പിക്കണമേ. എല്ലാവരും അവനവന്റെ നിലയിൽ/ നിന്റെ കൃപയെ സ്തോത്രം ചെയ്യും.

## ബോത്തേദ് ഹാശോ

ഞങ്ങ-ൾക്കായ്-നീ ഏറ്റൊരു പീ-ഡാ

താഴ്ച-കളേറ്റം-ധന്യം നാ-ഥാ!



@FIOK*.MOC.KTYM

1. ദിവ്യൻ-കുഞ്ഞാ-ടിന്നാൾ-പെസഹാ
ഭക്ഷിക്കുന്നു-മോശേ! നോക്കൂ
ദൃഷ്ടാന്തങ്ങൾ-നിർമ്മിച്ചോനേ!
ആ മാളികത-ന്നത്താഴത്താൽ
നിറവേറി നിൻ-സാമ്യം കാൺക.

2. നാഥാ നിൻ മുൻ-കുറി രോധിച്ചു
സംഹാരകനെ-യിസ്രേലീന്നും
കർത്താവേ നിൻ-മെയ് രക്തങ്ങൾ
സഭയതിനാക-ട്ടെ വൻകോട്ട
പാപങ്ങൾക്കേ-കണമേ-മുക്തി.

3. സ്വസ്വരൂപത്തിൽ-സൃഷ്ടിച്ചോനെ
പങ്കപ്പാടാൽ-രക്ഷിച്ചോനെ
പാർത്താലെല്ലാ-നേരത്തും താൻ
നാമത്യന്തം-കീർത്തിക്കേണം
തന്നെ വിട്ടോൻ-വാഴ്ത്തപ്പെട്ടോൻ.
നിൻ വി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ. മൊറിയോ റാഹേം ...

## മാർ യാക്കോബിന്റെ ബോവൂസാ

മശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം. ദേവാ! ...

1. ഈയപ്പം മമ തനുവെന്നോതി ആർ കൈക്കൊള്ളാ?
കൈക്കൊള്ളാത്തോനില്ലിഹ പാർത്താൽ ശ്ലീഹ-സ്ഥാനം
ശ്ലീഹന്മാരേവം തിന്നതിനെ താനുള്ളപ്പോൾ
ജീവൻ നിൽക്കേ താൻ മൃതനായെന്നവർ ബോധിച്ചു. ദേവാ! ...

2. ജീവൻ പോകാതെങ്ങനെയപ്പം മെയ്യായ്ത്തീരും?
ജീവൻ പോകാതെങ്ങനെ തൻ മെയ് ശ്ലീഹർക്കേകി?

ഹതനല്ലായ്കിൽ എങ്ങനെ തിന്നാർ ഹതനെപ്പോലെ?
ജീവൻ നിൽക്കാതാരവിടെ തൻ മെയ് ഭാഗിച്ചു? ദേവാ! ...

3. ഭക്ഷിപ്പോൻ തൻ മെയ്യവരമ്പേ ഭക്ഷിക്കുന്നു
കല്പിക്കുന്നോൻ തൻ രക്തമതും പാനം ചെയ്വൂ
സംസാരിക്കുന്നോനെ ഹതനെന്നോർത്തീടുന്നു
ശിഷ്യർക്കെല്ലാം ഭക്ഷണമായോൻ കൂടുണ്ടോർത്താൽ. ദേവാ! ...

4. നിബിവാക്യങ്ങൾ നിറവേറ്റിയവൻ താതൻ സ്തുത്യൻ
തന്മെയ്യും തൻ രക്തമതും പന്തിരുവർക്കായി
ഭക്ഷിപ്പാനായ് കല്പിച്ചേകിയ പുത്രൻ വന്ദ്യൻ
നിസ്സന്ദേഹം പരിശുദ്ധാത്മാവിനെ വന്ദിക്കാം. ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു. ദേവാ! ...

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ-എന്നവനുടെ നാമം മൃതിയാൽ മായും
എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു. ഹാ-

വി.മർക്കോസ് 14 : 1 - 2, വി. ലൂക്കോസ് 7 : 36 - 50

## കൗമാ

പെസഹാ-യാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...


@FIOK*.MOC.KTYM

# വ്യാഴാഴ്ച ഒമ്പതാം മണി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ
പെസഹാ-യാൽ പെസഹാടിനെ നീക്കിയ മിശിഹാ
മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.
(മൂന്നു പ്രാവശ്യം)
നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...
ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)

## എനിയോനോ

(ഹൗദ് ഉഹദോനോ ... എന്ന രീതി)

1. ശ്രേഷ്ഠതയെ താഴ്ത്തി-ശിഷ്യന്മാർ തൻ
പാദങ്ങളെയമ്പൊടു കഴുകി
താഴ്മ പഠിപ്പിച്ചോൻ ധന്യൻ
നിൻമുൻ-വ-ന്നേൻ കൃപ ചെയ്കെന്മേൽ.
2. യാതന തീണ്ടാത്തോ-രത്യുന്നതനേ!
ആദാമിൻ പരിരക്ഷയ്ക്കായ്
പാടേല്പാൻ വന്നോൻ ധന്യൻ. നിൻമുൻ ...
3. സാക്ഷാൽ ദേവേശാ-നരനായോനേ!
ന്യായവിധിക്കു വിധേയനതായ്
വിധിമായിച്ചോൻ നീ ധന്യൻ. നിൻമുൻ ...
4. സഭയിൽ കനിയണമേ-സ്വർഗ്ഗാധിപതേ
ശിക്ഷകളും ഭിന്നതയും നിൻ
കൃപയാൽ നീക്കിക്കളയണമേ. നിൻമുൻ ...
ബാറെക്മോർ. ശുബഹോ ... മെനഗാലം ...



@FIOK*.MOC.KTYM

5. കർത്താവേ കൃപയാൽ-പാപം പോക്കി
നിൻ കൃപയാമുയിർ സോപ്പായാൽ
ഞങ്ങൾക്കേകണമേ വെണ്മ. നിൻമുൻ ...
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

1. തന്റെ പ്രബലതയാൽ/ സമുദ്രങ്ങൾ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നവൻ എഴുന്നേറ്റ്/ പാത്രത്തിൽ വെള്ളമൊഴിച്ചു. പുറംകുപ്പായംപോലെ പ്രകാശം ധരിച്ചിരിക്കുന്നവൻ/ അരയിൽ തൂവാല ചുറ്റി. ജീവനുള്ളതും ദഹിപ്പിക്കുന്നതുമായ അഗ്നിയായവൻ/ തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുവാൻ കുനിഞ്ഞു. ഈറേന്മാർ തന്റെ പ്രഭയാൽ വിറയ്ക്കവേ,/ ശെമഓന്റെ മുമ്പിൽ തന്റെ തലയെ ചായിച്ചു. തന്റെ താഴ്മയ്ക്കു സ്തുതി. ആഴങ്ങൾ തൃക്കൈയാൽ ബന്ധിക്കപ്പെട്ടിരിക്കവേ,/ അല്പജലത്താൽ തിരുസഭയെ താൻ വെടിപ്പാക്കി,/ അവൾ ഇതാ നിനക്കു സ്തുതി പാടുന്നു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ശ്ലീഹന്മാരിൽ മുമ്പനായ ശെമഓനോട്/ നീ അടുത്തുവരിക/ ഞാൻ നിന്റെ കാലുകൾ കഴുകട്ടെ എന്ന് കർത്താവ് അരുളിച്ചെയ്തു. ശെമഓൻ തന്റെ പ്രഭാവത്തെ കണ്ട്/ ഭ്രമിച്ചു, ഭയപ്പെട്ട് കർത്താവേ, ഒരിക്കലും നീ എന്റെ കാലുകൾ കഴുകരുതേ എന്ന് പറഞ്ഞു. താൻ അവനോട്/ ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ/ നീ എനിക്ക് അന്യനായിത്തീരും എന്ന് പറഞ്ഞു. ശെമഓൻ ഉത്തരമായിട്ട്/ കർത്താവേ എന്റെ കാലുകളും കൈകളും തലയും കഴുകണമേ. ഞാൻ നിനക്കുള്ളവനായിത്തീരട്ടെ എന്ന് പറഞ്ഞു. മൊറിയോ റാഹേം ...

## എത്രൊ

## ബോത്തെദ് ഹാശോ

ഞങ്ങൾക്കായ് നീ ഏറ്റൊരു പീഡാ
താഴ്ചകളേറ്റം-ധന്യം നാഥാ!

1. യൂദാതൻ പാ-ദങ്ങൾ കഴുകി
നാഥൻ മാലി-ന്യം മായിക്കേ
നീചൻ വെണ്ണീ-റായില്ലല്ലോ
പാരും വാനും-വിസ്മയമാർന്നു
യൂദാ തൻ വൻചതി മാഞ്ഞില്ല.

2. ആ ദാസന്മാർ–പന്തിയിരിക്കേ
മിശിഹാ നാഥൻ ശുശ്രൂഷിച്ചോ–
രത്താഴം ഹാ–പാരം ശ്രേഷ്ഠം
മനുജർ താതാ–ലയമാർന്നീടാൻ
വൻ ദൃഷ്ടാന്തം–നാഥൻ കാട്ടി.

3. പരമാർത്ഥികളാം–കുഞ്ഞാടുകളെ
ബലിയാൽ മെയ് രക്തങ്ങൾമൂലം
തന്നൊടു സംയോ–ജിപ്പിച്ചോനേ!
താതാത്മാക്കൾ–ക്കൊപ്പം–വന്ദ്യൻ
സുതനെ വീണാ–ധ്വനിയാൽ വാഴ്ത്തിൻ
നിൻവിധി ചെയ്തോർ–വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ–ഞങ്ങളെയീശാ.

മൊറിയോ റാഹം ...

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാ സ്കീപ്പാ മൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം ദേവാ! ...

1. ദൈവസുതൻ തൻ താഴ്മയിലാർന്നാൻ ഞാനാശ്ചര്യം
തൻ രൂപം ഹാ വർണ്ണിച്ചീടാൻ ഞാനപ്രാപ്തൻ
എങ്ങനെ നോക്കും നാഥാ!നിന്നെ ഞാൻ ഭീയാർന്നാൻ
എങ്ങനെ ചൊല്ലും–നിൻവൃത്താന്തം–വന്ദിക്കുന്നേൻ.
ദേവാ! ...

2. നാഥാ നിന്നെ വാഴ്ത്തിടുവാനായ് തേർ വെമ്പുമ്പോൾ
ശിഷ്യ സമക്ഷം ദാസൻപോൽ പാത്രം പേറുന്നു
ഗബറീയേൽ തൊട്ടുള്ളോർ നിന്നെ വന്ദിക്കുന്നു
ശിഷ്യന്മാർ തൻ കാൽ കഴുകുന്നു നീ ആശ്ചര്യം! ദേവാ! ...
നാഥാ ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു.

ദേവാ! ...



@FIOK*.MOC.KTYM

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ-ഹാ- എന്നവനുടെ നാമം മൃതിയാൽ മായും

എന്നിങ്ങനെ പകയന്മാർ ചൊല്ലുന്നു. ഹാ-

വി. മത്തായി 26 : 31 – 35

## കൗമാ

പെസഹാ-യാൽ പെസഹാടിനെ നീക്കിയ മിശിഹാ

മോദി-പ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## വിശ്വാസപ്രമാണം



@FIOK*.MOC.KTYM